PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# സാഹിത്യസാരഥി

പ്രസാധകൻ

പി. അനന്തൻപിള്ള എം. ഏ.
പൌരസ്ത്യഭാഷാപര്യവേക്ഷകൻ,
സയൻസ് കാളേജ്—തിരുവനന്തപുരം.

പ്രകാശകന്മാർ

എൽ. എഫ്. ഫെർണ്ണാൻഡസ് & സൺസ്,
സിററിപ്രസ്സ്, തിരുവനന്തപുരം.

1937

കാപ്പി—1000.

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
9356
2593
MALAYINKIL

പകർപ്പവകാശം പ്രകാശകന്മാക്ക്] [വില രൂ. ൧.

# അവതാരിക

KRISHNA VILASOM GRANDHASALA ANDRUR 935 593

"സാഹിത്യസാരഥി" എന്ന ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങൾ കണ്ടപ്പോൾ ഭാഷാരഥത്തിൽ കയറി സാഹിത്യസരണിയിൽ സഞ്ചരിക്കുവാൻ ബദ്ധസന്നാഹരായി പുറപ്പെടുന്ന യുവജനങ്ങൾക്കു, വിശിഷ്യ ഉയർന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കു് അപരിത്യാജ്യങ്ങളെന്നു മനസ്സിലാവുകയാലാണു് ഞാൻ ഇതിന്റെ പ്രസാധനം കൈയ്യേററതു്. പ്രസ്തുത വിഷയങ്ങൾ വേണ്ട വിധത്തിലെല്ലാം അനുസന്ധാനം ചെയ്തു് ഒരു പുതിയ രൂപം ഗ്രന്ഥത്തിനു നൽകിയിരിക്കുന്നു. ലീലാതിലകം, അലംകാരദീപിക, കേരളകൗമുദി, കേരളപാണിനിയം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം ഇത്യാദി പ്രമാണഗ്രന്ഥങ്ങൾ വഴിപോലെ വായിച്ചു് മുഖ്യാംശങ്ങൾ തെരഞ്ഞെടുത്തു അത്യന്തം ഹൃദ്യമായ ഭാഷാരീതിയിൽ സാഹിത്യസംബന്ധമായും ഭാഷാവിഷയമായും വിദ്യാർത്ഥികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ നിശ്ശേഷം നിവാരണം ചെയ്യത്തക്ക ഒരുപദ്ധതിയാണു് സാഹിത്യസാരഥിയിൽ നിർദ്ദേശിച്ചിരിക്കുന്നതെന്നു നിരാക്ഷേപമായി സ്ഥാപിക്കാവുന്നതാണു്.

പാഠ്യപുസ്തകങ്ങൾ അദ്ധ്യയനം ചെയ്യേണ്ട രീതിയ്ക്കു് പുതിയ പരീക്ഷകളുടെ സ്വഭാവം അനുസരിച്ചു് വലിയ മാററം വന്നുപോയിട്ടുണ്ടെന്നു് സർവ്വകലാശാലയിലേയും ഉയർന്ന പാഠശാലകളിലേയും ചോദ്യപത്രങ്ങൾ സാക്ഷ്യം വഹിക്കുന്നു. തൽക്കാലാവശ്യത്തെ പുരസ്കരിച്ചു് അനവധി ഭാഷാസഹായികളും പാഠ്യപുസ്തകപരിശോധിനികളും വിദ്യാർത്ഥികൾ അഭയസ്ഥാനങ്ങളായി കരുതുന്നു എങ്കിൽ അൽഭുതപ്പെടുവാനില്ല. എന്നാൽ ചിത്രശലഭപ്രായങ്ങളായ ഈ വക പ്രസിദ്ധീകരണങ്ങൾ കാലാന്തരത്തിൽ ഗുണത്തെക്കാളധികം ദോഷമാണു് വരുത്തിവയ്ക്കുന്നതെന്നു് അനുഭവസിദ്ധജ്ഞാനം നമ്മെ പഠിപ്പിക്കുന്നു.

സാഹിത്യസാരഥിപോലെയുള്ള ഗ്രന്ഥങ്ങൾ, ഭാഷാവിഷയമായുള്ള പല സംഗതികളും പൌർവ്വാപര്യക്രമത്തിൽ അനുസൃത

മായി പ്രതിപാദിക്കുന്നവയാകയാൽ പാഠ്യപുസ്തകോപജീവികളായ വിദ്യാൎത്ഥികൾക്കും സാഹിത്യകലാവൈദഗ്ദ്ധ്യകാംക്ഷികളായ ഇതരർക്കും വേണ്ട സ്ഥൈൎയ്യവും ധൈൎയ്യവും നൽകുന്നതുകൊണ്ടു് അവയുടെ സാൎവ്വകാലികമായ പ്രയോജനത്തെപ്പററി യാതൊരു ആശംകയ്ക്കും അവകാശമില്ലാത്തതാകുന്നു.

ആകയാൽ പാഠ്യപുസ്തകങ്ങൾക്കു പുറമേ അവയുമായി അഭേദ്യമായ ബന്ധമുള്ള ഇത്തരം കൃതികൾ കൂടി പ്രോത്സാഹിപ്പിക്കേണ്ടതു് ഭാഷാഭിമാനികളുടേയും വിശിഷ്യ അവരിൽ അധികാരസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്നവരുടേയും കൎത്തവ്യകൎമ്മമാണെന്നു പറയേണ്ടിയിരിക്കുന്നു.

പ്രസാധനകൃത്യത്തിൽ പല വിധത്തിലും സഹായിച്ചിട്ടുള്ള പ്രത്യുൽപ്പന്നമതിയും, വിദ്വന്മണിയും ആയ ശ്രീമാൻ ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളോടു നന്ദി പറഞ്ഞുകൊള്ളുന്നു.

എന്നു പ്രസാധകൻ,

*Trivandrum.*
6—12—1112.

P. Anantan Pillai.

# സാഹിത്യസാരഥി

## അദ്ധ്യായം ൧

## സാമാന്യവിവരണം

സാഹിത്യത്തെപ്പററി വിദ്യാൎത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ നമുക്കാദ്യമായി ചിന്തിക്കാം. സൎവ്വജ്ഞനായ ഈശ്വരൻ മനുഷ്യൎക്കു് ഇതര ജീവജാലങ്ങളെ അപേക്ഷിച്ചു നൽകിയിട്ടുള്ള അമൂല്യാനുഗ്രഹം ആശയങ്ങൾ ശബ്ദരൂപത്തിൽ വെളിപ്പെടുത്തുന്നതിനുള്ള ശക്തിയാകുന്നു. ഈ ആശയപ്രകാശനം തന്നെയാണു ഭാഷ. മനോഗതം സംഭാഷണത്താൽ പരനെ അറിയിക്കുന്ന സമ്പ്രദായത്തിനു് 'വാമൊഴി' എന്നും എഴുത്തിനാൽ അക്കാൎയ്യം നിൎവ്വഹിക്കുന്നതിനു 'വരമൊഴി' എന്നും നാമകരണം ചെയ്തിരിക്കുന്നു. അൎത്ഥഭംഗിയും രസപുഷ്ടിയും ഉള്ള വാമൊഴിയും വരമൊഴിയും സാഹിത്യത്തിൽ അന്തർഭവിച്ചിരിക്കുന്നു. രസാത്മകമായ വാഗ്വ്യാപാരത്തെ പരാമർശിക്കുന്നതാണു് സാഹിത്യമെന്നു സാധാരണ വ്യവഹരിച്ചു വരുന്നതു്. ഒരു ഭാഷയിൽ ഗദ്യപദ്യഭേദം കൂടാതെയുള്ള സകല ഗ്രന്ഥങ്ങളും ഉൾപ്പെടുത്തി സാഹിത്യം എന്നും പറയാറുണ്ടു്.

സാഹിത്യത്തെ ആഖ്യാനം, വൎണ്ണനം, വിവരണം, ഉപപാദനം എന്നിങ്ങനെ നാലായി സാഹിത്യസാഹ്യത്തിന്റെ കൎത്താവു വേർതിരിക്കുന്നു. കഥാകഥനം തന്നെ ആഖ്യാനം; ഹൃദയംഗമമായി രസം തുളുമ്പുന്ന രീതിയിൽ

ഒന്നിനെപ്പററി വർണ്ണിക്കുന്നതു വർണ്ണനം; സംഗ്രഹരൂപമായ അർത്ഥത്തെ വിപുലമായി പ്രസ്താവിക്കുന്നതു് വിവരണം; യുക്തിപൂർവ്വം സ്വാഭിപ്രായത്തെ സുസ്ഥിരമായി സ്ഥാപിക്കുന്നതു് ഉപപാദനം; ഇങ്ങനെയാണു് ആ വിഭാഗങ്ങളുടെ അർത്ഥം.

സാഹിത്യത്തെ രൂപം ആസ്പദമാക്കി ഗദ്യം, പദ്യം, മിശ്രം എന്നു് മൂന്നു വിധത്തിൽ വിഭജിച്ചിട്ടുണ്ടു്. വൃത്തനിബന്ധന കൂടാതെ എഴുതുന്ന വാക്യങ്ങൾ ഗദ്യവും, മാത്രാവർണ്ണവൃത്തങ്ങളുടെ നിയമം അനുസരിച്ചു രചിക്കപ്പെടുന്നതു പദ്യവും, ഇവ രണ്ടും കലർന്നിരിക്കുന്നതു് മിശ്രവുമാകുന്നു. 'അദ്ധ്യാത്മരാമായണം' പദ്യമായും, 'ഗദ്യമാലിക' ഗദ്യമായും, 'ശാകുന്തളം നാടകം' മിശ്രമായും, ഉള്ള പ്രബന്ധങ്ങൾക്കു് ഉദാഹരണമാണു്.

ഒന്നാമതു് ഗദ്യമെഴുത്തിനെപ്പററി ചിന്തിക്കാം. ഗദ്യമെഴുത്തു് അത്ര ലഘുവായ ഒരു സംഗതിയല്ല. ഗദ്യമെഴുത്തിൽ ക്ലിപ്തമായ യാതൊരു നിബന്ധനയും വൈയാകരണന്മാർ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ പേനയെടുത്തവരൊക്കെ എഴുത്തുകാരും, അവർ എഴുതുന്നതൊക്കെ പ്രബന്ധങ്ങളുമെന്നാണു് വച്ചിരിക്കുന്നതു്. ഒരേ പദാർത്ഥം തന്നെ പലർക്കും പലവിധത്തിൽ രുചി ജനിപ്പിക്കുന്നതുപോലെ ഗദ്യമെഴുത്തിലും പല രീതികളിൽ മാധുര്യം നൽകുമെന്നുള്ളതു് നിശ്ചയമാണു്. ഗദ്യരചനയിൽ സുസ്ഥിരമായും സാർവ്വത്രികമായും സ്വീകരിക്കാവുന്ന ചില നിബന്ധനകൾ സ്വരൂപിക്കുന്നതു് നല്ലതാണു്. പ്രബന്ധം രചിക്കുന്നതു് ചിത്രമെഴുത്തുപോലെ ഒരു കലാവിദ്യയാണെന്നു വേണം പറയാൻ. വർണ്ണങ്ങളുടെ യോജിപ്പു്, ഓരോ ഭാഗങ്ങൾക്കുമുള്ള പരസ്പരച്ചേർച്ച, പൊതുവേയുള്ള സാപൂർണ്ണത മുതലായതു് ചിത്രങ്ങ

ളെയെന്നപോലെ പ്രബന്ധങ്ങളേയും സംബന്ധിക്കുന്നതാണ്. അതിഗംഭീരമായ ഒരു വനത്തിൽ ശകലം ഭാഗം മാത്രം കൃഷി ചെയ്യുന്നതിന്ന് ഉദ്യമിക്കുന്ന കർഷകനോട് ഒരു ഗദ്യരചയിതാവിനെ സാമ്യപ്പെടുത്താം. ആ കാനനത്തിന്റെ ചുററും വേലി കെട്ടി ഉറപ്പിച്ചു് കൃഷിചെയ്യാനാരംഭിക്കാമെന്ന് വിചാരിച്ചാൽ എത്രത്തോളം സാദ്ധ്യമാകും? അതല്ല, വേലി ഉറപ്പിക്കാതെ കൃഷി ചെയ്യാമെന്നു വിചാരിച്ചാൽ അതും ദോഷമായിത്തീരുകയില്ലയോ? ഇതുപോലെയാണ് സാഹിത്യവനാന്തരത്തിൽ ഗദ്യരചനയ്ക്കു് യത്നിക്കുന്നവരുടെ പരിതഃസ്ഥിതി. എങ്കിലും, സർവ്വസാധാരണമായ ചില വ്യവസ്ഥകൾ അനുഷ്ഠിച്ചേ മതിയാവൂ. നല്ല ഗദ്യമെഴുത്തിൽ അനുഷ്ഠിക്കേണ്ട നിയമങ്ങളിൽ ചിലതു് ഇവിടെ പ്രസ്താവിക്കാം.

൧. ശബ്ദഭംഗിയും, അർത്ഥപുഷ്ടിയും, ശയ്യാവൈചിത്ര്യവും പദ്യത്തിലെന്നപോലെ ഗദ്യത്തിലും ഉണ്ടായിരിക്കണം.

൨. വാചകങ്ങൾക്കു് ഓജസ്സ്, ലാഘവം, മാധുര്യം തുടങ്ങിയുള്ള ഗുണങ്ങൾ സന്ദർഭോചിതമാംവണ്ണം ഉണ്ടായിരിക്കണം.

൩. എഴുത്തുകാരൻെറ ഉദ്ദേശം വായനക്കാർക്കു സുഗ്രഹമാകത്തക്കവണ്ണം പ്രതിപാദിക്കണം.

൪. ഒരു വാചകത്തെ ഭാഗങ്ങളായി പിരിച്ചുനോക്കിയാൽ ഓരോ ഭാഗത്തിനും ദൈർഘ്യാദിമാനങ്ങളിൽ അനുഗുണമായ സാമ്യസൗഷ്ഠവം ഉണ്ടായിരിക്കണം.

൫. വക്രമായ ദീർഘവാചകങ്ങൾ നീരസത്തെ ജനിപ്പിക്കുന്നതാകയാൽ, വാചകങ്ങളെ ക്രമത്തിലധികം വലിച്ചു നീട്ടി ഭംഗി പിടിപ്പിക്കാൻ ശ്രമിക്കരുതു്.

ന്നു. പദങ്ങളുടെ സുന്ദരമായ സമ്മേളനത്തിൽ നല്ലപോലെ ശ്രദ്ധ പതിക്കണം.

൭. വായനക്കാരുടെ ജിജ്ഞാസയെ ഉദ്ദീപിപ്പിക്കത്തക്കവണ്ണം പ്രതിപാദ്യവിഷയത്തെ പ്രദശിപ്പിക്കണം.

൮. 'ഉം' തുടങ്ങിയ ഘടകപദങ്ങളെ കൂട്ടിച്ചേത്തു് വാക്യങ്ങളെ ശൃംഖലാസമാനമാക്കുന്ന രീതി വർജ്ജിക്കേണ്ടതാണു്. വിദ്യാത്ഥികൾ വാക്യരചനയിൽ ചെറിയ വാക്യങ്ങൾ എഴുതാനാണു് അധികം ശ്രമിക്കേണ്ടതു്. ശക്തിയുള്ള ലഘുവാക്യങ്ങളുടെ മദ്ധ്യേ, അവസരോചിതംവലിയ വാചകങ്ങൾ ബന്ധിച്ചു് വൈചിത്ര്യം വരുത്തണം. അങ്ങനെയുള്ള ഘട്ടങ്ങളിൽ പൂവ്വാപരസംബന്ധം ശിഥിലമാകാതെ പ്രത്യേകം സൂക്ഷിക്കണം.

൯. ചമല്ക്കാരരഹിതമായി വാക്കുകളെ ആവത്തിച്ചാവത്തിച്ചു് ഉപയോഗിച്ചു വായനക്കാക്കു് നീരസം ജനിപ്പിക്കരുതു്.

൧൦. വലിയ സംസ്കൃതപദങ്ങളെ സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിച്ചേ ഭാഷയ്ക്കു ഗൗരവമുണ്ടാകു എന്നു വിചാരിക്കരുതു്.

൧൧. വാചകങ്ങൾക്കു പരസ്പരം സംബന്ധമില്ലാതെ വരരുതു്.

൧൨. കർമ്മണിപ്രയോഗം കഴിയുന്നതും ഉപേക്ഷിക്കണം. എന്നാൽ, മുമ്പു് അതു് ഭാഷയിൽ കുറവാണെന്നുള്ള കാരണത്താൽ തീരെ ത്യജിക്കണമെന്നു മക്കടമുഷ്ടി പിടിക്കുന്നതു് ഉചിതമല്ല. പ്രൗഢവിഷയങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ അതിനെ സ്വീകരിക്കേണ്ടതാവശ്യമാണു്.

൰൩. ഒരു വിഷയത്തെപ്പററിയുള്ള പ്രതിപാദനത്തിൽ ആദ്യവസാനം ഒരേ രീതിയിലുള്ള വാക്യങ്ങൾ പ്രയോഗിച്ചു വായനക്കാരെ മുഷിപ്പിക്കരുതു്.

൰൪. സംഭാഷണം പകത്തുമ്പോൾ ആളുകളുടെ സ്ഥിതിഗതികൾക്കൊത്തവണ്ണം സ്വാഭാവികമായഭാഷ സ്വീകരിക്കണം.

൰൫. അത്ഥം സുഗമമായി മനസ്സിലാകുന്നതിനു വേണ്ടി എഴുത്തിൽ വിരാമം, വിക്ഷേപിണി, ഉദ്ധരണി, കാകു, മുതലായ ചിഹ്നങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കണം.

൰൬. വിഷയത്തിൻെറ സ്വഭാവമനുസരിച്ചു് ഭാഷാരീതിയും മാറണം. പ്രൗഢവിഷയങ്ങൾക്കു പ്രൗഢമായഭാഷയും ലഘുവിഷയങ്ങൾക്കു ലളിതഭാഷയുമാണു് അധികം ഇണങ്ങുന്നതു്.

൰൭. കഴിയുന്നതും ഭാഷാശബ്ദമാണു് പ്രയോഗിക്കേണ്ടതു്. തക്ക പദങ്ങൾ ലഭിക്കാതെ വരുമ്പോൾ മാത്രമേ സംസ്കൃതത്തിൽനിന്നും പദങ്ങൾ കടം വാങ്ങിക്കാവൂ.

൰൮. കർത്തൃകമ്മക്രിയകളെയും വിശേഷണങ്ങളെയും സജ്ജീകരിച്ചു്, സ്ഥാനങ്ങളിൽ വയ്ക്കുന്നതിൽ മാത്രം ഉത്സുകരായിരിക്കുന്നവരുടെ ഗദ്യമെഴുത്തു് ശുഷ്കപ്രായമായിട്ടേ ഇരിക്കയുള്ളൂ. പദങ്ങളുടെ വൈവിധ്യവും, സംഘടനാവൈചിത്ര്യവും, ധാത്വത്ഥവൈശിഷ്ട്യവും നിഷ്കഷിക്കാതിരിക്കുന്നതു് അനൗചിത്യമാണു്.

൰൯. ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ചു് എഴുതാനാരംഭിക്കുമ്പോൾ ആ വിഷയത്തെക്കുറിച്ചുള്ള സ്വരൂപജ്ഞാനം ഉണ്ടായിരിക്കേണ്ടതും, അതിൽ

ഏതേതംശമാണ് പ്രതിപാദിക്കേണ്ടതെന്നു് പ്രത്യേകം ആലോചിക്കേണ്ടതുമാണ്. പൂർവ്വാപരവിരുദ്ധമാകാതെ വിഷയത്തെപ്പററി ചിന്തിച്ചു് മനസ്സിൽ തന്നെ തയ്യാറാക്കിവയ്ക്കണം.

* ൨൦. ഗദ്യരചനയിൽ ശൈലിക്രമത്തെ വേണ്ടപോലെ ആദരിക്കണം.

---

* ഓരോ ഭാഷയ്ക്കും സ്വന്തമായ ഓരോ പ്രതിപാദനസമ്പ്രദായമുണ്ട്. അവ്യക്തവും വിലക്ഷണവുമായ പ്രയോഗങ്ങളും കാണാൻ സാധിക്കും. ഇങ്ങനെ വിലക്ഷണപ്രചുരമായ പ്രയോഗത്തോടുകൂടിയ വാക്യങ്ങളിൽ വാച്യാർത്ഥത്തെയല്ല, വ്യംഗ്യാർത്ഥത്തെയാണ് സർവ്വപ്രധാനമായി ഗണിക്കുന്നതു്. ഓരോ ഭാഷയ്ക്കും സ്വന്തമായുള്ള പ്രയോഗവിശേഷങ്ങളെ അതാതു ഭാഷയിലെ ശൈലികളെന്നു പറയപ്പെടുന്നു. ചില ശൈലികളെയും അവയ്ക്കുള്ള അർത്ഥത്തെയും പററി പ്രസ്താവിക്കാം.

നഖം ചെററിയുക=മററുള്ളവരുടെ കഷ്ടസ്ഥിതിയിൽ സന്തോഷിക്കുക. തലയിൽ കെട്ടിവയ്ക്കുക=ആവശ്യമില്ലെന്നു പറഞ്ഞാലും അടിച്ചേൽപ്പിക്കുക.
പൊടിയിട്ടു വിളക്കുക=കൃത്രിമ ഭംഗിയുണ്ടാക്കുക.
കതിരിന്മേൽ വളം വയ്ക്കുക=കാലംതെററി പ്രവർത്തിക്കുക.
കണ്ണിൽ ചോരയില്ല=മനസ്സലിവില്ല.
വലിച്ചു കെട്ടുക=വ്യർത്ഥമായി ദീർഘിപ്പിക്കുക.
ഭഗീരഥപ്രയത്നം=അതിയായ പ്രയാസം.
നക്ഷത്രമെണ്ണുക=അത്യന്തം ബുദ്ധിമുട്ടുക.
തലയിൽ കയറുക=അല്പം സൌകര്യം കൊടുത്താൽ ദുസ്വാതന്ത്ര്യം [പ്രകടിപ്പിക്കുക.
ചിരട്ടയെടുക്കുക=ഇരപ്പാളിയാകുക. (തെണ്ടുക)
ചീട്ടു കീറുക=മരിക്കുക.
പുളിശ്ശേരി വയ്ക്കുക=വ്യർത്ഥമായി ചെലവു ചെയ്യുക (ധൂർത്തടിക്കുക)
ശതകം ചൊല്ലിക്കുക=കഷ്ടപ്പെടുത്തുക.
ചെണ്ടകൊട്ടിക്കുക=വഞ്ചിക്കുക.
സുഗ്രീവാജ്ഞ=കടുത്തകല്പന.

൨൧. വിഷയങ്ങളുടെ സ്വഭാവമനുസരിച്ച് വാചകങ്ങളെ ഭേദപ്പെടുത്തുകയും, വായനക്കാരിൽ സംഗതികൾ ദൃഢമായി പതിയുന്നതിന്ന ഉചിതങ്ങളായ ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുകയും വേണം.

൨൨. മിതഭാഷികളായ ചിലർ കാൎയ്യകാരണപരസ്പരം വിഷയത്തെ പ്രതിപാദിക്കണമെന്നുദ്ദേശിച്ച് വാചകത്തെ ചുരുക്കി സൂത്രരൂപമാക്കുന്നതു സാധാരണമാണ്. ആ രീതി അനുകരിക്കുന്നത് ആശാസ്യമല്ല. അനാവശ്യപദങ്ങളെ വൎജ്ജിച്ച്, വളച്ചു കെട്ടൊഴിച്ച്, പദങ്ങളെ ശക്തിയിലും, ഓജസ്സിലും നിരത്തി വച്ച് അവസരോചിതമായി എഴുതേണ്ടതാണ്. സാമാന്യമായി ഇത്രയൊക്കെ അറിഞ്ഞിരുന്നാൽ മതി.

ഇനി ഗദ്യപ്രബന്ധത്തിൻെറ വിഭാഗങ്ങളെപ്പററി സംഗ്രഹമായി ചിന്തിക്കാം. ഗദ്യപ്രബന്ധങ്ങൾ ശാസ്ത്രീയമെന്നും, സാഹിത്യപരമെന്നും രണ്ടായി പിരിക്കാം. വ്യാകരണം, ഛന്ദശ്ശാസ്ത്രം, വേദം, ജ്യോതിഷം, മന്ത്രവാദം, വൈദ്യം മുതലായവയെക്കുറിച്ചു വിവരിക്കുന്നതാണ് ശാസ്ത്രീയപ്രബന്ധങ്ങൾ. സാഹിത്യപ്രബന്ധ

---

ഹരിശ്ചന്ദ്രനാവുക=സത്യവാനെന്ന് അഭിമാനിക്കുക.

വാല്യ പിടിക്കുക=സേവപിടിച്ചു പുറകെ ചെല്ലുക.

വേലിതന്നെ വിളവു തിന്നുക=രക്ഷിക്കേണ്ടവർ ഉപദ്രവിക്കുക.

തല മറന്ന് എണ്ണ തേയ്ക്കുക=തൻെറ സ്ഥിതിയെ മറന്ന് പ്രവൎത്തിക്കുക.

ചെമ്പു തെളിയ്ക്കുക=സത്യം വെളിപ്പെടുത്തുക.

വേരു തോണ്ടുക=രഹസ്യത്തിൽ ചതിക്കുക.

കാപ്പു കെട്ടുക=തയ്യാറാകുക.

ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുക=നിഷ്ഫലക്രിയകളാൽ പ്രതിവിധിചെയ്ക.

കായംകുളംവാള്=ഇരുപക്ഷത്തിലും ചേരുന്നവൻ.

ദീപാളികുളിക്കുക= പാപ്പരാകുക.

മനസ്സിൽ ശക്കര മധുരിക്കയില്ല=മനോരാജ്യം വ്യൎത്ഥമാകുകയെയുള്ളൂ.

ത്തെ (ഫ) ദേശചരിത്രം (ഫ) ജീവചരിത്രം (ന്വ) വൎണ്ണന (൪) പൎയ്യാലോചന (വിമൎശനം) (൫) കെട്ടുകഥ (൬) ആവൎജ്ജനം (൭) ഉപാലംഭം (൮) ഫലിതം ഇങ്ങനെ വിഭജിക്കാവുന്നതാണു്.

ദേശചരിത്രം:— ഭൂലോകത്തു് ഓരോ ഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള മുഖ്യസംഭവങ്ങളെ സവിസ്തരം പ്രസ്താവിക്കുന്നതാണു് ദേശചരിത്രം. ഇതിൽ എഴുത്തുകാരന്റെ വെറും ഭാവനാശക്തി പ്രദൎശിപ്പിക്കാൻ പാടുള്ളതല്ല. യഥാൎത്ഥസംഭവങ്ങളും ഐതിഹ്യങ്ങളും വേൎതിരിച്ചു പ്രതിപാദിക്കേണ്ടതാണു്. അനാവശ്യസംഗതികളെ വൎജ്ജിച്ചു് വായനക്കാരെ മുഷിപ്പിക്കാതിരിക്കുന്നതിനു വേണ്ടി പ്രധാനമായ സംഗതികളെ പ്രസ്താവിക്കണം. മുഖ്യമായ സംഗതികളെ വിവരിക്കുമ്പോൾ അതൎഹിക്കുന്ന പ്രാധാന്യം കൊടുക്കുന്നതിനു വിസ്മരിച്ചുപോകരുതു്. ചരിത്രം ദീൎഘമാണെങ്കിൽ ഖണ്ഡങ്ങളായി വിഭജിക്കാം. വിഭാഗത്തിൽ വേണ്ടുവോളം ഭാവനാശക്തി ഉപയോഗിച്ചു് കാൎയ്യങ്ങളെ അടുക്കേണ്ടതാണു്. ദേശചരിത്രമെഴുതുന്നതു് ലഘുവായ വിദ്യയല്ല. വൎഗ്ഗീയവിദ്വേഷം വന്നുപോകാതെ പ്രത്യേകം സൂക്ഷിക്കണം. ഓരോ സംഭവങ്ങളെക്കുറിച്ചുള്ള തെളിവുകൾ ശേഖരിച്ചു് അവയെ തരം തിരിക്കാനുള്ള വിഭാഗമുണ്ടായിരിക്കണം. ഭൂതസംഭവങ്ങളെയും അവയ്ക്കു കാരണമായ ആളുകളെയും പററി ശരിയായ ജ്ഞാനം ഉണ്ടായിരിക്കേണ്ടതാണു്. കാലദേശാനുകൂലമായ സ്വഭാവരീതികളെയും സ്ഥിതിവ്യത്യാസങ്ങളെയും വ്യക്തമാക്കി വായനക്കാരെ ആകൎഷിക്കുന്ന വിഷയത്തിലാണു് ചരിത്രകാരന്റെ ജയം അന്തൎഭവിച്ചിരിക്കുന്നതു്. മതം, സമുദായം, രാജ്യതന്ത്രം, ജീവിതരീതി എന്നിവ ചരിത്രത്തിനു് ആധാരമായിരിക്കുന്ന പ്രധാനവിഷയങ്ങളാകുന്നു.

ഒരു ദൂരദർശിനിയുടെയും സൂക്ഷ്മദർശിനിയുടെയും ഫലം ഏകകാലത്തിൽ ചരിത്രം നമുക്കു അനുഭവമാക്കുന്നു. ചരിത്രപഠനം മനുഷ്യന്റെ ജ്ഞാനതൃഷ്ണയെ വർദ്ധമാനമാക്കുകയും, വിവിധവിഷയങ്ങളിൽ ത്വരിതസഞ്ചാരം ചെയ്യുന്നതിനു ബദ്ധശ്രദ്ധരാക്കിത്തീർക്കുകയും, തദ്വാരാ ബഹുമുഖമായ ജ്ഞാനശാഖകൾ സ്വായത്തമാക്കി കൊടുക്കുകയും ചെയ്യുന്നു. ലോകത്തിലുള്ള പുസ്തകങ്ങളിൽ അധികവും ചരിത്രപുസ്തകങ്ങളാണ്. പ്രാക്തന ചരിത്രസാമഗ്രികളായി ലിഖിതങ്ങൾ, നാണയങ്ങൾ, പുരാതനകെട്ടിടങ്ങൾ, സ്മാരകസ്ഥാപനങ്ങൾ, ശവകുടീരങ്ങൾ, രാജാക്കന്മാരുടെ വംശാവലികൾ മുതലായതു് ഉപയോഗിച്ചുപോരുന്നു.

9. 573

<u>ജീവചരിത്രം:</u> ജീവചരിത്രത്തിന്റെയും ദേശചരിത്രത്തിന്റെയും കർത്താക്കൾ മുഖ്യസംഗതികളിൽ യോജിപ്പുള്ളവരായിരിക്കും. ജീവചരിത്രത്തിൽ ഒരു മനുഷ്യന്റെ ജീവിതദശയിൽ സംഭവിച്ച സംഗതികളെ വ്യക്തമാക്കി അവയിൽ നിന്നും സ്വഭാവത്തെ അനുമാനിച്ചു് വിശദീകരിക്കുകയാണ് ചെയ്യുന്നതു്. ജീവചരിത്രം കൊണ്ടു് അതിൽ വിവരിക്കുന്ന ആളിന്റെ ജീവിതാദർശങ്ങളെയും നടപടികളെയും അനുകരിക്കാൻ ഇട വരുന്നു. ജീവചരിത്രം ഭയങ്കരസംഭവങ്ങളാൽ നിബിഡീകൃതമാകണമെന്നില്ല. അതിലെ ഭാഷാരീതി ദേശചരിത്രത്തിലെപ്പോലെ കാര്യമാത്രപ്രസക്തവും സരസവുമായിരിക്കണം. ജീവചരിത്രകർത്താവു് പക്ഷപാതരഹിതനായിരിക്കണമെന്നുള്ളതു് നിർബന്ധമാണു്.

<u>വർണ്ണന:</u> സാധനങ്ങളെയും സംഭവങ്ങളെയും സരസമായി വിവരിക്കുന്നതാണ് വർണ്ണന. ഓരോ വസ്തുവിനെയും നോക്കി അതിന്റെ വിശേഷങ്ങളും

സ്വഭാവഗുണങ്ങളും ഉപയോഗപദ്ധതികളും മനസ്സിലാക്കാനുള്ള ചാതുൎയ്യമാണ് വൎണ്ണനാകൎത്താവിന് ആവശ്യമുള്ളത്.

<u>വിമർശനം:</u> ഗുണദോഷനിരൂപണമാണ വിമൎശനം. സാഹിത്യത്തെസംബന്ധിച്ചാണ സാധാരണ ഈ ശബ്ദം പ്രയോഗിക്കാറുള്ളത്. ഒരു കൃതിയുടെ പരമാൎത്ഥമായ ഭംഗിയും അഭംഗിയും വ്യക്തമാക്കുകയാണ് ഇവിടെ ഉദ്ദേശം. വിമർശനത്തിന് അവശ്യം ഉണ്ടായിരിക്കേണ്ടഗുണം അന്തസ്സും ഗൗരവവുമാണ്. നിഷ്പക്ഷപാതബുദ്ധിയും സ്വപ്രത്യയസ്ഥൈൎയ്യവും വിമൎശകനു കൂടിയേ തീരൂ.

<u>കെട്ടുകഥ:</u> വായനക്കാരെ രസിപ്പിക്കുകയാകുന്നു ഇതിന്റെ മുഖ്യോദ്ദേശം. "ആലിബാബായും നാല്പതു കള്ളന്മാരും" മുതലായ പുസ്തകങ്ങൾ വെറും രസം നൽകുന്നതിനു മാത്രമാകയാൽ ഈ ഇനത്തിൽ ഉൾപ്പെടുന്നു. സാരോപദേശകഥകളും, നോവലുകളും ഈ കൂട്ടത്തിൽപെട്ടതാണ്. ഇവയിലെ ഗദ്യം ലളിതവും സരസവുമായിരിക്കണം.

<u>ആവൎജ്ജനം:</u> ഒരു പ്രത്യേകസംഗതി ചെയ്യാൻ പ്രേരിപ്പിക്കുന്നതിന് ഉപയുക്തമായ രീതിയിൽ എഴുതുന്ന വശീകരണലേഖനങ്ങളും, പ്രസംഗങ്ങളും ഈ പേരിൽ അറിയപ്പെടുന്നു. സംഗതി വിസ്തൃതമായി പറകയും, വാചകം ലളിതമധുരമായിരിക്കുകയും, ആശയം സുഗ്രഹമായിരിക്കയും വേണം. അഭിപ്രായങ്ങൾക്കു നല്ല ഉറപ്പും ശക്തിയും ഉണ്ടായിരിക്കേണ്ടതാണ്.

<u>ഉപാലംഭം:</u> ഒരു സമുദായത്തിന്റെയോ ഒരു വ്യക്തിയുടെയോ ന്യൂനതകളെ ചൂണ്ടിക്കാണിച്ച് കോപം

ജ്വലിക്കത്തക്ക വിധത്തിൽ പറയുന്നതിനു ഉപാലംഭം എന്നു പറയുന്നു. ഇങ്ങനെയുള്ള ഗദ്യത്തിനു പരിഹാസമാണു ജീവൻ.

ഫലിതം: പ്രതിപാദ്യവിഷയങ്ങളെ വിനോദരസത്തിൽ സാക്ഷാൽകരിക്കുന്നതു് ഫലിതം. ശ്ലേഷം, വക്രോക്തി, ഗൂഢോക്തി, വ്യാജോക്തി, വിരോധോക്തി, അതിശയോക്തി, മുതലായതെല്ലാം ഇതിന്നു് അംഗമാകും. ഫലിതത്തിൽ ഗദ്യം മധുരമായിരിക്കും.

ഒരു നല്ല വർത്തമാനപ്പത്രം ഗദ്യസാഹിത്യപ്രബന്ധങ്ങൾക്കുള്ള തക്ക ഉദാഹരണമാണു്. സ്വദേശ വിദേശ കാൎയ്യാദികളുടെ ചരിത്രം ദേശചരിത്രത്തിനും, മഹാന്മാരുടെ ജീവിതത്തെപ്പററി എഴുതുന്നതു് ജീവചരിത്രത്തിനും, ഏതെങ്കിലും പ്രദർശനത്തെയോ മറേറാ വൎണ്ണിച്ചെഴുതുന്നതു് വൎണ്ണനത്തിനും, പുസ്തകങ്ങളെപ്പററിയും മററുമുള്ള അഭിപ്രായങ്ങൾ വിമൎശനത്തിനും, ചെറുകഥാപംക്തികൾ കെട്ടുകഥകൾക്കും, വക്കീലന്മാർ കക്ഷികൾക്കുവേണ്ടി ചെയ്യുന്ന വാദങ്ങളും മററും ആവർജ്ജനത്തിനും, ഉദ്യോഗസ്ഥന്മാരുടെ കുററങ്ങളെ വിളിച്ചുപറയുന്നതു് ഉപാലംഭത്തിനും ഉത്തമോദാഹരണങ്ങളാണു്. ഫലിതം ഏതു പത്രത്തിലും ഉണ്ടായിരിക്കുമല്ലോ. എന്നാൽ പത്രപ്രവൎത്തനം ഇന്നു പ്രത്യേകമായ ഒരു കലയായിട്ടു തീൎന്നിട്ടുണ്ടു്. പത്രഭാഷ പല കാൎയ്യം കൊണ്ടും മററു ഭാഷാശൈലിയിൽ നിന്നു അല്പം ഭിന്നമാണെന്നും ഓൎക്കണം.

സകല പ്രബന്ധങ്ങൾക്കും യോജ്യത, സംശ്ലിഷ്ടത, ശക്തി എന്നിവ അത്യാവശ്യമാണു്. അനാവശ്യസംഗതികൾ വലിച്ചിഴച്ചു് പ്രബന്ധത്തെ ദീർഘി

ല്പിക്കാതെ സൂക്ഷിക്കുന്ന ഗുണത്തിന് യോജ്യത എന്നു പറയുന്നു. പ്രബന്ധത്തിൽ പ്രത്യേക നിർദ്ദേശങ്ങളെ കാര്യകാരണസംബന്ധത്തോടുകൂടി ക്രമീകരിക്കുന്നതിനാൽ ഉണ്ടാകുന്ന അനുഭവത്തിന് സംശ്ലിഷ്ടത എന്നും പ്രധാന സംഗതികളെ പ്രബന്ധത്തിൻെറ മമ്മസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്ന ഗുണത്തിനു ശക്തി എന്നും നാമകരണം ചെയ്യാവുന്നതാണ്.

ഇനിയും, പ്രകൃതത്തിൽ അത്യാവശ്യമല്ലെങ്കിലും വിദ്യാത്ഥികൾക്ക് അവശ്യജ്ഞേയമായ വ്യാഖ്യാനം, പരിവൎത്തനം ഇവ തമ്മിലുള്ള വ്യത്യാസത്തെപ്പററി ചുരുക്കത്തിൽ ഉപന്യസിക്കാം. വ്യാഖ്യാനമെന്നതു് സംഗ്രഹമായ അത്ഥത്തെ വിസ്തരിച്ചു കഴിയുന്നിടത്തോളം വിശദമാക്കുന്ന സമ്പ്രദായമാകുന്നു. ഓരോ വാക്കിനുമുള്ള അത്ഥം മാത്രം എഴുതിയാൽ പോരാ. സുലളിതമായ ഭാഷയിൽ അത്ഥം വെളിവാക്കുകയും, അതിൻെറ ഭാവവും കവിയുടെ ഉദ്ദേശവും വ്യംഗ്യാർത്ഥമുണ്ടെങ്കിൽ അതും നല്ലപോലെ വ്യക്തമാക്കേണ്ടതാണ്. വ്യാഖ്യാനിക്കുമ്പോൾ സന്ദർഭം ചൂണ്ടിക്കാണിക്കുന്നതിനും വിസ്മരിച്ചുപോകരുതു്. അലങ്കാരങ്ങളും, വ്യാകരണനിബന്ധനകളും എടുത്തു പറയുന്നതിനു ശ്രദ്ധിക്കണം. ശ്ലോകത്തിൽ സൂചിതകഥയുണ്ടെങ്കിൽ അതു് ചൂണ്ടിക്കാണിക്കണം. അർത്ഥം സ്വന്തവാചകത്തിൽ മാത്രമേ എഴുതാവൂ. പ്രധാനപ്പെട്ട പദങ്ങളുടെ അർത്ഥം എഴുതുന്നതു കൂടാതെ വിഗ്രഹവും എഴുതേണ്ടതാണ്.*

* വിഗ്രഹിച്ച് അർത്ഥം എഴുതേണ്ടതെങ്ങനെയെന്നു താഴെ കാണിക്കുന്നു.

സമസ്തപദങ്ങളെ വേർതിരിച്ച അർത്ഥം വിശദപ്പെടുത്തുന്നതിനാണ് വിഗ്രഹിച്ച് അർത്ഥമെഴുതുകയെന്നു പറയുന്നതു്. മാതൃകയ്ക്കായി ചിലതു പറയാം.

കൂടുതൽ കുറവുകൂടാതെ പദ്യത്തിന്റെ അർത്ഥത്തെ ഗദ്യത്തിൽ മാററുന്നതിനാണ് പരാവർത്തനമെന്നു പറയുന്നതു്. പദ്യത്തിന്റെ ആശയത്തെ സ്വന്തവാചകത്തിൽ എഴുതുകയും, കവിവിവക്ഷയെ വെളിവാക്കുകയും വേണം. താഴെപ്പറയുന്ന ഉദാഹരണം ശ്രദ്ധേയമാണ്.

"കാണമൊന്നും കൊതിച്ചല്ലുത്തമന്മാരഹോദീന-
ത്രാണമെന്നുള്ള ധർമ്മത്തെത്താനറിഞ്ഞാചരിക്കുന്നു.
ഇക്ഷിതിമണ്ഡലേ മേവുന്നോരു വേഴാമ്പലെന്നുള്ള
പക്ഷികൾക്കു വഴിപോലെ മാരികോരിച്ചൊരിഞ്ഞാശു
കുക്ഷിപൂർത്തിവരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ
രക്ഷ ചെയ്യും ജനത്തിന്റെ ലക്ഷണമങ്ങനെയുള്ളു."

ഇതിനെ പരാവർത്തനം ചെയ്യാം. ഇതു ഖാണ്ഡവദാഹത്തിൽ മയനെ അർജ്ജുനൻ രക്ഷിച്ചതു് പ്രത്യുപകാരത്തെ ആശിച്ചല്ലെന്നു് മയൻ അർജ്ജുനനോടു് പറയുന്ന ഭാഗമാണ്.

നല്ലയാളുകൾ പ്രതിഫലം ആശിക്കാതെയാണ് ദീനരക്ഷ ചെയ്തുപോരുന്നതു്. ഈ ലോകത്തിൽ വസിക്കുന്ന വേഴാമ്പലുകൾക്കു് മേഘമണ്ഡലങ്ങൾ സമൃദ്ധിയായി മഴ പൊഴിച്ചു് ദാഹശമനം നൽകി വയറു നിറയ്ക്കുന്നി

---

നിന്തിരുവടി=നിൻ+തിരു+അടി=അങ്ങയുടെ തൃപ്പാദം.
ദിനേശ്വരൻ=ദിന+ഈശ്വരൻ=പകലിനു് ഈശ്വരൻ(സൂര്യൻ)
തണ്ടാർ=തൺ+താർ=താമരപ്പൂവു്.
നിമ്നോന്നതം=നിമ്ന+ഉന്നതം=താണും ഉയർന്നുമുള്ളതു്.
മുരാരി=മുര+അരി=വിഷ്ണു.
പൃത്ഥ്വീശൻ=പൃത്ഥ്വി+ഈശൻ=ഭൂമിക്കു് നാഥൻ.(രാജാവു്)
ദോരന്തരാളം=ദോസ്+അന്തരാളം=ഭുജങ്ങളുടെ മദ്ധ്യം.
വണിഗീശർ=വണിക്+ഈശർ=കച്ചവടപ്രധാനികൾ.
അനല്പൈശ്വര്യം=അനൽപ+ഐശ്വര്യം=അല്പമല്ലാത്ത ഐശ്വര്യം.
തപോബലം=തപസ്+ബലം=തപസ്സിന്റെ ശക്തി.

ല്ലേ? രക്ഷിക്കുന്ന ആളുകളുടെ സ്വഭാവം ഇങ്ങനെയാകുന്നു.''

പരാവൎത്തനം ചെയ്യുന്നതു് ഏകദേശം ഇതു പോലെയാണു്. കൂടാതെ, അന്വയം എന്ന വേറൊരു രീതിയുണ്ടു്. അതു് പദ്യങ്ങളെ അൎത്ഥം എഴുതേണ്ട മുറയ്ക്കു ക്രമീകരിക്കുന്ന സമ്പ്രദായമാണു്. ഉദാഹരണത്തിനായി താഴെപ്പറയുന്ന പദ്യം നമുക്കു അന്വയിക്കാം.

"നാണീയസ്സാം യശസ്സിൻനവരുചിരസുഗ
ന്ധത്തെനാകസ്ഥപീന-
ശ്രോണീഗീതാഖ്യ കോലും കുളിരിളകുമിള
ന്തെന്നലേന്തുന്നമട്ടിൽ
വാണീടുന്നുണ്ടു വഞ്ചിക്ഷിതിജലധിസുതാ
കാന്തനേത്രാന്തപാത-
ശ്രേണീവിസ്തീൎണ്ണശൃംഗാടകമമലഗുണ
സ്തോമവാൻ രാമവൎമ്മ."

<u>അന്വയം.</u> നാകസ്ഥപീനശ്രോണീഗീതാഖ്യകോലും കുളിരിളകുമിളന്തെന്നൽ നാണീയസ്സാംയശസ്സിൻ നവരുചിരസുഗന്ധത്തെ ഏന്തുന്നമട്ടിൽ ജലധിസുതാകാന്തനേത്രാന്തപാതശ്രേണീവിസ്തീൎണ്ണശൃംഗാടകമായും അമലഗുണസ്തോമവാനായുമുള്ള രാമവർമ്മ വഞ്ചിക്ഷിതി വാണീടുന്നുണ്ടു്.

ഇനി ഉപന്യാസരചനയെപ്പററി സാമാന്യം ചിലതു പറഞ്ഞുകൊണ്ടു് ഈ ഭാഗം അവസാനിപ്പിച്ചുകൊള്ളാം. ഏതെങ്കിലും വിഷയത്തെക്കുറിച്ചു ഒരു ഉപന്യാസമെഴുതണമെന്നു് ചോദ്യക്കടലാസ്സിൽ കണ്ടാൽ "മാന്യസാമാജികന്മാരെ വന്ദനം, ബഹുമാനപ്പെട്ടവരേ, പൂജ്യപാദന്മാരെ, നിങ്ങൾക്കു ഹൃദയപൂൎവ്വമായ വന്ദനം" എന്നിങ്ങ

നെയുള്ള മുഖവുരയോടുകൂടി വിഷയത്തെപ്പററി ഒന്നും തന്നെ ചിന്തിക്കാതെ നമ്മുടെ വിദ്യാൎത്ഥികൾ എഴുതി ത്തുടങ്ങുന്നു് പതിവുണ്ടു്. ചിലപ്പോൾ മുഖവുര തീരുന്നതി നു് മുമ്പു് തന്നെ സമയം കഴിഞ്ഞെന്നും വരും. എന്തെങ്കി ലും എഴുതാനാരംഭിക്കുമ്പോൾ പ്രഥമമായും പ്രധാനമാ യും ചിന്തിക്കേണ്ടതു് "ഈ വിഷയത്തിൽ എനിക്കുള്ള ജ്ഞാനം എന്തെന്നുള്ളതിനെക്കുറിച്ചാണു്". ചുരുങ്ങിയ നിമിഷത്തിനുള്ളിൽ ആ സംഗതിയെപ്പററി അറിയാവു ന്നിടത്തോളം ചിന്തിച്ചു് മനസ്സിൽ ക്രമീകരിക്കണം. ആ ക്ര മീകരണത്തിനു് ആസൂത്രണമെന്നു പറയുന്നു. "സ്നേഹം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുമ്പോൾ സ്നേഹമുണ്ടായിരുന്നാലുള്ള ഗുണങ്ങ ൾ, അതു് ഇല്ലാതിരുന്നാലുള്ള ദോഷങ്ങൾ, നമുക്കു സ്നേഹം വേണം എന്നിങ്ങനെ ആസൂത്രണം തയ്യാറാക്കുന്ന ചിലരു ണ്ടു്. എന്നാൽ ഒരു പ്രസംഗത്തിനു് ആസൂത്രണം തയ്യാ റാക്കുന്നതു് ഏകദേശം ഒരു ഭവനനിൎമ്മാണം പോലെയാ ണെന്നു് ധരിക്കണം. ഭവനം ഒററ പൊരുളായിരിക്കുന്നതു പോലെ പ്രസംഗവും ഒരു പൊരുൾ തന്നെയാണു്. ഒരു അ ടിസ്ഥാനവും, അതിനോടു് ഗാഢമായി സംഘടിപ്പിക്കപ്പെ ട്ട മററു ഭാഗങ്ങളും വീട്ടിനെന്നപോലെ നല്ല പ്രസംഗത്തി നും ചേൎച്ചയായി അനുബന്ധിക്കപ്പെട്ടിരിക്കും. ഭവനനിൎമ്മാ ണത്തിൽ അസ്ഥിവാരമെന്നപോലെ വിഷയം പ്രസംഗ ത്തിന്റെ അടിസ്ഥാനമാകുന്നു്. വീട്ടിലേക്കു പ്രവേശിക്കു ന്നതിനു ദുൎഘടമല്ലാത്ത ഒരു വഴി ആവശ്യമാണല്ലോ. പ്രസംഗത്തിലെ മുഖവുര വിഷയത്തിലേക്കു സ്വച്ഛന്ദമാ യും സ്വാതന്ത്ര്യമായും പ്രവേശിക്കുന്നതിനുള്ള വഴിയാ ണു്. ഉപന്യാസമെഴുതുന്നവർ ആവശ്യമില്ലാത്തതോ, സന്ദൎഭാനുസരണമല്ലാത്തതോ ആയ മുഖവുര രചിച്ചു വായ നക്കാരെ മുഷിപ്പിക്കരുതു്. അതു് ദീൎഘിപ്പിക്കുന്നതു

നന്നല്ല. വളച്ചു കെട്ടുകളൊഴിച്ചു് വിവിധ ചിന്താസമ്പ്രദായങ്ങളെ സംഗ്രഹിച്ചു് വിഷയത്തിലേക്കു നയിക്കുന്നതും, ആകൎഷിക്കുന്നതും ആയിരിക്കണം. രസകരമായ അവതാരികയോടുകൂടെയല്ലാതെ വിഷയത്തിലേക്കു കടക്കരുതു്. ഭവനത്തിനു വാതലെന്നപോലെ പ്രസംഗത്തിൽ സിദ്ധാന്തം ഉജ്ജ്വലിച്ചു നിൽക്കേണ്ടതാണു്. പ്രകൃതം വിട്ടു വ്യതിചലിക്കാതിരിക്കുന്നതിനു് പ്രത്യേകം സൂക്ഷിക്കുകയും വേണം. അതതു് ഘട്ടങ്ങളിൽ പ്രസ്താവിക്കേണ്ടതു് അവിടവിടെ വെച്ചുതന്നെ പ്രസ്പഷ്ടമായി വിവരിക്കേണ്ടതാണു്. പ്രൌഢവിഷയത്തെ വിഭജിച്ചു് ലളിതമാക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. സംഗതികളെ ചൎവ്വിതചവ്വണം ചെയ്യാതെ, സ്ഫുടമായും ക്രമാനുഗതമായും വെളിപ്പെടുത്തുന്നതിനു് ഈ രീതി ഏററവും സഹായിക്കും.

ഉപന്യാസത്തിനു സമുചിതമായ പിരിവുകൾ ഉണ്ടായിരിക്കുന്നതു് ഉത്തമമാണു്. വിഷയത്തിൻെറ വിഭാഗങ്ങളെവിസ്തരിക്കുന്നതിനുള്ള ഈ പിരിവുകൾ, യുക്തിവാദത്തിനു യോജിച്ചതും പൂൎവ്വാപരബന്ധമുള്ളതുംഔചിത്യപൂൎവ്വം മിനുസമാക്കിയിട്ടുള്ളതും ആയിരിക്കേണ്ടതാണു്. സന്ദൎഭോചിതവും അനുകരണയോഗ്യവുമായ ദൃഷ്ടാന്തങ്ങൾ സംഘടിപ്പിച്ചു് വിഷയത്തെ ആകൎഷകമാക്കേണ്ടതാണു്. എന്നാൽ, ഉദാഹരണങ്ങളെ മാത്രം ശരണമാക്കി ശാഖാചംക്രമണം ചെയ്തു നിൎദ്ദിഷ്ടവിഷയത്തിൽ നിന്നും വിദൂരസഞ്ചാരം ചെയ്യുന്നതു് അനുചിതമാണു്. ചിലപ്പോൾ ഒരു കാൎയ്യം തെളിയിക്കുന്നതിനു് ഒരു മൃഗത്തിൻെറ കണ്ണിനെ വൎണ്ണിക്കേണ്ടതായ് വരും. തത്സമയം ശരീരം മുഴുവൻ കൂട്ടിവലിച്ചു് വൎണ്ണിക്കരുതു്.

സുഖമായ അധിവാസത്തിനു ഒരു ഭവനത്തെ നല്ലവണ്ണം വെള്ളയടിച്ചും മററും അലങ്കരിക്കുന്നതുപോലെ

ഹൃദ്യമായ പ്രതിപാദനരീതികൊണ്ടും, കോമളമായ പദപ്രയോഗംകൊണ്ടും മനോഹരമായ ഉല്ലേഖങ്ങൾകൊണ്ടും വിഷയത്തെ അലങ്കരിക്കേണ്ടതാണ്. പെട്ടെന്ന് പിടിച്ചുനിറുത്തിയതുപോലെ ഉപന്യാസത്തെ കലാശിപ്പിച്ചുകളയരുത്. അവസാനം മുൻഭാഗങ്ങളോട് വിചിത്രമായി സംഘടിപ്പിച്ചും, ഏകീഭവിപ്പിച്ചും ഭംഗിയാക്കുന്നതിനുപുറമേ ഉപന്യാസത്തിലെ സർവപ്രധാനമായ സംഗതികളുടെ രത്നച്ചുരുക്കമെടുത്ത് ആവർത്തിച്ചുപറഞ്ഞ് പ്രതിപാദ്യവിഷയത്തെ ഉറപ്പിക്കേണ്ടതുമാണ്. വിഷയത്തിൻെറ വലിപ്പച്ചെറുപ്പമനുസരിച്ചും, എഴുത്തുകാരൻെറ പാണ്ഡിത്യമനുസരിച്ചും, സമയത്തിൻെറ കൂടുതൽ കുറവനുസരിച്ചും, സംഗതികളെ ചുരുക്കുകയോ വിസ്തരിക്കുകയോ ചെയ്യാം.

മനോവിഷയമായ സകലതും ഉപന്യാസവിഷയമാണ്. ചില വിഷയങ്ങൾക്ക് സാധാരണ രീതിയെ അപേക്ഷിച്ച് പ്രത്യേകനിബന്ധനകൾ അനുഷ്ഠിക്കേണ്ടതായിവരും. അതുകൊണ്ട് അവയെ വേർതിരിച്ച് വിഷയവിശകലനം ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഇതിനെ സംബന്ധിച്ച് ഒരു ഗ്രന്ഥകർത്താവ് വിഭജിച്ചിരിക്കുന്ന രീതി അനുകരണയോഗ്യമാകയാൽ ഇവിടെ ഉദ്ധരിക്കാം. "പ്രബന്ധവിഷയങ്ങൾ സാധാരണമായി സദാചാരം, ജീവചരിത്രം, ചരിത്രം, വർണ്ണന എന്നീ വകുപ്പുകളിൽ ഉൾപ്പെടുന്നതാണ്.

## I. സാന്മാർഗ്ഗികപ്രബന്ധരചനാക്രമം.

൧. വിഷയാവതരണം:—വിഷയത്തിൻെറ ഗൌരവത്തിനനുരൂപമായി സാധാരണമായ ഒരുവിവരണമോ പഴവാക്യോദ്ധരണമോ ആവശ്യമാണ്.

൨. സിദ്ധാന്തം:—വിഷയത്തെപ്പററി നമുക്കുള്ള

അഭിപ്രായങ്ങളുടെ നിശ്ചിതമായ ഒരു പ്രസ്താവം. വിഷയ നിൎവ്വചനവും ഇതിനോടൊത്തു സാധിക്കാവുന്നതാണ്.

൩. തെളിവു്:—നമ്മുടെ അഭിപ്രായങ്ങളെ സ്ഥാപിക്കുന്നതിനുള്ള കാരണങ്ങൾ.

൪. വിഷയത്തെ ഉദാഹരിക്കുന്ന കഥകളോ മററു കാൎയ്യങ്ങളോ.

## II. ജീവചരിത്രസംബന്ധമായ പ്രബന്ധരചനാക്രമം

൧. നിർദ്ദിഷ്ടവ്യക്തിയുടെ മഹത്വത്തെപ്പററി സാമാന്യം ചിലതു്.

൨. സംഭവങ്ങളെ തുടർച്ചയായി കാണിക്കുന്ന ഒരു പൂൎണ്ണചരിത്രം.

൩. ആളിന്റെ സ്വഭാവത്തെപ്പററിയുള്ള നിരൂപണം; ആകെക്കൂടെനോക്കുമ്പോൾ ആ ജീവിതം സഫലമാണോ എന്ന ചിന്ത. അതിൽ നിന്നു ധരിക്കേണ്ട സാമാന്യതത്വങ്ങൾ.

## III. ചരിത്രസംബന്ധമായ പ്രബന്ധം എഴുതേണ്ട രീതി

൧. വിഷയാവതരണം-സംഭവം നടന്ന സമയവും അതിന്റെ ഗൌരവവും കാണിക്കുന്നതായി സാമാന്യമായ ഒരു പ്രസ്താവനയും സംഗതി നടക്കുന്നതിനുണ്ടായ കാരണങ്ങളും.

൨. സംഭവത്തിന്റെ സാരമായ ഭാവങ്ങൾ.

൩. ഫലങ്ങൾ—അക്കാലത്തും പിന്നീടും ആ സംഭവം മൂലമുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ.

## IV. വൎണ്ണനാരീതിയിലുള്ള പ്രബന്ധം.

വൎണ്ണന പലതരത്തിലാകയാൽ ഈ രീതിയിലുള്ള

പ്രബന്ധം തയ്യാറാക്കുന്നതിനു് കൂടുതൽ ശ്രമം ആവശ്യമാണു്.

സാമാന്യേന ഈ വിധത്തിൽ ആകാം.

൧. വിഷയത്തിന്റെ സ്ഥിതി, ഭാവം, വിശേഷത എന്നിവയെപ്പററി പൊതുവായ ഒരഭിപ്രായം.

൨. സാധനത്തിന്റെ ആകൃതി, പ്രകൃതി, വലിപ്പം, നിറം, ഭാഗങ്ങൾ മുതലായവ അടങ്ങിയ ഒരു പ്രത്യേക വിവരണം. (വായനക്കാരൻ സ്വന്തം കണ്ണുകൾ കൊണ്ടു് കണ്ടാൽ ഉണ്ടാകുന്ന അനുഭവരസം തോന്നത്തക്കപോലെ വിവരണം ഭംഗിയായിരിക്കേണ്ടതാണു്.)

൩. ഗുണദോഷനിരൂപണം.

"ഉപന്യാസമെഴുതുന്ന ഭാഷ ലളിതവും ഓജസ്സുള്ളതുമായിരിക്കണം. ഗ്രാമ്യപദങ്ങളും അന്യഭാഷാപദങ്ങളും കഴിയുന്നിടത്തോളം വർജ്ജിക്കണം. (എഴുതുമ്പോൾ ഓരോ വരിയുടേയും ആരംഭത്തിൽ ചില്ലുകളോ, ദീർഘാദി ചിഹ്നങ്ങളോ, 'ഉം' തുടങ്ങിയുള്ള നിപാതങ്ങളോ വരാതിരിക്കാൻ ശ്രദ്ധ പതിക്കണം.) അക്ഷരവീഴ്ച വരാതിരിക്കുന്നതിനു് എഴുതിയശേഷം ആവർത്തിച്ചു വായിക്കേണ്ടതാണു്. അക്ഷരങ്ങൾ ഒന്നോടൊന്നു് തൊട്ടിരിക്കരുതു്. ഇടത്തോട്ടോ വലത്തോട്ടോ ചരിയാതെ അക്ഷരങ്ങളുടെ ശരിയായ ആകൃതിയിൽ ഭംഗിയായും വൃത്തിയായും എഴുതേണ്ടതാണു്. ഇതിനെ സംബന്ധിച്ചു ഇത്രമാത്രം സംഗ്രഹമായി അറിഞ്ഞിരുന്നാൽ മതി."

—:o:—

## അദ്ധ്യായം ൨

# അക്ഷരവീഴ്ചകളും മററും എങ്ങനെ ഒഴിക്കാം

സാധാരണമായി ഉണ്ടാകുന്ന അക്ഷരവീഴ്ചകളെയും അവയുടെ ശരിയായ രൂപങ്ങളെയും കുറിച്ചു ഇവിടെ ചുരുക്കത്തിൽ പ്രതിപാദിക്കാം.

* സാധാരണക്കാരുടെ ഇടയിൽ സുലഭമായി അക്ഷരവീഴ്ചകൾ വന്നുചേരുന്നതായി കാണാറുണ്ടു്. കുടുംബത്തെ കുഡുംബമാക്കുന്ന ഭാഷാകുടുംബഭാരവാഹികൾ പലരുമുണ്ടു്. കുടുംബമെന്നെഴുതുന്നതു് മലയാളഭാഷയുടെ ജാത്യഭിമാനമാണു്. എന്നാൽ ജാത്യഭിമാനത്തെ ജാത്യാഭിമാനമാക്കുന്ന ജാതിക്കാർ വൈദികന്മാരാണു്. ഈ വക ജാത്യാഭിമാനവും വൈദികവൃത്തിയും നാം അനുകരിക്കരുതു്. നമുക്കു് ജാത്യഭിമാനവും വൈദികന്മാരും മതി. മേഘത്തെ മേഖമാക്കുന്നവരുടെ മോഹം ഇതേവരെ അസ്തമിച്ചിട്ടില്ല. ശരിയായ മേഘപദത്തെ തടയുന്നതു കൊണ്ടായിരിക്കാം ചിലപ്പോൾ മഴയില്ലാതാകുന്നതു്. ഗ്രന്ഥം ഗ്രന്ധമാക്കുന്നവരോ ഫലം ഭലമാക്കുന്നവരോ ആരാണു് സമത്ഥരെന്നു് അറിഞ്ഞുകൂടാ. ഗ്രന്ഥവും ഫലവും നമുക്കു യോജിച്ചതാണു്. ഭാഷയുടെ ആണല്ലോ ചിലർക്കു് ആണെല്ലോ ആയിപ്പോകുന്നുണ്ടു്. ശ്രേഷ്ഠൻ ശ്രേഷ്ടനാകുന്നതിൽ ദുഃഖിച്ചാൽ ജ്യേഷ്ഠനെ ജ്യേഷ്ടനാക്കുന്നവരെക്കുറിച്ചു്

(*) പ്രയോഗദീപിക ലിപിപ്രകരണം നോക്കുക. പേജ് ൰–൨൪.

എന്തു പറയാം? ശ്രേഷ്ഠനും ജ്യേഷ്ഠനും ഗോഷ്ഠികളാണെന്നു നാം മനസ്സിലാക്കണം. വൈദികന്മാർക്കു് ശരിയായ ലൌകികത്തോടു് വലിയ വെറുപ്പാണു്. അതുകൊണ്ടു അവർ ലൌകീകമാക്കി ദീർഘിപ്പിക്കുന്നു. ഇച്ഛ ഇച്ചയാക്കുന്നതും, തുച്ഛം തുച്ചമാകുന്നതും മെച്ചമാണെന്നു ചിലർ അഭിമാനിക്കുന്നു. നിശ്ചയമായും അതു് പുച്ഛം തന്നെയാണു്. ശുശ്രൂഷയെ ശിശ്രൂഷയാക്കരുതു്. വാസ്തവത്തെ വാസ്ഥവമാക്കുന്നതും, സ്ഥിതി സ്തിതിയാക്കുന്നതും ഒരുപോലെ പരിഹാസയോഗ്യമാണു്. പുരാതനത്തെ പുരാധിനമെന്നും പുരാധീനമെന്നും പുരാതിനമെന്നും വിവിധവേഷത്തിൽ ഭാഷാസാഹിത്യക്കളരിയിൽ ഇറക്കി വിടാറുണ്ടു്. അതു സാഹസം തന്നെ. വേഷച്ഛന്നൻ വേഷച്ചന്നനാക്കിയോ ജ്ഞാനചക്ഷുസ്സ് ജ്ഞാനചക്ഷസ്സാക്കിയോ എഴുതുന്നതു് ശരിയല്ല.

മനസ്സിനെ മനസാക്കുന്നതിനു് ഒരിക്കലും മനസ്സു വയ്ക്കരുതു്. വിശ്വസ്തനെ വിശ്വസ്ഥനാക്കുന്നതു് ഭാഷയോടു കാണിക്കുന്ന അവിശ്വാസമാണു്. മനസ്സിനേയും വിശ്വസ്തനേയും നാം സ്വീകരിക്കുക. തുടരെത്തുടരെ എന്നതിനു് പകരം തുടരത്തുടരെ എന്നു ചിലർ എഴുതി വരുന്നതു തെററാണെന്നു് പറയാൻ പാടില്ല. ഉണ്ടെങ്കിൽ എന്നതു ഉണ്ടങ്കിലാക്കിയോ, വന്നെങ്കിൽ വന്നങ്കിലാക്കിയോ മാററുന്നതു് ശരിയാണെന്നു വിചാരിച്ചു പോകരുതു്.

പ്രവൃത്തി പ്രവത്തിയാക്കുന്നതുപോലെ തന്നെ നിവൃത്തി നിവത്തിയാക്കുന്നതും അനുചിതമാണു്. പ്രവ

ർത്തിക്കുക, നിവർത്തിക്കുക എന്നീ ക്രിയാരൂപങ്ങൾ പ്രവൃത്തിക്കുക, നിവൃത്തിക്കുക എന്നിങ്ങനെ ഉപയോഗിക്കുന്നതു തെററു തന്നെയാണ്. ഭാഷയിലെ ഇല്ല, അല്ല എന്നീ ഹ്രസ്വമായ രൂപങ്ങൾ ഇല്ലാ, അല്ലാ എന്നിപ്രകാരം ചിലർ ഉപയോഗിച്ചു കാണാറുണ്ട്. അതു് ഹ്രസ്വമായി ഉപയോഗിക്കുന്നതാണു മെച്ചം.

വീട് ഗ്രഹമാക്കാതെയും, നവഗ്രഹങ്ങളെ ഗൃഹങ്ങളാക്കാതെയും, വീടു ഗൃഹമെന്നും, നവഗ്രഹങ്ങളെ ഗ്രഹങ്ങളെന്നും ഉപയോഗിക്കുന്നതു് ഭാഷാഭിമാനികളുടെ കർത്തവ്യമാണ്. സ്വസ്ഥം, കരസ്ഥം, സ്ഥാപനം എന്നിവയെ സ്വസ്തം, കരസ്തം, സ്താപനം എന്നിങ്ങനെ എഴുതികാണുന്നതു്, ഹസ്തത്തെ ഹസ്ഥമാക്കിയും, പ്രസ്താവനയെ പ്രസ്ഥാവനയാക്കിയും ഭാഷയെ വികൃതമാക്കുന്നതുപോലെ ആക്ഷേപാർഹമാണ്.

നല്ലത്, നിൾക്കുക, ഏൾപ്പിക്കുക എന്നീ വാക്കുകളുടെ സാധുത്വത്തെപ്പററി ഇവിടെ ചിലതു പറയാം.

ഡാക്ടർ ഗുണ്ടർട്ടിന്റെ "നല്ലത്" എന്ന പ്രാചീനരീതിയെ പലരും അനുഗമിച്ചു വരുന്നു. പക്ഷേ, അതിപ്പോൾ നല്ലതല്ലെന്നു കണ്ടു് നല്ലതു് (f) എന്നെഴുതാൻ നല്ലപോലെ എല്ലാവരും ശീലിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. നിൾക്കുക, ഉടൻ തന്നെ നിറുത്തിക്കളയേണ്ടതാണ്. കാരണം "നിൽ" എന്ന ധാതുവിൽ നിന്നും ഉണ്ടായിട്ടുള്ള പദം നിൽക്കുക എന്നുള്ളതാണ്. ഏൾക്കു

(f) സംവൃതോകാരാന്തമായ വ്യഞ്ജനാക്ഷരങ്ങളെ അവയുടെ 'ഉ' ചേർന്ന രൂപത്തിൽ അർദ്ധചന്ദ്രക്കല കൂടെ ഇട്ടാണു് എഴുതികാണിക്കുന്നതു്.

PRESENTED BY:
SRI M. K. VASUDEVAN NAIR
വമ്പMANIYARA VEEDU
MALAYINKIL

ക, ഏൾപ്പിക്കുക എന്നിവയുടെ ഭൂതരൂപം "ഏററു" എന്നാകകൊണ്ടു്, ഏൾക്കുക ഏൽക്കുകയായും ഏൾപ്പിക്കുക ഏല്പിക്കുകയായും മാററുകയാണ് ഉത്തമം. അതുപോലെ നൾകുക എന്നു് എഴുതുന്നവരോടു് അതു നന്നല്ലെന്നു് ഗുണദോഷിച്ചു് അവക്കു നൽകുക തന്നെ കൊടുക്കുന്നതിൽ ഭാഷാഭിമാനികൾ ജാഗരൂകരായിരിക്കണം.

പ്രാധാന്യത, പ്രാമുഖ്യത, വൈരൂപ്യത, ഔദാര്യത്വം, ഐക്യത, നിഷ്ഠുരത്വം എന്നിങ്ങനെ പലരും പ്രയോഗിച്ചു വരുന്നതു വ്യാകരണവിരുദ്ധമാണ്. സംസ്കൃതഗുണവചനങ്ങളോടു്, ത, ത്വം, യം എന്നീ പ്രത്യയങ്ങൾ ചേർത്തു് ഗുണനാമങ്ങൾ ഉണ്ടാക്കുക പതിവുണ്ടു്. മേൽപ്പറഞ്ഞ പദങ്ങളെല്ലാം ഇപ്രകാരമുള്ള ഗുണനാമപ്രത്യയങ്ങൾ ചേർത്തതിനു ശേഷം വീണ്ടും ഗുണനാമങ്ങൾ ഒട്ടിച്ചേർത്തു് വിരൂപപ്പെടുത്തിയിട്ടുള്ളവയാണ്. താഴെപ്പറയുന്ന പട്ടിക അനുസരിച്ചു ശരിയായ പദങ്ങൾ മനസ്സിലാക്കുക.

| ഗുണവചനങ്ങൾ | ഗുണനാമപ്രത്യയങ്ങൾ | | |
|---|---|---|---|
| | ത, | ത്വം, | യം |
| ഉദാരൻ | ഉദാരത | ഉദാരത്വം | ഔദാര്യം |
| പ്രധാനൻ | പ്രധാനത | പ്രധാനത്വം | പ്രാധാന്യം |
| ദുഷ്ടൻ | ദുഷ്ടത | ദുഷ്ടത്വം | ദൗഷ്ട്യം |
| ഏകൻ | ഏകത | ഏകത്വം | ഐക്യം |
| പ്രമുഖൻ | പ്രമുഖത | പ്രമുഖത്വം | പ്രാമുഖ്യം |
| മധുരൻ | മധുരത | മധുരത്വം | മാധുര്യം |
| വിരൂപൻ | വിരൂപത | വിരൂപത്വം | വൈരൂപ്യം |
| ക്രൂരൻ | ക്രൂരത | ക്രൂരത്വം | ക്രൗര്യം |
| നിഷ്ഠുരൻ | നിഷ്ഠുരത | നിഷ്ഠുരത്വം | നൈഷ്ഠുര്യം |
| സുകുമാരൻ | സുകുമാരത | സുകുമാരത്വം | സൗകുമാര്യം |

"നിഷ്ഠുരത്വം" എന്ന ചിലർ ഉപയോഗിക്കുന്ന തു ബഹു നൈഷ്ഠുര്യം തന്നെ. ഇതിനെ നാം അകററി നിറുത്തേണ്ടതാണ്.

ഉച്ചാരണത്തിൽ അധികം വ്യത്യാസമില്ലാത്തതുകൊണ്ടു അതിത്തി, എതിർപ്പ് എന്നിവ ക്രമേണ എഴുത്തിൽ അതൃത്തിയായും എതൃപ്പായും മാറിയതായി വരാം. സംസ്കൃതബന്ധമില്ലാത്ത മലയാളപദങ്ങളിൽ "ഋകാരം" ഉണ്ടാകാൻ സംഗതിയില്ലാത്തതിനാൽ അതൃത്തിയോടും എതൃപ്പിനോടും നാം ശക്തിയോടുകൂടി എതിർക്കേണ്ടതാണ്. അതിത്തിയും എതിർപ്പും നമുക്കു മതി. "പോര" എന്ന് എഴുതുന്നവരോട് "നിങ്ങൾ എഴുതുന്നതു "പോരാ" പിന്നെയോ, "പോരാ" എന്നു തന്നെ എഴുതണമെന്ന് സിദ്ധാന്തിക്കേണ്ടതാണ്. നിഷേധാർത്ഥം കുറിക്കുന്നതിന് "പോകാ, വരാ," എന്നിങ്ങനെ പ്രയോഗിക്കുന്നതുപോലെ വിശദമായും സുഖകരമായും പ്രസ്താവിക്കുന്നതിന് "കൂട" ഉപേക്ഷിച്ച് "കൂടാ" എന്ന് ദീർഘാന്തമായി ഉപയോഗിക്കാൻ ശ്രദ്ധ പതിക്കണം.

ഭൗമികം, ആത്മികം, പൂർവ്വികം എന്നീ പദങ്ങളെ ഭൗമീകം, ആത്മീകം, പൂർവ്വീകം എന്നിങ്ങനെ അജ്ഞതയാൽ എഴുതിവരികയാണ്. ആത്മീയത്തെ മടികൂടാതെ ആത്മിയമാക്കി ഉപയോഗിച്ചു വരുന്നതു് അത്യന്തം സാഹസം തന്നെ. ഇന്നത്തെ തർജ്ജമക്കാർ മുഖാന്തരം ഭാഷയ്ക്കു് നിരവധി ദോഷങ്ങൾ ഉണ്ടാകുന്നുണ്ടു്. താഴെപ്പറയുന്ന സംഗതികളിൽ തർജ്ജമക്കാർ ശ്രദ്ധപതിപ്പിച്ചാൽ നന്നായിരിക്കും.

൧. രണ്ടു ഭാഷകളിലും ശരിയായ ജ്ഞാനമില്ലാത്തവർ തർജ്ജമയ്ക്കു് ഒരുങ്ങരുതു്.

൨. അക്ഷരംപ്രതിയുള്ള തർജ്ജമ വിലക്ഷണമാണ്. തർജ്ജമയിൽ തന്മയത്വവും ചമൽക്കാരവും ഉണ്ടാകണമെങ്കിൽ അനുപദതർജ്ജമ അകററുക തന്നെ വേണം.

൩. മൂലഗ്രന്ഥകാരൻ നമ്മുടെ ഭാഷ ഉപയോഗിച്ചിരുന്നുവെങ്കിൽ എങ്ങനെ എഴുതുമായിരുന്നോ ആ വിധം നാം തജ്ജമചെയ്യണം. അതായത്ു് അത്ഥത്തിന്നു് ഏററക്കുറച്ചിൽ വരാതെ ഭാഷാശൈലിയനുസരിച്ചു് തജ്ജമ നിവ്വഹിക്കണം.

൪. തർജ്ജമ ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളെ വീണ്ടും തർജ്ജമ ചെയ്യാൻ സംഗതിയാക്കരുതു്. എല്ലാവക്കും മനസ്സിലാകത്തക്ക ഭാഷയിൽ വേണം തജ്ജമ ചെയ്യാൻ.

ഈ അപ്രകൃതംതുടരുന്നില്ല. "വഹ്" എന്നസംസ്കൃതധാതുവിൽനിന്നു ഉണ്ടായിട്ടുള്ള "വഹിയാ" എന്നരൂപം "വയ്യാ" എന്നു ദുഷിച്ചു് ഇപ്പോൾ "വയ്യ" എന്ന ഒരു വയ്യാവേലിയായി കലാശിച്ചു. 'വയ്യാ' എന്ന രൂപമാണു് നിഷേധാത്ഥസൂചനയ്ക്കു് അധികം സ്വീകാര്യം.

അവള്, നാള്, തേള് മുതലായവയിൽ "ൾ" 'ള്' ആക്കി പ്രയോഗിക്കുന്നവരിൽ ചിലർ തർജ്ജമക്കാരാണു്. നമുക്കു് അവള് അവൾ ആക്കിയും, നാള് നാൾ ആക്കിയും, തേള് തേൾ ആക്കിയും, ഭാഷാസാഹിത്യശുദ്ധീകരണവിഷയത്തിൽ സഹകരിക്കാം. ഒരുഭാഷാഭിമാനി "കൈയിൽ" എന്ന പദം കയ്യിൽ ആക്കാതെ കഴിച്ചുകൂട്ടുന്നു. വ്യുൽപത്തിയെ വിൽപ്പത്തിയാക്കുന്നവർ ചില ഗദ്യമെഴുത്തുകാരാണെങ്കിൽ, "കൊലയെ" കുലയാക്കുന്നവരും "ചെലവിനെ" ചിലവാക്കുന്നവരും ആരായിരിക്കാം?

ഝടുതിയെക്കാൾ ഝടിതിയും, വരുക, തരുക എന്നിവയെ അപേക്ഷിച്ചു് വരിക, തരിക എന്നിവയുമാണു് സ്വീകാരയോഗ്യമായിട്ടുള്ളതു്. ഒണ്ടു്, ഒള്ള, ഒള്ളു മുതലായവയെ ഉണ്ടു്, ഉള്ള, ഉള്ളു എന്നിങ്ങനെ ശരിയായി പ്രയോഗിക്കാൻ ഭാഷാഭിമാനികൾ മടിക്കുന്നില്ലെന്നുള്ളതു് ആശ്വാസജനകം തന്നെ. നമ്മുടെ "ചിരി" ഉത്തരകേരളത്തിൽ "ചിറി"യായി മാററപ്പെട്ടിട്ടുള്ളതു് ചിരിക്കത്തക്കതല്ലയോ? "വണ്ടിക്കാരൻ" ചിലൎക്കു വണ്ടിക്കാറനാകുന്നതു് തെക്കൻതിരുവിതാംകൂറിനോടുള്ള ഗാഢമൈത്രിയും തമിഴിനോടുള്ള സമ്പൎക്കവും രൂഢമൂലമായതിൻെറ ഫലമായിരിക്കാം. "ഉൾപ്പെടുകയെ"ത്യജിച്ചു് ഉൾപ്പടുകയെ സ്വീകരിക്കുന്ന ചിലരുണ്ടു്. നാം ഉൾപ്പടുകയെ ഉൾപ്പെടുത്താതെ കഴിച്ചുകൂട്ടുന്നതു് ഉത്തമം. ഉൾപ്പെടുകയോടു പുറപ്പെടുകയാണു് സാഹിത്യസരണിക്കു സമുചിതമായിട്ടുള്ളതെന്നു് ചിന്തിക്കുന്നതോടുകൂടി, ഏൎപ്പടുകയും പുറപ്പടുകയും ചെയ്യരുതെന്നു് പറയാനുള്ള ധൈൎയ്യവും വേണം. ഏൎപ്പെടുകയും പുറപ്പെടുകയും ചെയ്യുന്നതിലാണു് ഭാഷാഭിമാനികൾക്കു സന്തോഷമുള്ളതു്. മേടിക്കുകയോ, വാങ്ങിക്കുകയോ, വാങ്ങുകയോ ഏതാണുത്തമമെന്നു് പലരും സംശയിക്കുന്നു. എന്നാൽ, 'മേടിക്കയെ ചിലരോടു വാങ്ങിക്കുന്നതു് അനുചിതവും, "വാങ്ങിക്കുകയെ" വിററുകളയുന്നതു നല്ലതുമാണു്. "വാങ്ങുക" ഐകകണ്ഠ്യേന സ്വീകാൎയ്യം തന്നെ. *ഉത്തരകേരളത്തിലെ "ചെയ്യുണു" നമുക്കു വെറുപ്പാണല്ലോ. "ചെയ്യുന്നു" അവർ സ്വീകരിച്ചാൽ കൊള്ളാം. 'പോണു' പോകുന്നു എന്നും, 'ആണു്' ആകുന്നു എന്നും മാറാത്തപക്ഷം അത്യന്തം ശോചനീയമായിരി

* ഈ മൂന്നു രൂപങ്ങളും പ്രചാരത്തിലുള്ളതാണു്,

KRISHNA VILASOM GRANDHASALA
TRIVANDRUM

കളം. "ആകുന്നു" ആണു് എന്നായശ്ശും പോകട്ടേ ചില സ്ഥലങ്ങളിൽ "ആന്നു്" എന്നായിത്തീൎന്നിരിക്കുന്നു.

"ഇല്ലാഴിക" സംഭാഷണങ്ങളിൽ പലരും ഉപയോഗിച്ചു കാണുന്നുണ്ടെങ്കിലും ഭാഷാഭിമാനികൾക്കു വല്ലായ്മ ഉണ്ടാക്കുന്നതാണെന്നു തോന്നുന്നു. ഇല്ലാഴികയെ ഇല്ലായ്മ ചെയ്തു് "ഇല്ലായ്കയാക്കിയാൽ എല്ലാവൎക്കും ഉല്ലാസമായിരിക്കും. തമിഴിനോടു സ്ഥിരബന്ധമുള്ളവർ 'വീഴുന്നു' എന്നതിനെ വിട്ടൊഴിയാൻ വൈമനസ്യം പ്രദൎശിപ്പിക്കും. തെക്കൻതിരുവിതാംകൂറിൽ ഒഴികെ മറെറങ്ങും "വീഴുന്നു, വീണു" തുടങ്ങിയ രൂപങ്ങൾ പ്രചുരപ്രചാരത്തിലാകയാൽ അവയോടുള്ള സ്ഥിരമൈത്രിയാണു് നമ്മേ ബാധിക്കേണ്ടതു്. ദക്ഷിണകേരളത്തിൽ സൎവ്വസാധാരണമായി അംഗീകരിച്ചിട്ടുള്ളതും വൈയാകരണന്മാർ സ്വീകരിച്ചിട്ടുള്ളതുമായ ഒരു രൂപമാണു് "താഴ്ന്ന" എന്നുള്ളതു്. അതിനെത്തന്നെ ഭാഷാഭിമാനികൾ പരിഷ്കരിച്ചു് 'താണ' എന്നു് പ്രയോഗിച്ചുവരുന്നതു് സൎവ്വത്ര സമ്മതവുമായിട്ടുണ്ടു്. അതുകൊണ്ടു് രണ്ടു കൂട്ടരേയും മുഷിപ്പിക്കാതെ നമുക്കു രണ്ടു വിധത്തിലും ഉപയോഗിക്കാം.

തെക്കൻപ്രദേശങ്ങളിൽ പൊതുവായി ഉപയോഗിച്ചുവരുന്ന ഒരു പദമാണു് "എല്ലാത്തെയും". വ്യാകരണസംബന്ധമായി തെററു പറയാനില്ല. എന്നാൽ, അതിനെ കുറച്ചുകൂടെ നന്നാക്കി ഭാഷാപോഷണതത്പരന്മാർ ഉപയോഗിച്ചുവരുന്ന "എല്ലാവറെറയും" എന്ന രൂപം നമുക്കു കുറെക്കൂടി ചേൎച്ചയായിട്ടുള്ളതാണു്.

തിരുവിതാംകൂർ നിവാസികൾ എക്കാലത്തും ആദരിച്ചിട്ടുള്ളതും ആദരിക്കേണ്ടതും അങ്ങനെ എന്ന

ഭാഷാരൂപം തന്നെ. 'അങ്ങിനെ' എന്നതു തെററാണ്. ആയാം, അയാം എന്നീ രണ്ടു പദങ്ങളും പ്രയോഗിച്ചു വരുന്നെങ്കിലും അയാം നല്ല പദമാണെന്നു നിസ്സംശയം പ്രസ്താവിക്കാം. ഇവ്വിധം എന്നു് ഉപയോഗിക്കുന്നവരെ വല്ലവിധേനയും ഈ വിധത്തിലോട്ടു പ്രവേശിപ്പിച്ചെങ്കിൽ കൊള്ളാമായിരുന്നു. ഇവ്വിധത്തെക്കാം ഈ വിധവും അവ്വണ്ണത്തെക്കാം ആവണ്ണവും നന്നുതന്നെയാണ്. അവ്വണ്ണത്തിലും ഇവ്വണ്ണത്തിലും തപ്പിപ്പിടിച്ചു് ഭാഷാസോപാനത്തിൽ കയറുന്നതിനുദ്യമിക്കുന്നവരെ ഉരുട്ടി വീഴ്ത്തേണ്ടതാവശ്യമെന്നു് പലപ്പോഴും തോന്നിപ്പോകും.

"ഇല്ലൈ" എന്നുള്ള തമിഴരൂപത്തിൽ നിന്നോ "ഇല്ലാ" എന്നുള്ള കർണ്ണാടകഭാഷയിൽ നിന്നോ മലയാളത്തിൽ "ഇല്ല" എന്ന പദം ഉണ്ടായതായി വരാം. പുരാതന എഴുത്തുകളെത്തുടർന്നു് ആധുനിക സാഹിത്യാഗ്രേസരന്മാരുടെ തൂലികാഗ്രത്തിൽനിന്നും നിരന്തരമായി ഇല്ല, അല്ല എന്നീ പദങ്ങൾ ഭാഷയ്ക്കു ലഭ്യമായിട്ടുണ്ടു്. അവർ തന്നെ ഇല്ലാ അല്ലാ എന്നീ രൂപങ്ങൾ നിർദ്ദോഷവും സൌകയ്യപ്രദവുമായ രീതിയിൽ ഉപയോഗിച്ചുവരുന്നതു് കുറേക്കൂടെ ശക്തിയായി പരിഗണിക്കപ്പെട്ടിട്ടുമുണ്ടു്. പരസ്പരം തുലനം ചെയ്യുമ്പോൾ ഒന്നു് മെച്ചമെന്നു സ്ഥാപിക്കുക സുസാദ്ധ്യമല്ല; അവസരോചിതമായി ഉപയോഗിച്ചുകൊള്ളുകയാണു ഉത്തമം.

## അന്യഭാഷകളിൽ നിന്നു സ്വീകരിച്ചിട്ടുള്ള പദങ്ങൾ.

സിറിയൻ, പെർഷ്യൻ, പോർട്ടുഗീസു്, അറബി, ഇംഗ്ലീഷു മുതലായ പല ഭാഷകളിൽ നിന്നും നമ്മുടെ ഭാഷ അനേകം പദങ്ങൾ കടം വാങ്ങിയിട്ടുണ്ടു്. അവയിൽ സർവ്വപ്രധാനമായവ ഇവിടെ പ്രസ്താവിക്കാം.

൧. <u>സിറിയൻ ഭാഷയിൽ നിന്നും സ്വീകരിച്ചിട്ടുള്ള പദങ്ങൾ.</u>

നസ്രാണി, മശിഹാ, മെത്രാൻ, ഉറപ്പിക, കീശ, ഉണ്ടിക, (ഹുണ്ടിക) ചിട്ടി, തപാൽ, തൊപ്പി, തോക്ക്.

൨. <u>പേഷ്യൻഭാഷയിൽ നിന്നും എടുത്തിട്ടുള്ളവ.</u>

ഉറുമാൽ, അൽമാരി, ഓഫരി, ഗുമസ്തൻ, തയ്യാർ, ത്രാസ്സ്, ദിവാൻ, നംക്രുരം, പേഷ്കാർ, മൈതാനം, യാദാസ്ത്, ശിപായി, ശരാശരി, സക്കാർ, സവാരി, ശുപാൾ.

൩. <u>പോർട്ടുഗീസ്സ് പദങ്ങൾ.</u>

ലേലം, കമീസ്, കസേര, കുരിശ്ശ്, ജന്നൽ, തുവാൽ, വരാന്ത, പീപ്പ.

൪. <u>അറബിഭാഷയിൽ നിന്നും എടുത്തിട്ടുള്ളവ.</u>

അമീൻ, അസ്സൽ, ഇനാം, ഉമ്മ, കടലാസ്സ്, കവാത്ത്, കശാപ്പുകാരൻ, കാപ്പി, കാപ്പിരി, ജാമ്യം, ഖജനാ, തകരാർ, ജില്ല, തമാശ, തർജ്ജമ, താലൂക്ക്, ബാക്കി, മേശ, മുസ്സാവരി, റബ്ബി, വസൂൽ, റാത്തൽ, മാപ്പ്, മസാല, മുൻഷി, മുൻസിഫ്, സന്നി, ഹജൂർ, ഹാജർ, ഹർജ്ജി, സലാം, സായ്പ്.

൫. <u>ഇംഗ്ലീഷ് ഭാഷയിൽ നിന്നും എടുത്തിട്ടുള്ളവ.</u>

കമ്പനി, ജയിൽ, തിമ്പിരം, ബോട്ട്, പോലീസ്സ്, രജിസ്റ്റർ, രസീത്, റിക്കാർട്ട്, ലിസ്റ്റ്, സക്കീട്ട്, വാറണ്ട്, ആസ്പത്രി, സ്പെഷ്യൽ, സിവിൽ, കോടതി, റോഡ്.

ഇനി ഭാഷയിൽ പ്രയോഗിച്ചു കാണുന്ന അഹോവൃത്തി, അസ്തമനം, ഉൽഭവം, കാരിയം, ചെമപ്പ് എന്നീ പദങ്ങൾ ശരിയാണെന്ന് വിചാരിക്കാൻ ന്യായമുണ്ടോ എന്നു പരിശോധിക്കാം.

സന്ധി അനുസരിച്ച് "അഹർവൃത്തി" എന്നാണ് ഉപയോഗിക്കേണ്ടതു്. എങ്കിലും മലയാളത്തിൽ അഹോവൃത്തി ഇന്നും സാധുവായിത്തന്നെ ഇരിക്കുന്നു.

അസ്തമയം ശരിയായ രൂപമായിരിക്കെ അസ്തമനം ഭാഷയിൽ കടന്നതു് അവിചാരിതമായിട്ടായിരിക്കാം. എങ്കിലും അസ്തമനമെന്ന രൂപവും സംസ്കൃതത്തിൽ ഉപയോഗിച്ചു കണ്ടിട്ടുണ്ടു്.

അത്ഭുതം, ഉത്ഭവം എന്നീ ശരിയായ ഭാഷാരൂപങ്ങൾ ക്രമേണ അൽഭുതം, ഉൽഭവം എന്നിങ്ങനെ മാറിയതു് ആക്ഷേപാർഹമല്ല. എന്നാൽ, അല്ഭുതം, ഉല്ഭവം എന്നിങ്ങനെ ചിലർ പ്രയോഗിക്കുന്നതു് അഭംഗിയാണ്.

'അതിൽ' ചില പരിഷ്കാരികൾക്കു് "അതില്" ആയിത്തീരുന്നതു് ഇതുപോലെ ലക്ഷണയുക്തമല്ല. കാൎയ്യം, സൂൎയ്യൻ, മൎയ്യാദ മുതലായ പദങ്ങൾ ആധുനിക ഭാഷാപരിഷ്കാരികൾ കാര്യം, സൂര്യൻ, മര്യാദ എന്നി പ്രകാരം പ്രയോഗിച്ച് ചിലരെ അത്ഭുതപ്പെടുത്തിവരാറുണ്ടു്. അതു് യുക്തിയുക്തമാണെന്നു് ഗണിച്ചാൽ തന്നെയും, കാരിയം, മരിയാദ, സൂരിയൻ എന്നു് എഴുതി ശീലിക്കുന്നതു് അസാധുവാണെന്നു തന്നെ പറയണം.

"ചെം'' എന്ന ധാതുവിൽ നിന്നും ഉണ്ടായ രൂപം ചെമപ്പ് ആകയാൽ ചെവപ്പ് ചുമപ്പ് എന്നിവയെ അനുകരിക്കാൻ അവകാശമില്ല. 'ചുവപ്പ്" പ്രചുരപ്രചാര

തിലാകയാൽ അതിനെ അകററി നിരുത്തുക ആശാസ്യവുമല്ല. ചെമപ്പുകാരായ വിദ്വാന്മാർ ചുവപ്പുകാരായ തനിമലയാളികളോട് അനുകമ്പ പ്രദർശിപ്പിക്കണമെന്നാണു് സിദ്ധാന്തിക്കേണ്ടതു്.

അങ്ങട്ടു്, മേല്പെട്ടു്, ചിലിടത്തു്, താല്പര്യം, ദാരദ്ര്യം, ദയവു് എന്നീ വടക്കൻ രൂപങ്ങൾ ശരിയാണെന്നു സമ്മതിച്ചുകൊടുക്കാമോ?

9356/9-593

വടക്കൻ മലബാറിൽ ഉപയോഗിച്ചു വരുന്ന അങ്ങട്ടു് ഇവിടെ പാടില്ലെന്നു വെച്ചിരിക്കുന്നതു് അങ്ങോട്ടു് എന്നതിനോടുള്ള പ്രതിപത്തികൊണ്ടാണു്. കേരളീയക്കു് പൊതുവേ രസജന്യമായ "അങ്ങോട്ടു്" അവർ കൈവശപ്പെടുത്തിയെങ്കിൽ ഭാഗ്യമായി. സാഹിത്യസോപാനനിരകളിൽ ത്വരിതമായി കയറുന്നതിനു് 'മേല്പോട്ടു്' എന്ന രൂപത്തിനു വേഗം കൂട്ടുമെന്നു തോന്നുന്നു. മേല്പെട്ടു് മേലോട്ടു് എന്നിങ്ങനെ ഉപയോഗിക്കുന്ന ചിലരെ അനുകരിക്കേണ്ടതില്ല. ചിലിടത്തെന്നു് ചിലരെല്ലാം എഴുതുന്നതു് ഒരു ദൂഷ്യമായി കരുതാവുന്നതാണു്. ചിലെടത്തെന്നു് ഉപയോഗിക്കുന്നതാണു മെച്ചം. അതുപോലെ "പറയിന്നിടത്തി"നെ പറഞ്ഞയച്ചിട്ടു് "പറയുന്നെടത്തോട്ടു്" നമുക്കു പാഞ്ഞടുക്കാം. പറയുന്നിടത്തോടും പറയുന്നെടത്തോടും വെറുപ്പാകരുതു്.

"താല്പര്യം" താത്പര്യമായി തീരാത്തപക്ഷം താല്പര്യക്കാർക്കും താത്പര്യത്തോടു പക്ഷം കുറഞ്ഞുപോകുന്നതാണു്. സംസ്കൃതപദങ്ങൾ മലയാളത്തിൽ സ്വീകരിക്കുമ്പോൾ തകാരത്തിനു ലകാരം എഴുത്തിലും ഉച്ചാരണത്തിലും അവിടവിടെയായി ദൃശ്യമാകുന്നുവെങ്കിലും താല്പര്യം, തൽക്കാലം എന്നീ പദങ്ങൾ സാർവത്രികമായി

പ്രചരിച്ചു കാണുന്നുണ്ടു്. അതിനാൽ സംസ്കൃതത്തിലെ തകാരത്തിനു് "ൽ" ഉപയോഗിക്കുന്നതിൽ ഭാഷാഭിമാനികൾ ശ്രദ്ധ പതിച്ചാൽ കൊള്ളാം.

ദാരിദ്ര്യം ദരിദ്രന്റെ അവസ്ഥയെന്നു അറിഞ്ഞിരിക്കെ ദാരദ്ര്യം എന്നു പ്രയോഗിക്കുന്നതു് ഭാഷാദരിദ്രന്മാരുടെ ലക്ഷണമാണെന്നു സമാധാനപ്പെടാം. നമുക്കു് ദാരദ്ര്യം ദാരിദ്ര്യമാക്കിയും, ദയവു് ദയ എന്നു് ഉപയോഗിച്ചും ഭാഷാസമ്പന്നരാകാം

അച്ചൻ, മിററം, പുറകെ എന്നീ പദങ്ങളുടെ ശുദ്ധിയെപ്പററി വിചാരിക്കാം. വ്യാകരണനിയമാനുസരണം സൂക്ഷിച്ചാൽ അച്ചൻ ആക്ഷേപാർഹമായ പദമല്ല. അശ്ചൻ എന്നു് എഴുതി വിടുന്ന കുസൃതികൾ "അച്ചൻ" എന്നെങ്കിലുംഎഴുതിയാൽ മതിയായിരുന്നു. എന്നാൽ,എല്ലാവരും ആദരിച്ചിട്ടുള്ളതു്അച്ഛൻഎന്ന പദത്തെയാണു്. ചില പണ്ഡിതന്മാർ എഴുതുന്നതു കണ്ടുമാത്രം മുററത്തെ മിററമാക്കുന്നതു് മററുള്ളവക്കു രസമാകയില്ല. മുററത്തെ മിററമാക്കുന്ന സാഹിത്യവീരന്മാർ പിറകെ എന്ന ശരിയായ രൂപത്തെ പുറകെയാക്കുന്നതു അബദ്ധമാണു്. പിന്നെ, പിന്നാലെ ഇവയോടു ഗാഢമായി സംബന്ധമുള്ള പിറകെ എന്നപദം അശുദ്ധമായും യുക്തിഭംഗമായും പ്രയോഗിക്കുന്നതു ശരിയല്ല.

ഇനിക്കു്, എനിക്കു്; ഇടത്തു്, എടത്തു്; ഇല, എല; കുല, കൊല; കുട, കൊട; ഈപദങ്ങളുടെ സാധുത്വം നിർണ്ണയിക്കുന്നതെങ്ങനെ എന്നു നോക്കാം.

'എൻ' എന്ന സർവ്വനാമത്തിന്റെ രൂപം 'എനിക്കു്' എന്നാകയാൽ 'ഇനിക്കു്' നമുക്കു വേണ്ടെന്നു വയ്ക്കുകയാണു നല്ലതു്. 'എടത്തു്' എന്ന പ്രയോഗം ചില സ്ഥല

ങ്ങളിൽ പ്രചാരമുണ്ടെങ്കിലും ഇടത്തു വശത്തു പോകുന്നതിനാണല്ലോ നമുക്കു സന്തോഷമുള്ളതു്. എലയെക്കാൾ ഇലയാണ് ആദരണീയമെന്നു് പ്രത്യേകം പറയേണ്ടതില്ല. കൊല്ലുക എന്ന അർത്ഥത്തിൽ കൊലയും; വാഴക്കുല, പൂംകുല മുതലായ സ്ഥാനങ്ങളിൽ കുലയും പ്രയോഗിക്കുന്നതാണു സുബദ്ധം. അതുപോലെ വെയിലും മഴയും ഏല്ക്കാതെ രക്ഷിക്കുന്നതു് 'കുട' എന്നും, കൊട്ടുകുന്നതു് 'കൊട' എന്നും പറയുന്നതായിരിക്കും നല്ലതു്. വടക്കരുടെ "മൊട്ട" മുതലായതു് തെക്കർക്കു് ആക്ഷേപമായിരിക്കുന്ന സ്ഥിതിക്കു് "മുട്ട" പോലെയുള്ള രൂപങ്ങൾ സാർവ്വത്രികമായി ഉപയോഗിക്കുന്നതു് നന്നായിരിക്കും. ഭോഷത്തം ഭോഷത്വമാക്കുന്നതും തെററാണെന്നു മനസ്സിലാക്കണം. പോഴത്തം എന്ന ശബ്ദം സംസ്കൃതീകരിച്ചാണു് ഭോഷത്തം ഉണ്ടാക്കിയതെന്നു് ഓർക്കേണ്ടതാണു്. ചിലർ ക്രിയ എന്നപദത്തെ ക്രീയയാക്കി നീട്ടുന്നതുകൂടാതെ, കൃയയാക്കി വളയ്ക്കുന്നതു് കഷ്ടം തന്നെ. സ്ഥലവിസ്താരം എന്നു് ശരിതന്നെ; പക്ഷേ, ഗ്രന്ഥവിസ്തരം ശബ്ദവിസ്തരംഎന്നു ചുരുക്കി വിസ്തരമാക്കുന്നതാണു സുബദ്ധം.

ഓർമ്മ എന്നുള്ള ശരിയായ പദം ഓർമ്മത എന്നു് വല്ലവരും ഉപയോഗിക്കുന്നെങ്കിൽ അതു് അവരുടെ ഓർമ്മക്കേടാണെന്നല്ലേ വിചാരിക്കേണ്ടതു്. അതുപോലെ കൂർമ്മത ഉപേക്ഷിച്ചു് 'കൂർമ്മ' സ്വീകരിക്കുന്നതാണു ശരി. ഇതുപോലെ കൂടി, കൂടെ ഈ പദങ്ങൾ ഉപയോഗിക്കേണ്ട സ്ഥാനം പലർക്കും നിശ്ചയമില്ലാതിരിക്കുന്നുണ്ടു്. അചേതനവസ്തുക്കളിൽ കൂടിയും, സചേതന വസ്തുക്കളിൽ കൂടെയും പ്രയോഗിക്കുന്നതു മെച്ചമായിരിക്കും. ത്രാണനം ഉപേക്ഷിച്ചു് ത്രാണവും, ക്ഷണനം മാററി ക്ഷണവും

ഉപയോഗിച്ചു കാണുന്നതു് ഭാഷാ സാഹിത്യപുരോഗമനത്തെ അഭൂതപൂർവ്വമായി സഹായിക്കുന്നതു തന്നെയാണു്. ദുസ്സഹത്തെ ദുസ്സഹ്യമാക്കുന്നതു്, ദുസ്സാധത്തെ ദുസ്സാധ്യമാക്കുന്നതു പോലെ തെററു തന്നെയാണു്. ജാത്യാ എന്നതിനെ ജാത്യാൽ എന്നു് എഴുതിവരുന്നതു്, പ്രയോഗാർഹമായ നവംനവത്തെ നവനവമാക്കുന്നതു പോലെ ചെറിയ ഒരു അബദ്ധമാണു്. നമുക്കു് പക്ഷേ എന്ന രൂപത്തെ പക്ഷേൽ ആക്കാതെയും, മന്ദംമന്ദം മന്ദമന്ദമാക്കാതെയും സാഹിത്യവ്യാപാരം നടത്തുന്നതാണു ശോഭനം.

ദൂരത്തെ പരാമർശിക്കുമ്പോൾ മൈൽ എന്നും, പക്ഷിയുടെ പേരു് എന്ന നിലയിൽ മയിൽ എന്നും ഉപയോഗിക്കുന്നതിൽ തെററില്ല. മനസ്സാക്ഷിക്കു പകരം മനോസാക്ഷിയും, മനസ്സുഖത്തിനു പകരം മനോസുഖവും എഴുതിവിടുന്നതു് ഭാഷാഭിമാനികളുടെ മനസ്സിനെ പീഡിപ്പിക്കുന്നതു തന്നെയാണു്. മുഖദാവിൽ കാണുന്നവർ ചിലരുണ്ടു്. പക്ഷേ, നമുക്കു് മുഖതാവിൽ കണ്ടാൽ മതിയാവുന്നതാണു്. അതുപോലെ രക്ഷകർത്താവു, ലക്ഷോപിലക്ഷം എന്നീ പദങ്ങൾ സർവ്വസാധാരണയായി പ്രചരിച്ചിട്ടുണ്ടു്. വിഗ്രഹിക്കുമ്പോൾ ഈ പദങ്ങളുടെ ശരിയായ രൂപം നമുക്കു മനസ്സിലാകും. രക്ഷയ്ക്കുള്ള കർത്താവു ആയിത്തീരുന്നതു് രക്ഷാകർത്താവു് എന്നു പ്രയോഗിക്കുമ്പോൾ മാത്രമാണു്. രക്ഷാസൈന്യം, രക്ഷാമൂർത്തി മുതലായ പ്രയോഗങ്ങൾ രക്ഷാകർത്താവു് എന്ന പദത്തിന്റെ സാധുത്വത്തെ ദൃഢീകരിക്കുന്നു. ലക്ഷ+ഉപലക്ഷം=ലക്ഷോപലക്ഷം എന്നാകുന്ന സ്ഥിതിക്കു് ലക്ഷോപിലക്ഷം ലക്ഷംപ്രാവശ്യം തെററാണെന്നു പറഞ്ഞാൽപോലും മതി

യാകുന്നതല്ലല്ലോ. ചിലപത്രങ്ങളിൽ മഹഷി എന്നുകാണുന്നതു് അബദ്ധമാണു്. മഹഷി മഹർഷിയായും, വയ്യാകരണൻ വൈയാകരണനായും, വിഷണ്ഡൻ വിഷണ്ണനായും, വൃതാനുഷ്ഠാനം വ്രതാനുഷ്ഠാനമായും മാറേണ്ടതു് അത്യാവശ്യമാണു്. ‘സ്വച്ഛത’ എന്ന അർത്ഥത്തിൽ വെടുപ്പും, ദ്വാരം എന്ന അർത്ഥത്തിൽ വെടിപ്പും ഉപയോഗിക്കുന്നതു നല്ലതായിരിക്കും. സാമാനകാലീനൻ, സമകാലീനൻ ഈ രണ്ടു പ്രയോഗങ്ങളും ശരിയായിരിക്കുമോ എന്നു ചിലർ സംശയിക്കാറുണ്ടു്. ഇവ രണ്ടും വ്യാകരണദൃഷ്ട്യാ ശരിയാണു്. സുശകം സുശക്യത്തെക്കാൾ നല്ലതെന്നും, സ്വയരക്ഷയെക്കാൾ സ്വരക്ഷ നല്ലതെന്നും, സ്വയഭരണത്തെക്കാൾ സ്വയംഭരണം ഉത്തമമെന്നും ഭാഷാഭിജ്ഞന്മാർ സിദ്ധാന്തിക്കുന്നു.

ഭാഷാശുദ്ധി സമുചിതമായി പര്യാലോചിച്ചു് വശമാക്കാൻ ഇക്കാലത്തു് അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും മററു ഭാഷാഭിമാനികളും ഏകോപിച്ചു് പ്രയത്നിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

—:o:—

# അദ്ധ്യായം ൩

## കാവ്യത്തിൻെറ സാമാന്യ സ്വരൂപവും വിഭാഗങ്ങളും

കാവ്യമെന്നതു സ്വച്ഛന്ദമനോവൃത്തിയുടെ പ്രതിഫലനമാണെന്നും, അതിൻെറ പരമോദ്ദേശം സത്യധൎമ്മാദികളെ ഉപദേശിക്കുന്നതാണെന്നും യവനവിമർശകാഗ്രഗണ്യനായ അരിസ്റ്റോട്ടിൽ പറയുന്നു. അതു് മനോധൎമ്മത്തിൻെറ ബാഹ്യപ്രകാശനമാണെന്നത്രേ ഷെല്ലിയുടെ അഭിപ്രായം. വാക്കുകൾ കവിതയുടെ നിഭ്രാലസമായ ഭാഗമാണെന്നും, കല്പനാശക്തിയും രസസ്ഫുരണവും മാത്രമാണ് അതിൻെറ ജീവനെന്നും വേറൊരു വിദ്വാൻഘോഷിക്കുന്നുമുണ്ടു്. സ്വാനുഭവത്തെആസ്പദമാക്കിയുള്ള മനോധൎമ്മത്തിൽനിന്നു് രസസ്ഫുരണത്തോടുകൂടിമുളച്ചുയരുന്നതാണ് ഉൽകൃഷ്ടകാവ്യമെന്നും മറെറാരു വിദ്വാൻ പ്രസ്താവിക്കുന്നു. മഹാനായ കാർലൈൽ പറയുന്നതു് പ്രത്യേകം പ്രസ്താവ്യമാണ്. കവിത മനുഷ്യഹൃദയത്തിലെഓരോ വികാരങ്ങളെയുംചലിപ്പിക്കുന്നു. അയസ്കാന്തത്തെ ഇരുമ്പെന്നപോലെ മാനുഷചിത്തത്തെ കവിത ആകൎഷിക്കുന്നു. ഉൽകൃഷ്ടരൂപത്തിൽ വിന്യസിക്കപ്പെടുന്ന ശ്രേഷ്ഠപദങ്ങൾ കവിതയാണ്. നാം സ്നേഹിക്കേണ്ടതു് ഏതൊന്നിനെയാണെന്ന് കാവ്യം ചൂണ്ടിക്കാണിക്കുന്നു. ഊഷരമായ ശിലാഭൂമികളെ ആവാസയോഗ്യമായ പട്ടണങ്ങളും കൊട്ടാരങ്ങളുമായി മാററുന്ന ഒരു ഗന്ധർവ്വൻെറ പ്രവൃത്തിയെ യഥാൎത്ഥകാവ്യം അനുകരിക്കുന്നു.

കൃത്രിമാലങ്കാരങ്ങൾകൊണ്ടു് കവിതയെ മോടി പിടിപ്പിക്കാമെന്നുള്ളതു് നിസ്സാരമായ ഒരു സംഗതിയാണ്.

ഒരു ചിത്രകാരൻ പല ചായങ്ങളെയും യഥോചിതം പ്രയോഗിച്ച് ഒരു സാധനത്തെ സ്പഷ്ടമാക്കി ചക്ഷുസ്സിന് ഗോചരീഭവിപ്പിക്കുന്നതുപോലെ ഒരു നല്ല കവി സന്ദർഭോചിതങ്ങളായ പദങ്ങളെ തിരഞ്ഞെടുത്തു സമുചിതമായി ചേർത്ത് ഉദ്ദിഷ്ടവ്യക്തിയെ മനോനേത്രങ്ങൾക്കു പ്രത്യക്ഷപ്പെടുത്തുന്നു. പ്രകൃതിയുടെ പ്രതിബിംബമായിരിക്കുന്ന കവിതയുടെ അസ്വാദ്യത അവർണ്ണനീയമായിത്തന്നെയിരിക്കും. അതുകൊണ്ടാണ് "സകല പ്രപഞ്ചഭാവങ്ങളിലും ഭാവനാപരവും സ്നിഗ്ദ്ധവുമായ നേത്രങ്ങളാൽ വീക്ഷിച്ചാൽ കാന്തിയും കവിതയും അന്തർഭവിച്ചിരിക്കുന്നതായി ബോധപ്പെട്ടു"മെന്ന് ജോൺ മോർളി പറയുന്നത്. ഹൃദയത്തെ ശുദ്ധീകരിക്കയും പൗരുഷം നൽകുകയുംചെയ്യുന്നത് ഏതൊന്നാണോ അതാണു കാവ്യമെന്ന് എമേഴ്സൻ പ്രസ്താവിക്കുന്നു.

പാശ്ചാത്യന്മാരെക്കാൾ കൂടുതലായി പ്രാചീനകാലത്തുള്ള ഭാരതീയർ ഈ വിഷയത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്. ഭരതൻ, ഭാമഹൻ, വാമനൻ,മമ്മടൻ തുടങ്ങിയുള്ളവർ "കാവ്യം ധർമ്മിഷ്ഠയായ ഒരു പ്രിയതമയെപ്പോലെയാണെന്നും, അതു് ഒരേ സമയത്തു തന്നെ രസിപ്പിക്കുകയും, സന്മാർഗ്ഗത്തിലൂടെ നയിക്കുകയും ചെയ്യുന്നുണ്ടെന്നും അഭിപ്രായപ്പെടുന്നു. പല കാലത്തും പലെടത്തും ജീവിച്ചിരുന്ന മഹാന്മാർ ഈ വിഷയത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളെ കൂലംകഷമായി പരിശോധിച്ച് ഇതിനെ സംബന്ധിച്ച ഒരു സാമാന്യജ്ഞാനം സ്വരൂപിക്കുന്നതു നല്ലതാണ്. കാവ്യത്തിൻെറ ഉദ്ദേശത്തെയും അതിൻെറ സ്വഭാവത്തെയും പററി ചിന്തിക്കുമ്പോൾ താഴെ പറയുന്ന രണ്ടുശ്ലോകങ്ങളും അറിഞ്ഞിരുന്നാൽ കൊള്ളാം.

"യദ്വേദാൽ പ്രഭുസമ്മിതാദധിഗതം ശബ്ദപ്രധാ
(നാച്ചിരം-
യച്ചാൎത്ഥപ്രവണാത് പുരാണ വചനാദാപ്തം സുഹൃ
(ത്സമ്മിതാൽ
കാന്താസമ്മിതയാ യയാ സരസതാമാപാദ്യ കാവ്യ
(ശ്രിയാ
കൎത്തവ്യേ കുതുകീ ബുധോ വിരചിതസ്തസ്യൈസ്പൃ
(ഹാം കുൎമ്മഹേ.

"കോൽത്തേനോലേണമോരോപദമതിനെന്നവും-
പാലിൽ നീരെന്നപോലേ
ചേൎത്തീടേണം വിശേഷിച്ചുടനതിലൊരല-
ങ്കാരമുണ്ടായ്‌വരേണം
പേൎത്തും ചിന്തിക്കിലൎത്ഥം നിരുപമ രുചിതോ
ന്നേണമെന്നിത്രവന്നേ
തീൎത്തീടാവൂ ശിലോകം ശിവശിവ കവിതാ-
രീതി വൈഷമ്യമത്രേ."

കാവ്യത്തിൻെറ സാമാന്യസ്വരൂപം എന്തൊക്കെയാണെന്നു പരിശോധിക്കാം.

൧. കാവ്യം കൎത്തവ്യകൎമ്മങ്ങളിൽ അഭിരുചി ജനിപ്പിക്കത്തക്കവണ്ണം നിബന്ധിച്ചിട്ടുള്ളതായിരിക്കണം.

൨. ചമൽക്കാരംകൊണ്ടും, സ്വാരസ്യംകൊണ്ടും മനസ്സിനെ അവാച്യമായി ആനന്ദിപ്പിക്കുന്നതായിരിക്കണം.

൩. സംസ്ഫുടമായ ഉപമാദ്യലങ്കാരങ്ങളാൽ അലംകൃതമായിരിക്കണം.

൪. മാധുൎയ്യപൂൎണ്ണവും അൎത്ഥസംപുഷ്ടവും ആയ പദങ്ങളാൽ ഘടിതമായിരിക്കണം.

൩. സഹൃദയാഹ്ലാദകരമായ അൎത്ഥം അതിന്റെ ആത്മാവെന്നപോലെ പ്രശോഭിച്ചിരിക്കണം.

൪. ദുശ്ശ്രവം, അപ്രയുക്തം, നിരൎത്ഥകം, ഗ്രാമ്യം, സന്ദിഗ്ദ്ധം തുടങ്ങിയുള്ള പദദോഷങ്ങൾ ഉണ്ടാകരുതു്.

൫. പ്രസാദം, ഓജസ്സ്, മാധുൎയ്യം മുതലായ ഗുണങ്ങൾ ഉണ്ടായിരിക്കണം.

൬. പ്രയോഗാൎഹമല്ലാത്ത പദങ്ങളോ, അപുഷ്ടം, പുനരുക്തം ആദിയായ അൎത്ഥദോഷങ്ങളോ ഉണ്ടായിരിക്കരുതു്.

൭. വൎണ്ണന സ്വാഭാവികവും, മനോഹരവുമായിരിക്കണം.

൮. വസ്തു, രീതി, രസം എന്നീ കാവ്യോപാധിത്രയം സരസമായി നിബന്ധിച്ചിരിക്കണം.

൯. അക്ലിഷ്ടമായ പ്രാസഭംഗിയും, ശ്രുതിമധുരമായ ശബ്ദസംഘടനയും അവശ്യം വേണ്ടതാണു്.

കൂടാതെ, പ്രസന്നമായ പ്രതിപാദനരസം തുളുമ്പുന്ന കവിതാരീതി, ഭക്തിജനകമായ ആശയപൌഷ്കല്യം, നൈസൎഗ്ഗികവും ഹൃദ്യവുമായ വചോവിലാസമധുരിമ മുതലായ ഗുണങ്ങൾ കാവ്യത്തിന്റെ ഉൽകർഷഹേതുക്കളാണു്.

ഇനി കാവ്യവിഭാഗത്തെപ്പററി പറയാം. കാവ്യത്തെ ഒന്നാമതായി ദൃശ്യമെന്നും ശ്രവ്യമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. നാടകാദികൃതികൾ ദൃശ്യത്തിൽ ഉൾപ്പെടുന്നു. അഭിനയയോഗ്യമായ ദൃശ്യകാവ്യം രൂപകമെന്നും അരൂപകമെന്നും രണ്ടു തരത്തിലുണ്ടു്. ആൎയ്യന്മാരുടെ സാഹിത്യശാസ്ത്രങ്ങളിൽ നാടകത്തിനും ഒരു ഗണ്യമായ സ്ഥാനമുണ്ടു്. സംസ്കൃതനാട്യശാ

സ്ത്രം ക്രിസ്താബ്ദത്തിനു മുമ്പുതന്നെ ഉണ്ടായിട്ടുള്ളതാണെന്നും, അതിൻെറ ഉപജ്ഞാതാവ് ഭരതമഹർഷിയാണെന്നും പറയപ്പെടുന്നു. നാടകത്തെ സംബന്ധിച്ചു എത്രയും പുരാതനമായ ഒരു ശാസ്ത്രഗ്രന്ഥമാണ് ഭാരതസൂത്രം. നാടകസംബന്ധമായി പ്രധാനമായ അഭിനയങ്ങൾ അഞ്ചാണുള്ളതു്. നാട്യം, നൃത്തം, നൃത്യം എന്നിവ ആദ്യമുണ്ടായതും, താണ്ഡവം, ലാസ്യം എന്നീ രണ്ടെണ്ണം പിന്നീടു ചേർത്തിട്ടുള്ളവയുമാണ്. വാഗ്വിലാസത്തോടുകൂടിയ അഭിനയം നാട്യമായും, വാക്കു കൂടാതുള്ളതു നൃത്യമായും, ആംഗ്യരീതിയിലുള്ളതു് നൃത്തമായും, ഒടുവിലത്തെതു രണ്ടും നൃത്തത്തിൻെറ വകഭേദങ്ങളായും പരിഗണിച്ചുവരുന്നു. നാടകങ്ങളെപ്പററി പൊതുവേ ചിന്തിക്കുമ്പോൾ കഥാവസ്തു ഇതിഹാസങ്ങളിലോ, പുരാണങ്ങളിലോ നിന്നു് എടുത്തതായിരിക്കണമെന്നു്നിബന്ധനയുണ്ടു്. കൂടാതെ, അതു് കവിമനോധർമ്മത്തിൽപ്പെട്ടു് വിവിധ വൈചിത്ര്യങ്ങളോടുകൂടി മനുഷ്യഹൃദയങ്ങളെ ആകർഷിക്കുകയും രസിപ്പിക്കുകയും ചെയ്യത്തക്കതായിരിക്കണം. നായകൻ ഒരു രാജാവോ, ദേവനോ ആയിരിക്കേണ്ടതാണ്. രസം ശൃംഗാരമോ, വീര്യമോ ആകാം. നാടകം ഉപകഥകളാൽ ദീർഘിപ്പിക്കുന്നതു് അനുചിതമാണ്. കഥാരചന സുഗമവും,സുലളിതവും സദാചാരപരവുമായിരിക്കണം. വാചകങ്ങൾ സ്ഫുടമായും, ഊർജ്ജസ്വലമായും ഇരിക്കേണ്ടതാണ്. വ്യസനകരമായ സംഭവങ്ങൾ മിക്കവാറും നിഷേധിക്കപ്പെട്ടിരിക്കുന്നു. കഥാവസ്തു ചുരുങ്ങിയിരിക്കേണ്ടതും, ക്രിയാംശം യഥാർത്ഥഭാവത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ജുഗുപ്സാവഹങ്ങളായ കാര്യങ്ങൾ രംഗത്തിൽ പ്രയോഗിച്ചുകൂടാ. നാടകങ്ങൾ അഞ്ചു മുതൽ ഏഴുവരെ അങ്കങ്ങളായി രൂപീകരിക്കപ്പെട്ടിരിക്കണം. വധം രംഗത്തിൽ തീരെ അനുവദിച്ചിട്ടില്ല. നാടകം നാന്ദിശ്ലോകം കൊണ്ടു് ആരംഭിക്കുന്നു. നാടകബഹിർഭൂതമായ

നാന്ദിയും പ്രസ്താവനയും അത്യന്തം പ്രയോജനകരങ്ങളാണ്. നാന്ദിശ്ലോകം ഒന്നോ കൂട്ടതലോ ഉണ്ടായിരിക്കും. നാടകത്തിൽ പദ്യങ്ങൾ ചുരുങ്ങിയിരിക്കുന്നതു് ഉത്തമമാണ്. ഗ്രന്ഥകർത്താവിനെപ്പററിയുള്ള സ്തുതിവചനങ്ങൾ ആമുഖത്തിൽ ഉണ്ടായിരിക്കുക സർവ്വസാധാരണവുമാണ്. സദസ്യർക്കു വന്ദനം പറഞ്ഞു പ്രസ്താവന ആരംഭിക്കുന്നു. പിന്നീട്, കഥാപാത്രങ്ങൾ രംഗത്തിൽ പ്രവേശിക്കുന്നു. രംഗം ഒരിക്കലും ഒഴിഞ്ഞുകിടക്കരുതെന്നുനിർബന്ധമുണ്ട്. കഥാപാത്രങ്ങൾ മാറിമാറി രംഗത്തിൽ വന്നു കൊണ്ടിരിക്കും. രണ്ടു് അങ്കങ്ങളുടെ മദ്ധ്യഭാഗം താളമേളാദികളാൽ പൂരിപ്പിക്കപ്പെട്ടിരിക്കും. മംഗളത്തോടുകൂടി നാടകം അവസാനിക്കുന്നു. ആദിനാട്യശാസ്ത്രകാരനായ ഭരതാചാൎയ്യനെ അനുസ്മരിച്ചു നാടകത്തിലെ അന്ത്യമംഗളശ്ലോകത്തിനു 'ഭരതവാക്യം' എന്നുപേർ പറയുന്നു.

നാടകത്തെ സംബന്ധിച്ചു വിസ്തൃതമായി വിചിന്തനം ചെയ്യുമ്പോൾ പ്രഖ്യാതം, ഉൽപാദ്യം, മിശ്രം എന്നീ ഇതിവൃത്തഭേദങ്ങളെയും, വിഷ്കംഭം, പ്രവേശകം, ചൂളിക, അങ്കാസ്യം, അങ്കാവതാരം എന്ന പഞ്ചപൂർവ്വാംഗത്തെയും, മുഖം, പ്രതിമുഖം, ഗൎഭം, വിമർശം, നിൎവ്വഹണം എന്ന സന്ധിപഞ്ചകത്തെയും വിസ്മരിക്കാൻ പാടില്ല. പത്തങ്കമുള്ള നാടകത്തെ മഹാനാടകമെന്നു പറയുന്നു. വിദൂഷകനും സൂത്രധാരനും നാടകത്തിൽ അത്യാവശ്യമാണ്.

സന്ധിപഞ്ചകം, പഞ്ചപൂർവ്വാംഗം മുതലായവയുടെ സംഗ്രഹമായ ലക്ഷണം താഴെ കൊടുക്കുന്നു.

സന്ധിപഞ്ചകലക്ഷണം.

"നാനാൎത്ഥരസമാൎന്നുള്ള ബീജോൽപത്തിയതാം മുഖം;
കാണിച്ചും കാട്ടിടാതേയും ബീജത്തെ വെളിവാക്കുകിൽ
രണ്ടാമതായ് പ്രതിമുഖമെന്നോതീടും സന്ധിയായിടും;

ബീജത്തിൻെറസമൃത്ഭേദംലാഭവുംപിന്നെനഷ്ടവും
പിന്നീടുമന്വേഷണവും ചൊല്ലും ഗർഭാഖ്യസന്ധിയിൽ;
ബീജാദിയാൽ കോപദുഃഖപ്രലോഭനമിവററിനാൽ
ഗർഭനിർഭിന്നമാം സന്ധി നാലാമതു വിമർശമാം.
ബീജത്തോടൊത്തങ്ങമിങ്ങും ചൊന്നതാം നാലു സന്ധിയും
പൂർണ്ണമായ ഫലംചേരും സന്ധിനിർവ്വഹണാഖ്യമാം".

പഞ്ചപൂർവ്വാംഗലക്ഷണം.

അങ്കങ്ങളെ കൂട്ടിച്ചേർക്കുന്നതു് പൂർവ്വാംഗം.

൧. വിഷ്കംഭം:—മധ്യമപാത്രങ്ങളെക്കൊണ്ടു് സൂചിപ്പിക്കുന്നതിനു് വിഷ്കംഭം.

൨. പ്രവേശിക:—നീചപാത്രങ്ങൾ രംഗത്തിൽ പ്രവേശിച്ചു് പ്രാകൃതഭാഷയിൽ കഥയെ പ്രസ്താവിക്കുന്നതിനു് പ്രവേശകം. (ഒന്നാമത്തെ അങ്കത്തിൽ ഇതു് വർജ്ജ്യം)

൩. ചൂളിക:—സംഗതികൾ അണിയറയിൽ നിന്നും വെളിവാക്കുന്നതിനു ചൂളിക.

൪. അങ്കാസ്യം:—അങ്കത്തിൻെറ അവസാനകഥാപാത്രത്തെക്കൊണ്ടു് അടുത്ത അങ്കത്തിലെ കഥാവസ്തുവിനെ സൂചിപ്പിക്കുന്നതിനു് അങ്കാസ്യം.

൫. കഴിഞ്ഞ അങ്കത്തിലെ കഥാശിഷ്ടത്തെത്തന്നെ അടുത്ത അങ്കത്തിൽ തുടൎന്നുപറയുന്നതു് അങ്കാവതാരം. പക്ഷേ, ഇതു് സർവ്വസാധാരണമായി നടപ്പുള്ളതല്ല.

ഇതോടൊന്നിച്ചു മററുള്ള ചില ലക്ഷണങ്ങൾ കൂടി പറയാം.

ഇതിവൃത്തഭേദങ്ങൾ:—നാടകത്തിലെ കഥാവസ്തുഭേദത്തെക്കുറിക്കുന്നതിനു് ഇതിവൃത്തഭേദമെന്നു പേർ.

അങ്കം:—മൂന്നു നാലു കഥാപാത്രങ്ങളോട്ടുകൂടി കഥാനായകന്റെ ചരിത്രത്തിലെ ഒരു ഭാഗത്തെ പ്രയോജനകരമായി പ്രതിപാദിക്കുന്ന നാടകവിഭാഗത്തെ അങ്കമെന്നു പറയുന്നു.

പ്രസ്താവന:—നടനും സൂത്രധരനുമായി രംഗത്തിൽ വച്ച് തങ്ങളെയും കഥാപാത്രങ്ങളിൽ ചിലരെയും പററി വിമർശനരീതിയിൽ സംഭാഷണം നടത്തുകയും, നാടകത്തിന്റെ പേരും കവിയുടെ നാമവും ഗോത്രവും വെളിപ്പെടുത്തുകയും ചെയ്യുന്ന ആമുഖത്തിന് പ്രസ്താവന എന്നു പേർ.

നാന്ദി:—രംഗത്തെ ആസ്പദമാക്കി നാടകത്തിന്റെ വിജയത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടു ചെയ്യുന്ന ശുഭാശംസ.

"ആശീർവചനസംയുക്തസ്തുതിര്യസ്മാൽ പ്രയുജ്യതേ
ദേവദ്വിജനൃപാദീനാം തസ്മാന്നാന്ദീതി കഥ്യതേ".

സൂത്രധാരൻ:— നാടകപ്രയോക്താക്കളിൽ പ്രധാനി സൂത്രധാരനാണ്. നാന്ദിയുടെ അന്ത്യത്തിൽസൂത്രധാരൻ രംഗത്തിൽ പ്രവേശിക്കണം. യഥോചിതം പാത്രങ്ങളെ പ്രവേശിപ്പിച്ച് നാടകത്തെ മോടിപിടിപ്പിക്കുന്ന ചുമതല സൂത്രധാരൻേറതത്രേ. കാവ്യത്തിന്റെ ഗുണത്തെയും കവിയുടെസാമർത്ഥ്യത്തെയും പറഞ്ഞു ഫലിപ്പിക്കുന്നതിനുള്ള വൈഭവം സൂത്രധാരനിലാണ് സ്ഥിതിചെയ്യുന്നതു്.

വിദൂഷകൻ:—ഒരു നാടകത്തിൽ പ്രധാനനായകനോടുകൂടി ഒരു സഹായസംഘം എപ്പോഴും ഉണ്ടായിരിക്കും. അതിൽ പ്രധാനമായി നാലംഗങ്ങളാണ് കാണുന്നതു്. (എ) പീഠമർദ്ദനൻ. ഇയാൾ പ്രധാനനായകന്റെ സമർത്ഥനായ അനുചരനായിരിക്കും, ഒരു ഭക്തനായിരി

ക്കേണ്ടതും ആവശ്യമാണ്. (൨)വിടൻ. ഏതെങ്കിലും കലാസാമർത്ഥ്യത്താൽ നായകനെ രസിപ്പിക്കുന്നവനായിരിക്കണം. സംഗീതാദികൾ പരിശീലിച്ചവനായിരിക്കുകയും വേണം. (൩) ചേടൻ നായികാനായകന്മാരെ പരസ്പരം സംഘടിപ്പിക്കുന്നതിൽ ചാതുര്യമുള്ളവനും, മനോധർമ്മവിലാസമുള്ളവനുമായിരിക്കണം. നാലാമത്തെ സ്ഥാനത്തു് വിദൂഷകൻ നിലകൊള്ളുന്നു. വേഷവും പ്രകൃതിയും ഹാസ്യജനകവും വികൃതവുമായിരിക്കണം. കലഹപ്രിയവും, തന്നിഷ്ടവും, ആത്മപ്രശംസയും അയാളിൽ ഉയർന്നു നിൽക്കുന്നതാണു്. വിനോദരസങ്ങളാൽ നായകനെ സദാ ആകർഷിച്ചുകൊണ്ടേയിരിക്കും. വിദൂഷകൻെറ ലക്ഷണത്തെപ്പററി വളരെ പ്രചാരത്തിലിരിക്കുന്ന രണ്ടു ശ്ലോകങ്ങളുണ്ടു്. അവയെ താഴെ ഉദ്ധരിക്കുന്നു.

"പ്രഥ്വീട്ടൽസേവ, നർമ്മത്തിനു പടുത, സദാ
ഭോജനാത്യാർത്തിയന്ധാ-
ളിതാപം, വൈരൂപ്യമുള്ളാകൃതി, ബഹുസരസ—
ത്വം വിശേഷിച്ചു സത്യം
ചിത്തേ സൽപക്ഷപാതം പലതരമുളവാം
മേനി, നിർലജ്ജഭാവം
നിത്യം വിഡ്ഢിത്തമാളും തരവുമറികയി—
ല്ലായ്ക ഭീരുസ്വഭാവം."

"നന്മക്കു ചേരുന്ന വിദൂഷകൻത-
ന്നിമ്മട്ടിലാകുന്ന ഗുണങ്ങൾ തന്നിൽ
ചെമ്മേ, മഹീനായകസേവനയ്ക്കു-
നർമ്മത്തിൽ വമ്പാണധികം പ്രധാനം."

ഇനി പര്യാലോചിക്കേണ്ടതു് ദൃശ്യകാവ്യത്തിൻെറ വിഭാഗത്തെ സംബന്ധിച്ചാണു്.

"നാടകഞ്ച പ്രകരണം ഭാണം പ്രഹസനം ഡിമഃ
വ്യായോഗസമവാകാരൌ വീഥ്യങ്കേഹാമൃഗാ ഇതി."

എന്ന ലക്ഷണപ്രകാരം രൂപകങ്ങളെ പത്തായി തരം തിരിച്ചിരിക്കുന്നു. ഇതിൽ നാടകം, പ്രകരണം, ഭാണം, പ്രഹസനം എന്നീ നാലും സാധാരണ പ്രചാരത്തിൽ വന്നിട്ടുണ്ട്. എന്നാൽ സകലലക്ഷണപൂർണ്ണമായ നാടകം മുഖ്യസ്ഥാനത്തെ അർഹിക്കുന്നു. ഓരോന്നിനെയും പററിയുള്ള ചുരുങ്ങിയ വിവരണം താഴെക്കൊടുക്കുന്നു.

<u>നാടകം</u>: സുപ്രസിദ്ധമായ ഇതിവൃത്തം; പഞ്ചസന്ധികം, രസം, വീരശൃംഗാരങ്ങളിൽ ഒന്ന് സ്ഥിരമായിരിക്കണം; പ്രഖ്യാതനായ നായകൻ; ഇവ നാടകത്തിൻെറ പ്രത്യേകലക്ഷണങ്ങളാണ്. പദ്യങ്ങൾ ചുരുക്കമേ അനുവദിച്ചിട്ടുള്ളുവെങ്കിലും, ഉള്ളതു മുഴുവൻ സന്ദർഭസാരസ്യത്താലും, ശബ്ദമധുരതയാലും അർത്ഥസംപുഷ്ടിയാലും ഗംഭീരഭാവത്താലും സുമനോഹരമായിരിക്കേണ്ടതാണ്. അതുപോലെ ഗദ്യവും വൈമനസ്യജനകമാകാതെ സൂക്ഷിക്കണം. പാത്രാനുരൂപത, സന്ദർഭശുദ്ധി, ശബ്ദാർത്ഥമാധുര്യം മുതലായതു് ഗദ്യത്തിൻെറ കാൎയ്യത്തിലും നിഷ്കൃഷ്ടിക്കണം.

ശാകുന്തളം, ഉത്തരരാമചരിതം മുതലായവ നാടകശാഖയിൽ ഉൾപ്പെടുന്ന ഉൽകൃഷ്ടഗ്രന്ഥങ്ങളത്രേ. കാളിദാസൻെറ കൃതികളായ അഭിജ്ഞാനശാകുന്തളം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം എന്നിവയെ നാടകത്രയമെന്നു വിളിച്ചുവരുന്നു.

<u>പ്രകരണം</u>: ഇതു് നാടകത്തിൻെറ അവാന്തരവിഭാഗമാണെന്നും, നാടകത്തോടു ചേർത്തു വ്യവഹരിച്ചാൽ മതിയാകുമെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഇതിൽ

പത്തങ്കമുള്ള കല്പിതകഥ ഉപയോഗിച്ചു പോരുന്നു. നായിക വേശ്യയായിരിക്കുമ്പോഴം പ്രധാനരസം ശൃംഗാരമായിത്തന്നെയിരിക്കും. "മാലതീമാധവം" ദൃഷ്ടാന്തമാണ്.

ഭാണം: ഇതിൽ അങ്കവിഭാഗമില്ല. കെട്ടുകഥ; ഒരു അങ്കമായി തന്നെ കഴിയുന്നു. സമർത്ഥനും സരസനുമായ വിടനാണ് കഥാനായകനായിരിക്കുന്നതു്. ഉദാ:—മാലതീശേഖരം, മഹിഷമംഗലം ഭാണം.

പ്രഹസനം: അങ്കം ഒന്നേയുള്ളൂ. ഇതിവൃത്തം നീചാനുകരണവും, കവികല്പിതവുമാണ്. ഹാസ്യരസം പ്രധാനമായിരിക്കും. 'കന്ദർപ്പകേളി' ഉദാഹരണമാണ്.

ഡിമം: രൌദ്രരസപ്രധാനമായ ഇതിവൃത്തത്തോടുകൂടി നാലങ്കമുണ്ടായിരിക്കും. ഉദാഹരണം ത്രിപുരദഹനം.

വ്യായോഗം: സുപ്രസിദ്ധമായ ഇതിവൃത്തത്തിൽ ദിവ്യനായ കഥാനായകനെ സംയോജിപ്പിച്ച് ഹാസ്യശൃംഗാരരസങ്ങളെ അകററി ഒരങ്കത്തിൽ വിവരിച്ചിരിക്കും. സൗഗന്ധികാഹരണം ഉദാഹരണമാണ്.

സമവകാരം, വീഥി, അങ്കം മുതലായവ പ്രചാരത്തിൽ വന്നിട്ടില്ല.

ഇനി ശ്രവ്യകാവ്യവിഭാഗങ്ങളെപ്പററി പരിഗണിക്കാം. ശ്രവ്യകാവ്യത്തെ പദ്യം, ഗദ്യം (f) എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുണ്ട്. പദ്യമെന്നതു സംഗീതസുന്ദര

---

(f) സാഹിത്യത്തിൽ ഗദ്യം, പദ്യം, മിശ്രം എന്നു മൂന്നു വിഭാഗമുണ്ട്. ദൃശ്യത്തിലുള്ള നാടകങ്ങൾ മിശ്രങ്ങളായിരിക്കുന്നതുപോലെ ശ്രവ്യവിഭാഗത്തിലും മിശ്രകാവ്യം ആകാവുന്നതാണ്.

മായ ഭാഷാനിബന്ധമാകുന്നു. വൃത്തശൃംഖലയിൽ നിബന്ധിക്കപ്പെടുന്ന പദങ്ങളെ ശാസ്ത്രദൃഷ്ട്യാ പദ്യമെന്നു പറയുന്നു. അതിന്റെ നിബന്ധന ഇപ്രകാരമാണു്:—

"ഛന്ദോബന്ധപദം പദ്യം തേനൈകേന ച മുക്തകം
ദ്വാഭ്യാന്തു യുഗ്മകം പ്രോക്തം ത്രിഭിഃശ്ലോകൈർവിശേഷകം
കലാപകം ചതുർഭിശ്ച പഞ്ചഭിഃ കുളകം മതം." (കം

ഒരു ശ്ലോകത്തെ മാത്രം അന്വയിക്കാൻ സാധിക്കുന്നതിനു മുക്തകം; അതല്ല, രണ്ടു ശ്ലോകത്തെ ഒന്നിച്ചു് അന്വയിച്ചാൽ മാത്രമേ അർത്ഥം വെളിപ്പെടുകയുള്ളു എന്നു വരുമ്പോൾ അതിനു യുഗ്മകം; മൂന്നു ശ്ലോകം ഒരുമിച്ചാണെങ്കിൽ വിശേഷകം; നാലായാൽ കലാപകം; അഞ്ചോ അതിലധികമോ ആയാൽ കുളകം എന്നിങ്ങനെ പേർ പറഞ്ഞുവരുന്നു.

പദ്യകാവ്യത്തെ മഹാകാവ്യമെന്നും ഖണ്ഡകാവ്യമെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. മഹാകാവ്യലക്ഷണം ഒന്നാമതു് പ്രസ്താവിക്കാം.

൧. മഹാകാവ്യം സർഗ്ഗങ്ങളായി തിരിച്ചിരിക്കണം.

൨. എല്ലാ രസങ്ങളും സമ്മിളിതമായി വിലസിയിരിക്കുകയും, ശൃംഗാരവീരശാന്തങ്ങളിലൊന്നു് അംഗിയായിരിക്കുകയും വേണം.

൩. കാവ്യം ആരംഭിക്കേണ്ടതു് ആശിസ്സോ, നമസ്ക്രിയയോ, വസ്തുനിർദ്ദേശമോ കൊണ്ടു് ആയിരിക്കണം.

൪. എട്ടു മുതൽ മുപ്പതുവരെ സർഗ്ഗങ്ങൾ ആകാം. ഒരു സർഗ്ഗത്തിലെപദ്യങ്ങൾ ഏകവൃത്തത്തിൽ രചിക്കുകയും സർഗ്ഗാന്ത്യത്തിൽ മാത്രം വൃത്തഭേദം വരുത്തേണ്ടതുമാണു്. അതുപോലെ സർഗ്ഗാവസാനത്തിൽ ഭാവികഥയെ സൂചിപ്പിക്കുകയും വേണം.

൫. മഹാകാവ്യത്തിൽ വിവിധവൃത്തസമ്മിശ്രമായ ഒരു സർഗ്ഗം ഉണ്ടായിരിക്കും. പല സർഗ്ഗങ്ങളിലുമുള്ള ശ്ലോകസംഖ്യയ്ക്കു് ഏതാണ്ടു സാമ്യമുണ്ടായിരിക്കണം.

൬. കഥ ഇതിഹാസങ്ങളിൽ നിന്നു് എടുത്തിട്ടുള്ളതൊ മഹാന്മാരുടെ ചരിത്രമോ ആയിരിക്കണം.

൭ ധീരോദാത്തരായ ക്ഷത്രിയരെയും, കുലീനന്മാരെയും കഥാനായകനോ, നായകന്മാരോ ആക്കാവുന്നതാണു്.

൮. പുരുഷാർത്ഥസിദ്ധിക്കുള്ള സരസങ്ങളായ ഉപദേശങ്ങൾ അടങ്ങിയിരിക്കണം; സത്കൃത്യങ്ങളിലേക്കു പ്രേരണയും ദുഷ്കൃത്യങ്ങളിൽ വെറുപ്പും ജനിപ്പിക്കണം.

൯. സുന്ദരങ്ങളും ഹൃദയാകർഷകങ്ങളുമായ പലതിനെപ്പററിയും വർണ്ണിച്ചിരിക്കണം. അംഗമായോ, ഉപാംഗമായോ സന്ദർഭാനുസരണം താഴെ പറയുന്ന സംഗതികളെ വർണ്ണിച്ചാൽ കൊള്ളാം. അതായതു്:—

"പുരം, വാഴി, വിവാഹ, മന്ത്രി, നഗരം,
    ദൗത്യം, കുമാരോദയം,
ശൃംഗാരം, മൃഗയാവിനോദന, മൃതു
    ക്കൂട്ടം, ജലക്രീഡനം,
ചന്ദ്രാർക്കോദയ മാഹവം, നിശ, യുദ്ധ,
    സ്സാമന്ത്രണം, നായകോൽ
ക്കർഷം തോട്ടമനോജ്ഞവസ്തുനിവഹം
    വർണ്ണിക്കിൽ വൻകാവ്യമാം."

ഇങ്ങനെയൊക്കെയായിരുന്നാലും സന്ദർഭാനുകൂലമായ വർണ്ണനയാണു് ആസ്വാദ്യമായിരിക്കുന്നതു്. യൗവനത്തിൽ കാലൂന്നിയിരിക്കുന്ന ശകുന്തളയെ വർണ്ണിച്ചിരിക്കുന്നതു് എത്ര ഹൃദയാവർജ്ജകമായിരിക്കുന്നു.

"തളിരുപോലധരം സുമനോഹരം
ലളിതശാഖകൾപോലെ ഭുജദ്വയം
കിളിമൊഴിക്കു തനൗ കുസുമോപമം
മിളിതമുജ്ജ്വലമാം നവയൗവനം."

അതേ ശകുന്തള തന്നെ പ്രിയതമനാൽ നിഷേധിക്കപ്പെട്ടവളായി ദുഷ്യന്തനെ വീക്ഷിക്കുന്നതു് എത്ര സംഭാവ്യമായിട്ടുള്ള രീതിയിലാണെന്നു് കാണുക.

"സംരംഭരോഷംകൊണ്ടു താമ്രമാംനയനവും
സൂര്യരശ്മികൾപോലെതീക്ഷ്ണമാംതേജസ്സോട്ടും
പ്രസ്ഫുരമാണമായോഷ്ഠസമ്പുടത്തോട്ടും
പ്രസ്ഫുലിംഗങ്ങളോട്ടും—"

ഇങ്ങനെയുള്ള വർണ്ണനകളെ സഹൃദയന്മാർ ശിരശ്ചലനപൂർവ്വം പ്രശംസിക്കാതിരിക്കയില്ല. ശബ്ദഭംഗിയും, അർത്ഥപുഷ്ടിയും ഒന്നുപോലെ തിളങ്ങുന്ന വർണ്ണനകളാൽ സമലംകൃതങ്ങളായ മഹാകാവ്യങ്ങൾ സർവ്വഥാ ആദരണീയമായിത്തന്നെയിരിക്കും. താഴെപ്പറയുന്ന പദ്യങ്ങൾ പഠിച്ചിരുന്നാൽ മഹാകാവ്യലക്ഷണങ്ങൾ എളുപ്പത്തിൽ ഓർമ്മിക്കാമെന്നുള്ളതാണു്.

"സർഗ്ഗബന്ധോ മഹാകാവ്യ
മുച്യതേ തസ്യ ലക്ഷണം
ആശീർന്നമസ്ക്രിയാ വസ്തുനിർദ്ദേശോ
വാപി തൻമുഖം
ഇതിഹാസകഥോൽഭൂതമിതരദ്വാ സദാശ്രയം
ചതുർവ്വർഗ്ഗഫലായത്തം ചതുരോദാത്തനായകം
നഗരാർണ്ണവശൈലർത്തു ചന്ദ്രാർക്കോദയവർണ്ണനൈഃ
മന്ത്രദൂതപ്രയാണാജിനായകാഭ്യുദയൈരപി
അലംകൃതമസംക്ഷിപ്തം രസഭാവനിരന്തരം

സർഗ്ഗൈരനതിവിസ്തീർണ്ണൈഃ ശ്രാവ്യവൃത്തൈ
സ്സുസന്ധിഭിഃ
സർവ്വത്രഭിന്നവൃത്താന്തൈരുപേതം ലോകരഞ്ജകം
കാവ്യം കല്പാന്തരസ്ഥായി ജായതേ സദലംകൃതി
ന്യൂനമപ്യത്രയൈഃ കൈശ്ചിദംഗൈഃ കാവ്യം
ന ദുഷ്യതി
യദ്യുപാത്തേഷുസമ്പത്തിരാരാധയതി സജ്ജനാഃ."

രഘുവംശം, കുമാരസംഭവം, നൈഷധം, മാഘം, കിരാതാർജ്ജുനീയം എന്നിവയെ പഞ്ചമഹാകാവ്യങ്ങൾ എന്നും, കാളിദാസൻ, ശ്രീഹർഷൻ, ഭാരതി, ഭട്ടി, മാഘൻ ഇവരെ പഞ്ചമഹാകവികളെന്നും പറഞ്ഞുവരുന്നു. ഒരു മഹാകാവ്യത്തിന്ന് വസ്തു, രീതി, രസം, എന്നീകാവ്യോപാധിത്രയം അത്യന്താപേക്ഷിതമത്രേ.

വസ്തു കഥാവസ്തുവാണെന്നു മുമ്പു വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഉത്പാദ്യം, പ്രഖ്യാതം, മിശ്രം എന്ന ഭേദങ്ങൾ അതിന്നു വരും.

രീതി മാധുര്യാദിഗുണവിശിഷ്ടമായ രചനയാകുന്നു. അതു് വൈദർഭി, ഗൗഡി, പാഞ്ചാലി എന്നിങ്ങനെ മൂന്നു വിധത്തിലുണ്ട്. അവയ്ക്കുള്ള സംസ്കൃതലക്ഷണശ്ലോകങ്ങളും അവയുടെ മലയാളവിവർത്തനങ്ങളും താഴെ കൊടുക്കുന്നു.

## I. വൈദർഭീരീതി

a. "ബന്ധപാരുഷ്യരഹിതാ
ശബ്ദകാഠിന്യവർജ്ജിതാ
നാതിദീർഘസമാസാ ച
വൈദർഭീരീതിരിഷ്യതേ."

b. "ബന്ധപാരുഷ്യമില്ലാതെ ശബ്ദകാഠിന്യമെന്നിയെ
സമാസദീർഘംകുറയും വൈദർഭരീതിയിങ്ങനെ."

കേശവീയം വൈദർഭീ രീതിയിലുള്ള ഒരു മഹാകാവ്യമാണു്.

II. ഗൌഡീരീതി

a. "ഓജഃ കാന്തി ഗുണോപേതാ
ഗൌഡീയാരീതിരിഷ്യതേ."

b. "ഓജസ്സും കാന്തിയും ചേന്നാൽ
ഗൌഢീരീതിയതായ്‌വരും."

III. പാഞ്ചാലീരീതി

a. "പാഞ്ചാലി രീതിർവൈദർഭീ
ഗൌഡീരീത്യുഭയാത്മികാ."

b. "പാഞ്ചാലീരീതി വൈദർഭീഗൌഡീരീതികൾ
ചേന്നതാം."

കാവ്യങ്ങൾക്കു നാമകരണം ചെയ്യുന്നതു കവിയുടെ മനോധർമ്മംപോലെ ആകാവുന്നതാണു്. ചിലർ കഥാവസ്തുവിനെയും, മററു ചിലർ കവിയെയും ആസ്പദമാക്കി പേരു നൽകിയിട്ടുണ്ട്. നായകൻെറയൊ, ഇതരപാത്രങ്ങളുടെയൊ നാമം തന്നെ കാവ്യത്തിനും കൊടുക്കുന്നതും അസാധാരണമല്ല.

മഹാകാവ്യത്തിൻെറ ഏകദേശാനുവർത്തിയായ ഖണ്ഡകാവ്യം ജനസമുദായത്തിൻെറ ചിത്തരംഗത്തെ ഹഠാദാകർഷിക്കുന്നുണ്ട്. മഹാകാവ്യത്തെപ്പോലെ വചോമധുരിമയും, വർണ്ണനാവൈചിത്ര്യവും, വികാരസ്ഫുരണവും, കല്പനാരസികതയും ഖണ്ഡകാവ്യത്തിനു് ഉണ്ടായിരിക്ക

ണം. ഒരു കുമാരൻെറ കിടപ്പിനെ തുഞ്ചൻ ഭാരതത്തിൽ എങ്ങനെ വർണ്ണിക്കുന്നുവെന്നു നോക്കുക:—

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ! ശിവ ശിവ!
നല്ലമരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ."

മഹാകവി വള്ളത്തോൾ "ബന്ധനസ്ഥനായഅനിരുദ്ധൻ'' എന്ന ഖണ്ഡകാവ്യത്തിൽ ഒരു ദീർഘകായനെ നമ്മുടെ മനോനേത്രസന്നിധിയിൽ ആവിർഭവിപ്പിച്ചിരിക്കുന്നതു് നോക്കുക.

"തപിട്ടോലുമക്ഷികൾ നരച്ചുവളർന്ന മാറിൽ
ത്തൊട്ടോരു താടി ചുളിവീണു പരന്നനെററി
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ-
മട്ടോടവൻ വിലസി മേദുരദീർഘകായൻ."

കൂടുതൽ ഉദാഹരണത്തിനു 'നളിനി', 'വിയോഗിനി' 'എൻെറ സ്വപ്നം' മുതലായ ഖണ്ഡകാവ്യങ്ങൾ വായിക്കുക.

ഇനി, സന്ദേശകാവ്യങ്ങളെന്നു വേറൊരു വകയുണ്ടു്. വിരഹിണിയായി അകലെ താമസിക്കുന്ന ഭാര്യയ്ക്കു് മന്ദാക്രാന്താവൃത്തത്തിൽ വൃത്താന്തം പറഞ്ഞയക്കുന്ന സമ്പ്രദായമാണു് ഇതിൽഅവലംബിക്കപ്പെട്ടുന്നതു്. ഇതിൻെറ പൂർവ്വഭാഗത്തിൽ ഭാര്യയുടെ സമീപത്തുഎത്തുന്നതിനുള്ള വഴി വിസ്തരിക്കുകയും, ഉത്തരഭാഗത്തിൽസന്ദേശം ശരിക്കു സരളതയോടുകൂടി പറഞ്ഞയക്കുകയും ചെയ്യുന്നു. ശൃംഗാരരസത്തെ പ്രമാണീകരിച്ചും, അതിൻെറ വിഭാഗമായ വിപ്രലംഭത്തെ ആശ്രയിച്ചും, വർണ്ണനാചാതുര്യത്തെ പ്രദർശിപ്പിച്ചും ഇത്തരം കാവ്യങ്ങൾ ഹൃദയത്തെ ആവർജ്ജിക്കുന്നു. ഇതിൽ സ്ഥലവർണ്ണന സർവ്വപ്രധാനമാണു്. പ്രകൃ

തിയെ അകൃത്രിമരമണീയമായി വർണ്ണിച്ച് കടന്നുപോകുന്ന സ്ഥലങ്ങളെയും, വഴികളെയും അത്യന്തം പരിചയപ്പെടുത്തുന്നതാണ് കവിയുടെ പ്രധാനോദ്ദേശം. "മയൂരസന്ദേശം"(f) 'ഉണ്ണുനീലിസന്ദേശം'* ഇവ വായിച്ചുനോക്കുക.

ശ്രാവ്യവിഭാഗത്തിൽ ഗദ്യമെന്ന് ഒരു പിരിവുള്ളതായി പറഞ്ഞുവല്ലോ. ഈ വിഭാഗത്തെപ്പററി ഇനി ചിന്തിക്കാം.

ഗദ്യശാഖയ്ക്കു മുമ്പു സൂചിപ്പിച്ചിട്ടുള്ളതുപോലെ അനവധി വിഭാഗങ്ങളുണ്ട്. ഗദ്യകാവ്യങ്ങളെന്നു പറയാവുന്നവയിൽ ഉത്തമ കൃതികൾ നോവൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. മനുഷ്യർക്ക് ജ്ഞാനം നൽകുന്നതാണല്ലോ ഗദ്യകർത്താക്കളുടെ പ്രധാന ചുമതല. എന്നാൽ ഒരു യഥാർത്ഥനോവൽ, വിജ്ഞാനവും വിനോദവും ഏകകാലത്തിൽ വായനക്കാർക്ക് ഉണ്ടാക്കിക്കൊടുക്കുന്നു. അതാതു കാലത്തെ സമുദായസ്ഥിതി, ആചാരാനുഷ്ഠാനങ്ങൾ തത്വനിരീക്ഷണങ്ങൾ, ജനങ്ങൾക്കു പൊതുവായും പ്രത്യേകമായും ഉള്ള സ്വഭാവവും പ്രകൃതിയും എന്നിവയെല്ലാം നോവൽ പ്രതിബിംബിപ്പിക്കുന്നു. ദേശസഞ്ചാരം കൊണ്ടു് ലഭിക്കുന്ന ഗുണങ്ങളിൽ മിക്കതും നോവൽപാരായണംകൊണ്ടു് സമ്പാദിക്കാവുന്നതാണ്. ചരിത്രജ്ഞാനം

---

(f) പരേതനായ കേരളവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ൧൦൫൧-ാം വർഷത്തിൻെറ ആരംഭത്തിനു അല്പംമുമ്പ് ആയില്യംതിരുനാൾ മഹാരാജാവു് തിരുമനസ്സിലെ അപ്രീതിക്കുപാത്രീഭവിച്ചു. തന്നിമിത്തം ആകസ്മികമായി ഹരിപ്പാട്ടിലെത്തി വിഷമത്തിൽ കഴിക്കേണ്ടതായിവന്നു. അക്കാലത്തു സ്വാമിദർശനവേളയിൽ സുബ്രഹ്മണ്യവാഹനമായ മയൂരത്തെ വീക്ഷിച്ചതായി സങ്കല്പിച്ച് നിർമ്മിച്ചതാണു് സുപ്രസിദ്ധമായ "മയൂരസന്ദേശം". ശ്രീപാദം കൊട്ടാരത്തെയും പരിസരപ്രദേശങ്ങളെയും അതിരമണീയമായി ഇതിൽ വർണ്ണിച്ചിരിക്കുന്നു.

* ഉണ്ണുനീലിസന്ദേശത്തെപ്പററി മേൽപറയുന്നതാണു്.

ചമൽക്കാരത്തോടുകൂടി പ്രദാനം ചെയ്യുന്നതും നോവൽ തന്നെ. അതു് മനുഷ്യസ്വഭാവത്തെ വിശകലനം ചെയ്തു് 'ലോകം എന്താണെന്നു്' പഠിപ്പിക്കുകയും, ജീവിതം നയിക്കേണ്ടതു് ഏതു വിധത്തിലാണെന്നു ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യരുടെ ആകൃതിയെയും പ്രകൃതിയെയും സൂക്ഷ്മമായും രസമായും ചിത്രീകരിക്കുന്നു. എങ്കിലും സാമാന്യേന നോവൽ പാരായണം ഗുണസമ്പൂർണ്ണമാണെന്നു് വിചാരിച്ചുപോകരുതു്. ദോഷരഹിതമായിട്ടുള്ള നോവലുകളെ അന്വേഷിച്ചാൽ ഫലം ശൂന്യമാകുകയേ ഉള്ളു. എന്നാൽ, ചിലതിൽ ദോഷം വർദ്ധിച്ചും ഗുണം കുറഞ്ഞും, മററു ചിലതിൽ രണ്ടും തുല്യമായും, വേറെ ചിലതിൽ പാലിനു ചേൎന്ന വെള്ളമെന്നപോലെ ദോഷം കുറഞ്ഞു് ഗുണദോഷസമ്മിശ്രമായും ഇരിക്കുന്നതാണു്. വിശേഷബുദ്ധിയുള്ള മനുഷ്യർ അതിനെ വിവേചിച്ചു് ഗുണഭാഗത്തെ സ്വായത്തമാക്കുന്നു. ഒരു നോവലിനെ നിരൂപണം ചെയ്യുമ്പോൾ കഥാബന്ധം, പാത്രസൃഷ്ടി, രസപുഷ്ടി, ഗദ്യരീതി എന്നീ ഗുണചതുഷ്ടയത്തെയാണു് ശരണമാക്കേണ്ടതു്. സാധാരണമായി ഒരു നോവലിനു താഴെ പറയുന്ന സ്വഭാവമാണുള്ളതു്.

൧. ഇതിവൃത്തം മിക്കവാറും കല്പിതമായിരിക്കും.

൨. കഥാപാത്രങ്ങളെ പ്രഥമമായി രംഗത്തിൽ പ്രദർശിപ്പിക്കുമ്പോൾ അവരുടെ ആകൃതിയെ സവിസ്തരം വൎണ്ണിച്ചിരിക്കും.

൩. പ്രകൃതിവൎണ്ണന സ്വാഭാവികമായും, രസജനകമായും ഇരിക്കുന്നതാണു്. സംഭാഷണം വളരെ സ്വാഭാവികമായിരിക്കണം.

൪. മാധുൎയ്യാദിഗുണവിശിഷ്ടമായ വാക്യങ്ങളാൽ നിബദ്ധമായിരിക്കും.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

൫. സരസവും സന്ദർഭോചിതവുമായ ഉപകഥകൾ അന്തരഞ്ജിച്ചു കാണും.

൬. കഥാപാത്രങ്ങൾക്കു വിവിധത്വവും, കഥാഭാഗങ്ങൾക്കു അനവദ്യമായ യോജ്യതയും ഉണ്ടായിരിക്കും.

9356/ 9.593

൭. പരിണാമഗുപ്തി സാധാരണ ദീക്ഷിച്ചു കാണും. കഥാപാത്രങ്ങൾ കാലദേശാന്തരൂപമായി അനുബന്ധിക്കപ്പെട്ടിരിക്കുന്നതാണ്.

൮. നായികാനായകന്മാരെയോ, പ്രതിപാദ്യവസ്തുവിനെയോ, ആസ്പദമാക്കി ഗ്രന്ഥത്തിനു നാമകരണം ചെയ്തിരിക്കും.

ഇക്കാലത്ത് വാലും തലയും ഒപ്പിച്ച് ഒരിനത്തിലും ഉൾപ്പെടാത്ത പല നോവലുകളും ഉണ്ടാകുന്നുണ്ടെങ്കിലും പൊതുവേ ഇവയെ മൂന്നായി വിഭജിക്കാം. ഒന്നാമത് നടന്നിട്ടുള്ള യഥാർത്ഥസംഭവങ്ങളെ പുരസ്കരിച്ച് ഗ്രന്ഥകാരൻെറ മനോധർമ്മവും കല്പനാശക്തിയും യഥോചിതം പ്രസ്ഫുരിപ്പിക്കുമാറു കഥാബന്ധം ചെയ്യുന്നവ ആഖ്യായിക. ഇവയ്ക്കു ചരിത്രാഖ്യായികകൾ എന്നും പേരുണ്ട്. ഒരു ആഖ്യായികയിലെ കഥാഗാത്രം കവിയുടെ ഘടനാവൈചിത്ര്യത്തെ അവലംബിച്ചിരിക്കുന്നു. പ്രകൃതിയെ ലംഘിക്കുമെന്നു തോന്നാവുന്ന സംഭവങ്ങളെ പോലും ഇണക്കി യോജിപ്പിച്ചു വായനക്കാരുടെ ചിത്തരംഗത്തെ രമിപ്പിക്കുന്നു. ചരിത്രാഖ്യായിക ആദ്യമായി നിർമ്മിച്ചത് "സർ വാൾട്ടർ സ്കാട്ട്" ആണ്. ആംഗല ഭാഷാപ്രചരണത്തോടുകൂടി മാത്രമാണ് ഈ രീതി മലയാളത്തിലേക്കു സംക്രമിച്ചത്. സാഹിത്യകുശലൻ സി. വി. രാമൻപിള്ളയാണ് ഇദംപ്രഥമമായി മലയാളത്തിൽ ചരിത്രനോവലുകൾ എഴുതിത്തുടങ്ങിയത്. അദ്ദേ

ഥത്തിൻെറ കൃതികളായ മാൎത്താണ്ഡവൎമ്മ,രാമരാജബഹദ്ദൂർ,ധൎമ്മരാജ മുതലായവ ചരിത്രാഖ്യായികയ്ക്കു് ഉത്തമദൃഷ്ടാന്തങ്ങളാണു്. കല്പിതകഥയെ സമകാലീനന്മാരുടെവിവിധ സ്വഭാവരീതികളിൽ അനുരഞ്ജിപ്പിച്ചും, അവരെ കഥാപാത്രമാക്കി നിരൂപണംചെയ്തും വൎണ്ണാചാരാനുഷ്ഠാനങ്ങളെ പ്രത്യക്ഷമാക്കുന്ന സാമുദായികാഖ്യായിക വേറൊരുതരം. ഘടനാവിചിത്രതയും ഭാവനാശക്തിയും ഇത്തരം കൃതികളുടെ ജീവനാണു്. ഉദാഹരണം ഇന്ദുലേഖ, പ്രേമാമൃതം മുതലായവ, സംഭാവ്യമായിട്ടുള്ളവിഷയങ്ങളെ ആസ്പദമാക്കി സ്വാരസ്യമായി എഴുതപ്പെടുന്ന കല്പിതകഥകൾ മറെറാരുതരം. ഈവക മിക്കഗ്രന്ഥങ്ങളിലുംനായികാനായകന്മാൎക്കു് പരസ്പരാനുരാഗം അങ്കുരിക്കുകയും, അതിനു് അവിചാരിതമായി തടസ്സങ്ങൾ നേരിട്ടു പരിഭ്രാന്തരായശേഷം തമ്മിൽ വിവാഹബന്ധിതരാകുകയും ചെയ്യുന്നതായി പ്രതിപാദിക്കപ്പെട്ടിരിക്കും. ഇതിനോടു് ഏകദേശം സാമ്യമുള്ള കഥാഭാഗങ്ങൾ അനുബന്ധിക്കപ്പെട്ട നോവലുകളും ഉണ്ടു്. ഭയങ്കരമായ മോഷണങ്ങൾ, അതിൻെറ തെളിവുകൾ, കൊലപാതകങ്ങൾ, ധനാപഹരണങ്ങൾ മുതലായ വിഷയങ്ങളെ വെളിപ്പെടുത്തുന്ന അപസൎപ്പണകഥകൾ പ്രത്യേകമൊരുവകയാണു്. ഭാസ്കരമേനോൻ ഇത്തരത്തിനു് ഉദാഹരണമാണു്. *

നോവലുകൾ വായിക്കുമ്പോൾ പ്രധാനമായി കഥ മനസ്സിലാക്കണം. പ്രധാനസംഗതികളെ ശകലവും വിട്ടുകളയാതെ ഒരു ചിത്രമെന്നപോലെ മനസ്സിൽ പതിക്കണം. പ്രധാനകഥാപാത്രങ്ങളോടു് മാനസികമായ സ്ഥിരപരിചയമുണ്ടാകണം. അതിനുശേഷം മാത്രമേ അവരെപ്പററി നിരൂപണം ചെയ്വാൻ ആരംഭിക്കാവൂ.

---

* ഇവയെ ഇംഗ്ലീഷിൽ 'Detective novels' എന്നു പറയുന്നു.

ആഖ്യായികകളിലെ പാത്രങ്ങളെ വിമൎശനം ചെയ്യുമ്പോൾ താഴെ പറയുന്ന സംഗതികൾ ഓൎമ്മിക്കേണ്ടതാണു്.

൧. പാത്രത്തിനു കഥയിലുള്ള സ്ഥാനം.

൨. കഥാപാത്രത്തിന്റെ ആകൃതിയും, പ്രകൃതിയും.

൩. പാത്രത്തെ കഥയിൽ ഘടിപ്പിച്ചിരിക്കുന്ന വിധവും, ആ പാത്രം മുഖാന്തരം കഥയ്ക്കുണ്ടായിട്ടുള്ള ഉൽക്കൎഷാപകൎഷങ്ങളും.

൪. മററു പാത്രങ്ങളുമായുള്ള താരതമ്യം.

൫. പാത്രത്തിന്റെ ജീവിതസംക്ഷേപം.

൬. പാത്രത്തിന്റെ പ്രത്യേകാപദാനങ്ങളും തന്നിമിത്തമുണ്ടായിട്ടുള്ള ഗുണദോഷങ്ങളും.

കൂടാതെ നോവൽ പാരായണം ചെയ്യുമ്പോൾ കഥ നടന്നിട്ടുള്ള കാലത്തെയും, അക്കാലത്തെ സാമുദായികസ്ഥിതി എങ്ങനെയായിരുന്നു എന്നതിനെയും പററി മുഖ്യമായി ഗ്രഹിച്ചിരിക്കേണ്ടതാണു്. ഗ്രന്ഥത്തിന്റെ നാമം എങ്ങനെ യോജ്യമായിരിക്കുന്നുവെന്നു് മനസ്സിലാക്കുകയും വേണം.

ഗ്രന്ഥാരംഭത്തിൽ കാണുന്ന മുഖവുര, പ്രസ്താവന, അവതാരിക മുതലായവയെക്കുറിച്ചു ചില വിവരങ്ങൾകൂടെ പറഞ്ഞിട്ടു ഈഭാഗം അവസാനിപ്പിക്കാം.

(f) മുഖവുര:—ഇതിനു് ആമുഖോപന്യാസമെന്നു് വേറൊരു പേരുമുണ്ടു്. ഗ്രന്ഥനിൎമ്മിതി വിഷയത്തിൽ ഗ്രന്ഥകൎത്താവിനു പറയാനുള്ള പൊതുവായ സംഗതികളെ ഇതിൽ വിവരിക്കുന്നു.

---

(f) ഈ പദം അശുദ്ധമാണു്. Ed.

പ്രസ്താവന:—ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങളെപ്പററി സംഗ്രഹമായി ഗ്രന്ഥകാരൻ ചെയ്യുന്ന പ്രസ്താവങ്ങൾ.

അവതാരിക:—ഗ്രന്ഥത്തെയും ഗ്രന്ഥകാരനെയും ബഹുജനങ്ങളുമായി പരിചയപ്പെടുത്തുകയാണ് അവതാരികയുടെ ഉദ്ദേശം. സാധാരണമായി പ്രമാണികളായ വിദ്വാന്മാരാണ് ഈ കൃത്യം നിർവഹിക്കുന്നത്. ചിലപ്പോൾ ഗ്രന്ഥകാരൻ സ്വന്തകൃതിയെ അവതരിപ്പിക്കുന്ന രൂപത്തിലും അവതാരിക സ്വയം നിർമ്മിക്കാറുണ്ട്.

ഇനി പീഠിക എന്നൊരു സമ്പ്രദായവുമുണ്ട്. ഇതിൽ കഥാസംഗ്രഹവും മർമ്മഭാഗങ്ങളും പ്രഖ്യാപനം ചെയ്യുന്നു.

——:0:——

## അദ്ധ്യായം ൪

ഈ അദ്ധ്യായത്തിൽ തത്ഭവങ്ങൾ, തത്സമങ്ങൾ ഇവയെപ്പററിയും, ചിഹ്നങ്ങളെപ്പററിയും വിവരിക്കാം.

നമ്മുടെ ഭാഷയിൽ വിദേശശബ്ദങ്ങൾ ധാരാളമായി വന്നുകയറിയിട്ടുണ്ടെന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ ലഭിച്ചിട്ടുള്ള പദങ്ങളെ നമ്മുടെ ഭാഷയ്ക്കനുരൂപമായി ചില മാററങ്ങൾ ചെയ്തു് ഉച്ചരിക്കയാണു സഹജം. ഈ വിധത്തിൽ അന്യഭാഷകളിൽ നിന്നും സ്വീകരിച്ചിട്ടുള്ള പദങ്ങളെ സൗകര്യം പ്രമാണിച്ചു രൂപാന്തരപ്പെടുത്തി ഭാഷയിൽ ഉപയോഗിക്കുമ്പോൾ തത്ഭവങ്ങളെന്നും, പൂർവ്വരൂപത്തിൽ തന്നെ ശബ്ദങ്ങളെ സ്വീകരിക്കുമ്പോൾ തത്സമങ്ങളെന്നും

നാമകരണം ചെയ്യാം. നാം സംസ്കൃതത്തിൽ നിന്നാണല്ലോ ധാരാളമായി പദങ്ങൾ സ്വീകരിച്ചിട്ടുള്ളതു്. തന്നിമിത്തം സംസ്കൃതത്തിൽ നിന്നും വന്നിട്ടുള്ള തത്ഭവതത്സമങ്ങളെപ്പററി സംഗ്രഹരൂപത്തിൽ പ്രസ്താവിക്കാം. സംസ്കൃത തത്സമങ്ങളെ തിരിച്ചറിയുന്നതിനു നാലു വഴികളാണുള്ളതു്.

൧. ഋ, ഌ, ഔ എന്നീ സ്വരാക്ഷരങ്ങളുള്ള പദങ്ങൾ സംസ്കൃതം. ഉദാ: ഋഷി, ക്ഌപ്തം, ഔദാര്യം.

൨. അതിഖരങ്ങൾ, ഘോഷങ്ങൾ, മൃദുക്കൾ, ഊഷ്മാക്കൾ ഇവയുള്ള പദങ്ങൾ സംസ്കൃതം.

ഉദാ:—അഖിലം, ഖരം, ഘടിക, ഭസ്മം, ദാനം, ശശി, ഷഷ്ഠി, സുഖം, ഹരി മുതലായവ.

൩. അസവർണ്ണങ്ങളായ വ്യഞ്ജനങ്ങളുടെ സംയോഗമുള്ളവ സംസ്കൃതം.

ഉദാ: രക്തം, മത്സരം, അബ്ജം, ഈഷ്, രുക്മം മുതലായവ.

൪. സംയോഗാദിപദങ്ങൾ സംസ്കൃതം. ഉദാ: ക്രമം, പ്രഭു, വ്രണം, സ്പൃഷ്ടം, ക്ഷാമം തുടങ്ങിയുള്ളവ.

ഒരു പദം സംസ്കൃതമല്ലെന്നു തീരുമാനിക്കുന്നതിനു രണ്ടു മാർഗ്ഗങ്ങൾ ഉണ്ടു്.

(൧) റ, ഴ, ള എന്നിവയുള്ള പദങ്ങൾ സംസ്കൃതമല്ല. ഉദാ:—പാറ, വാഴ, വെള്ളം.

(൨) ഞ, കൊണ്ടു തുടങ്ങുന്നവയും ങ്ങ, ഞ്ഞ, ട്ട, ന്റ, യ്ക്ക, ൾക്കു് എന്നീ സംയോഗാക്ഷരമുള്ള പദങ്ങളും സംസ്കൃതമല്ല. ഉദാ: ഞാൻ, മാങ്ങ, കഞ്ഞി, ചെട്ട, അവന്റെ, അവയ്ക്കു്, അവൾക്കു്.

സംസ്കൃതപദങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ള തത്ഭവങ്ങളെപ്പററി ചുരുക്കത്തിൽ പ്രസ്താവിക്കാം. ദർവ്വി തവിയായും, ദ്രോണി തോണിയായും, ഭണ്ഡാരം പണ്ടാരമായും, ഭിക്ഷ പിച്ചയായും, ഭ്രാന്ത് ചില ദേശങ്ങളിൽ പിരാന്തായും രൂപാന്തരപ്പെട്ടുകാണുന്നു. അംബഷ്ഠൻ അമ്പട്ടനായും, ജ്യേഷ്ഠൻ ചേട്ടനായും സാധാരണ മാറിപ്പോകാറുണ്ടല്ലോ. നോക്കുക, പംക്തിയല്ലേ പന്തിയായതു്? ശ്രേണി ഏണിയായതിൽ സംസ്കൃതവിദ്വാന്മാർ ഇന്നും കേണിരിക്കയാണു്. തുരംഗം തുരങ്കമായതും പോകട്ടെ, സൂചി തുശിയായതല്ലേ വിശേഷം. ശൃംഖല, ചങ്ങലയായും, ശാക്യർ ചാക്യാരായും ,ശാസ്താ ചാത്തനായും, ശുഷ്കം ചുക്കായും, ശുല്കം ചുങ്കമായും മാറിയതിൽ ആർക്കാണു സങ്കടം തോന്നാത്തതു്? ചിലപ്പോൾ ശ്രുതി ചുരുതിയായും തീരാറുണ്ടല്ലോ.

## ചിഹ്നം

ചിഹ്നമെന്നതു ഉപവാക്യങ്ങളുടെയും വാചകങ്ങളുടെയും അംഗാംഗിഭാവത്തെ വിശദീകരിക്കുന്നതിനു് ഉപയോഗിക്കുന്ന അടയാളങ്ങളാണു്. അങ്കുശം, രോധിനി, ഭിത്തിക, ബിന്ദു, വലയം, ഉദ്ധരണി, കാകു, രേഖ, വിക്ഷേപിണി എന്നിങ്ങനെ ചിഹ്നങ്ങളെ പൊതുവിൽ വിഭജിക്കാം. വിശ്ലേഷം പ്രശ്ലേഷം എന്നിങ്ങനെ സംസ്കൃതത്തിൽ രണ്ടുവിഭാഗങ്ങൾ കൂടെയുള്ളതു് മലയാളത്തിൽ അധികം ഉപയോഗിക്കാറില്ല.

൧. അങ്കുശം:—ഇതു് അല്പമായ ഒരു നിറുത്തലിനെ സൂചിപ്പിക്കുന്നു. ഓടിപ്പോകുന്ന ആളുകളെ അല്പം തടസ്സപ്പെടുത്തി പിന്നീട് ഓടാൻ ആജ്ഞാപിക്കുന്നതുപോലെയാണു് വാചകങ്ങളിൽ ഇതിൻെറ ഉപയോഗം. ഉദാ [ , ]

൨. രോധിനി:—ഇതു് മഹാവാക്യങ്ങളിലുള്ള ഉപവാക്യങ്ങളെ വേർതിരിക്കുന്നതിന് ഉപയോഗിക്കുന്ന അർദ്ധവിരാമമാണു് ഉദാ [ ; ]

൩. ഭിത്തിക:— ഇതു് സമനിലയിലുള്ള രണ്ടുഭാഗങ്ങളെ വിഭാഗിക്കുന്നതിനു ഉപയോഗിക്കുന്നു. ഉദാ [ : ]

൪. ബിന്ദു:— ഒരു വാചകത്തെ നിശ്ശേഷം നിവൎത്തിക്കുന്നതിനാണു് ഇതിന്റെ ഉപയോഗം. ഉദാ [ . ] പൂൎണ്ണവിരാമം എന്നും ഇതിനു പേരുണ്ടു്.

൫. വലയം:—വാക്യത്തിൽ വ്യാകരണസംബന്ധം ഗണ്യമാക്കാതെ ഇടയ്ക്കു ചേൎക്കുന്ന ഗർഭവാക്യവിഭാഗം. ഉദാ: ( ) ഇതിൽതന്നെ കോഷ്ഠമെന്ന മറെറാരു തരമുണ്ടു്. ഉദാ [ ]

൬. ഉദ്ധരണി:—ഗ്രന്ഥകൎത്താവിന്റെ വാക്കുകളിൽ മദ്ധ്യേ ഇതരന്മാരുടെ അഭിപ്രായങ്ങളെ വേർതിരിച്ചു കാണിക്കുന്ന അടയാളം ഉദാ [" "]

൭. കാകു:—ചോദ്യരൂപത്തെ പ്രത്യക്ഷമാക്കുന്ന അടയാളം ഉദാ [ ? ]

൮. വിക്ഷേപിണി:—വിസ്മയം തുടങ്ങിയ ചിത്തക്ഷോഭങ്ങളെ വിശദീകരിക്കുന്ന അടയാളം ഉദാ [ ! ]

൯. രേഖ:—സംഗ്രഹരൂപമായതിനെ വിസ്തരിക്കുന്നതിനു ഉപയോഗിക്കുന്ന അടയാളം ഉദാ [ :— ]

—o—

അദ്ധ്യായം ൭

# ഇതിഹാസങ്ങളും പുരാണങ്ങളും

പ്രാചീനകാലത്തു് ഹൈന്ദവഗ്രന്ഥങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ള വേദങ്ങളെ ജനസാമാന്യത്തിനു പൊതുവെ ഉപയോഗിക്കാൻ അനുവാദമില്ലായിരുന്നു. വേദാന്തസ്ഥാപകനായ വ്യാസൻ പൊതുജനോപകാരാർത്ഥം പുരാണങ്ങളെ നിർമ്മിച്ചു. വേദങ്ങൾക്കു പകരം അന്നു് പുരാണങ്ങൾ രൂപീകരിക്കുകയാൽ അവയ്ക്കു് അഞ്ചാം വേദമെന്നു നാമകരണം ചെയ്തിരിക്കുന്നു.

പുരാണങ്ങൾ താഴെ പറയുന്ന ലക്ഷണത്തിൽ കാണാം.

"സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച
വംശോമന്വന്തരാണിച
വംശാനുചരിതം ചൈവ
പുരാണം പഞ്ചലക്ഷണം."

പുരാണങ്ങളിൽ ലോകസൃഷ്ടിക്രിയയും, പ്രതിസർഗ്ഗമെന്നു പറയുന്ന ത്രിമൂർത്തികളുടെ സൃഷ്ടിയെയും, ദേവകളുടെ പാരമ്പര്യമായ വംശത്തെയും, മന്വന്തരങ്ങളെയും, രാജാക്കന്മാരുടെ തുടർച്ചയായ വംശചരിത്രത്തെയും പ്രതിപാദിച്ചിരിക്കും. സാധാരണമായി സാത്വികപുരാണങ്ങൾ, താമസപുരാണങ്ങൾ, രാജസപുരാണങ്ങൾ എന്നിങ്ങനെ പുരാണങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ഒന്നാമത്തേതിൽ വിഷ്ണു, നാരദ, ഭാഗവത, ഗരുഡ, പത്മ, വരാഹ എന്നീ ആറും, രണ്ടാമത്തേതിൽ മത്സ്യ, കൂർമ്മ, ലിംഗ, ശിവ, സ്കന്ദ, ഗണേശ എന്നീ ആറും, മൂന്നാമത്തേതിൽ ബ്രഹ്മ, ബ്രഹ്മാണ്ഡ, ബ്രഹ്മവൈവർത്ത മാർക്കണ്ഡേയ

ഭവിഷ്യ, വാമന എന്നീ ആറും ഉൾപ്പെട്ടതിക്കാൻ ന്നു. ഇവയ്ക്കു ഉപപുരാണങ്ങൾ പതിനെട്ടാണുള്ളതു്. അവ (൧)സനൽക്കുമാരം (൨) നരസിംഹം (൩) നാരദീയം (൪) ശിവപുരാണം (൫) ദുർവ്വാസസ്സം (൬) കാപിലം (൭) മാനവം (൮) ഔശനസം (൯) ബ്രഹ്മാണ്ഡം (൧൦) വാരുണം (൧൧) കാലികം (൧൨) മാഹേശ്വരം (൧൩) ശാംബം (൧൪) സൗരം (൧൫) പരാശരം (൧൬) മാരീചം (൧൭) ഭാർഗ്ഗവം (൧൮) കൌമാരം എന്നിവയാകുന്നു. എല്ലാററിലുമായി നാലുലക്ഷത്തിൽ ചില്വാനം ശ്ലോകങ്ങൾ ഉണ്ടു്. ചിലർ അഗ്നിപുരാണത്തെ അഷ്ടാദശപുരാണത്തോടു ചേർത്തുകാണുന്നില്ല. വായുപുരാണത്തോടാണു് അവർക്കു പ്രതിപത്തി കൂടുതലുള്ളതു്. ഭാഗവതം, വിഷ്ണുപുരാണം എന്നിവ ചരിത്രപ്രസിദ്ധവും, പ്രചുരപ്രചാരമുള്ളവയുമാണു്. അദ്ധ്യാത്മരാമായണം ബ്രഹ്മാണ്ഡപുരാണത്തിന്റെറയും, ദേവീമാഹാത്മ്യം മാർക്കണ്ഡേയപുരാണത്തിന്റെറയും അംശങ്ങളാണെന്നു പറയുന്നു. ചില പുരാണങ്ങൾ ഭൂമി, സ്വർഗ്ഗം, പാതാളം എന്നിങ്ങനെ മൂന്നു ലോകങ്ങൾ ഉള്ളതായും, മററു ചിലതു് പതിനാലു ലോകങ്ങൾ ഉള്ളതായും പ്രസ്താവിക്കുന്നുണ്ടു്. ഏഴുലോകങ്ങൾ ഭൂമിക്കു കീഴിലും മററു ഏഴു ലോകങ്ങൾ ഭൂമിതൊട്ടു മേല്പോട്ടുമാണെന്നു് പൌരാണികശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. പാതാളത്തിനു മുകളിലുള്ളതായി പറയുന്നതു് മനുഷ്യർ അധിവസിക്കുന്ന ഭൂലോകവും, മുനിമാർ ആവസിക്കുന്ന ഭുവർലോകവും, ഇന്ദ്രൻ പാർക്കുന്ന സ്വർല്ലോകവും, ബ്രഹ്മാവിന്റെ പുത്രന്മാർ പാർത്തുവരുന്ന ജനലോകവും താപസന്മാരുടെ ഇരിപ്പിടമായ തപോലോകവും ബ്രഹ്മാവിന്റെ കേന്ദ്രസ്ഥാനമായ സത്യലോകവും ആകുന്നു. അധോലോകങ്ങളെ സപ്തതലങ്ങൾ എന്നു വിളിച്ചുവരാറുണ്ടു്.

അവ താഴെ പറയുന്ന വിധത്തിലാണ്.

(൧) അതലം — യമപുത്രനായ വലൻെറ ഇരിപ്പിടം.
(൨) വിതലം — പരമേശ്വരൻെറ ഇരിപ്പിടം.
(൩) സുതലം — മഹാബലിയുടെ ഇരിപ്പിടം.
(൪) രസാതലം — രാക്ഷസന്മാരുടെ ഇരിപ്പിടം.
(൫) തലാതലം — മായാമയിയുടെ പാർപ്പിടം.
(൬) മഹാതലം — സർപ്പത്തിൻെറ പാർപ്പിടം.
(൭) പാതാളം — നാഗങ്ങളുടെ പാർപ്പിടം.

പുരാണോദ്ദേശം താഴെപ്പറയുന്നതാണ്.

"അഷ്ടാദശപുരാണത്താൽ
വ്യാസൻ ചൊന്നതു രണ്ടുതാൻ
പരോപകാരമേ പുണ്യം
പാപമേ പരപീഡനം."

ഇനി ഇതിഹാസത്തെ സംബന്ധിച്ച് ചിന്തിക്കാം.

"ധർമ്മാർത്ഥകാമമോക്ഷാണാ-
മുപദേശസമന്വിതം
പൂർവ്വവൃത്തം കഥായുക്ത-
മിതിഹാസം പ്രചക്ഷതേ." എന്ന ലക്ഷണ പ്രകാരം ധർമ്മാർത്ഥകാമമോക്ഷങ്ങളെപ്പററി ഉപദേശിക്കുന്ന പൂർവ്വവൃത്തങ്ങളാണ് ഇതിഹാസങ്ങൾ. ഇതിഹാസം എന്നു പറയുമ്പോൾ മഹാഭാരതം മാത്രമാണ് നമ്മുടെ സമൃതിയിൽ എത്തുന്നതു്. രാമായണത്തെയും ഇതിഹാസമായി ചിലർ വ്യവഹരിക്കാറുണ്ടെങ്കിലും, അതു് ഇനിയും സർവ്വസമ്മതമായിട്ടില്ല. രാമായണമുണ്ടായതിനു ശേഷമാണ് മഹാഭാരതം പൂർത്തീകരിച്ചതെങ്കിലും, പ്രഥമഭാഗം അതിനു മുമ്പു തന്നെ പ്രചരിച്ചിട്ടുണ്ട്. വാല്മീകി മഹർഷിയാൽ ബി. സി. ൫൦൦-നും ൪൦൦-നും മദ്ധ്യേ

വിരചിതമായ രാമായണം ഇരുപത്തിനാലായിരം ശ്ലോകങ്ങളടങ്ങിയ ഒരു മഹാഗ്രന്ഥമാണ്. അതു് ഇപ്പോഠം പുരാണകാവ്യങ്ങളിൽ സർവ്വപ്രധാനമായ സ്ഥാനം അർഹിക്കുന്നുണ്ടു്. മഹാഭാരതത്തിനു് ലോകമഹാകാവ്യങ്ങളിൽ അദ്വിതീയമായ സ്ഥാനമാണുള്ളതു്. ഈ കാവ്യസമുദ്രം ഭാരതമഹാരാജാവിന്റെ സന്താനചരിത്രത്തെ വിസ്തരിക്കുന്നതിനാൽ ആയിരിക്കാം അതിനു് ഈ നാമം ലഭിച്ചതു്. കൌരവന്മാരും പാണ്ഡവന്മാരും തമ്മിലുള്ള മഹായുദ്ധമാണ് ഇതിലെ പ്രധാനവിഷയം. എന്നാൽ, അനവധി ഉപകഥകഠം ഇതിൽ ക്രോഡീകരിച്ചിട്ടുണ്ടു്. ഭാരതകർത്താവു് വ്യാസമഹർഷിയാണെന്നു് സാമാന്യേന വിശ്വസിച്ചുപോരുന്നു. രാമായണം ഉണ്ടായതിനു ശേഷമാണ് ഇതു് പൂർത്തീകരിച്ചിട്ടുള്ളതെന്നു ഒരു കൂട്ടർ സിദ്ധാന്തിക്കുന്നു. അതു ശരിയായിരുന്നാലും, മഹാഭാരതത്തിന്റെ പൂർവ്വഭാഗം അതിനു മുമ്പു തന്നെ പ്രചാരത്തിൽ വന്നിരുന്നു എന്നു് സമ്മതിച്ചേ മതിയാവൂ. കഥാമാഹാത്മ്യം പാത്രവൈവിധ്യം, കവിതാരസികത്വം, ഭാഷാലാളിത്യം മുതലായവയാൽ ഭാരതത്തിനു് അനന്യസാധാരണമായ പ്രസിദ്ധി സിദ്ധിച്ചിട്ടുണ്ടു്. ഹൈന്ദവമതഗ്രന്ഥങ്ങളിൽ സർവ്വപ്രധാനമായ ഭഗവൽഗീത ഇതിൽ അന്തർഭവിച്ചിരിക്കുന്നു. തത്വശാസ്ത്രനിരൂപണം ഭാരതത്തിൽ അത്ഭുതിന്നമായി കാണുന്നുണ്ടു്.

## ഇതിഹാസവും പുരാണങ്ങളും തമ്മിലുള്ള വ്യത്യാസം.

പുരാണങ്ങളുടെ രചനയ്ക്കു ആവശ്യമായ സാമഗ്രികളെല്ലാം ഇതിഹാസങ്ങളിൽ സംഭരിച്ചിരിക്കുന്നു. എന്നാൽ ഇതിഹാസങ്ങളിൽ ഈശ്വരത്വം കല്പിച്ചിട്ടില്ലാ

ത്ത പുരുഷന്മാരെ പുരാണങ്ങളിൽ അവതാരങ്ങളായി രൂപാന്തരപ്പെടുത്തിയിരിക്കുന്നുണ്ടു്. സർഗ്ഗാദികളെപ്പററിയുള്ള വർണ്ണന പുരാണങ്ങളിലേ ഉള്ളൂ. ഇതിഹാസങ്ങളിലില്ല.

---

## അദ്ധ്യായം ൯

# മലയാളസാഹിത്യചരിത്രം

സാഹിത്യത്തെ സംബന്ധിച്ചു വിചിന്തനം ചെയ്യുമ്പോൾ ഭാഷയെ മാററിവയ്ക്കുക ശക്യമല്ല. മലയാളഭാഷയുടെ ഉത്ഭവത്തെപ്പററി വിദ്വാന്മാരുടെ ഇടയിലുള്ള വാദത്തിനു ഇനിയും അവസാനം ആസന്നമായിട്ടുമില്ല. ഏതായാലും പൊതുവേ സമ്മതമായിട്ടുള്ള അഭിപ്രായം താഴെ ഉദ്ധരിക്കാം.

മലയാളഭാഷയുടെ തറവാട്ടു് മൂലദ്രാവിഡഭാഷയാണു്. ജ്യേഷ്ഠസഹോദരിയായ തമിഴ് സ്വതന്ത്രനിലയിൽ നിൽക്കാൻ തുടങ്ങിയപ്പോൾ കനിഷ്ഠസഹോദരിയായ മലയാളഭാഷയെ സഹായിക്കാനുള്ള കർത്തവ്യവും തൻെറ ചുമലിലായി. കേവലം ശിശുവായ മലയാളഭാഷ ജ്യേഷ്ഠസഹോദരിയുടെ ഹിതാനുവർത്തിനിയായി വളരെനാൾ കഴിച്ചു. ആദികാലങ്ങളിൽ മലയാളത്തിനു തമിഴിൽ നിന്നും ഗണ്യമായ വ്യത്യാസമുണ്ടായിരുന്നെന്നു പറയാൻ പാടില്ല. കാലക്രമേണ തമിഴവൃത്തങ്ങളിൽ നിന്നു് ചിലതു സ്വായത്തമാക്കുകയും, വ്യാകരണനിയമത്തിനു് തമിഴിനെ അനുകരിക്കുകയും ചെയ്തു. വിഭക്തിസംബന്ധം, അന്വയക്രമം, വിശേഷണവിശേഷ്യങ്ങളുടെ നില, രൂപഭേദം മുതലായവ തമിഴ്‌വ്യാകരണത്തെപ്പോലെ മലയാ

ളത്തിലും കാണുന്നതിന്റെ കാരണം അതാണു്. "ചൊന്നേൻ, ചൊന്നാർ" തുടങ്ങിയുള്ള രൂപങ്ങൾ ഇപ്പോഴും കവികൾ ഉപയോഗിച്ചു വരുന്നുണ്ടു്. കൂടാതെ മലയാളഭാഷയുടെ (f) ആഭ്യന്തരപദങ്ങളെന്നു പരിഗണിക്കുന്നവയിൽ തന്നെ ഏറിയകൂറും തമിഴപദങ്ങളാണു്.

വേറൊരു തരത്തിൽ പറഞ്ഞാൽ മലയാളഭാഷയ്ക്കു അസ്ഥിവാരം തമിഴിൽ നിന്നും ലബ്ധമായിട്ടുള്ളതാണു്. അക്കാലത്തുണ്ടായിരുന്ന ഭാഷാരീതി പരിഗണിക്കുക കേവലം പ്രയാസം തന്നെ. ഏകദേശം ഇതുപോലെ ഇരിക്കുമെന്നു് അനുമാനിക്കാം.

"നെട്ടമീശൈ വിരിമാറു തിടമേനിപടവാള്
നീറണിനെററി നേർന്തകോളരിമേത്തടം
പൊടിച്ചിതറിവമത്തും നെടുംതിടക്കൈ."

കാലം മെല്ലെമെല്ല കടന്നുപോയി. മലയാളഭാഷ നവയൗവനത്തിലേക്കു കാലുവച്ചു് നാൾതോറും വളർന്നു തുടങ്ങി. സംസ്കൃതം ഈ അസാധാരണ സൗന്ദര്യധാമത്തെ പാണിഗ്രഹണം ചെയ്യാൻ നിശ്ചയിച്ചു. ഇങ്ങനെ സംസ്കൃതവും മലയാളവും തമ്മിലുള്ള വിവാഹബന്ധം രഹസ്യത്തിൽ കഴിഞ്ഞു. ഈ ബന്ധം മൂലം പ്രിയസഹോദരിയെയും, തറവാട്ടിനെയും നിരസിച്ചു് എന്താവശ്യം നേരിട്ടാലും അതെല്ലാം മലയാളഭാഷ പ്രിയതമനിൽ നിന്നും കൂസൽകൂടാതെ വാങ്ങിത്തുടങ്ങി. വാചകരീതി, വിശേഷ പദങ്ങൾ, വാക്യഭംഗി, വൃത്തസംഘടന, സ്വാരസ്യഭാവം എന്നല്ല, സർവ്വസ്വവും സംസ്കൃതത്തിൽ നിന്നും സ്വാതന്ത്ര്യമായി എടുത്തു പ്രയോഗിച്ചു വന്നു. അ

(f) ഒരേപദംതന്നെ അന്യഭാഷയിലും, സ്വന്തഭാഷയിലും സമമായി നിൽക്കുമ്പോൾ അതിനു ആഭ്യന്തരപദമെന്നു പറയുന്നു. ഉദാ: പണം. ഇതു് തമിഴിലും മലയാളത്തിലും സമമായി ഗണിക്കാം.

തോട്ടുകൂടി ആത്മപ്രശംസയും അഹങ്കാരവും വൎദ്ധിച്ച് ജ്യേഷ്ഠസോദരിയെ അൎത്ഥവൈചിത്ര്യമില്ലാത്തവൾ എന്ന് അട്ടഹസിക്കാനാരംഭിച്ചു. കൂടാതെ ഇംഗ്ലീഷിനെക്കൂടെ തന്റെ ഉററമിത്രമായി സ്വീകരിച്ച് അലങ്കാരവും, ധാടിയും എല്ലാം പടിഞ്ഞാറൻ മട്ടാക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ സംസ്കൃതപ്രത്യയങ്ങൾകൂടി സ്വീകരിക്കുന്നതിനു ഭാഷയ്ക്കു് അധികനാൾ വേണ്ടിവന്നില്ല.

കലിവൎഷം ഉദ്ദേശം ൩൰൦൦൦-ാമാണ്ടുവരെ മലയാളഭാഷയെപ്പററി സൂക്ഷ്മമായ യാതൊരറിവും നമുക്കില്ല. ചില ശിലാശാസനകൾ പരിശോധിച്ചാൽ അക്കാലത്തോടു സമീപിച്ചു വട്ടെഴുത്തും കോലെഴുത്തും നടപ്പായിരുന്നുവെന്നു് അനുമാനിക്കാം. ആ ദുൎഘടദശയെ തരണം ചെയ്തുവന്നിട്ടുള്ള ഒരു പരിവൎത്തനഘട്ടത്തെയാണു് പഴയ മലയാളകാലമെന്നു പറയുന്നതു്. സംസ്കൃതത്തിൽ നിന്നു് തത്ഭവങ്ങൾ സ്വീകരിച്ചുതുടങ്ങിയതു് ഈ അവസരത്തിലാണു്. മലയാളഭാഷയുടെ പ്രാരംഭസ്ഥാനത്തുനിന്നു കൊണ്ടു് ഒരു ഭാഷാപ്രണയി സാഹിത്യപൎയ്യടനം ചെയ്യുമ്പോൾ ചേരമാൻപെരുമാളിന്റെ കാലത്തുള്ള ചില ചേപ്പേടുകളെയും, ശിലാലിഖിതങ്ങളെയും കണ്ടു മുട്ടി മുഖം ചുളിക്കാമെന്നല്ലാതെ ഫലപുഷ്ടിയുള്ള സാഹിത്യപരിസരപ്രദേശങ്ങളെ വീക്ഷിച്ചാഹ്ലാദിക്കുവാൻ സാദ്ധ്യമല്ലതന്നെ. അനേകായിരം മൈൽ നീണ്ടുനിവൎന്നു കിടക്കുന്ന ഗ്രന്ഥവരിതൊട്ടുള്ള ഗദ്യമരുഭൂമിയെ ഇച്ഛാഭംഗത്തോടുകൂടി കടന്നു പോയാൽ ഈ അടുത്തകാലത്തു തിരോധാനം ചെയ്ത "കല്ലു കരടുകാഞ്ഞിരക്കുററിയും, മുള്ളു മുരടു മൂക്കൻ പാമ്പും ആൾ പോകും വഴിയും നീർപോകും ചാലും" ഇങ്ങനെയുള്ളതല്ല ഇതിലും ക്ലേശപൂൎണ്ണമായ മദ്ധ്യമലയാളകാലത്തിലേക്കു കാലു വയ്ക്കാം. എന്നാൽ പഴയമലയാളകാലത്തുതന്നെ പദ്യസാഹിത്യത്തെ സംബന്ധിച്ചു

ഏതാണ്ടൊരു രീതി വ്യാപരിച്ചിരുന്നു. ആഹ്ലാദജനകങ്ങളായ വസ്തുക്കളാൽ നിബിഡീകൃതമായ പ്രകൃതിശക്തിയെ നിരീക്ഷിക്കുന്നതിൽ പ്രസക്തി പ്രദർശിപ്പിച്ച അക്കാലത്തെ ജനതതിയുടെ പലതരത്തിലുള്ള പാട്ടുകൾ ക്രമേണ കാവ്യശകലങ്ങളായി പരിണമിച്ചു. പദ്യങ്ങളിൽ പല ന്യൂനതകൾ കാണുന്നുണ്ടെങ്കിലും വികാരതീക്ഷ്ണത സ്ഫുരിച്ചിരിക്കുന്നതു് സുവ്യക്തമായി ദർശിക്കാം. ഈ കാലഘട്ടത്തിലാണു് മാന്ത്രികമായും, മതപരമായും ഉള്ള ശാസ്താംപാട്ടു്, സർപ്പപ്പാട്ടു്, ഭദ്രകാളിപ്പാട്ടു്, തോററംപാട്ടു്, നിഴൽക്കൂത്തുപാട്ടു് മുതലായവയും പഴഞ്ചൊല്ലുകളും പ്രചാരത്തിലായതു്. അക്കാലത്തുള്ള ഭാഷാരീതി കാണിക്കുവാൻ ഒന്നുരണ്ടുപദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

"അയ്യോ! എങ്ങനുപോരുന്നേൻ കാളിസർപ്പമേ
മുട്ട വിറിഞ്ഞിട്ടു പോരുന്നതാണത്രേ
അയ്യോ! കാളിയമ്മേയൊരു കല്ലളയില്ലല്ലോ
കാക്കത്തൊള്ളായിരംമുട്ടയുമിട്ടു
നാങ്കുന്തുറായിരംകുഞ്ചുവിരിയുന്നു.
അയ്യോ! ഇക്കണ്ട മുട്ടയൊക്കേവിരിഞ്ഞാല്
ഇച്ചെറുമനുഷ്യക്കു് പൊറുതിയില്ലല്ലോ."

* * * * * *

"മുടിക്കണിന്തതിങ്കളോമുകത്തുകൊമ്പുമുമ്പിനാൽ
മുകിന്തുകാൽമണികളോ ചിലമ്പുമെല്ലാം മെല്ലവേ
നടക്കമെല്ലൊരാനപോലിളക്കമുള്ള നന്തുനി
നയനമൊന്നുരണ്ടുമുള്ള നയനനാർമകൻപിള്ള
അടുക്കരുള്ളിലേഴനാറു മുളമ്പിലുള്ള പാലിക
മടുക്കൊലിയപീടംവാളുവിളക്കു ചെമ്പുകണ്ണാടി."

* * * * * *

കൊല്ലവർഷാരംഭത്തോടു കൂടിയാണു് മദ്ധ്യമലയാള കാലം കണക്കാക്കുന്നതു്. ഏകദേശം ൬൦൦-ാമാണ്ടുവരെ ഈ കാലഘട്ടം നീണ്ടുനിന്നിരുന്നു. ഗദ്യത്തിനു് മദ്ധ്യമലയാളകാലത്തിൽ പറയത്തക്ക അഭിവൃദ്ധിയൊന്നും ഉണ്ടായിട്ടില്ല. എന്നാൽപദ്യസാഹിത്യത്തെ സംബന്ധിച്ചു ചില രൂപാന്തരങ്ങൾ ഉണ്ടായി. നൂററിനാല്പതിൽ പരം കളികൾക്കു സമുചിതമായ ഗാനങ്ങൾ നിർമ്മിതമായതു് ഇതിനോടടുപ്പിച്ചാണു്. അമ്മാനക്കളി, കല്യാണക്കളി, പരിശകളി, ഐവർകളി, തട്ടിന്മേൽകളി, കൈകൊട്ടിക്കളി, മോഹിനിയാട്ടം, തിരുവാതിരക്കളി, പാണൻകളി, കോലംകെട്ടു് എന്നിങ്ങനെയുള്ള പലതരം പാട്ടുകൾ ഇതിഹാസപുരാണങ്ങളെ ആസ്പദമാക്കി നിർമ്മിച്ചിട്ടുണ്ടായിരുന്നു. പുരാതനകേരളസാഹിത്യത്തിൽ സർവ്വപ്രധാനങ്ങളായ രാമചരിതവും, ഭാരതംപാട്ടും കൈരളിയുടെ ഭാഗ്യമെന്നപോലെ ഈ സമയത്തു ഉണ്ടായി. ഈ രണ്ടു ഗ്രന്ഥങ്ങളുടെയും പ്രചരണാനന്തരം മലയാളഭാഷയ്ക്കു് സംസ്കൃതവുമായുള്ള ദൃഢസംബന്ധമുണ്ടായി. കണ്ണശ്ശപ്പണിക്കന്മാർ കൈരളീദേവിക്കു് രത്നഖചിതമായ ആഭരണങ്ങൾ നൽകിയതു് ഈ ഘട്ടത്തിലാണു്. മദ്ധ്യമലയാളകാലത്തിൻെറ അന്ത്യത്തിൽ ജീവിച്ചിരുന്ന ഈ മഹാനുഭാവന്മാർ രാമായണം, ഭാരതം, ബ്രഹ്മാണ്ഡപുരാണം, മുതലായ ഗ്രന്ഥങ്ങൾ വഴി ഭാഷയെ അധികം പോഷിപ്പിച്ചുവന്നു. ശബ്ദഭംഗി, അർത്ഥപുഷ്ടി, ശയ്യാഗുണം, ഉല്ലേഖചാതുര്യം മുതലായ ഗുണങ്ങളോടു കൂടിയ കണ്ണശ്ശകൃതികൾ ഭാഷാസാഹിത്യത്തിൻെറ അനർഘസമ്പത്തുകളാണു്. നിരണത്തുപണിക്കന്മാരിൽ കണ്ണശ്ശപ്പണിക്കരെന്നു സുപ്രസിദ്ധനായ രാമപ്പണിക്കരെ കൂടാതെ തന്നെ മാധവപ്പണിക്കർ ശങ്കരപ്പണിക്കർ എന്നു രണ്ടു കവികൾകൂടി ആ കുടുംബത്തിൽ ഉണ്ടായിരുന്നു. ഭഗവൽഗീത, ഭാരതമാല തുടങ്ങിയുള്ള അവ

രുടെ കൃതികൾ കവിതാവാസനയുടെയും, വർണ്ണനാചാതുര്യത്തിന്റെയും, കല്പനാശക്തിയുടെയും പ്രതിബിംബമായി വിലസുന്നുണ്ട്. ദ്രാവിഡവൃത്തങ്ങൾക്ക കാകളി കളകാഞ്ചി, മണികാഞ്ചി, കേക, അന്നനട എന്നിങ്ങനെ ശരിയായ ഒരു വിഭജനം അക്കാലത്തു ഉണ്ടായിട്ടുണ്ടോ എന്നു സംശയം ജനിച്ചാലും, അതെല്ലാം പ്രത്യേകരൂപത്തിൽ നടപ്പുണ്ടായിരുന്നുവെന്നുള്ളതിനു സന്ദേഹമില്ല. ദ്വിതീയാക്ഷരപ്രാസം, ഘടനപ്രാസം, അന്താദിപ്രാസം ഇവയെല്ലാം നിരണം കവികളുടെ കാലത്തുതന്നെ ഭാഷയ്ക്കുലബ്ധമായിട്ടുണ്ട്. നടപ്പിലിരുന്ന സകല സ്വരവിശേഷങ്ങളെയും പരിഷ്കരിച്ച് നിരണവൃത്തം നിർമ്മിച്ചുവെന്നല്ലാതെ അതു് ഒരു പുതിയ സൃഷ്ടിയായിരുന്നില്ല. ഇരുപത്തിനാലുവൃത്തത്തിലെ ആതിസമ്മതയും, കിളിപ്പാട്ടിലെ മണികാഞ്ചിയും, ശീതങ്കൻ തുള്ളലിലെ കളകാഞ്ചിയും, ചില ചമ്പുഗദ്യങ്ങളും ഇതിന്റെ വകഭേദങ്ങൾ മാത്രമാണു്. ഇതിനു ശേഷമാണു് ഉണ്ണുനീലിസന്ദേശം എന്ന സന്ദേശകാവ്യം ഉണ്ടായതു് എന്നു ചിലർ പറയുന്നുണ്ടെങ്കിലും, ചരിത്രവസ്തുതകളെ പുരസ്കരിച്ചു നോക്കിയാൽ മുമ്പു് അതായതു് ആറാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ആ കൃതി രചിതമായിരുന്നു എന്നു തെളിയുന്നതാണു്. അതു് ശൃംഗാരരസപ്രധാനമായ അനേകം വർണ്ണനകളാൽ അലംകൃതമായിരിക്കുന്നു. അതിലെ കവിതാരീതി മനസ്സിലാക്കുവാൻ ഒരു ശ്ലോകം താഴെ ഉദ്ധരിക്കാം.

"നൽചൊൽമേന്മേക്കും താടനകൊടിചെപ്പിക്കുമോക്കും
നിമിത്താ-
ന്യത്യാവേശാൽപണവുമരിയും നീക്കിനിത്യംതൊടീക്കും
തുമ്പപ്പൂവാൽവിരഹദിവസാദനെണ്ണുമിവ്വണ്ണമെല്ലാ—
മല്ലോ മല്ലക്കുഴലികളുടേവേല കാന്തൻപിരിഞ്ഞാൽ"
(ഉ. സ.)

കൊല്ലം ൬൦൦-ന് ശേഷം ഭാഷാസാഹിത്യത്തിന്നു ഗണ്യമായ അഭിവൃദ്ധിയുണ്ടായി. ഭടജനങ്ങളെ ത്ധടത്ധടായമാനമായി ഇളക്കിവിട്ടുകൊണ്ടിരുന്ന രാമചരിത രചയിതാവും, ഭക്തിസംവൎദ്ധകവും ഈശ്വരപ്രീതിജനകവും ആയ കവിതകളാൽ കൈരളിയെ ആനന്ദിപ്പിച്ചുകൊണ്ടിരുന്ന നിരണം സാഹിത്യവും ഒരു ശോഭനനിലയിലായി. അനന്തരം, മന്ദംമന്ദം പാടി ശ്രോതാക്കളെ ആനന്ദനിദ്രയ്ക്കടിമയാക്കുന്ന ചെറുശ്ശേരിയും, കിളിയെക്കൊണ്ടു് പാടിച്ചു് പരമാനന്ദചിന്തയ്ക്കധീനരാക്കാൻ വൈഭവമുള്ള തുഞ്ചനും, വിജ്ഞാനവിനോദസംഘടിതമായ കാവ്യതല്ലജങ്ങളാൽ ചിരിച്ചു തലയടിപ്പിക്കുന്ന കുഞ്ചനും, ഹൃദയോത്തേജകങ്ങളായ കഥകളികളാൽ സാഹിത്യസാമ്രാജ്യത്തെ കമനീയമാക്കിയ ഉണ്ണായിയും ഓരോരോ കാലത്തു സാഹിത്യരംഗത്തിൽ പ്രവേശിച്ചു. കൊല്ലവൎഷം ൬൭൦-നും ൭൫൦-നും മദ്ധ്യേ രംഗപ്രവേശം ചെയ്ത ചെറുശ്ശേരി തന്റെ കൃഷ്ണഗാഥകൊണ്ടും സവിശേഷം ഭാഷാസാഹിത്യത്തെ അലങ്കരിച്ചിട്ടുണ്ടു്. കൃഷ്ണഗാഥ കൈരളിയുടെ കണ്ഠാഭരണമെന്നു് പറയുന്നതു തികച്ചും ശരിയാണു്. ൭൭൫--നിടയ്ക്കു. ആട്ടക്കഥകൾ രചിച്ചും മററും, ഭാഷയെപോഷിപ്പിച്ച കൊട്ടാരക്കരത്തമ്പുരാൻ സാഹിത്യനഭോമണ്ഡലത്തിലെ ഒരു പ്രാചീനജ്യോതിസ്സാണു്. ആട്ടക്കഥയുടെ ആദികൎത്താവായ ഇദ്ദേഹം സരസഗംഭീരവും കാവ്യരസപരിപുഷ്ടവുമായ വധപ്രധാനകൃതികൾ എഴുതി സാഹിത്യരാജ്യത്തിൽ വിജയസ്തംഭം നാട്ടി. ഇവിടെ കഥകളിയുടെ ഉത്ഭവവും ലക്ഷണവും സംഗ്രഹരൂപത്തിൽ പറയുന്നതു് അനുചിതമല്ലെന്നു വിചാരിക്കുന്നു.

കോഴിക്കോട്ടു മുതലായ സ്ഥലങ്ങളിൽ കൃഷ്ണനാട്ടം മുമ്പുതന്നെ വ്യാപിച്ചിട്ടുണ്ടായിരുന്നതായി ഐതിഹ്യമുണ്ടു്. രാമനാട്ടത്തിന്റെ ഉത്ഭവം കൊട്ടാരക്കര

രാജാവും, സാമൂതിരിയും തമ്മിലുണ്ടായ സൗന്ദൎയ്യപ്പിണക്കത്തിൽ നിന്നാണെന്നു പ്രസ്താവിച്ചുകാണുന്നു. കൊട്ടാരക്കരരാജാവു് ഒരു അടിയന്തിരത്തിനുകുറെ കൃഷ്ണനാട്ടക്കാരെ അയക്കണമെന്നു് കോഴിക്കോട്ടു സാമൂതിരിക്കു ഒരു കത്തയച്ചു. "കൃഷ്ണനാട്ടത്തിന്റെ" രസം, ഗ്രഹിക്കാൻ ഇവിടെ ആളില്ലെന്നു് ഹാസ്യഭാവത്തിൽ സാമൂതിരി മറുപടി അയച്ചു. അതിൽ കുപിതനായ രാജാവു് ദക്ഷിണകേരളത്തിൽ രാമനാട്ടം ഉണ്ടാക്കണമെന്നു് പ്രതിജ്ഞ ചെയ്തു. അതിൽ നിന്നുമാണു് ഈ പ്രസ്ഥാനം അവിർഭവിക്കാനിടയായതു്. തന്നിമിത്താ ആട്ടക്കഥയ്ക്കു് "രാമനാട്ടം" എന്നു് നാമകരണം ചെയ്തു. രാമായണം മുഴുവൻ എട്ടു ദിവസത്തെ ആട്ടക്കഥകളായി എഴുതിയിട്ടുണ്ടു്. അവ, വിച്ഛിന്നാഭിഷേകം, ഖരവധം മുതലായവയാണു്.

കഥകളിയുടെ ഉത്പത്തിക്കു സംസ്കൃതത്തിലെ അഭിനയഗാനസ്വരൂപത്തിലുള്ള അഷ്ടപദിപ്രേരകമായിട്ടുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല. കഥകളികൾ മലയാളദേശത്തു പ്രചാരമായ കാലത്തു അപരിഷ്കൃതമായ രീതിയിൽ അഭിനയിച്ചുപോന്നു. കഥകളി അഭിനയാസ്പദമാകയാൽ നൃത്യവിഭാഗത്തിൽ ഉൾപ്പെടുന്നു. അതിലെ ഗാനങ്ങളിൽ ശബ്ദാലങ്കാരം വർദ്ധിച്ചിരിക്കുകയും ആപാദചൂഡം ശൃംഗാരരസം പ്രകടമായിരിക്കയും ചെയ്യും. ആട്ടത്തിൽ യുദ്ധം വേണമെന്നുള്ളതു് മിക്കവാറും നിർബന്ധമാണു്. തിരശ്ശീല പിടിക്കുന്നതിനു പ്രത്യേകം ആളുകളുമുണ്ടായിരിക്കും. സംഭോഗശൃംഗാരമാണു കൂടുതലായിരിക്കുന്നതു്. പദദൂഷ്യങ്ങളെയോ വ്യാകരണനിബന്ധനകളെയോ ഗണ്യമാക്കാറില്ല. രസഗതിയിൽ കൂടക്കൂടെ സ്തംഭനമുണ്ടാകുകയും, വീണ്ടും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. സംഗീത താളമേളാദികൾ അധികമായിരിക്കു

ക; ഗ്രാമ്യവിഷയങ്ങളെ അരങ്ങത്തു് നടിക്കുക; വാക്കു കൊണ്ടു വെളിപ്പെടുത്തേണ്ടവയെ കൂടി കൈകൊണ്ടു സാധിക്കുക; കഥയെ വലിച്ചുനീട്ടി മുഖ്യാംശത്തെ പ്രദർശിപ്പിക്കാതിരിക്കുക, മുതലായവ കഥകളിക്കുള്ള ന്യൂനതകളായി അഭിജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു.

കാവ്യഗുണങ്ങൾ യഥാൎത്ഥത്തിൽ അന്തർഭവിച്ചിരിന്ന ആട്ടക്കഥകളുണ്ടു്. സന്ദർഭാനുസരണമായ നടനവിദ്യകൾ കാവ്യസമൃദ്ധിയുമായി അനുരഞ്ജിച്ച് ചക്ഷുശ്ശ്രോത്രങ്ങളെ ആനന്ദത്തിൽ ആറാടിക്കുന്ന ആട്ടക്കഥയാണ് നളചരിതം കഥകളി. ഇവ രണ്ടിൻെറയും സമ്മിശ്രരീതിയിൽ പരിലസിക്കുന്ന മറെറാരുവകയുമുണ്ടു്. ഇവയൊന്നുമില്ലാതെ കേവലം ശുഷ്കമായ വിനോദപ്രകടനങ്ങളെ ആട്ടക്കഥകളുടെ കൂട്ടത്തിൽ വിദ്വാന്മാർ ഗണിക്കാറില്ല. കഥകളിയിൽ ആട്ടം കാണുന്നതിനു ജനങ്ങളെ ക്ഷണിക്കുന്ന കേളിയും ആട്ടം തുടങ്ങിയെന്നു കാണികളെ അറിയിക്കുന്ന അരങ്ങുകേളിയും ഉണ്ടായിരിക്കും. ആംഗ്യം കഥകളിയുടെ ഒരംശമാണ്. ഇഷ്ടദേവതകളെ പ്രാൎത്ഥിക്കുന്ന വന്ദനശ്ലോകം നാടകത്തിലെ നാന്ദിയെന്നപോലെ കഥകളിയിലും അത്യന്താപേക്ഷിതം തന്നെ. വന്ദനശ്ലോകം പറയുന്ന ഘട്ടത്തിൽ നാലുതാളത്തിൽ കലാശം ചവിട്ടണമെന്നു് നിബന്ധനയുണ്ടു്. തദവസരത്തിൽ താളമേളാദികളുടെ ആവശ്യമില്ല. എന്നാൽ, പുറപ്പാടു താളമേളവാദ്യഘോഷങ്ങളോടു കൂടിയായിരിക്കണം. അവരുടെ യോഗ്യതകൾ രംഗസമക്ഷത്തിലാണു പ്രദശിപ്പിക്കേണ്ടതു്.

നാടകത്തിനും കഥകളിക്കും തമ്മിൽ വ്യത്യാസം എന്തെന്നും കൂടി സൂചിപ്പിക്കാം.

൧. നാടകത്തിൽ വസ്തുതകൾ സംഭാഷണരൂപേണ കഥാപാത്രങ്ങളാൽ, സരസമായും പൂൎണ്ണമായും പ്രസ്താ

വിക്കപ്പെടുന്നു. എന്നാൽ, കഥകളിയിൽ പാട്ടുകാരുടെ സഹായത്തോടുകൂടി കഥാംശത്തെ പാത്രങ്ങൾ ആംഗ്യവും അഭിനയവും കൊണ്ടു വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു്.

൨. നാടകത്തിൽ സംഗതികളുടെ ഉചിതമായ സംഘടനയാൽ കഥയെ പരിപൂർണ്ണമാക്കുന്നു. എന്നാൽ, കഥകളിക്കാർ കഥയെ തുടർച്ചയായി പറയുന്നതിൽ ശ്രദ്ധ പതിക്കാറില്ല.

൩. നാടകത്തെപ്പോലെ കഥകളിയിൽ അങ്കവിഭാഗമില്ല.

൪. കഥകളി നാടകത്തെപ്പോലെ സാമാന്യന്മാരുടെ മനസ്സ് ആകർഷിക്കുന്നതല്ല. മുദ്രക്കൈകളും മററും അറിയാവുന്നവർക്കേ കഥകളി പൂർണ്ണമായി രസിക്കാൻ ഒക്കൂ.

൫. നാടകങ്ങളിൽ കഥയെ വിസ്തരിക്കുകയും, കഥകളിയിൽ ശ്ലോകം കൊണ്ടു് കഥയെ സംഗ്രഹമാക്കി പറയുകയും ചെയ്യുന്നു.

൬. കഥകളിയിൽ നാടകത്തിലെപ്പോലെ പാത്രങ്ങൾ മാത്രം പ്രവേശിപ്പിച്ചു കഥ നിർവ്വഹിക്കുന്നില്ല. ചില തടസ്സന്മാരെയും ചേർത്തു കഥയ്ക്കു് പൂർണ്ണാനുരൂപ്യമുണ്ടാക്കുന്നു.

ഇപ്പോൾ നമ്മുടെ ചിന്താവിഷയത്തിൽ നിന്നും അല്പം നാം വ്യതിചലിച്ചിരിക്കയാണു്. പക്ഷേ, കഥകളിക്കു സാഹിത്യചരിത്രത്തിൽ ഗണ്യമായ സ്ഥാനമുള്ളതുകൊണ്ടു് അതു് ക്ഷന്തവ്യം തന്നെ. ഏതായാലും നമുക്കു പ്രകൃതത്തിൽ പ്രവേശിക്കാം.

കൊട്ടാരക്കരത്തമ്പുരാൻെറ കഥകളിയെ അനുകരിച്ചു് കോട്ടയത്തു് വിദ്വാൻതമ്പുരാൻ, കാർത്തികതിരുനാൾ തമ്പുരാൻ മുതലായവർ ആട്ടക്കഥകൾ നിർമ്മിച്ചിട്ടുണ്ടു്.

ഖരവധം, കൃമ്മീരവധം, നരകാസുരവധം, പാഞ്ചാലീസ്വയംബരം, കല്യാണസൗഗന്ധികം, ഗന്ധർവ്വവിജയം, അംബരീഷചരിതം, പൂതനാമോക്ഷം, പൌണ്ഡ്രകവധം, രുഗ്മിണീസ്വയംബരം, ശതമുഖരാമായണം, മുതലായവ ഉദാഹരണങ്ങളാണ്. അനേകം ചമ്പുക്കളും പാന, കീൎത്തനങ്ങൾ തുടങ്ങിയുള്ള ഇതരഗ്രന്ഥങ്ങളും ഭാഷാസാഹിത്യത്തിൻെറ പുരോഗതിയിൽ അത്യന്തം സഹായകമായി ഭവിച്ചിട്ടുണ്ട്. ഇതിനെ തുടൎന്ന് മഴമംഗലം നമ്പൂരിയുടെ നൈഷധം ചമ്പു, തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛൻെറ ഗ്രന്ഥസഞ്ചയങ്ങൾ എന്നിവ ഭാഷയുടെ അനൎഘ ജ്യോതിസ്സുകളാണ്. നിസൎഗ്ഗസിദ്ധമായ കല്പനാശക്തിയാലും നിരൎഗ്ഗളമായ വാഗ്വിലാസത്താലും തികഞ്ഞിറങ്ങിയിട്ടുള്ളതും, അനന്യസാധാരണമായ കവനപാടവത്തിൻെറ വിജയലക്ഷ്യമായി പ്രശോഭിക്കുന്നതുമായ, അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, പാതാളരാമായണം, ശിവപുരാണം മുതലായ വിശിഷ്ടകൃതികൾ പദ്യസാഹിത്യത്തെ ക്രമാതീതമായി പരിപോഷിപ്പിച്ചിട്ടുണ്ട്.

പത്താംശതാബ്ദം മലയാളഭാഷാസാഹിത്യത്തിൻെറ സുവൎണ്ണകാലമായിരുന്നു. അനന്യസാധാരണമായ കല്പനാശക്തിയാലും, ആശയപൌഷ്കല്യത്താലും അത്യാകൎഷണീയമായിട്ടുള്ള ഒരു സാഹിത്യശാഖ ഇക്കാലത്ത് ഭാഷയ്ക്കു ലഭ്യമായി. ഭാരതം, രാമായണം, ചെല്ലൂർമാഹാത്മ്യം, ബാണയുദ്ധം, കാമദഹനം, കംസവധം മുതലായ ചമ്പുക്കൾ ഇതിനു ഉത്തമോദാഹരണങ്ങളാണ്.

മലയാളസാഹിത്യത്തിൻെറ അതിപ്രധാനവിഭാഗമായ ചമ്പുക്കളുടെ സാമാന്യസ്വരൂപം കൂടി ഇവിടെ പറയാം.

"ഭാഷാചമ്പുക്കൾ സരസ്വതിയുടെ കളിപ്പന്തലിലുള്ള തോരണവിധാനങ്ങളാണെന്നു" ഒരു മഹാൻ പ്രസ്താവിച്ചിട്ടുള്ളതു വാസ്തവമാണ്.

"ഗദ്യപദ്യമയം കാവ്യം ചംബുരിത്യഭിധീയതേ."
എന്നാണു ചമ്പുക്കളെപ്പററി നിർവ്വചിച്ചിട്ടുള്ളതു്. എന്നാൽ, സാഹിത്യദർപ്പണക്കാരൻെറ ഗദ്യമെഴത്തിലുള്ള നിബന്ധനകളൊന്നും ചമ്പുകർത്താക്കാൾ അംഗീകരിച്ചിട്ടില്ല. പദ്യത്തോടു കൂടുതൽ സാമ്യമുള്ള ഗദ്യമാണ് അവർ ഉപയോഗിച്ചിരിക്കുന്നതു്. വെറും പ്രാകൃതഗദ്യങ്ങളും, ശുദ്ധസംസ്കൃതഗദ്യങ്ങളും, യഥാർത്ഥദ്രാവിഡവൃത്തങ്ങളും ഗദ്യമായിഗണിച്ച് ചമ്പുക്കളിൽ ഉപയോഗിച്ചിട്ടുണ്ടു്. ഈ കാവ്യങ്ങളിൽ മനോഹാരിതപവും രസപ്രദായകതപവുമാണ് പ്രധാനാംശങ്ങളായിരിക്കുന്നതു്. ചംബുകർത്താവ് ഒരു തോഴനോട്ട് കഥപറയുന്നരീതിയിലാണ് സാധാരണ പ്രക്രമിക്കുന്നതു്. അതിവിശേഷമായ വർണ്ണനകളാൽ ഹൃദയത്തെ ആവജ്ജിക്കുന്നതിനു ചംബുകാരന്മാർ പ്രത്യേകം ദൃഷ്ടിവയ്ക്കാറുണ്ടു്. ശൃംഗാരവും ഭക്തിയും സംഘടിപ്പിച്ചുള്ള വന്ദനശ്ലോകങ്ങൾ കാവ്യമുഖത്തിൽ നിബന്ധിച്ചിരിക്കും. വന്ദനം കഴിഞ്ഞാൽ കഥാസൂചനയാണ് ആരംഭിക്കുന്നതു്. അനന്തരം കഥാകഥനം തുടങ്ങുകയായി. എന്നാൽ, അധികമാളുകളും കഥപറയാതെ കഴിച്ചുകൂട്ടുന്നതിനു ശ്രമം ചെയ്തിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ കഥയോടു ബന്ധമുള്ള പർവ്വതമോ മററുവല്ല പ്രകൃതിവസ്തുക്കളോ വർണ്ണനയ്ക്കുകിട്ടിയാൽ കഥയിലേയ്ക്കു കടക്കുന്നകാര്യം അവർക്കു വിഷമമായിരിക്കും. അതിശയോക്തിയിൽ സൈപരവിഹാരം ചെയ്യുന്നതിന് അവർക്കു സ്വാതന്ത്ര്യമുള്ളതിനാൽ ഏതുവസ്തുവിനെയും ക്രമാതീതമായി സങ്കല്പസോപാനത്തിൽ കയററി വർണ്ണിക്കുന്നതിനു അവർ സാധാരണ ഉദ്യുക്തരായികാണുന്നു. ചംബുക്കളുടെ ജീവൻതന്നെ, സങ്കല്പങ്ങളുടെ വൈചിത്ര്യത്തിൽ അന്തർഭവിച്ചിരിക്കയാണു്. വായനക്കാരുടെ സങ്കല്പശക്തിക്കു വികാസം വരുത്തുന്നതിനാണ് അവർ പ്രയത്നിക്കുന്നതു്. അതു് പൂർണ്ണമായി സഫലമായിട്ടുണ്ടെന്ന് അവർക്കു ബോദ്ധ്യമാകുന്നതുവരെ വർണ്ണ

ന തുടൻകൊണ്ടുതന്നെയിരിക്കും. ചംബുക്കളിൽ യുദ്ധവർണ്ണനകളെ സ്വാഭാവികമാക്കാൻ അവർ നിഷ്കൃഷിക്കുന്നു. തങ്ങളുടെ ജീവദശയിൽ നടന്നിട്ടുള്ള സംഭവങ്ങളെ ഫലിതപൂർണ്ണമായി ഗ്രന്ഥത്തോടു ഘടിപ്പിക്കുന്നതിനു അവർ പ്രദർശിപ്പിക്കുന്ന പ്രസക്തി അസാമാന്യമാണ്. വർണ്ണനകൾക്കു അധികവും അന്നത്തെ സമ്പ്രദായത്തിലുള്ള ഗദ്യമാണ് ഉപയോഗിച്ചിട്ടുള്ളതു്. സംഗതികളെ അനുക്രമമായി പറഞ്ഞുപോകുന്നതിന് ഗദ്യമാണ് അവക്കു കൂടുതൽ സൗകര്യം നൽകിട്ടുള്ളതെന്നും തോന്നുന്നു. ചംബുക്കളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു് ഭാഷാനൈഷധചംബുവാണ്. ചംബുരീതിയിലുള്ള പദ്യങ്ങളുടെ മാധുര്യം ആസ്വദിക്കുന്നതിനു ഒരു ശ്ലോകം ഇവിടെ ഉദ്ധരിക്കാം.

"താരിൽത്തന്വീകടാക്ഷാഞ്ചലമധുപ
കുലാരാമ രാമാജനാനാം-
നീരിൽത്താർബാണ! വൈരാകരനികര
തമോമണ്ഡലീചണ്ഡഭാനോ,
നേരത്താതോരുനീയാം തൊട്ടുകുറി
കളയായ്കെന്നുമേഷാകുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര,
ധരാഹന്ത!കല്പാന്തതോയേ."

ഇനിയും നമുക്കു വിഷയത്തിലേക്കു പ്രവേശിക്കാം. ഭാഷാസാഹിത്യകല്പവൃക്ഷത്തിനു വേരുറച്ചതു് തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛന്റെ കാലത്താണ്. എന്നാൽ ചംബുകർത്താക്കൾ സംസ്കൃതത്തെ ശരണമാക്കിയും, എഴുത്തച്ഛൻ ഗൈർവ്വാണിയെ മണിപ്രവാളത്തോടു അനുരഞ്ജിപ്പിച്ചുമാണ് കൈരളീസാഹിത്യത്തെ സംരക്ഷിച്ചുവന്നതു്. എഴുത്തച്ഛൻ, കിളിപ്പാട്ടു് എന്ന നവീന പ്രസ്ഥാനത്തിലൂടെ തന്റെ സരസോജ്ജ്വലമായ ഭാവനാശക്തിയെ പ്രാഗത്ഭ്യത്തോടെ പ്രദർശിപ്പിച്ചു് ഭാഷയ്ക്കു് സമുജ്ജ്വ

ലസമ്പത്തു നേടിയതിനെ അനുകരിച്ചു പലരും കിളിപ്പാട്ടുകൾ രചിച്ചു് ഭാഷയെ അലങ്കരിക്കുന്നതിനു ശ്രമിച്ചിട്ടുണ്ടു്. പക്ഷേ, അവ ഭാസ്വൽഫലസ്തോമനിരന്തരമായ രാമായണാദികളുടെ കൂട്ടത്തിൽ ഉച്ചൈസ്സുകളായിരുന്നില്ല. ആവക ഗ്രന്ഥങ്ങളിൽ കേരളവമ്മയുടെ വാല്മീകിരാമായണം കിളിപ്പാട്ടു്, ഉണ്ണായിവാര്യരുടെ ഗിരിജാകല്യാണവും ലളിതമധുരമായ ഭാഷാവിലാസത്താലും ഉൽക്കടമായ മനോധമ്മപ്രചുരിമയാലും, പ്രാചീനസാഹിത്യസാമ്രാജ്യത്തിൽ കൊടിനാട്ടിയിട്ടുണ്ടു്. കവിതാപദ്ധതിയെ സവ്വാദരണീയമായ വിധത്തിൽ സർവ്വേചെയ്തു തുഞ്ചത്തുഗുരുക്കളുടെ കണ്ണിൽപെടാതെ തേഞ്ഞുമാഞ്ഞുകിടന്നിരുന്ന വസ്തുക്കളെ കണ്ടുപിടിക്കുകയും, പ്രഥമസർവ്വേരുടെ പണി മിക്കവാറും പൂർത്തീകരിക്കുകയും, അതിനെ ഉറപ്പിക്കയും മണിപ്രവാളരീതിയിൽ കേരളീയമഹാജനങ്ങൾക്കു സംതൃപ്തി ജനിപ്പിക്കുകയും, ചെയ്തതു് നമ്പ്യാരാശാൻെറ തീവ്രയത്നമാണ്. അതിനു മുമ്പും പിമ്പും പലരും പാട്ടുകയും ആട്ടുകയും, കവിത എഴുതുകയും കവികളാകുകയും, പാഠകം പറകയും, സന്ദേശമയയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുഞ്ചൻ, കുഞ്ചൻ എന്നീകവിശ്രേഷ്ഠന്മാരാണ് ആധുനികരീതിയുടെ ഉൽഘടനകൃത്യം നിർവ്വഹിച്ചിട്ടുള്ളതു്. ഈരണ്ടു കവികളുടെയും വർണ്ണനാപാടവത്തെ വിശദീകരിക്കുന്നതിനു താഴെപറയുന്ന ഉദാഹരണങ്ങൾ കേൾക്കുക.

൧. “നിറന്ന പീലികൾ നിരക്കവെ കുത്തി
നെറുകയിൽ കൂട്ടിത്തിറമോടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും
കുനുകുനെച്ചിന്നും കുറുനിരതന്മേൽ
നനുനനെ പൊടിഞ്ഞൊരു പൊടി പററി
തിലകവുമൊട്ടു വിയപ്പിനാൽനന-

ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചുസംഹരി-
ച്ചിളകുന്നചില്ലിയുഗളഭംഗിയും". എന്നിങ്ങ
നെ ശ്രീകൃഷ്ണന്റെ രൂപം എഴുത്തച്ഛൻ വർണ്ണിച്ചിരിക്കുന്ന
തും,

"കണ്ണൻചിരട്ടയിൽ പൂഴി നിറച്ചിട്ടു
കണ്ണും തുളച്ചങ്ങുയർത്തിപ്പിടിക്കയും
മണ്ണു പൊഴിയുന്ന കണ്ടു രസിക്കയും
മണ്ണിൽ കരംകൊണ്ടു നീളെ വരയ്ക്കയും
കൊച്ചുകരംരണ്ടുകുത്തിപ്പൊടിതന്നിൽ
പൂച്ചക്കരണം മറിഞ്ഞു കളിക്കയും
മെച്ചത്തിൽ നല്ലൊരു പൂഴിച്ചോറുണ്ടാക്കി
കൊച്ചുകൾക്കെല്ലാംവിളമ്പിക്കൊടുക്കയും
അച്ചെളിമേളിച്ചമേനിവിയർക്കയും
കച്ചകൊണ്ടാച്ചിമാർചെന്നിട്ടുതുക്കയും
മച്ചിലൊളിച്ചു ചിലരങ്ങു പാർക്കയും
മെച്ചം തിരിഞ്ഞുകണ്ടുച്ചത്തിലാക്കയും" എന്നി
ത്യാദി നമ്പ്യാരുടെ കൃഷ്ണലീലാവർണ്ണനയും ആരെയാണു്
ആനന്ദിപ്പിക്കാത്തതു്? ഒരു സമുദായത്തിനോ, വ്യക്തി
ക്കോ ഉണ്ടാകുന്ന സ്തോഭം, കരുണം, രസം, ചേഷ്ട മുതലാ
യവയെ സന്ദർഭോചിതമായി വർണ്ണിക്കാൻ കുഞ്ചൻന
മ്പ്യാർ ചെയ്തിട്ടുള്ള ശ്രമം എക്കാലത്തുള്ള കവികൾക്കും
ഒരു മാതൃകയായിത്തന്നെയിരിക്കും. ചിലഗൃഹനായകന്മാ
രുടെ ചപലക്രിയകളെ ഒരു ചലനചിത്രരൂപേണ എന്നു
പോലെ നമുക്കു കാണിച്ചുതരുന്നതു നോക്കുക:—

"നായർവിശന്നുവലഞ്ഞുവരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല;
ആയതു കണ്ടു കലമ്പിച്ചെന്ന-
ങ്ങായുധമുടനേ കാട്ടിലെറിഞ്ഞു;
ചുട്ടതിളയ്ക്കും വെള്ളമശേഷം

കട്ടികരംതന്നുടെ തലയിലൊഴിച്ചു;
കെട്ടിയപെണ്ണിനെ മടിക്കൂടാതെ
കിട്ടിയവടികൊണ്ടൊന്നു പിടച്ചു;
ഉരുളികരം കിണ്ടികളൊക്കെയുടച്ചു;
ഉരലു വലിച്ചു കിണററിൽ മറിച്ചു;
ചിരവയെടുത്തഥ തീയിലെരിച്ചു;
അരകല്ലങ്ങു കുളത്തിലെറിഞ്ഞു;
അതുകൊണ്ടരിശം തീരാഞ്ഞിട്ടവന-
പ്പുരയുടെചുററുംപാഞ്ഞുനടന്നു."

നമ്പ്യാരുടെ കാലത്തുണ്ടായ ഒരു അനർഘകൃതിയാണു കുചേലവൃത്തംവഞ്ചിപ്പാട്ട്. കുഞ്ചൻനമ്പ്യാരുടെ അനർഘമായഗ്രന്ഥസഞ്ചയങ്ങളൊഴികെ കാലമോ കർത്തൃതമോ വിവേചിക്കുവാൻ തരമില്ലാത്ത നിരവധി വിശിഷ്ടഗ്രന്ഥങ്ങരം ഇതിനിടയിൽ ഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്. ചന്ദ്രോത്സവം എന്ന ഹൃദയാഹ്ലാദകരമായ മണിപ്രവാളകൃതി ഈ കൂട്ടത്തിൽ പ്രഥമഗണനീയമായിരിക്കുന്നു. ഭാഷ ശൈശവം, കൌമാരം എന്നീദശകളെ കടന്ന് പ്രൗഢോജ്ജ്വലമായി ലോകരംഗത്തിൽ പ്രവേശിച്ചു. പൂർവാർജ്ജിതസ്വത്തുകരം തിട്ടപ്പെടുത്തിയും, ഭർത്തൃബന്ധത്തെ സുദൃഢമാക്കിയും, നൂതനാലങ്കാരങ്ങളെ സമ്പാദിച്ചും ഉത്കർഷം പ്രാപിച്ചുവന്നു. പിന്നീടാണ് വെണ്മണിനമ്പൂതിരിപ്രസ്ഥാനം മലയാളഭാഷയിൽപ്രചരിച്ചുതുടങ്ങിയത്. പൂന്താനം നമ്പൂതിരി കത്തിച്ച സാഹിത്യത്തിരി കരടുകളഞ്ഞ വെണ്മണിയച്ഛൻ നമ്പൂതിരിപ്പാടിൻെറ പ്രയോഗവൈചിത്ര്യത്താൽ മലയാളികരംക്ക് പദ്യങ്ങളിൽ അതിയായ കൌതുകം ജനിച്ചുതുടങ്ങി. താഴെപ്പറയുന്ന ശ്ലോകം ഇദ്ദേഹത്തിൻെറ കവിതയുടെ മാധുര്യത്തെ ആസ്വദിക്കാൻ ഉതകുന്നതാണ്.

"അതിമിനുസമിദാനീമൊന്നുചൊല്ലേണമെന്നാൽ
മതിമുഖിമണിയാളേ, ഹന്ത! നിന്നോടുവേണം

കഥപറകിലുറങ്ങും നീയഹോ! പിന്നെമൂള-
ന്നതിനിവിടെ വിളക്കോ? കട്ടിലോ കട്ടെറുമ്പോ?"

ഇദ്ദേഹത്തിന്റെ കവിതയെ മിനുസപ്പെടുത്തി ഇക്കാലത്തുള്ള കവികളിൽ ചിലർ തങ്ങളുടെ സ്വന്തമെന്നവണ്ണം ഉപയോഗിച്ചുകാണാറുണ്ടു്. കവിതാസരണിയിൽ സംസ്കൃതത്തെ കഴിയുന്നതും ഒഴിച്ചുനിറുത്തണമെന്നുള്ള ഉദ്ദേശമാണ് വെണ്മണിയച്ഛന്നു് പ്രധാനമായി ഉണ്ടായിരുന്നതു്. അതിനെത്തുടൎന്നു് കുണ്ടൂരിന്റെ പച്ചമലയാളപ്രസ്ഥാനം ഭാഷയിൽ ലബ്ധപ്രതിഷ്ഠമായതോടുകൂടി ഭാഷാപൎയ്യടനത്തിൽ നേരിടുന്ന വിഷമങ്ങൾ മിക്കവാറും പരിഹരിക്കപ്പെട്ടുവെന്നുതന്നെ പറയാം. മലയാളഭാഷാപഥസഞ്ചാരികൾക്കു കടന്നു പോരേണ്ട കുണ്ടും കുഴിയും കുണ്ടൂർ നാരായണമേനോൻ തട്ടിത്തകൎത്തു. ഈ പച്ചമലയാളപ്രസ്ഥാനത്തിൽ കൂടി അധികംപേൎക്കും സഞ്ചരിക്കാൻ ഇഷ്ടമില്ലെങ്കിലും ഹൃദയാവൎജ്ജകമായ ഈപദ്ധതി കേരളീയൎക്കു് അനിതരസാധാരണമായ കൗതുകത്തെ പ്രദാനം ചെയ്തുവരുന്നുണ്ടു്. പച്ചമലയാളപ്രസ്ഥാനത്തെ ഉദാഹരിക്കുന്നതിന്നു ഒരു ശ്ലോകം ഇവിടെ പ്രസ്താവിക്കാം.

"തേടിക്കയൎത്തു പടയിൽപ്പലർ കൂടിവന്നാൽ
കൂടിക്കരുത്തുടയ കയ്യിതു കൂസുകില്ല
മോടിക്കുവേണ്ടിയരവാളിതെടുത്തതല്ല,
പേടിക്കവേണ്ട; പിടമാൻമിഴി! തെല്ലുപോലും."

ഇതിനെത്തുടൎന്നു് നടുവത്തച്ഛൻ ആശയപൗഷ്കല്യവും, രീതിവിചിത്രതയുമുള്ള കവിതകളാൽ ഭാഷയെ ആരാധിച്ചുവന്നു. ഏറെത്താമസിയാതെ ചാത്തുക്കുട്ടിമന്നാടിയരുടെ വിശിഷ്ടമായ തൎജ്ജമകളിൽ സന്തുഷ്ടചിത്തയായ ഭാഷാദേവി കേരളവൎമ്മപ്രസ്ഥാനത്തിലേയ്ക്കു ചാടിക്കടന്നു. ചമ്പുക്കളുടെ തുടൎച്ചയെന്നപോലെ

അദ്ദേഹത്താൽ വിരചിതമാക്കപ്പെട്ട അക്ബറും, ശാകു ന്തളവും ഭാഷയെ അത്യന്തം പരിപുഷ്ടമാക്കിയിട്ടുണ്ട്.

ഗദ്യസാഹിത്യത്തിൻെറ സാക്ഷാൽ ജനകൻ ഇദ്ദേഹ മാണെന്നു വേണം പറയാൻ. ചമ്പുക്കൾക്കു ശേഷം തിരോഭവിച്ചിരുന്ന ഗദ്യസാഹിത്യം പൊതുജനസമക്ഷ ത്തിൽ വീണ്ടും പ്രവേശിച്ചതു കേരളവമ്മയുടെ കാലത്താ ണ്. ഇങ്ങനെ ഉയൎന്നുവന്ന ഗദ്യസാഹിത്യം മാസികകളു ടെയും, വത്തമാനപ്പത്രങ്ങളുടെയും സഹായംകൊണ്ടു വിക സിച്ചും, അച്ചടിഏൎപ്പാടുകൊണ്ട് പ്രചരിച്ചും വന്നു. ചന്തുമേനോൻ ഇന്ദുലേഖയുംകൊണ്ട് ഗദ്യസാഹിത്യോപ രി അധിരോഹിച്ചതോടുകൂടി ഗദ്യത്തെ സംബന്ധിച്ചിട ത്തോളം സരളമധുരമായ ഒരു രീതി കേരളത്തിലെങ്ങും വ്യാപിച്ചുതുടങ്ങി. കൈരളീഗദ്യമണ്ഡപത്തിൻെറ അടി സ്ഥാനക്കല്ലുകളായി വ്യാകരണങ്ങളും, അലങ്കാരശാസ്ത്രങ്ങ ളും നിമ്മിച്ച് ഭാഷയെ സ്ഥിരപ്രതിഷ്ഠയാക്കിയ ഏ. ആർ. രാജരാജവമ്മ കോയിത്തമ്പുരാൻ തിരുമനസ്സ കൊണ്ട് ഇനി എത്ര നൂററാണ്ടു കഴിഞ്ഞാലും ഭാഷയുടെ അനർഘജ്യോതിസ്സ തന്നെയാണ്. മലയാളഗദ്യസാഹി ത്യാന്തരിക്ഷത്തിൽ സമുത്ഥാനംചെയ്തിട്ടുള്ള "സാഹിത്യ കുശല"നായ സീ. വി. രാമൻപിള്ള അവർകളുടെ ഗ്ര ന്ഥങ്ങൾ ഭാഷയുടെ അത്യുൽകൃഷ്ടമായ ഗദ്യസമ്പത്തായി രിക്കും. ഈ പുണ്യശ്ലോകൻ ഹേതുവാൽ മലയാളഗദ്യത്തി നുണ്ടായിട്ടുള്ള ഭാഗ്യം അവൎണ്ണനീയമായിരിക്കുന്നു. ഗദ്യ ഗ്രന്ഥങ്ങളുടെ ദാരിദ്ര്യത്തിനു് പരിഹാരം വരുത്തിയ ഈ സാഹിത്യവിശാരദൻെറ കീത്തി ആചന്ദ്രതാരം പ രിലസിക്കതന്നെ ചെയ്യും.

കേരളവമ്മ വലിയകോയിത്തമ്പുരാൻെറ സാഹി ത്യപയ്യടനം മലയാളഭാഷയുടെ ഒരു ശുഭതാരോദയ മായിരുന്നു. സന്ദേശകാവ്യങ്ങൾ മുഖേനയും, നാടകങ്ങ

ളെക്കൊണ്ടും ഭാഷയെ അലങ്കരിച്ചതിനു പുറമേ, പാഠപുസ്തകക്കമ്മററിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ അനേകം ഗ്രന്ഥങ്ങൾ എഴുതിയും, എഴുതിപ്പിച്ചും, പ്രസാധനം ചെയ്തും തിരുമേനി സാഹിത്യലോകത്തെ ആനന്ദതുന്ദിലമാക്കിത്തീർത്തിട്ടുണ്ട്. ഭാഷാസാഹിത്യത്തിൻെറ ചക്രവത്തിസ്ഥാനം കൈയേററ മഹാമഹിമശ്രീ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിനെക്കുറിച്ചുള്ള സ്മരണ ആരെയാണ് ആനന്ദവിവശീകൃതരാക്കാത്തതു്? ദ്വിതീയാക്ഷരപ്രാസം പദ്യരചനയിൽ അത്യാവശ്യമാണെന്നു് വിളംബരം ചെയ്തു് പോരാടിയിട്ടുള്ളതു് ഈ സാഹിത്യചക്രവത്തിയായിരുന്നു. ആ വിഷയത്തെപ്പററി അദ്ദേഹം എഴുതിയിട്ടുള്ള ഒരു ശ്ലോകം പ്രസിദ്ധമാണ്. അതു താഴെ കുറിക്കുന്നു.

"വാസന്തീമധുവാർന്ന വാക്കിനു സജാ
തീയദ്വിതീയാക്ഷര-
പ്രാസം ചേർപ്പതു കൈരളീമഹിളതൻ
മംഗല്യമാണോക്കണം
ഹാസംസത്തിലസംശയം പഴിയതിൽ
പാഴായ്പറഞ്ഞാൽപരീ—
ഹാസം സത്തുക്കളുടെത്തടത്തിലതിയായ്
ചെയ്യുന്നതാശ്ചര്യമോ?"

ഈ പ്രസ്ഥാനത്തെ ആസ്പദമാക്കി അനേകം കാവ്യങ്ങൾ ഇന്നും ഉണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു.

ഇനി നമുക്കു സാഹിത്യചരിത്രത്തിലെ വേറൊരു വിഭജനത്തിലേക്കു കടക്കാം. അതുസുപ്രസിദ്ധമായ രാജരാജവമ്മപ്രസ്ഥാനമാണ്. ഇദ്ദേഹം അമൂല്യമായ വ്യാകരണങ്ങളെക്കൊണ്ടും കാവ്യങ്ങളെക്കൊണ്ടും ഭാഷയെ സവ്വലക്ഷണസംയുക്തവും സകല സൽഗുണസമ്പൂണ്ണവുമാക്കിത്തീർത്തു. പണ്ഡിതശിഖാമണിയും, ആംഗലഭാഷാവിചക്ഷ

ണനമായിരുന്ന ഈ മഹാൻ ദ്വിതീയാക്ഷരപ്രാസപ്ര സ്ഥാനത്തിൽ കേരളവർമ്മയുടെ എതിർ കക്ഷി സ്ഥാനം പിടിച്ചു. ശബ്ദത്തെക്കാൾ അധികം അർത്ഥത്തിൽ നിഷ്കർഷവയ്ക്കണമെന്ന് ഇദ്ദേഹം സിദ്ധാന്തിച്ചിരുന്നു. താൻ പ്രഖ്യാപനം ചെയ്ത പ്രാസനിയമം ഇങ്ങനെയാണ്.

"അന്യൂനാനതിരിക്തമായ് വിലസണം
ശബ്ദങ്ങളർത്ഥങ്ങളും
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനാ
യർത്ഥം കളഞ്ഞീടൊലാ
ദോഷം നീക്കിവരച്ചുകെട്ടുകളൊഴി
ച്ചൌചിത്യമോർത്തോതണം
സൽക്കാവ്യോചിതമായ വാക്കു വിവിധം
വ്യംഗ്യം വിളങ്ങും വിധം."

9356

കേരളവർമ്മപ്രസ്ഥാനത്തെയും രാജരാജവർമ്മ പ്രസ്ഥാനത്തെയും യഥാക്രമം പന്തളം കേരളവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടും, കെ. സി. കേശവപിള്ള അവർകളും ഊർജ്ജിതമായി പിന്തുടന്ന് പോരാടി വന്നതിനാൽ ഭാഷയ്ക്കു സാമാന്യത്തിലധികം വികാസം ഉണ്ടായിട്ടുണ്ട്.

ഭാഷാസാഹിത്യത്തെ സംബന്ധിച്ച് ഇനി സംഗ്രഹമായി പറയാനുള്ളത് ഖണ്ഡകാവ്യപ്രസ്ഥാനത്തെക്കുറിച്ചാണ്. നാടകങ്ങൾ, മഹാകാവ്യങ്ങൾ, സന്ദേശകാവ്യങ്ങൾ, മുതലായ പദ്ധതികളിലൂടെ എന്നപോലെ ഈ അടുത്ത കാലത്തു ഖണ്ഡകാവ്യപ്രസ്ഥാനം വഴിയായും ആധുനിക മഹാകവികൾ സാഹിത്യസേവനം സാധിച്ചിട്ടുണ്ട്. സാഹിത്യനഭോമണ്ഡലത്തിൽ ഉജ്ജ്വലത്തായി പ്രശോഭിക്കുന്ന ഉള്ളൂർ, വള്ളത്തോൾ, ആശാൻ എന്നീ മഹാകവികളിൽ നിന്നും ലഭിച്ചിട്ടുള്ളതും, ലഭിച്ചുകൊണ്ടിരിക്കുന്നതും ആയ ഗ്രന്ഥരത്നങ്ങൾ അവരുടെ അനിതരസാധാരണമായ കവനപാടവത്തിനും പ്രതി

ഭാവത്വത്തിനും നിദൎശനങ്ങളാണു്. എന്നാൽ വിഭിന്നമായ രീതിയിലാണു് ഈ മഹാകവികൾ യാത്ര ചെയ്യുന്നതു്. കുമാരനാശാനവർകളുടെ രീതി ആംഗലവാണിയെ അനുസരിച്ചിട്ടുള്ളതാണു്.

"ഹാ! പുഷ്പമേ!യധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ!നീ"

എന്നിങ്ങനെ ആരംഭിച്ചപ്പോൾ തന്നെ നവീനരീതിയിലേക്കു കാലുവയ്ക്കുകയായി. സ്തോഭജനകമായ വിധം സംഗതി പ്രസ്താവിക്കുന്നതിനു് അദ്ദേഹം പ്രദൎശിപ്പിച്ചിട്ടുള്ള വൈഭവം പ്രശംസാൎഹമായിരിക്കുന്നു. തന്റെ കവിതകളിൽ ഉപദേശം നൽകുന്നതിനു കവി കാണിച്ചിരിക്കുന്ന പാടവം വേദാന്തികളെപ്പോലും ആശ്ചൎയ്യപരതന്ത്രരാക്കിത്തീൎത്തിരിക്കയാണു്. താഴെ പറയുന്ന ശ്ലോകം ശ്രദ്ധിക്കുക.

"ആരും തോഴീ! യുലകിൽ മറയുന്നില്ല
മാംസംവെടിഞ്ഞാൽ
തീരുന്നില്ലി പ്രണയജടിലം ദേഹി
തൻദേഹബന്ധം
പോരും ഖേദം പ്രിയസഖി! ചിരം വാഴ്ക
മാഴ്കാതെ വീണ്ടും
ചേരും നാം കേൾ; വിരതഗതിയായില്ല
സംസാരചക്രം."

വള്ളത്തോളിന്റെ രീതി വേറൊരു വിധത്തിലാണു്. പാശ്ചാത്യപൌരസ്ത്യചിന്താഗതികളെയും രീതിവൈചിത്ര്യങ്ങളെയും സംഘടിപ്പിച്ചു് അതിൽ നിന്നൊരു പുതിയ പ്രസ്ഥാനം വെട്ടിത്തുറന്നു് സ്വൈരമായി വിഹരിക്കുകയാണു് അദ്ദേഹം ചെയ്തിട്ടുള്ളതു്. "വാക്യം രസാത്മകം കാവ്യം" എന്നതിനെ ചിത്രീകരിച്ചു പ്രദൎശിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശ്ലാഘ്യശ്രമത്തെ ശിര

ഷ്വലനപൂർവ്വം പ്രശംസിക്കാതിരിക്കാൻ ആൎക്കാണു് സാധിക്കുക? തൻെറ കവിതകളിലെ ആശയങ്ങൾക്കുള്ള സൗകുമാൎയ്യവും, പദങ്ങളുടെ അന്യോന്യമൈത്രിയും, ലാളിത്യവും ആകപ്പാടെ ചിന്തിച്ചാൽ ഓരോ പദങ്ങളും കടഞ്ഞെടുത്തു് ഭംഗിയായും ശരിയായും കോൎക്കപ്പെട്ട ഓരോ മണിപ്രവാളഹാരം തന്നെയാണു് അദ്ദേഹത്തിൻെറ ഖണ്ഡകാവ്യങ്ങളെന്നു സഹൃദയന്മാർ സമ്മതിക്കും. തൻെറ സമീപത്തേക്കു വന്ന ഉഷയെ അനിരുദ്ധൻ സമാശ്വസിപ്പിക്കുന്ന ഒരു പദ്യം കേൾക്കുക.

"ആപത്തു ഭാവിയിലിരിക്കുവതായ ഭാഗ്യ-
ദീപത്തിനുള്ള നിലാണുഴലായ്ക്കതിങ്കൽ
ഹേ! പക്ഷ്മളാക്ഷി! നിജസത്തമനി ചെന്നുവാഴ്ക
താപത്തിനിത്തളിരുമെയ്യിടയാക്കിടാതെ."

ഉള്ളൂരിൻെറ കവിതാരീതി മേല്പറഞ്ഞ രണ്ടുകവികളുടെയും മദ്ധ്യത്തിൽ നില്ക്കുന്നു. ഭാവനാസമ്പത്തിയും വചോമധുരിമയും അദ്ദേഹത്തിൻെറ കൃതികളിൽ പരിലസിക്കുന്നു. ആംഗലഭാഷാവൈദഗ്ദ്ധ്യവും, സംസ്കൃതഭാഷാപാണ്ഡിത്യവും, തൻെറ വിശിഷ്ടകാവ്യങ്ങളുടെ ഉൽക്കൎഷത്തെ നിതരാം വൎദ്ധിപ്പിക്കുന്നു. ഉമാകേരളം വിശിഷ്ടമായ ഒരു സാഹിത്യഭണ്ഡാഗാരവും, മററുഖണ്ഡകാവ്യങ്ങൾ ഭാഷയുടെ വിലയേറിയ സമ്പത്തുകളുമാണു്. ആധുനിക കവികളിൽ പ്രഥമഗണനീയനായ ഉള്ളൂർ പച്ചമലയാളത്തിൽ പോലും ആസ്വാദ്യമായ കവിത എഴുതി സാഹിത്യലോകത്തെ രമിപ്പിച്ചുകൊണ്ടിരിക്കുന്നു. കേവലം ശുഷ്കമായ ചരിത്രസംഭവങ്ങളെ അനിതരസാധാരണമായ പ്രതിഭാവത്വത്തോടുകൂടി കഥാരൂപത്തിൽ പ്രദൎശിപ്പിക്കുന്നതിന്നു് അദ്ദേഹത്തിനു സ്വതസ്സിദ്ധമായ വാസനയുണ്ടു്. സ്വാഭാവികമായി സംഭവങ്ങളെ വൎണ്ണിക്കുന്നതിനുള്ള തൻെറ കല്പനാശക്തിയുടെ പ്രഭാവം എത്ര അത്ഭുതാവഹമായിരിക്കുന്നുവെന്നു് കാണുക,

"പോരും തളന്നതു! പോരും തളന്നതു !
പൂരുഷചൈതന്യപ്പൊൽത്തിടമ്പേ !
താടിക്കു കൈകുത്തിത്താഴോട്ടു നോക്കാതെ,
മൂടെഴും വീർപ്പൊന്നുമിട്ടിടാതെ
നിന്മിഴി മങ്ങാതെ പാദം കുഴയാതെ
നട്ടെല്ലതെല്ലും വളഞ്ഞിടാതെ
ധീരനായ് മുന്നോട്ടു ചാടിക്കുതിച്ചു നീ
പോരുക ! പോരുക ! പുണ്യവാനേ."

ഭാഷാസാഹിത്യസാമ്രാജ്യം ശോഭാപരിപൂർണ്ണമായ ഭാവിയിലേക്കു് ത്വരിതത്തിൽ പൊയ്ക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ മഹാകവികൾ പ്രശാന്തരമണീയമായ രീതിയിൽ നൽകിക്കൊണ്ടിരിക്കുന്ന ഖണ്ഡകാവ്യങ്ങൾ ഗാനം ചെയ്തു് സാഹിത്യലോകം പരമാനന്ദമടയുമെന്നു് പ്രതീക്ഷിക്കുന്നതിൽ അബദ്ധമില്ല. ലീല, പ്രരോദനം, അനിരുദ്ധൻ, കപീർദാസ്, പിംഗള, കർണ്ണഭൂഷണം, ബധിരവിലാപം മുതലായ ഉത്തമ ഖണ്ഡകാവ്യങ്ങൾ ഏതു കാലത്തും സാഹിത്യദേവിയുടെ കണ്ഠാഭരണമായി വിലസുകതന്നെ ചെയ്യും. ഈ മൂന്നു മഹാകവികളെയും അവരുടെ ലോകോത്തരപ്രജ്ഞാപ്രകർഷത്തെയും കവനശക്തിയെയും പററി ചിന്തിക്കുമ്പോൾ കൈരളീമംഗളഗാനത്തിലെ താഴെ പറയുന്ന ഭാഗം ആരാണു് ഓക്കാതിരിക്കുന്നതു്?

(ആനന്ദമാനന്ദമാനന്ദമേ എന്നമട്ടു്)

പല്ലവി

"മംഗളം മംഗളം കൈരളിയേ സർവ്വ--
മംഗളം മംഗളം കൈരളിയേ."

ചരണങ്ങൾ

"വെള്ളത്തിരപോലെ മേൽക്കുമേൽ വേഗം
കൊള്ളുന്ന ഗംഭീരപദ്യപ്രവാഹം

തള്ളിപ്പുരത്താനമേയപ്രഭാവ—
മുള്ളൂരുവാഴ്‌വതേ നിൻമഹായോഗം.

നിന്മേനിയിൽ കാവ്യ കുങ്കുമാ പൂശി
നിർമ്മലപ്പൂന്തെന്നൽ നിത്യവും വീശി
നിർമ്മായവാക്യങ്ങൾ നിന്നോടു പേശി
സമ്മതൻ വാണു കുമാരനാമാശാൻ.

ബ്രഹ്മരൂപധ്യാനലബ്ധപ്രകാശൻ
ബിന്ദുനാദാപൂരിതാന്തരാകാശൻ
ചിന്മയഗീതങ്ങൾ തൂകും യതീശൻ
മംഗളൻവാഴ്‌ക വള്ളത്തോൾകവീശൻ—മംഗളം'

ഇന്നു ഭാഷയ്ക്കു് അഭൂതപൂർവ്വമായ ഒരു ഉണർച്ചയുണ്ടായിട്ടുണ്ടെന്നു സമ്മതിക്കണം. പണ്ഡിതന്മാരും, കവികളും നമ്മുടെ ഇടയിൽ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ.വി.യെപ്പോലെയുള്ള സരസന്മാരായ ഗദ്യകാരന്മാർ, കൃഷ്ണൻതമ്പി അവർകൾ തുടങ്ങിയുള്ള പണ്ഡിതന്മാർ ശ്രീമാൻ അനന്തൻപിള്ള, എൻ. ഗോപാലപിള്ള അവർകൾ തുടങ്ങിയുള്ള സഹൃദയാഗ്രേസരന്മാർ ഇവരെല്ലാം ഭാഷയുടെ ശോഭനമായ ഭാവിയെ നിതരാം സഹായിക്കുന്നുണ്ടു്. പുതിയ സർവ്വകലാശാല വരുന്നതോടുകൂടി മലയാളം അത്യുന്നതമായ ഒരു പദവിയിൽ എത്തിച്ചേരാതെ ഇരിക്കയില്ല.

———o———

# അദ്ധ്യായം ൧

# കേരളകവികളുടെ ചരിത്ര സംക്ഷേപം

**കേരള**കവികളെപ്പററി ചിന്തിക്കുമ്പോൾ പ്രഥമമായി പ്രാചീനകവിപുംഗവനായ കണ്ണശ്ശപ്പണിക്കരാണു് നമ്മുടെദൃഷ്ടിപഥത്തിൽ എത്തുന്നതു്. കണ്ണശ്ശപ്പണിക്കർ അഥവാ നിരണത്തുപണിക്കർ എന്നു പറയുമ്പോൾ "ഭഗവൽഗീതാ" കത്താവായ മാധവപ്പണിക്കരെയോ, "ഭാരതമാലാ" കത്താവായ ശങ്കരപ്പണിക്കരെയോ വിസ്മരിക്കാവുന്നതല്ല. എന്നാൽ, ഇവരുടെ കനിഷ്ഠസഹോദരനും രാമപ്പണിക്കർ എന്ന അഭിധാനത്തിൽ സുപ്രസിദ്ധനുമായ കണ്ണശ്ശപ്പണിക്കരെയാണു് ഇവിടെ ചിന്താവിഷയമാക്കേണ്ടതു്. തിരുവല്ലാ താലൂക്കിലെ നിരണമെന്ന സ്ഥലത്തു ജനിച്ച നമ്മുടെ കവിവര്യൻ തിരുവനന്തപുരത്തിനു സമീപമുള്ള മലയിൻകീഴ് എന്ന ദേശത്തിലാണു സ്ഥിരമായി താമസിച്ചിട്ടുള്ളതെന്നു് പ്രസ്താവിച്ചു കാണുന്നു. ഇദ്ദേഹം കൊല്ലവർഷം ൫൨൦ നും ൬൨൦-നും മദ്ധ്യേ ജീവിച്ചിരുന്നു. അക്കാലത്തു പല ഉൽകൃഷ്ടഗ്രന്ഥങ്ങൾ രചിച്ചു ഭാഷയെ അനല്പമായി പോഷിപ്പിച്ചിട്ടുണ്ടു്. മദ്ധ്യമലയാളകാലത്തിൻെറ അന്തിമദശയിൽ—സംസ്കൃതത്തോടും തമിഴിനോടും പോരാടി വന്ന ഘട്ടത്തിൽ—ഭാഷായോഷയെ യഥാത്ഥത്തിൽ സംരക്ഷിച്ചതു് കണ്ണശ്ശപ്പണിക്കരാണു്. തൻെറ ഭാഷാരീതി പ്രാചീന മണിപ്രവാളമെന്നു് ഒരു കൂട്ടരും, മുത്തമിഴെന്നു് മറെറാരു കൂട്ടരും പ്രസ്താവിക്കുന്നു. തമിഴും, സംസ്കൃതവും, മലയാളവും പണിക്കരുടെ കവിതകളിൽ സമ്മിളിതമായിരിക്കുന്നതിനാൽ

മുത്തമിഴെന്നു വാദിക്കുന്നവരുടെ പക്ഷം പ്രബലപ്പെട്ടിട്ടുണ്ട്. ശബ്ദഭംഗി, അൎത്ഥപുഷ്ടി, ശ്രവണമാധുൎയ്യം മുതലായവയാൽ രാമപ്പണിക്കരുടെ കൃതികൾ പ്രാചീനഭാഷാചരിത്രപരമ്പരയിൽ അത്യുന്നതമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നു. നിരണവൃത്തമെന്ന പേരിൽ രൂപീകൃതമായ പഴയ പ്രഖ്യാതവൃത്തത്തിലാണു് അദ്ദേഹത്തിൻെറ കവിതകളിൽ മിക്കതും പ്രസിദ്ധീകരിച്ചിരിക്കുന്നതു്. പിൽക്കാലത്തുണ്ടായിട്ടുള്ളവ വാസ്തവത്തിൽ ഇതിൻെറ വകഭേദങ്ങൾ മാത്രമാണു്. പ്രാസം ഖണ്ഡവിഭജനം മുതലായവ നിരണം കവികളുടെ കൃതികളിൽ സൎവ്വത്ര കാണാം. അന്താദിപ്രാസവും ഘടനപ്രാസവും ഇടയ്ക്കിടെ കാണ്മാനുണ്ട്. ഈ മഹാകവിയുടെ പ്രധാനകൃതികൾ ബ്രഹ്മാണ്ഡപുരാണം, പത്മപുരാണം, ഭാരതദശമം, രാമായണം മുതലായവയാണു്.

(൨)രണ്ടാമതു് ചെറുശ്ശേരിനമ്പൂരിയെക്കുറിച്ചു ആലോചിക്കാം. ഇദ്ദേഹം ൬൪൦-നും ൭൦൦-നും മദ്ധ്യേ ജീവിച്ചിരുന്ന ഒരു ഭക്തനായ കവിയാണു്. ചെറുശ്ശേരി നമ്പൂരി വടക്കേ മലയാളത്തിലുള്ള കോലത്തുനാട്ടിലെ ഉദയവൎമ്മ രാജാവിൻെറ ഒരു സേവകനായിരുന്നു. 'ചെറുശ്ശേരി' എന്നുള്ളതു് ഇല്ലപ്പേരാണു്. ഇദ്ദേഹത്തിൻെറ പ്രധാന കൃതി കൃഷ്ണഗാഥയും, ചെറുശ്ശേരിഭാരതവുമാണു്. കോലത്തിരിരാജാവിൻെറ ഭാൎയ്യയുടെ ആവശ്യപ്രകാരം അളന്തിരാഗത്തിൽ കൃഷ്ണഗാഥ ഉണ്ടാക്കിയിട്ടുള്ളതായി ഐതിഹ്യമുണ്ട്. കൃഷ്ണഗാഥ അവധാനപൂൎവ്വം വായിച്ചു് അതിൻെറ അന്തരാൎത്ഥം നേരേ മനസ്സിലാക്കുമ്പോൾ കവിതയിൽ വൎണ്ണനാബഹുലതയും മനോധൎമ്മപ്രചുരിമയും അൎത്ഥഗാംഭീൎയ്യവും ശബ്ദപുഷ്ടിയും ശരിയായി ഉണ്ടെന്നു് ബോധപ്പെടും.

കൃഷ്ണഗാഥയിലെ വൃത്തം ഗാഢമായി പരിശോധിച്ചാൽ പുരാതനകാലത്തുണ്ടായിരുന്ന വടക്കൻപാട്ടുകളുടെ ഒരു വകഭേദം മാത്രമാണെന്നു ഗ്രഹിക്കാം. എങ്കിലും, കൃഷ്ണഗാഥ ഏഴെട്ടു ഭിന്നവൃത്തങ്ങൾകൊണ്ടു സംഘടിപ്പിച്ചിരിക്കുന്നു. അധികഭാഗവും മാകന്ദമഞ്ജരിവൃത്തത്തിലാണു കാണുന്നതു്. മഞ്ജരി എന്നതു് കാകളിവൃത്തത്തിലുള്ള രണ്ടാംപാദത്തിൽ ആദ്യാക്ഷരങ്ങൾ രണ്ടു് കുറച്ചു ഉപയോഗിക്കുന്നതാണു്. അതിനു് താഴെ പറയുന്ന നിയമം അംഗീകാരയോഗ്യമായിരിക്കുന്നു.

"കൃഷ്ണഗാഥയതിൽ കാണും
കാകളീപിന്നടിക്കിഹ,
നിർണ്ണയം പതെഴുത്തെന്നാ
ലാകും മാകന്ദമഞ്ജരി."

(൩) മൂന്നാമതു് പറയാനുള്ളതു് കൊട്ടാരക്കരത്തമ്പുരാനെക്കുറിച്ചാണു്. രാമനാട്ടത്തിൻെറ ആദികർത്താവു് ഇദ്ദേഹംതന്നെ. കവിതകൾ പരിശോധിച്ചാൽ എഴുത്തിൽ വലിയ വാസനയുള്ളതായി കാണാനില്ല. ൭൦-നും ൮൦-നും ഇടയ്ക്കു ജീവിച്ചിരുന്ന ഈ കവി, തിരുവിതാംകൂറിലെ രോഹിണിതിരുനാൾ വീരകേരളവർമ്മ മഹാരാജാവു തിരുമനസ്സിലെ ഭാഗിനേയനും ശങ്കരകവിയുടെ ശിഷ്യനും ആണെന്നു് തെളിവുകളുണ്ടു്. ഇദ്ദേഹം രാമായണം കഥയെ ആസ്പദമാക്കി പ്രഥമമായി എട്ടു ദിവസത്തെ ആട്ടക്കഥകൾ നിർമ്മിച്ചു. അവ (൧) പുത്രകാമേഷ്ടി (൨) സീതാസ്വയംബരം (൩) വിച്ഛിന്നാഭിഷേകം (൪) ഖരവധം (൫) ബാലിവധം (൬) തോരണയുദ്ധം (൭) സേതുബന്ധനം (൮) രാവണവധം എന്നിങ്ങനെയാണു്. കഥകളുടെ ഗുണാഭാവംമൂലം പ്രചാരം നന്നേ കുറഞ്ഞിരിക്കുന്നു.

(൪) <u>പൂന്താനത്തു നമ്പൂതിരി</u>. വിഷ്ണുഭക്തനായ പൂന്താനത്തു നമ്പൂതിരി ഏകദേശം ൭൨൫-ാമാണ്ടിടയ്ക്കു വള്ളുവനാട്ടു താലൂക്കിൽ ജനിച്ചു. അദ്ദേഹത്തിന്റെ ഇല്ലം ഗുരുവായൂരിനു സമീപമാണ്. താൻ ഒരു വിദ്വാനല്ലായിരുന്നുവെന്നു മാത്രമല്ല, സമകാലീനന്മാരായ മേല്പത്തൂർ നാരായണഭട്ടതിരിയുടെയും, മററു പല സമത്ഥന്മാരുടെയും പരിഹാസപാത്രവുമായിരുന്നു. സീമന്തപുത്രന്റെ വിയോഗത്താൽ ദുഃഖാകുലനായ നമ്പൂതിരി വിരക്തനായി "ജ്ഞാനപ്പാന" എന്ന പ്രസിദ്ധ കൃതി എഴുതിയതോടുകൂടി മററുള്ളവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. ലളിതവും സരസവുമായ ഈ കൃതി അനേകം ദുഃഖിതരെ ആശ്വസിപ്പിച്ചു പോരുന്നുണ്ടു്. ഭക്തിപരവശനായ കവിയുടെ സന്താനഗോപാലംപാനയും, നാരായണഭട്ടതിരിയുടെ നാരായണീയവും ഒരു ദിവസത്തിലാണ് പൂത്തിയായിട്ടുള്ളതെന്നു് കിംവദന്തിയുണ്ടു്. പിൽക്കാലത്തു് സംസ്കൃതജ്ഞാനം നമ്പൂരിക്കു ലഭിച്ചിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യമായി ശ്രീകൃഷ്ണകർണ്ണാമൃതം വായിച്ചു നോക്കുക. കൂടാതെ, ആനന്ദനൃത്തം, പാത്ഥസാരഥിസ്തവം മുതലായവ പൂന്താനത്തിന്റെ കൃതികളാണ്.

(൫) <u>തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ</u>. കേരളകവികളെപ്പററി ചിന്തിക്കാൻ തുടങ്ങുന്നവരുടെ ഹൃദയങ്ങളെ ഹഠാദാകഷിക്കുന്നതു് ഭാഷാകവികുലസാമ്രാട്ടായ തുഞ്ചത്തെഴുത്തച്ഛനാണ്. ഇദ്ദേഹം കൊല്ലം ൭൦൦-നും ൮൦൦-നും മദ്ധ്യേ ജീവിച്ചിരുന്നു. മലബാറിൽ വെട്ടത്തുനാട്ടുദേശത്തു തൃക്കണ്ടിയൂർ ക്ഷേത്രത്തിനു സമീപമുള്ള തുഞ്ചൻപറമ്പാണ് കവിയുടെ ജന്മസ്ഥലമായി അറിയപ്പെട്ടിരിക്കുന്നതു്. ജാതിയിൽ ചക്കാലനായരാണെന്നു ഐതിഹ്യം പറയുന്നു. ശ്രവണമധുരമായ ശബ്ദസംഘടന, അനന്യസാധാരണമായ മനോധമ്മപ്രചുരിമ, ആ

സ്വാദ്ധ്യമായ അലങ്കാരപ്രദർശനം, അകൃത്രിമ മധുരമായ പ്രാസവിലാസം, ചേതോഹരമായ ആശയപുഷ്ടി, രസം തുളുമ്പുന്ന കവിതാരീതി എന്നിങ്ങനെ തികഞ്ഞ കവിതാഗുണങ്ങളോടുകൂടി സമുദ്രം പോലെ ഗംഭീരമായ കാവ്യങ്ങൾ നിർമ്മിക്കാൻ എഴുത്തച്ഛനൊഴികെ ആക്കാണു് സാധിക്കുക? രസങ്ങളും, ഭാവങ്ങളും, ഭാഷയും ഒരുപോലെ തന്റെ മനോധർമ്മത്തിനു സദാ വഴങ്ങിക്കൊടുക്കുന്നതായി കാണാം. ഭക്തിപരിശീലനത്തിനും, സന്മാർഗ്ഗപോഷണത്തിനും എഴുത്തച്ഛന്റെ കവിതയ്ക്കുള്ള പ്രേരണാശക്തി ഒന്നു വേറെ തന്നെയാണു്. ഈ മഹാകവിയുടെ തർജ്ജമയെപ്പററി ഒരു മഹാൻ ഇപ്രകാരം പറയുന്നു. "എഴുത്തച്ഛൻ തർജ്ജമയിൽ മൂലഗ്രന്ഥകാരന്റെ അടിമയായി ഒരിക്കലും ഇരുന്നിട്ടില്ല. തന്റെ വർണ്ണനകൾ മൂലത്തിന്റെ ഭാഷാന്തരമല്ല; സ്വന്തം ഭാവനാശക്തിയുടെ ഫലമത്രേ. തന്റെ മനോധർമ്മമാകുന്ന പഞ്ചസാരകൊണ്ടു പൊതിഞ്ഞിട്ടാണു് പലപ്പോഴും അന്യാശയങ്ങളെ നമുക്കു തരാറുള്ളതു്." എഴുത്തച്ഛന്റെ ഭാഷാരീതി ഉത്തമമായ മണിപ്രവാളരീതിക്കു മാതൃകയാണെന്നുപറയുന്നവരും അറിയുന്നവരും ഏറെയുണ്ടു്. സംസ്കൃതവിഭക്തിയെയും അന്വയക്രമങ്ങളെയും താൻ നിർദ്ദയമായി തള്ളിക്കളയുക സഹജമാണു്. ആവശ്യമുള്ള സ്ഥലങ്ങളിൽ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നതിൽ എഴുത്തച്ഛൻ വിമുഖത പ്രദർശിപ്പിച്ചിട്ടില്ല. കേരളഭാഷാചരിത്രത്തെ അവധാനപൂർവ്വം വായിച്ചാൽ എഴുത്തച്ഛൻ നിരണം കവികളുടെ അനുഗാമിയാണെന്നു ബോധപ്പെടും. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടു് ഹൈന്ദവഭവനങ്ങളിൽ നിത്യോപയോഗമായിത്തീർന്നിട്ടുണ്ടു്. പ്രൗഢോജ്ജ്വലവും, ശാന്തകോമളവുമായ ഭാരതത്തെയും ഭക്തിപുരസ്സരം ആദരിച്ചു പോരുന്നുണ്ടു്. ഇദ്ദേഹത്തിനു് നല്ല കവിതാവാസനയുള്ള പലേ ശിഷ്യന്മാർ ഉണ്ടാ

യിരുന്നു. അവരിൽ പ്രധാനികൾ ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടിന്റെയും, വേതാളചരിത്രത്തിന്റെയും കർത്താവായ കരുണാകരനെഴുത്തച്ഛനും, സ്കാന്ദപുരാണം കിളിപ്പാട്ടിന്റെ രചയിതാവായ സൂര്യനാരായണനെഴുത്തച്ഛനും ആകുന്നു. എഴുത്തച്ഛന്റെ മററുകൃതികൾ ഭാഗവതം, ചിന്താരത്നം, പാതാളരാമായണം, ഗണാഷ്ടകം, ദേവീമാഹാത്മ്യം, ഹരിനാമകീർത്തനം, മുതലായവയാണ്.

(൪) കോട്ടയത്തു കേരളവർമ്മ തമ്പുരാൻ. ഉമയമ്മറാണിയുടെ ഭരണകാലത്തു തിരുവിതാംകൂർ ആക്രമിച്ച മുകിലനെ തോല്പിച്ചു ഓടിച്ച യുദ്ധവിദഗ്ദ്ധനാണിദ്ദേഹം. വിദ്വാനും, കവിയുമായിരുന്ന കേരളവർമ്മതമ്പുരാൻ ൯-ാം ശതവർഷത്തിൽ ജീവിച്ചിരുന്നു. ഇദ്ദേഹത്തിന്റെ അസാമാന്യമായ സംസ്കൃതപാണ്ഡിത്യവും, സ്വതസ്സിദ്ധമായ കവിതാപാടവവും, തന്റെ വൈരാഗ്യചന്ദ്രോദയത്തിലും, വാല്മീകിരാമായണം കിളിപ്പാട്ടിലും പ്രതിഫലിച്ചു കാണുന്നു. മേൽ പറഞ്ഞ കൃതികൾ, താൻ പണികഴിപ്പിച്ച് എഴുന്നെള്ളിത്താമസിച്ചുവന്ന വലിയ കോയിക്കൽ കൊട്ടാരത്തിൽവച്ച് കിളിപ്പാട്ടുരീതിയിൽ എഴുതിയിട്ടുള്ളതാണ്. വൈരാഗ്യചന്ദ്രോദയം ഒരു അരയന്നം പറയുന്നതായിട്ട് രചിച്ചിരിക്കയാൽ "ഹംസപ്പാട്ട്" എന്നും വിളിച്ചുവരാറുണ്ട്. കവിതകൾ സാഹിത്യലോകത്തിന്റെ ദൃഷ്ടിയെ ആകർഷിക്കുന്നവതന്നെ. കൂടാതെ, തിരുവട്ടാററുവെച്ച് "ആദികേശവസ്തോത്ര" മെന്നൊരു കൃതികൂടെ നിർമ്മിച്ചിട്ടുള്ളതായും പ്രസ്താവിച്ചുകാണുന്നു. ഇദ്ദേഹത്തിന്റെ സമകാലീനനായിരുന്ന കടത്തനാട്ടു തമ്പുരാൻ 'ശതമുഖരാമായണം, ആട്ടക്കഥ ഉണ്ടാക്കിയിട്ടുണ്ട്.

(൫) കോട്ടയത്തു വിദ്വാൻതമ്പുരാൻ:— ഇദ്ദേഹം കോട്ടയത്തു കേരളവർമ്മതമ്പുരാന്റെ അനന്തരവനായി

രുന്നു. മന്ദബുദ്ധിയായിരുന്ന തമ്പുരാൻ വിദ്വാനായതു് വെറുംയാദൃച്ഛികസംഭവമായിരുന്നു. ദൈവത്തിൻെറ പ്രസാദം കൊണ്ടാണു് ഈ മാററം സംഭവിച്ചിട്ടുള്ളതെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. ൭൦൦-നും ൭൫൦-നും മദ്ധ്യേ ഇദ്ദേഹം ജീവിച്ചിരുന്നുവെന്നുള്ളതു് വിശ്വാസയോഗ്യമായിതോന്നുന്നു. തമ്പുരാൻ സംസ്കൃതത്തിൽ അതിവിദ്വാനായിരുന്നു. കവിതകളിൽ യഥാൎത്ഥചാതുൎയ്യം തെളിഞ്ഞു കാണ്മാനുണ്ടു്. ഭാരതത്തിൽ ആരണ്യപൎവ്വത്തിലുള്ള കഥകളെ ലക്ഷ്മീകരിച്ചു് കിൎമ്മീരവധം, ബകവധം, കല്യാണസൗഗന്ധികം, നിവാതകവചവധം എന്നിങ്ങനെ പരിഷ്കൃതരീതിയിലുള്ള നാലു് ആട്ടക്കഥകൾ എഴുതിയിട്ടുണ്ടു്. ശ്ലോകങ്ങളെല്ലാം സംസ്കൃതംതന്നെ എന്നു പറയാം. എന്നാൽ ശബ്ദഭംഗി അത്യന്തം മനോഹരവുമാണു്. കൎണ്ണാനന്ദകരമായ ശബ്ദധാടി സ്വതസ്സിദ്ധമായ സ്വാരസ്യത്തോടു കൂടി സൎവ്വത്ര പരിലസിക്കുന്നു. സുഖകരമായി ആടുന്നതിനും പാടുന്നതിനും ഈ കൃതികൾ വളരെപ്രഖ്യാതമായവയാണു്. ഇദ്ദേഹത്തിൻെറ കൃതികൾ വായിച്ചാൽ കവി ഒരു വിദ്വച്ഛിരോമണിയെന്നു് ആരും സമ്മതിക്കും. 'മോക്ഷദായകപ്രകരണം' എന്നൊരു കിളിപ്പാട്ടും അദ്ദേഹം നിൎമ്മിച്ചിട്ടുണ്ടു്. വേറെ ചില ഖണ്ഡകൃതികൾ ഉള്ളതു് അത്ര പ്രസിദ്ധമായിട്ടില്ല.

(൫) മഴമംഗലം നമ്പൂരി:—കൊച്ചി ശീമയിൽ ഊരകം എന്ന ദിക്കിലുള്ള പെരുമന ഇല്ലത്തിൽ ഭൂജാതനായ ഇദ്ദേഹം, ഒൻപതാം ശതാബ്ദത്തിൻെറ ഒടുവിലാണു ജീവിച്ചിരുന്നതു്. ബാല്യത്തിൽ ഒരു വികൃതിയായി അലഞ്ഞുഴന്നതിനാൽ ഇല്ലത്തുനിന്നും ആട്ടി പുറത്താക്കി. വിദേശത്തു പോയി വേണ്ട വിദ്യാഭ്യാസം ചെയ്തു് ഒരു വിദ്വാനായി തിരിച്ചുവന്നതു് ഇരുപത്തിനാലു സംവത്സരം കഴിഞ്ഞിട്ടാണു്. നമ്പൂരി ആദ്യമായി സംസ്കൃതത്തിൽ പതിനെട്ടു ശ്ലോകമുള്ള 'ആശൗചം' എന്നൊരു ഗ്രന്ഥം

നിമ്മിച്ചു. അതു സാധാരണക്കാക്ക് മനസ്സിലാക്കാൻ പ്രയാസമെന്നു കണ്ടു് ഭാഷയിൽ അതിനെത്തന്നെ പുതുക്കി അഠ്പതു ശ്ലോകമുള്ള ആശൌചം വീണ്ടും ഉണ്ടാക്കിയിട്ടുണ്ടു്. കൂടാതെ പുരാണങ്ങളെ ആസ്പദമാക്കി അനവധി കഥകരം മഴമംഗലം രചിച്ചിട്ടുണ്ടെന്നു പണ്ഡിതന്മാരിൽ പലരും അഭിപ്രായപ്പെടുന്നു. ഇദ്ദേഹത്തിൻെറ കൃതി ഭാഷാനൈഷധചമ്പുവാണു്. കൊടിയവിരഹം സംസ്കൃതകാവ്യവും, ബാണയുദ്ധപ്രബന്ധവും ഇദ്ദേഹത്തിൻെറ കൃതികളാണെന്നു ഒരു കൂട്ടർ വാദിക്കുന്നു. നൈഷധചമ്പു സംസ്കൃതബഹുലമാണെങ്കിലും അന്യാദൃശ്യമായ കവിതാമാധുയ്യത്താൽ സഹൃദയലോകത്തിനു നിതരാം ആരാധ്യമായിത്തീന്നിട്ടുണ്ടു്.

(൯) രാമപുരത്തു വായ്യർ:-നല്ല കവിതാവാസനയുള്ള ഈ സരസകവി എട്ടാംശതവഷത്തിൻെറ അന്തിമഘട്ടത്തിൽ മീനച്ചൽ താലൂക്കിൽ ചേന്ന രാമപുരം എന്ന സ്ഥലത്തു ജനിച്ചു. ബാല്യത്തിൽ തന്നെ ഭാഷയിൽ സാമാന്യം വ്യുൽപത്തി സമ്പാദിച്ചിരുന്നു. ആദ്യമായി ചില കീത്തനങ്ങളും ഒററശ്ലോകങ്ങളുമാണു് എഴുതിയിട്ടുള്ളതു്. അക്കാലത്തു് കവി കേവലം അപ്രസിദ്ധനായിരുന്നു. കുചേലവൃത്തം വഞ്ചിപ്പാട്ടാണു് ഇദ്ദേഹത്തിൻെറ പ്രധാനകൃതി. അതിൻെറ ഉദയത്തോടു കൂടിയാണു് ഭാഷാകവികളിൽ ഗണ്യമായ ഒരു സ്ഥാനം വായ്യക്കു സിദ്ധിച്ചതു്. ദരിദ്രനും രാജഭക്തനുമായ ഈ കവിയുടെ കുചേലവൃത്തം സരസമധുരമായ ഒരു കാവ്യമായി സഹൃദയന്മാർ ഇന്നും ആദരിച്ചു പോരുന്നു.

വഞ്ചിപ്പാട്ടിൻെറ ലക്ഷണം വൃത്തമഞ്ജരിയിൽ ഇങ്ങനെയാണു് കാണുന്നതു്.

"ഗണം ദ്വ്യക്ഷരമെട്ടെണ്ണ
മൊന്നാം പാദത്തിൽ, മററതിൽ
ഗണമാറെന്നുനില്ക്കണം

രണ്ടുമെട്ടാമതക്ഷരേ
ഗ്ഗുരുതന്നെയെഴുത്തെല്ലാ-
മിസ്സീലിൻപേർ നതോന്നത."

രാമപുരത്തു വാര്യരെ ദാരിദ്ര്യദേവത 'ഗളഹസ്തം' ചെയ്തു പുറത്താക്കി. ഗത്യന്തരമില്ലായ്കയാൽ വൈക്കത്തു എത്തി ദേവനെഭജിച്ച് താമസിച്ചുവന്നു. ഇങ്ങനെ കഴിയുമ്പോൾ ഒരുദിവസം യാദൃച്ഛികമായി മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു്വൈക്കത്തു് എഴുന്നെള്ളുകയുണ്ടായി. ഇതുതന്നെ തൻെറ ഭാഗ്യപരീക്ഷണത്തിനുള്ള സന്ദർഭമെന്നു കരുതി തിരുമനസ്സിനെ സ്തുതിച്ച് അഞ്ചാറുശ്ലോകമുണ്ടാക്കി, രാമയ്യൻദളവാ വശം തൃക്കൈയിൽഎത്തിച്ചു. മഹാരാജാവ് സന്തോഷിച്ചു തിരുവനന്തപുരേത്തയ്ക്കു തിരിച്ചെഴുന്നള്ളിയപ്പോൾ വാര്യരെക്കൂടെ ബോട്ടിൽ കയറിക്കൊള്ളുന്നതിനു കല്പിച്ചു. ബോട്ടുനീങ്ങിത്തുടങ്ങിയ ഘട്ടത്തിൽ വഞ്ചിപ്പാട്ടുണ്ടാക്കി പാടുന്നതിനു തിരുമനസ്സുകൊണ്ടു ആജ്ഞാപിച്ചു. കല്പനപ്രകാരം ഗാനം നിർമ്മിച്ചു. വാര്യർ തിരുവനന്തപുരത്തു ബോട്ടിൽ നിന്നും ഇറങ്ങിയപ്പോൾ കുചേലവൃത്തം വഞ്ചിപ്പാട്ടു പൂർത്തിയായി. മഹാരാജാവു തിരുവുള്ളമുണ്ടായി ഒരു പ്രത്യേകസ്ഥലത്തു് കൊട്ടാരത്തിൽനിന്നും സകല ചെലവും കൊടുത്തു് കുറെ ദിവസം വാര്യരെ താമസിപ്പിച്ചു. നമ്മുടെ കവി തിരുമനസ്സിനെ മുഖം കാണിച്ച് മടങ്ങുന്ന സമയം യാതൊരു സമ്മാനവും ലഭിക്കായ്കയാൽ വിഷണ്ണനായിട്ടാണു് യാത്രയായതു്. പക്ഷേ, തൻെറ ഇല്ലത്തിൽ എത്തിയപ്പോൾ കുചേലനുണ്ടായതിലും ഉന്നതമായ സന്തോഷസംഭ്രമാത്ഭുതങ്ങൾ തന്നിൽ ആവേശിച്ചു. വാര്യരെ അറിയിക്കാതെ തന്നെ മഹാരാജാവു തിരുമനസ്സുകൊണ്ടു് കവിയുടെ ചെറിയ ഭവനമിരുന്ന സ്ഥലത്തു് വിചിത്രമായ മാളികയും, സുഭിക്ഷമായി കാലയാപനം ചെയ്യുന്നതിനുള്ള വസ്തുക്കളും സജ്ജീ

കരിച്ചിരുന്നതു നിമിത്തമാണു് വാൎയ്യരിൽ ഈ ഭാവഭേദമുണ്ടായതു്. ഇതത്രേ വഞ്ചിപ്പാട്ടിന്റെ ഉത്ഭവത്തെയും, രാമപുരത്തു വാൎയ്യരെയും സംബന്ധിച്ചു പറയുന്ന പ്രത്യേക കഥ.

(൧൦.) കാൎത്തിക തിരുനാൾതമ്പുരാനും, തിരുമനസ്സിലെ ഭാഗിനേയനും.

"ധൎമ്മരാജാ" "കിഴവൻ രാജാ" എന്നീ അപരനാമധേയങ്ങളാൽ സുപ്രസിദ്ധനായിട്ടുള്ള കാൎത്തിക തിരുനാൾ രാമവൎമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് കൊല്ലം ൮൯൯-ൽ തിരുവവതാരം ചെയ്തു. ൯൩൩. മുതൽ ൯൭൩ വരെ തിരുവിതാംകൂർരാജ്യത്തെ പ്രശസ്തമായി ഭരിച്ചു് "ധൎമ്മരാജാ"വെന്ന അന്വൎത്ഥനാമം സമ്പാദിച്ചു് പ്രഖ്യാതിയുണ്ടാക്കിയ തിരുമനസ്സുകൊണ്ടു ഒന്നാംതരം ഒരു ആയുധാഭ്യാസിയും അഗാധപാണ്ഡിതനും ആയിരുന്നതുകൂടാതെ, ഒരു സരസകവിയുമായിരുന്നു. തമ്പുരാൻ അനവധി നല്ല ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. രാജസൂയം, നരകാസുരവധം, സുഭദ്രാഹരണം, തെക്കൻ ബകവധം, തെക്കൻകല്യാണസൌഗന്ധികം, ഗന്ധൎവ്വവിജയം, പാഞ്ചാലിസ്വയംബരം മുതലായ ആട്ടക്കഥകൾ അവയിൽ സൎവ്വപ്രധാനങ്ങളാണു്. കാൎത്തിക തിരുനാൾ തമ്പുരാൻ രാജ്യഭാരം കൈയേൽക്കുന്നതിനു മുമ്പുതന്നെ അതായതു് കൊല്ലവൎഷം ൯൩൧-ൽ അശ്വതിതിരുനാൾ തമ്പുരാൻതിരുവവതാരം ചെയ്തു. മഹാപണ്ഡിതനും നല്ല കവിയുമായിരുന്ന അശ്വതിതിരുനാൾ ൩൧-ാമത്തെ തിരുവയസ്സിൽ നാടുനീങ്ങുന്നതിന്നു് മുമ്പായി അംബരീഷചരിതം, രുഗ്മിണീസ്വയംബരം, പൂതനാമോക്ഷം, പൌണ്ഡ്രകവധം എന്നീ നാലു് ആട്ടക്കഥകൾ രചിച്ചിട്ടുണ്ടു്. സഹൃദയലോകം ഇവയെ അത്യധികം ആദരിച്ചുപോരുന്നു. ആട്ട

ക്കഥകൾ കൂടാതെ അനേകം കീർത്തനങ്ങളും, പ്രബന്ധങ്ങളും, ഒററശ്ലോകങ്ങളും ഇദ്ദേഹം ഉണ്ടാക്കിയിരുന്നു.

(൧൧.) <u>കുഞ്ചൻനമ്പ്യാർ</u>—മലബാറിൽ ലക്കിടി തീവണ്ടിയാഫീസിന്നു സമീപം തിരുവില്വാമല എന്നൊരു സ്ഥലമുണ്ടു്. ഏറെക്കാലം കൊച്ചി സംസ്ഥാനത്തോടു സംഘടിച്ചിരുന്ന ഈ സ്ഥലത്തിന്നു അടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലമാണു് സുപ്രസിദ്ധനായ ഈ കവിയുടെ ജന്മദേശം. കൊല്ലവർഷം ൮൮൦-ാമാണ്ടിടയ്ക്കു് കലക്കത്തു് എന്ന ഭവനത്തിൽ കിടങ്ങൂർ കല്ലംപള്ളിനമ്പൂതിരിയുടെ പുത്രനായി കുഞ്ചൻ ജനിച്ചു. ഇദ്ദേഹത്തിൻെറ സാക്ഷാൽ പേരു് കൃഷ്ണനെന്നായിരുന്നെങ്കിലും കുഞ്ചൻ എന്ന ഓമനപ്പേരു് കാലാന്തരത്തിൽ പ്രധാനനാമമായി പരിണമിച്ചു. തൻെറ അനുജനായ ദാമോദരൻ നമ്പ്യാരോടൊന്നിച്ചാണു് പ്രാഥമികവിദ്യാഭ്യാസം നടത്തിയതു്. ബാല്യത്തിൽ തന്നെ ശീലാവതി, പത്തുവൃത്തം മുതലായ കൃതികൾ നമ്പ്യാർ നിർമ്മിച്ചു. കോഴിക്കോട്ടു് അങ്ങാടിയിൽ താമസിച്ചു് നാടോടിഭാഷ വശമാക്കുകയും പിന്നീടു സംസ്കൃതനാടകാദികൾ വായിക്കുകയും ചെയ്തിരിക്കണമെന്നു ചിലരും പ്രസ്താവിക്കുന്നുണ്ടു്. ഉദ്ദേശം പത്തൊൻപതു് വയസ്സു് പ്രായമായതോടുകൂടിയാണു് കുഞ്ചൻ തെക്കോട്ടു യാത്രതിരിച്ചതു്. ഈ യാത്രയിൽ ചെമ്പകശ്ശേരി രാജാവിൻെറ വാത്സല്യത്തിന്നു പാത്രീഭവിച്ചു. തുള്ളക്കഥയുടെ നിർമ്മാതാവു് കുഞ്ചൻ നമ്പ്യാരാണു്. ശീതങ്കൻ, ഓട്ടൻ, പറയൻ എന്നിങ്ങനെ മൂന്നു വിധത്തിലാണു് തുള്ളക്കഥകൾ നിർമ്മിച്ചിട്ടുള്ളതു്. കവിയുടെ അധിവാസം മിക്കവാറും ചെമ്പകശ്ശേരി രാജധാനിയിലായിരുന്നെങ്കിലും, വളരെക്കാലം തിരുവനന്തപുരത്തു് പാർക്കയും ഇടയ്ക്കിടെ കോട്ടയത്തും അമ്പലപ്പുഴയിലും പോയിത്താമസിക്കുകയും ചെയ്തിട്ടുണ്ടു്. കല്യാണസൌഗന്ധികം ശീതങ്കൻതുള്ളൽ പ്രഥമമായി അമ്പലപ്പുഴവെച്ചു എഴുതിയെന്നു

ന്ന് അറിവു്. കേരളസാഹിത്യത്തെ തൻെറ പ്രതിഭാ ശ ക്തികൊണ്ടു വികസിപ്പിച്ച ഈ മഹാകവി അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിനു തെക്കു "നമ്പ്യാർ മഠം" എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന ഒരു ചെറിയ ഭവ നത്തിൽ താമസിച്ചിരുന്നതായി കിംവദന്തിയുണ്ടു്. ഇദ്ദേ ഹത്തിൻെറ ഗുരുക്കന്മാർ അമ്പലപ്പുഴ നന്തിക്കാട്ടുവീട്ടി ൽ ഉണ്ണിരവിക്കുറുപ്പും, ഓണംപള്ളിമഠത്തിൽ പോററിയു മായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കൃതികളിൽ നിന്നു വിശദമാകുന്നു. നമ്പ്യാർ ഗുരുഭക്തനാണെന്നുള്ളതിനു് തൻെറ ഗ്രന്ഥങ്ങളിൽ പല ലക്ഷ്യങ്ങൾ കാണ്മാനുണ്ടു്. അവയിൽ ഒന്നു ഇവിടെ ഉദ്ധരിക്കാം:—

"ഗുരുനാഥൻ മമ ഗുണഗണമേറിന—
ധരണിസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിന്നെനിക്കൊരു
പെരുവഴിമാത്രം കാണാറായി."

ഫലിതപ്രയോഗങ്ങളിൽ നമ്പ്യാർ അദ്വിതീയനാ ണു്. സരസവും പ്രസന്നവുമായ തൻെറ ശാസനകൾ ആ രെയും ആകർഷിക്കുന്നതായിരിക്കും. എഴുത്തച്ഛൻെറ കാ ലത്തു് പ്രശാന്തഗൌരവമായി പ്രശോഭിച്ചിരുന്ന സാ ഹിത്യലോകം കുഞ്ചൻെറ ജീവിതഘട്ടത്തിൽ അത്യുത്സാ ഹംകൊണ്ടു് തുള്ളി ആത്തുതുടങ്ങി. ശകാരരൂപവും, ഹാസ്യരസപ്രധാനവുമായ കൃതികൾ മൂലമാണു് ന മ്പ്യാർ ലോകത്തെ ജയിച്ചതു്. ചാതുര്യം, രസികത, പ്രസന്നത, കൌശലം, ലോകനീതി തുടങ്ങിയുള്ള വിവി ധ സ്വാധീനശക്തികൾ ഉപയോഗിച്ചു അദ്ദേഹം ലോക ത്തെ വശപ്പെടുത്തിവന്നു. ഭാഷയുടെ ലാളിത്യം, സന്ദർ ഭോചിതമായി തെളിഞ്ഞു കാണുന്ന ഫലിതരസം, ഉപ ദേശാനുരൂപമായ ഹാസ്യരസം മുതലായവ കുഞ്ചൻെറ കൃതികളുടെ പ്രചുരപ്രചാരത്തിനു കാരണമായി ഭവിച്ചി ട്ടുണ്ടു്. മനുഷ്യരുടെ വിവിധ ചേഷ്ടകളെയും, സ്വഭാവ

വൈപരീത്യങ്ങളെയും, ആചാരാനുഷ്ഠാനങ്ങളെയും സാമുദായിക നടപടികളെയും കവിതാരൂപേണ പ്രകടിപ്പിക്കുന്നതിനു കാണിച്ചിട്ടുള്ള ചതുരതയാണു് തന്റെ വിജയലക്ഷ്യമായി പരിലസിക്കുന്നതു്. ജലധാരപോലെ ആശയങ്ങളെ സ്ഫുടമായി പ്രകാശിപ്പിച്ചു് വായനക്കാരെ രസിപ്പിക്കുന്നതിനുള്ള പാടവം അദ്ദേഹത്തിന്റെ കവിതകളിൽ സൎവത്ര പ്രത്യക്ഷീഭവിക്കുന്നു. നമ്മുടെ കവിക്കു് കവിതാരീതി ഒട്ടും വൈഷമ്യമായിത്തോന്നിയിട്ടില്ല. തന്റെ കവിതകളിലെ വിഷയങ്ങൾ "വായിൽ വന്നതു കോതയ്ക്കു പാട്ടു്" എന്ന രീതിയിൽ അദ്ദേഹം കണ്ടും കേട്ടും ഗ്രഹിച്ചിട്ടുള്ള സംഗതികൾ മാത്രമായിരുന്നു. പക്ഷേ, അതു വൈചിത്ര്യമായി വിവരിക്കപ്പെട്ടിരിക്കും. അളകാപുരിയും. ദേവലോകവുമെല്ലാം തിരുവനന്തപുരമോ ചെമ്പകശ്ശേരിയൊ ആക്കിയും, അവിടെയുള്ള ജനതതിയെ നമ്പൂരിമാരൊ, പട്ടന്മാരോ,നായന്മാരോ ആക്കിയും വൎണ്ണിക്കുന്നതിനു കുഞ്ചനെപ്പോലെ മററാൎക്കും സാദ്ധ്യമാകുന്നതല്ല. കേരളകവിതാസാമ്രാജ്യത്തിൽ അത്യുന്നതസ്ഥാനത്തിനു സൎവഥാ അർഹനായ ഈ കവികുലോത്തമൻ ൯൫൬-ാമാണ്ടു മിഥുനമാസം ൨൯-ാംനു ഉദ്ദേശം ൬൦-ാമത്തെ വയസ്സിൽ യശശ്ശരീരനായി. * കുഞ്ചൻനമ്പ്യാരുടെ കൃതികളായി എഴുപതിലധികം തുള്ളക്കഥകൾ തന്നെ ഇപ്പോൾ കിട്ടിയിട്ടുണ്ടു്. മററു പ്രധാന കൃതികൾ (൧) ശീലാവതി നാലുവൃത്തം (൨) രുഗ്മിണീസ്വയംബരം പത്തുവൃത്തം (൩) ഭഗവദ്ദൂതു് പതിനാലുവൃത്തം (൪) ഭാഗവതം ഇരുപത്തിനാലുവൃത്തം (൫) ചാണക്യസൂത്രം കിളിപ്പാട്ടു് (൬) ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യം (൭) രാമചന്ദ്രവിലാസം സംസ്കൃതകാവ്യം (൮) നളചരിതം കിളിപ്പാട്ടു് (൯) പഞ്ചതന്ത്രം (൧൦) ഉത്തരരാമായണം

* "രാമപാണിവാദവാദം" വിദ്യാൎത്ഥികൾ അറിഞ്ഞിരുന്നാൽ കൊള്ളാം.—Ed

മുതലായവയാണു്. കൂടാതെ ശംബരവധം, ബാണയുദ്ധം, കൈലാസയാത്ര, ഗോവർദ്ധനയാഗം, രാസക്രീഡ, രുഗ്മിണീസ്വയംവരം, സ്യമന്തകം, കംസവധം ഇങ്ങനെ എട്ടു ആട്ടക്കഥകളും, കുമാരപരമേശ്വരീസ്തോത്രവും, അനവധി ഒററശ്ലോകങ്ങളും, പാട്ടുകളും, കീർത്തനങ്ങളും നമ്പ്യാരാൽ വിരചിതമായിട്ടുണ്ടു്.

തുള്ളക്കഥയുടെ ഉത്ഭവത്തെയും ലക്ഷണത്തെയും പററി അല്പം ചിലതു ഇവിടെ പറയാം. നമ്പ്യാരുടെ തൊഴിൽ ചാക്യാർ കൂത്തിൽ മിഴാവു കൊട്ടുന്നതായിരുന്നു. ഒരിക്കൽ അമ്പലപ്പുഴ ക്ഷേത്രത്തിലെ ഒരു ഉത്സവദിനത്തിൽ പതിവനുസരിച്ചു നമ്പ്യാർ മിഴാവു കൊട്ടിക്കൊണ്ടിരിക്കുമ്പോൾ ആകസ്മികമായി ഒന്നു മയങ്ങിപ്പോയി. കുപിതനായ ചാക്യാർ സന്ദർഭമുണ്ടാക്കി നമ്പ്യാരെ നിർദ്ദയമായി അപഹസിച്ചു. ഇതിൽ നമ്പ്യാക്കു് അതിരററ കോപം ഉണ്ടായി. ചാക്യാർക്കൂത്തു കേൾക്കാൻ ഇനിമേൽ ആരെയും പോകാതാക്കണമെന്നു മനസ്സിൽ കരുതി കുഞ്ചൻ അന്നു രാത്രിയിൽ തന്നെ കല്യാണസൌഗന്ധികം തുള്ളക്കഥ നിർമ്മിച്ചു. നമ്പ്യാർ ഉദ്ദേശിച്ചതുപോലെ ചാക്യാർക്കൂത്തുസമയത്തു് അലങ്കാരങ്ങളോടും, താളമേളാദികളോടും താൻ ഉണ്ടാക്കിയ തുള്ളക്കഥ പാടിക്കളിക്കാൻ ആരംഭിച്ചു. കാണികൾ ആസകലം ചാക്യാർക്കൂത്തു ഉപേക്ഷിച്ചു് അതു കാണുന്നതിനു പോയിത്തുടങ്ങി. ഒടുവിൽ കൂത്തു കാണുന്നതിനു തീരെ ആളില്ലാതായി. ഇങ്ങനെ ചാക്യാരും നമ്പ്യാരും തമ്മിലുള്ള പിണക്കത്തിൽ നിന്നും മലയാളഭാഷയ്ക്കു് ഒരു നൂതനകവിതാരീതി ലഭിച്ചു എന്നാണു് പൊതുവിലുള്ള വിശ്വാസം. വൃത്തനിയമത്തോടുകൂടി കഥാപ്രവചനം ചെയ്യുന്നതും, കാവ്യരസം തുളുമ്പുന്നതുമായ ഒരു വക ചാക്യാർക്കൂത്തു തന്നെയാണു് തുള്ളക്കഥ എന്നുള്ളതു് നിർവ്വിവാദമാണു്, കൂത്തു പറയുന്നവർ പൊതുവിൽ സ്വീ

കരിച്ചിട്ടുള്ള മന്ദമായ ഗാനരീതി ത്യജിച്ച് ധ്രുതഗതിയിൽ രസദ്ദ്യോതകമായ വിധത്തിൽ പ്രയോഗിക്കുന്നതാണ് ഓട്ടൻതുള്ളൽ എന്നു പറയുന്നതു്. എഴുത്തച്ഛൻെറ കിളിപ്പാട്ടു രീതിയെ സംഗ്രഹിച്ച് ഇഴഞ്ഞ രീതിയിൽ ഓട്ടൻെറ പിറകിൽ ഗമിക്കുന്ന വേറൊരു വിധം തുള്ളൽപ്പാട്ട് ശീതങ്കൻ രീതിയായി പരിണമിച്ചു. എന്നാൽ, പറയൻതുള്ളൽ ഒരു വ്യത്യസ്തമായ രീതിയിലാണ് കാണുന്നതു്. പ്രാചീനസംസ്കൃതവൃത്തങ്ങളെയും, ഗാനശകലങ്ങളെയും ചമ്പുക്കളെയും പ്രാമാണ്യമാക്കി കേരളീയക്ക് ഇമ്പമായ താളലയത്തോടുകൂടി ഓട്ടൻ, ശീതങ്കൻ ഇവയുടെ മദ്ധ്യസ്ഥനെന്നവണ്ണം പറയൻതുള്ളൽ പ്രദർശിപ്പിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ മുൻഗാമികളുടെ സാഹിത്യസമ്പ്രദായങ്ങളെയും, രീതിവൈചിത്ര്യങ്ങളെയും, മററു ഗുണവൈശിഷ്ട്യങ്ങളെയും വേണ്ടപോലെ പര്യവേക്ഷണം ചെയ്തും തൻെറ ഉദ്ദേശനിവ്വഹണത്തിനു അത്യന്താപേക്ഷിതമായ ഉപാധികളെ അതാതിൽ നിന്നും സ്വീകരിച്ചും, അഗാധമായ ബുദ്ധിവൈഭവത്തിലും, കവിതാചതുരതയിലും, മനോധമ്മപ്രചുരിമയിലും, പാകപ്പെടുത്തി എടുത്തിട്ടുള്ള കാവ്യാമൃതരസായനം തന്നെയാണ് തുള്ളക്കഥയെന്നുള്ളതു്. തുള്ളക്കഥ മൂന്നുവിധത്തിൽ ആവിർഭവിച്ചതു് കേവലം വൃത്തഭേദം കൊണ്ടുമാത്രമാണ്. കൂത്തുപോലെ മിക്കവാറും തുള്ളക്കഥകളിൽ അഭിനയങ്ങൾ ഉണ്ടായിരിക്കും. സാധാരണമായി കഥകൾ പാടി അരങ്ങത്തു കളിച്ചുവരുന്നു. വേഷം കെട്ടുന്നതിൽ ചില വ്യത്യാസങ്ങൾ കണ്മാനുണ്ടു്. തുള്ളക്കഥകളുടെ രചനാവിഷയത്തിൽ തൻെറ ചിന്താമണ്ഡലത്തെ ആയാസപ്പെടുത്തിയിട്ടുള്ള കാര്യങ്ങളെ പാഞ്ചാലീപരിണയത്തിൽ അദ്ദേഹം തന്നെ വെളിപ്പെടുത്തിയിട്ടുണ്ടു്. അതു് ഇങ്ങനെയാണ്:—

SHREE KRISHNA VILASOM GRANDHASALA
TRIVANDRUM

"മാധുൎയ്യഗുണങ്ങളും അക്ഷരവ്യക്തിയും വേണം
സാധുത്വം പദങ്ങൾക്കും സതതം സംഭവിക്കേണം
ബോധിപ്പിപ്പതിനുള്ള കുശലത്വം അതും വേണം
ബോധമുള്ളവൎക്കുള്ളിൽ ബഹുമാനം വരുത്തേണം
ഹാസ്യത്തിനൊരു മാൎഗ്ഗം ചിലദിക്കിലതും വേണം
പ്രാസത്തിനൊരേടത്തും കുറവില്ലാതിരിക്കേണം
വാസനയ്ക്കൊത്തതുപോലെ വചനപ്രക്രമം വേണം
സംസൎഗ്ഗഗുണം കൊണ്ടു സകലം സിദ്ധമാക്കേണം
ഇച്ചൊന്ന ഗുണമെല്ലാം വഴി പോലെ വരുത്തിക്കൊ-
ണ്ടുച്ചത്തിൽ പ്രയോഗിച്ചാൽ ഫലിക്കും സംശയം വേണ്ടാ
മെച്ചത്തിൽ ഒരു കഥ പറയാനാഗ്രഹമെങ്കിൽ
ഇച്ഛയ്ക്കു ചേൎന്നപോലെ താളവും മേളവും വേണം
കഥയിൽ സംഗതി ചേൎത്തു കഥിക്കുമ്പോളതിൽ കൂടി
കഥിക്കേണ്ടിവരും കുത്തുകവികളും ചിലദിക്കിൽ
അതുകൊണ്ടു ഭവാന്മാൎക്കു വൈരമാകും ഭവിക്കൊല്ല
ഹിതജ്ഞന്മാർ അറിഞ്ഞെല്ലാം സഹിക്കേണം വണ
ങ്ങുന്നേൻ."

(൧൨) <u>ഉണ്ണായിവാൎയ്യർ</u>. ഇദ്ദേഹം കുഞ്ചൻനമ്പ്യാരുടെ * സമകാലീനനായ ഒരു സരസകവിയാണ്. വാൎയ്യർ ജനിച്ചതു് കൊച്ചിയിൽ ഇരിങ്ങാലക്കുട ക്ഷേത്രത്തിനു സമീപമുള്ള അകത്തൂട്ടുവാൎയ്യം എന്ന ഭവനത്തിലാണ്. ജനനകാലത്തെപ്പററി ഖണ്ഡിതമായ അഭിപ്രായം പറയുക സാദ്ധ്യമല്ല. കൊല്ലം ൯൧൯-ാമാണ്ടിടയ്ക്കാണെന്നുള്ള ഊഹം മിക്കവാറും ശരിയാണെന്നു് തോന്നുന്നു. ഉണ്ണായിവാൎയ്യർ പ്രാഥമിക വിദ്യാഭ്യാസശേഷം തൃശ്ശിവപേരൂർ പോയി പഠിക്കുകയും, ൨൯ വയസ്സു കഴിഞ്ഞു് കാവ്യനാടകാലങ്കാരാദികൾ അഭ്യസിച്ചു പണ്ഡിതനായിത്തീരുകയും ചെയ്തു.

---

* വാൎയ്യർ ഒമ്പതാംശതകത്തിനു മുമ്പു നിൎയ്യാതനായി എന്നു മഹാകവി പരമേശ്വരയ്യർ അഭിപ്രായപ്പെടുന്നു.-Ed.

അനന്തരം കവി നമ്പ്യാരോടുകൂടി കുറെക്കാലം തിരുവനന്തപുരം രാജധാനിയിൽ താമസിച്ച് ഇപ്പോൾ വിസ്മൃതിയിൽ ലയിച്ചിട്ടുള്ള നല്ല പല ശ്ലോകങ്ങളും കീൎത്തനങ്ങളും നിൎമ്മിച്ചു. വാൎയ്യരുടെ പ്രധാനകൃതികൾ നളചരിതം ആട്ടക്കഥയും ഗിരിജാകല്യാണം കിളിപ്പാട്ടുമാണ്. ഇതര കവികളിൽ ആരും തന്നെ പ്രാസഭംഗിയിൽ ഇത്രത്തോളം ശ്രദ്ധപതിപ്പിച്ചിട്ടില്ല. മണിപ്രവാളം ഇത്ര സരസമായി സാധാരണക്കാൎക്കു വഴങ്ങിവരിക എളുപ്പമല്ല. ചിലസ്ഥാനങ്ങളിൽ ഉള്ള സംസ്കൃതപദപ്രയോഗബഹുലത പലരേയും കുഴക്കുന്നുമുണ്ട്. ഇദ്ദേഹത്തിന്റെ നളചരിതത്തിൽ കാണുന്ന "കുലമിതഖിലവുമറുതിവന്നിതു" എന്ന പ്രയോഗം ഒരു അറമാണെന്നും, തനിക്കുതന്നെ അതു പററിയിട്ടുണ്ടെന്നും പരക്കേ ഒരു ബോധമുണ്ട്. * സ്വന്തം കുടുംബത്തിൽ ഇപ്പോഴും അനവധി ആളുകൾ ഉള്ള സ്ഥിതിക്ക് അതു സാധൂകരിക്കാവുന്നതല്ല. വാൎയ്യരുടെ കവിതയ്ക്കുള്ള സംഗീതയോഗ്യതയും, പദഘടനാസ്വാരസ്യവും, പ്രകൃതിനിരീക്ഷണപടുതയും പ്രാസാദ്യലങ്കാരദൃഢതയും അത്യന്തം ഹൃദയാവൎജ്ജകമാണ്. രാമപഞ്ചശതീസ്തവം എന്ന മറെറാരു കൃതിയും ഇദ്ദേഹം എഴുതിയിട്ടുള്ളതായി പ്രസ്താവമുണ്ട്.

(൫൩) ഇരയിമ്മൻ തമ്പി:— ഈ സരസകവിയുടെ ജനനസ്ഥലം തിരുവനന്തപുരം കോട്ടയ്ക്കകത്തു കിഴക്കേ മഠമാണ്. ൯൫൪-ൽ നാടുനീങ്ങിയ രാമവൎമ്മമഹാരാജാവു തിരുമനസ്സിലെ പുത്രിയായ പാൎവ്വതിപ്പിള്ളത്തങ്കച്ചിയായിരുന്നു കവിയുടെ മാതാവ്. ൯൫൭-ാമാണ്ടു ഭൂജാതനായ ഇരയിമ്മൻതമ്പി രവിവൎമ്മൻ എന്ന സാക്ഷാൽ പേരിൽ പുറമേ അധികം അറിയപ്പെട്ടിട്ടില്ല. തിരുമനസ്സുകൊണ്ടു യാദൃച്ഛികമായി വിളിച്ചുവന്ന "ഇരയിമ്മൻ" എന്ന പേരു പിൽക്കാലത്തിൽ പ്രസിദ്ധമായി.

---

* പക്ഷെ ഒരിയ്ക്കൽ 'അന്യം നിന്നു' പോയിട്ടുണ്ട്.—Ed.

ഇദ്ദേഹത്തിൻെറ പിതാവായ കേരളവൎമ്മൻതമ്പാൻ മഹാശാസ്ത്രജ്ഞനും വലിയ ഒരു രാജഭക്തനുമായിരുന്നു. ഇരയിമ്മൻ തമ്പി ബാല്യത്തിൽത്തന്നെ വിദ്യാഭ്യാസവിഷയത്തിൽ അനിതരസാധാരണമായ വൈദഗ്ദ്ധ്യം പ്രദശിപ്പിച്ചുവന്നു. മാത്രമല്ല, അക്കാലത്തു നടപ്പിലിരുന്ന സകല കലകളിലും അസാധാരണമായ നൈപുണ്യം സമ്പാദിക്കുകയും ചെയ്തു. സ്വതസ്സിദ്ധമെന്നപോലെ ചെറുപ്പം മുതൽക്കു കാണപ്പെട്ട കവിതാവാസന കാലാന്തരത്തിൽ പ്രശസ്തിയെ പ്രാപിച്ചു. ദിനരാത്രങ്ങൾ കൊട്ടാരത്തിൽത്തന്നെ കഴിച്ചുകൂട്ടിയിരുന്ന തമ്പി വിദ്വാന്മാരുമായുള്ള സമാഗമം കൊണ്ടു് വേഗത്തിൽ ജ്ഞാനസമ്പന്നനായിത്തീൎന്നു. ശയ്യാഗുണവും, അൎത്ഥസംസ്കൃതയും, ശബ്ദമധുരതയും, ചമൽക്കാരസ്വാരസ്യവും, ഇദ്ദേഹത്തിൻെറ കവിതകളിൽ കാണുന്ന പ്രത്യേകഗുണങ്ങളാണ്. കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ ആട്ടക്കഥകൾ പ്രൌഢസരസനായ ഇദ്ദേഹത്തിൻെറ വൈദുഷ്യത്തെ സ്പഷ്ടമാക്കുന്നു. കൂടാതെ, സുഭദ്രാഹരണം, രാസക്രീഡ എന്നീ രണ്ടു തിരുവാതിരപ്പാട്ടുകളും, വാസിഷ്ഠം എന്ന കിളിപ്പാട്ടും, ഭാഷയിലും സംസ്കൃതത്തിലും നിൎമ്മിച്ചിട്ടുള്ള ഒററ ശ്ലോകങ്ങളും അദ്ദേഹത്തിൻെറ അപരിമിതമായ കല്പനാശക്തിയെയും ദ്രുതകവിതാസാമൎത്ഥ്യത്തെയും ലക്ഷീകരിക്കുന്നു. തമ്പിയുടെ അപരിച്ഛേദ്യമായ യശസ്സിനെ പിൻതാങ്ങുന്നതിനു് വേറെയും പല കൃതികൾ രചിച്ചിട്ടുണ്ടു്. അവയിൽ നവരാത്രി പ്രബന്ധങ്ങൾ മുറജപപ്പാന, ഊഞ്ഞാൽപാട്ടുകൾ, കീൎത്തനങ്ങൾ, കുമ്മികൾ, മുതലായവ പ്രധാനങ്ങളാണ്.

(൫൪) കിളിമാനൂർ വിദ്വാൻ ചെറുണ്ണിക്കോയിത്തമ്പുരാൻ.

പ്രശസ്തകവിയും സുപ്രസിദ്ധപണ്ഡിതനുമായിരുന്ന

വിദ്വാൻ കോയിത്തമ്പുരാൻ ൯൮൬-ൽ ജനിച്ചു. ബാല്യകാലം മുതല്ക്കേ അവർണ്ണനീയമായ കവിതാവാസനയുണ്ടായിരുന്നു. പത്തു വയസ്സു മുതൽ നല്ല നല്ല കവിതകൾ എഴുതിത്തുടങ്ങിയെന്നറിയുമ്പോൾ പിൽക്കാലത്തു് മഹാവിദ്വാനായിത്തീർന്നതിനാൽ അത്ഭുതപ്പെടാനില്ല. ക്ഷണകാലംകൊണ്ടു് അസാധാരണ വ്യുൽപത്തി സമ്പാദിച്ച തമ്പുരാൻെറ വിദ്യാഭ്യാസകാലം തന്നെ പലരെയും വിസ്മയിപ്പിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കവിതയെഴുത്തിലുള്ള അനുപമേയമായ പാണ്ഡിത്യത്തെ മനസ്സിലാക്കിയ മഹാരാജാവു് അടുത്തുൺ കൊടുത്തു കൊട്ടാരത്തിൽ താമസിപ്പിക്കുകയും നിമിഷകവിതാത്തെ അഭിനന്ദിച്ചു തിരുമനസ്സുകൊണ്ടു് പലപ്രാവശ്യം സമ്മാനങ്ങൾ നൽകുകയും "വിദ്വാൻ" എന്ന സ്ഥാനം കല്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. ഒരേ ശ്ലോകത്തിൽതന്നെ പല അർത്ഥങ്ങളുള്ള അനേകം ശ്ലോകങ്ങൾ ഈ പണ്ഡിതശ്രേഷ്ഠൻ രചിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കവിതയ്ക്കു് ശബ്ദഭംഗിയും അർത്ഥസംസ്കൃതയും സ്വാരസ്യവും,പദപ്രയോഗവൈചിത്ര്യവും വിഷയഗാംഭീര്യവും, ക്രമീകരണപടുതയും ഔചിത്യരസികതയും സർവ്വത്ര സുലഭമാണു്. പ്രധാനകൃതികൾ രാവണവിജയം ആട്ടക്കഥയും, സന്താനഗോപാലം തുള്ളലുമാണു്. * കംസവധം ആട്ടക്കഥ ഇദ്ദേഹത്തിൻെറ കൃതിയാണെന്നു ഒരു പക്ഷമുണ്ടു്. ഈ കവിപുംഗവൻ ദീർഘകാലം കാവ്യലോകത്തെ പരിപുഷ്ടമാക്കുന്നതിനു ദുർവിധി അനുവദിച്ചില്ല. ഭാഗ്യദോഷത്താൽ തൻെറ ൩൨-ാമത്തെ വയസ്സിൽ ചരമഗതിയെ പ്രാപിച്ചു.

(൧൫) ചാത്തുക്കുട്ടിമന്നാടിയർ. ഈ അടുത്തകാലത്തുണ്ടായ പരിവർത്തനഘട്ടത്തിൽ ഭാഷയെ അലങ്കരിച്ചിട്ടു

* അതു് ആ വംശത്തിലെ മറെറാരു തമ്പുരാൻെറ കൃതിയാണു്.-Ed

ള്ള ജ്യോതിസ്സിലൊന്നായ മന്നാടിയർ കൊല്ലവഷം ൧൦൩൨-ാംമാണ്ടു ജനിച്ചു. കൊച്ചീ ശീമയിൽ ചിററൂർ കോവിലകത്തു വാതുക്കൽ ചമ്പത്താണു് അദ്ദേഹത്തിൻെറ ജന്മഭൂമി. ബാല്യത്തിൽ നല്ല ആരോഗ്യമില്ലാതിരുന്നതിനാൽ വിദ്യാഭ്യാസത്തിൽ കുറെ താമസം വേണ്ടി വന്നു. എങ്കിലും, സംസ്കൃതത്തിലും അലങ്കാരശാസ്ത്രങ്ങളിലും വ്യുൽപത്തി സമ്പാദിച്ചശേഷം വക്കീൽ പരീക്ഷയിൽ ജയിച്ചു് ഒരു അഭിഭാഷകനായി. അക്കാലത്തു തന്നെ പ്രബന്ധങ്ങളും, കവിതകളും സുലഭമായി നിമ്മിച്ചു. ആയില്യം തിരുനാൾ മഹാരാജാവിനെ മുഖം കാണിച്ചു സമ്മാനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ടു്. ഒരു വിദ്വാൻ ഇദ്ദേഹത്തിൻെറ കവിതാസരണിയെപ്പററി ഇങ്ങനെ പറയുന്നു. "മന്നാടിയാർ ഇതരകവിസൂൎയ്യന്മാരുടെ കിരണങ്ങളെ സ്വഹൃദയബിംബത്തിൽ പ്രതിഫലിപ്പിച്ചു് മലയാളികളിൽ കവിതാകൌമുദി തൂകി അവരുടെ വാത്സല്യഭാജനമായിത്തീൎന്ന ഒരു ഓമനത്തിങ്കൾക്കിടാവത്രെ." ഇദ്ദേഹത്തിൻെറ പ്രധാനകൃതികൾ ഹാലാസ്യമാഹാത്മ്യം പാട്ടു്, പുഷ്പഗിരിശസ്തോത്രം എന്ന സംസ്കൃത ആൎയ്യശതകം, ഉഷാകല്യാണം, ജാനകീപരിണയം, ഉത്തരരാമചരിതം നാടകം മുതലായവയാണു്. ഈ കവിശ്രേഷ്ഠൻ അവിചാരിതമായി പ്രമേഹരോഗത്താൽ ൧൦൭൭-ൽ ദീൎഘനിദ്ര പ്രാപിച്ചു.

(൧൩) വെൺമണി നമ്പൂരിമാർ. വെൺമണി നമ്പൂരിനാമധേയത്തിൽ അച്ഛനും, മകനുമായി രണ്ടുപേരുകൾ കാണ്മാനുണ്ടു്. തൃപ്പൂണ്ണിത്തുറ സ്വദേശികളായ ഇരുവരും കവിതയെഴുത്തിൽ അതിചതുരതയുള്ളവരും, നിമിഷകവനത്തിനും സമസ്യാപൂരണത്തിനും അതിവിരുതന്മാരുമായിരുന്നു. വെണ്മണിമഹൻ നമ്പൂരിപ്പാടിൽ കവിതാസൂൎയ്യൻ നല്ലപോലെ പ്രകാശിച്ചിരുന്നു. അ

ദ്ദേഹത്തിന്റെ ശൃംഗാരചന്ദ്രിക ഇന്നും കൈരളീചിത്തത്തെ ആനന്ദിപ്പിച്ചു പോരുന്നുണ്ടു്. പക്ഷേ, നമ്മുടെ നിർഭാഗ്യത്താൽ നമ്പൂരിയുടെ കവിതകൾ മിക്കവാറും ശൃംഗാരവിഷയമായി മാത്രം തീരുകയാണുണ്ടായതു്. മാത്രമല്ല, ശൃംഗാരത്തിന്റെ ഉച്ഛനീചമായ ഭാഗം വികസിപ്പിക്കുന്നതിനാണ് തനിക്കു കൂടുതൽ ഇഷ്ടമുള്ളതെന്നും തോന്നുന്നു.

"പോരാടിക്കൊന്നപോത്താം ദനുജനുടെകട
ഞ്ഞോരകോരിക്കുടിച്ചു
ങ്ങാറാടിത്തച്ചു കീറി കുടലുടലിലണി
ഞ്ഞാർത്തുകൊണ്ടാത്തമോദം"

എന്നിങ്ങനെ രസം നിരർഗ്ഗളമായി പ്രവഹിക്കുന്ന രീതിയിൽ എഴുതുവാൻ പ്രാപ്തനായ ഈ കവി ഉൽകൃഷ്ടവിഷയങ്ങളിലേയ്ക്കു തന്റെ വാസനാവൈഭവത്തെ തിരിച്ചിരുന്നുവെങ്കിൽ കേരളസാഹിത്യത്തിനു് എത്രയോ നന്മ സിദ്ധിക്കുമായിരുന്നു. ഔചിത്യത്തെ വിച്ഛേദിച്ചു് ഫലിതം പറഞ്ഞു വന്നതും, തന്റെ വിലയേറിയ കവിതകൾക്കു് ഗണ്യമായ ദോഷത്തെ വരുത്തിയിട്ടുണ്ടു്. ആകപ്പാടെ നോക്കുമ്പോൾ വെൺമണി നമ്പൂരിമാർ ഭാഷയ്ക്കു ചെയ്തിട്ടുള്ള ഗുണങ്ങൾ അവാച്യമാണെന്നു് ധൈര്യസമേതം പ്രസ്താവിക്കാം. ഇവരുടെ വർണ്ണനാചാതുര്യവും രീതിമാധുര്യവും അർത്ഥപാകതയും അന്യാദൃശമാണ്.

## (൧൩) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

സാധാരണയായി കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ എല്ലാവരും മഹാവിദ്വാന്മാരായിരിക്കുകയാണ് പതിവ്. കഥാനായകൻ ൧൦൪൦-ാമാണ്ടു് ഭൂലോകജാതനായി. മലയാളഭാഷയുടെ അഭിവൃദ്ധിയിൽ ബദ്ധശ്രദ്ധനും, രസികാഗ്രണിയുമായിരുന്ന തമ്പുരാൻ ഇരുപത്തിയഞ്ചു വയസ്സുമുതൽ ഇരുപത്തെട്ടുവരെയുള്ള കാലഘട്ടത്തിൽ ഏക

ദേശം ൧൦൦ ഗ്രന്ഥങ്ങളോളം നിൎമ്മിച്ചിട്ടുണ്ടെന്നറിയുമ്പോൾ തന്റെ കവനസാമൎത്ഥ്യത്തെപ്പററി ഊഹിക്കാവുന്നതാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കവിതകൾ പ്രായേണ വീരരസപ്രധാനങ്ങളാണെന്ന് ഒരു ആക്ഷേപമുണ്ട്. തൽപരിഹാരാൎത്ഥം ചമച്ച ചന്ദ്രിക എന്ന നാടകം പലക്കും രസമായിട്ടുള്ളതാണ്. മഹാഭാരതത്തെ വൃത്താനുവൃത്തമായി തൎജ്ജമചെയ്തു അദ്ദേഹം ഭാഷയെ പോഷിപ്പിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വിക്രമോൎവ്വശീയം നാടകം ഭാഷയ്ക്കു നല്ല ഒരു ആഭരണമാണ്. * വെണ്മണി അച്ഛൻ നമ്പൂരിപ്പാടിന്റെ പുത്രനായ ഈ വിദഗ്ദ്ധശിരോമണിയിൽനിന്നും ഭാഷയ്ക്കു് ഇത്രത്തോളം സഹായം ലഭിച്ചിട്ടുള്ളതിൽ അത്ഭുതപ്പെടാനില്ല.

(൧൭) <u>പൂയം തിരുനാൾ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ സി. എസ്സ്. ഐ. എഫ്. എം. യൂ.</u>

മലയാള ഭാഷയുടെ സൎവ്വതോന്മുഖമായ ഉൽക്കൎഷത്തിനു ആജീവനാന്തം അശ്രാന്തപരിശ്രമം ചെയ്ത കവിശ്രേഷ്ഠനും പണ്ഡിതാഗ്രേസരനും, നിരൂപണപടുവുമായ വലിയകോയിത്തമ്പുരാൻ തിരുമനസ്സിനെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ ചുരുക്കമൊണല്ലോ. ആധുനികമലയാളത്തിന്റെ നാരായവേരായ ഈ സഹൃദയാഗ്രേസരൻ ൧൦൨൦-ൽ ലക്ഷ്മിപുരത്തു കൊട്ടാരത്തിൽജനിച്ചു. പ്രാഥമികവിദ്യാഭ്യാസാനന്തരം പത്തു വയസ്സു കഴിഞ്ഞതോടുകൂടി തിരുവനന്തപുരത്തു താമസമാക്കി. ചുരുങ്ങിയ കാലത്തിനുള്ളിൽവിവിധ ഭാഷകളിൽ അപരിമിതമായ ജ്ഞാനം സമ്പാദിച്ചു.

അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമാരംഭദശയിൽ പാഠശാലകളിലുള്ള അഭ്യസനത്തിനു പറയത്തക്ക ഗദ്യപുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. മലയാളത്തിൽ ഗദ്യപുസ്തകങ്ങൾ ആദ്യമായി എഴുതിയതു് തിരുമേനിയായിരുന്നു

---

* ആശ്ചൎയ്യചൂഡാമണിയുടെ തൎജ്ജമ ഒരു മാതൃകയായി സ്വീകരിക്കാം.

വെന്നുവേണം പറയാൻ. അവിടത്തെ അക്ബറിലെ ഗദ്യരീതി ചമ്പുക്കളുടെ ഒരു തുടർച്ചയായി തോന്നും. ഇദ്ദേഹത്തിൻെറ കാലത്തു തിരുവിതാംകൂറിൽ ടെക്സ്ററു ബുക്കു കമ്മിററി ആദ്യമായി ഏൎപ്പെടുത്തി. ഈ അടുത്ത കാലത്തു ജീവിച്ചിരുന്ന ഗ്രന്ഥകാരന്മാരിൽ പ്രഥമഗണനീയനായ തിരുമനസ്സിനെത്തന്നെയാണു് പ്രസ്തുത കമ്മിററിയിലെ അഗ്രാസനാധിപതി സ്ഥാനത്തിൽ നിയോഗിച്ചതു്. ടെക്സ്ററു ബുക്കു കമ്മററിയുടെ പ്രസിഡെണ്ടായും, പ്രഥമനാടകത്തിൻെറ വിവൎത്തകനായും, മയൂരസന്ദേശത്തിൻെറ കൎത്താവായും ഇദ്ദേഹം സാഹിത്യസാമ്രാജ്യത്തിൽ ചെയ്തിട്ടുള്ള പരിഷ്ക്കാരം വാചാമഗോചരമാണു്. കവിതയെഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ അവിടുത്തെ ഔദാൎയ്യബുദ്ധിയും, ഭാഷാപോഷിണി സഭയുടെ ജനയിതാവായിത്തീൎന്ന ഉൽകൃഷ്ടാദൎശവും ഏതുകാലത്തും സ്മൎത്തവ്യമത്രേ. ബഹുഭാഷാനദീഷ്ണനും, സൽഗ്രന്ഥപ്രകടനകുശലനുമായ തമ്പുരാൻ ദ്വിതീയാക്ഷരപ്രാസത്തെ അക്ലേശമായി സൎവ്വത്ര പ്രയോഗിച്ചിട്ടുള്ളതു ആരെയും അത്ഭുതപരതന്ത്രരാക്കിത്തീൎക്കുന്നതാണു്. വൈകൃത്യത്തോടുകൂടിയ ദ്വിതീയാക്ഷരപ്രാസത്തിൻെറ ജനകനും ഇദ്ദേഹം തന്നെ. വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ശബ്ദാൎത്ഥപുഷ്ടിയോടുകൂടി അനേകഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. വിജ്ഞാനമഞ്ജരി, സന്മാൎഗ്ഗസംഗ്രഹം, മഹച്ചരിതസംഗ്രഹം, സന്മാൎഗ്ഗപ്രദീപം, ഇൻഡ്യാചരിത്രം, ഇംഗ്ലണ്ടുചരിത്രം, ധനതത്വനിരൂപണം, ക്ഷേത്രവ്യവഹാരം, തിരുവിതാംകൂർ ചരിത്രം, ഭൂവിവരണം, ആരോഗ്യരക്ഷോപായം, ലോകത്തിൻെറശൈശവാവസ്ഥ എന്നീ ഗ്രന്ഥങ്ങൾ താൻഇരുപത്തഞ്ചുകൊല്ലങ്ങൾ ടെക്സ്റ്റ് ബുക്കു കമ്മിററി പ്രസിഡൻറായിരുന്ന ഘട്ടത്തിൽ എഴുതിയിട്ടുള്ളവയാണു്. അഭിജ്ഞാനശാകുന്തളനാടകം, അ

ക്ബർ എന്ന ആഖ്യായിക, അമരുകശതകം, അന്യാപദേശശതകം, മയൂരസന്ദേശം മുതലായവ തന്റെ കവനവൈഭവത്തെ ലക്ഷീകരിക്കുന്നു. ഹനുമദുൽഭവം, ധ്രുവചരിതം തുടങ്ങിയുള്ള അഞ്ചു ആട്ടക്കഥകളും, മററു ഇരുപതോളം സംസ്കൃതകൃതികളും പരഗുണകാംക്ഷയോടുകൂടി തമ്പുരാൻ നിർമ്മിച്ചിട്ടുണ്ട്. തന്റെ പ്രേയസിയായ മഹാരാജ്ഞിയുമായുള്ള വിയോഗസന്ദർഭത്തിലാണ് മയൂരസന്ദേശം എന്ന വിശിഷ്ടകാവ്യം രചിച്ചതു്. ചാരിത്രശാലിനിയും, വിദുഷിയുമായ ഈ മഹാരാജ്ഞിയുടെ ഗുണഗണങ്ങളെ അഭിനന്ദിച്ചു് ഇംഗ്ലണ്ടിലെ മഹാരാജ്ഞിയായ ഇൻഡ്യാചക്രവർത്തിനി "ക്രൌൺ ആഫ് ഇൻഡ്യാ" (ഭാരതമകുടം) എന്ന ഉൽകൃഷ്ടബഹുമതി നൽകിയിട്ടുണ്ടു്. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അഭിജ്ഞാനശാകുന്തളം നാടകത്തിന്റെ വൈശിഷ്ട്യത്തെ ഹൃദയപൂർവ്വം ആദരിച്ചു് അദ്ദേഹത്തെ ജനതതി "കേരളകാളിദാസൻ" എന്നു് സാധാരണമായി വിളിച്ചു വരുന്നു. തിരുമനസ്സിലെ മണിപ്രവാളകവിതയുടെ * സാരസ്യം താഴെപ്പറയുന്ന ഉദാഹരണത്തിൽ നിന്നും മനസ്സിലാക്കുക.

(മൂലം)

"പരിഗ്രഹബഹുത്വേപി ദ്വേ പ്രതിഷ്ഠേ കുലസ്യ മേ
സമുദ്രവസനാചോർവ്വീ സഖീ ച യുവയോരിയം."

(തർജ്ജമ)

"ഉണ്ടെങ്കിലും ഭൂരികളത്രസംഗ്രഹം
രണ്ടേ കുലത്തിന്നു മമ പ്രതിഷ്ഠകൾ
ഒന്നാമതേഴാഴികൾ ചൂഴുമൂഴിയും
രണ്ടാമതീനിങ്ങടെയിഷ്ടതോഴിയും."

---

* മലയാളഭാഷ തമിഴിന്റെ അടിമത്തത്തിൽ നിന്നും വിമുക്തയായതോടുകൂടി സംസ്കൃതത്തോടു അധികമായ സമ്പർക്കമുണ്ടായി, ഹിന്ദുമതഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ അന്തർഭവിച്ചിരുന്നതുകൊണ്ടും,

അതിനെ വൈദികഭാഷയെന്നു് വിശ്വസിച്ചിരുന്നതുകൊണ്ടും പൊതുജനങ്ങൾ സംസ്കൃതാഭ്യസനത്തിനു് ഉത്സുകരായിത്തീർന്നു. ക്രമേണ നാട്ടുഭാഷയോടുള്ള പ്രതിപത്തി കുറയുകയും ഗൗരവവും പുതുമയും കണ്ടു സംസ്കൃതത്തെ കൂടുതൽ ആദരിച്ചു പോരുകയും ചെയ്തു. മലയാളം സംസ്കൃതത്തോടു ബന്ധിച്ചപ്പോൾ ക്രമേണ ജനസമ്മാന്യത്തിനു് ഒരു മിശ്രഭാഷ അനുഭവവേദ്യമായിച്ചമഞ്ഞു. ഈ മിശ്രണത്തിൽ പൊതുജനങ്ങൾ പ്രസക്തി പ്രദർശിപ്പിച്ചതോടുകൂടി കവികൾ ആ മാർഗ്ഗത്തിൽ കൂടി ചരിക്കാൻ തുടങ്ങി. ആ കവിതാസരണിക്കു പൊതുവേ മണിപ്രവാളമെന്നു് നാമകരണം ചെയ്തു. രമൽക്കാരസമന്വിതമായ ഭാഷാസംസ്കൃതസംയോഗമാണു് മണിപ്രവാളമെന്നു് ലീലാതിലകത്തിൽ പറഞ്ഞിരിക്കുന്നു. ചെമ്പും ഈയവും ചേർത്തു വെങ്കലനിർമ്മാണം ചെയ്യുന്നതുപോലെ മലയാളപദങ്ങളും സംസ്കൃതപദങ്ങളും സമുചിതമായി അനുരഞ്ജിപ്പിച്ചു് കവിതയെഴുതിയാൽ അതിനു മണിപ്രവാളമെന്നു പറയാം. മലയാളികളുടെ ആവശ്യത്തിനായിട്ടു മണിപ്രവാളം സജ്ജീകരിക്കുന്നതുകൊണ്ടു മലയാളപദങ്ങൾ കൂടിയിരിക്കണമെന്നു് പ്രത്യേകം കരുതേണ്ടതാണു്. മഹാകവി കുഞ്ചൻനമ്പ്യാർ മണിപ്രവാളത്തെക്കുറിച്ചു ഇങ്ങനെ പറയുന്നു:—

"ഭടജനങ്ങടെപടയിലുള്ളൊരു പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരു കേരളഭാഷതന്നെചിതംവരൂ
കടുപടെപ്പൊട്ടുകഠിനസംസ്കൃതവികടകടകവികേറിയാൽ
ഭടജനങ്ങൾധരിക്കയില്ല തിരിക്കുമൊക്കെയു മേറവടൻ."

മണിപ്രവാള കാവ്യത്തിൻെറ മാധുര്യം പരിപുഷ്ടമായതു് ചമ്പുക്കളുടെ രംഗപ്രവേശത്തോടുകൂടിയാണു്. അതിനെ ആധുനികരീതിയിൽ പുതുക്കിയതു് കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെയും വെൺമണിനമ്പൂരിപ്പാടന്മാരുടെയും യത്നങ്ങളാലായിരുന്നു. വെൺമണി നമ്പൂരിമാരുടെ മണിപ്രവാളരീതി കേൾക്കുക.

"ചാലേ ചാലിച്ച ഗോപിക്കുറി വള പുലിയൻ
മോതിരം നൂപുരംപൊ
ന്നേലസ്സോലപ്പൊളിക്കോണകമണികുഴലിൽ
പീലി പൂ മാലികാദി
കാലേമെയ്ചേർത്തു മുററത്തിണയിലൊരിടയ
ക്കുട്ടിയോടൊത്തുപൂത്തൻ—
കോലും കൈക്കൊണ്ടു കോലും കുതുകമൊടു മരും
കോലമാലംബനംമേ."

ഇപ്പോഴാകട്ടെ, ഈ പ്രസ്ഥാനത്തിലൂടെ ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയുള്ള കവികൾവിവിധരീതിയിൽ സ്വൈരമായി വിഹരിച്ചു സാഹിത്യദേവതയെ സന്തൃപ്തമാനസയാക്കിത്തീർക്കുന്നു.

൧൯. പന്തളത്തു കേരളവമ്മ തമ്പുരാൻ. ഇദ്ദേഹം പണ്ഡിതാഗ്രേസരനായ ഒരു മഹാകവിയായിരുന്നു. കവിത അതിരമണീയവും സർവ്വദാ ആദരണീയവുമാണു്. 'വിജയോദയം' കാവ്യവും, 'രുഗ്മാംഗദചരിതം' മഹാകാവ്യവും ഇദ്ദേഹത്തിന്റെ പ്രധാനകൃതികളാണു്. ഒരു പണ്ഡിതൻ ഈ കവിപുംഗവന്റെ കൃതികളെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. 'പണ്ഡിതപ്രകാണ്ഡനായ മഹാ രാജശ്രീ പന്തളത്തു കേരളവമ്മ രാജാവവർകളുടെ ചില ഖണ്ഡകൃതികൾ മേൽത്തട്ടിൽ വയ്ക്കുന്നതിനു ഒരുങ്ങിത്തന്നെ ഇരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധ മഹാകാവ്യത്തെക്കാൾ വിജയോദയത്തെ ഞാൻ പ്രശംസിക്കുകയും ചെയ്യുന്നു.'' കവിതയിൽ പ്രതിപദം വിലസുന്ന രസം ആസ്വദിക്കാൻ വാസനാവൈദഗ്ദ്ധ്യമുള്ളവർ അദ്ദേഹത്തെ പുകഴ്ത്തുകതന്നെ ചെയ്യും.

൨൦. * ഏ. ആർ. രാജരാജവമ്മ കോയിത്തമ്പുരാൻ എം. എ., എം. ആർ. ഏ. എസ്സ്.

അസാമാന്യപ്രതിഭാവിലാസമുള്ള ഒരു ഉത്തമ ഭാഷാകവിയായ ഇദ്ദേഹം കേരളവമ്മകോയിത്തമ്പുരാന്റെ ഭാഗിനേയനായിരുന്നു. അവിടുത്തേയ്ക്കു തമിഴ്, മലയാളം, സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. ഭൈരണിയെ ഇത്രത്തോളം പരിചരിച്ചിട്ടുള്ള ഭാഷാകുശലന്മാർ അന്യത്ര ദുർല്ലഭമത്രേ. സർവ്വകലാശാലക്കാരുടെ ബഹുമതി അദ്ദേഹത്തിന്റെ ഇരുപാർശ്വങ്ങളെയും ആശ്ലേഷിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഭാഷാഭൂഷണം, സാഹിത്യസാഹ്യം എന്നീ സാഹിത്യനിയമഗ്രന്ഥങ്ങളും,

---

* പ്രസാധകൻ എഴുതീട്ടുള്ള ''കേരളപാണിനി'' എന്ന ജീവചരിത്രം വായിച്ചുനോക്കുക.

മണിദീപിക, ലഘുപാണിനീയം, കേരള പാണിനീയം, ശബ്ദശോധിനി തുടങ്ങിയുള്ള കേരളസാഹിത്യമണ്ഡപത്തിൻെറ അസ്ഥിവാരങ്ങളായ വ്യാകരണപരമ്പരകളും, തിരുമനസ്സിലെ അനശ്വരമായ കീൎത്തിയെ മുക്തകണ്ഠം ഘോഷിക്കുന്നു. മലയാളഭാഷയുടെ ശുദ്ധിക്കും, സ്ഥായിയായ നിലയ്ക്കും, വിലയ്ക്കും, ഏകരൂപതയ്ക്കും വേണ്ടി അദ്ദേഹം അത്യന്തം അദ്ധ്വാനിച്ചിട്ടുണ്ടു്. ഗദ്യരചനയിൽ അപാരമായ പാടവമുണ്ടായിരുന്ന തമ്പുരാൻ ആ വിഷയത്തിൽ ലേശവും ലോപംകൂടാതെ പ്രവൎത്തിച്ചു പോന്നു. അവിടുത്തെ തൎജ്ജമയ്ക്കുള്ള ഓജസ്സും, പ്രസന്നതയും ആൎക്കും അപലപിക്കാവുന്നതല്ല. അൎത്ഥസ്ഫുടതയ്ക്കുവേണ്ടി സുപ്രസിദ്ധമായ ദ്വിതീയാക്ഷരപ്രാസത്തെ തൃണവൽഗണിക്കുന്നതിനുപോലും തിരുമനസ്സുകൊണ്ടു് സന്നദ്ധനായിരുന്നു. അൎത്ഥത്തിനു കല്പിച്ചിട്ടുള്ള സ്ഥാനത്തെ കരുതി പ്രാസത്തെ പരസ്യമായി ഗളഹസ്തം ചെയ്യുക മാത്രമല്ല, അതിനുവേണ്ടി പ്രബലമായ വാദങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടു്. കുമാരസംഭവം, മേഘസന്ദേശം, ശാകുന്തളം മുതലായ സംസ്കൃത കാവ്യങ്ങൾ സരസമധുരമായി തൎജ്ജമചെയ്തിട്ടുണ്ടു്. ഏതുവിധത്തിൽ നോക്കിയാലും ആരാദ്ധ്യനായ തിരുമേനി "കേരളപാണിനി" എന്ന അന്വൎത്ഥനാമാവായി സാഹിത്യമണ്ഡലത്തിൽ പ്രശോഭിച്ചിരുന്നു. ഇദ്ദേഹം സംസ്കൃതത്തിൽ എഴുതിയിട്ടുള്ള ഉത്തമകൃതിയായ ആംഗലസാമ്രാജ്യം മഹാകാവ്യത്തെ കെ. സി. കേശവപിള്ള അവർകൾ മലയാളത്തിലേക്കു വിവൎത്തനം ചെയ്തിട്ടുണ്ടു്.

൨൫. പരവൂർ കെ. സി. കേശവപിള്ള. സരസകവിയായ കെ. സി. കേശവപിള്ള കൊല്ലത്തിനു സമീപമുള്ള പരവൂർ എന്ന സ്ഥലത്തു് വാഴവിള വീട്ടിൽ

PRESENTED BY:
SRI M. K. VASUDEVAN NAIR
൧൧൭ MANIYAKA VEEDU
MALAYINKIL

൧൦൪൩-ാമാണ്ടു മകരമാസം ൨൨-ാം തീയതി ജനിച്ചു. ബാല്യത്തിൽ ഉയൎന്ന വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ആനുകൂല്യമുണ്ടായിരുന്നില്ല. എങ്കിലും, മലയാളം, സംസ്കൃതം, സംഗീതം മുതലായവയിൽ സാമാന്യത്തിലധികം ജ്ഞാനം സമ്പാദിച്ചിരുന്നു. അക്കാലത്തോടു സമീപിച്ചു സ്വന്ത പരിശ്രമഫലമായി ഇംഗ്ലീഷ് ഭാഷയും സാമാന്യേന വശമാക്കുകയുണ്ടായി. പുരാണഗ്രന്ഥപാരായണത്താൽ ഭാഷാജ്ഞാനം ദൃഢമായിത്തീൎന്നു. കേവലം ബാല്യത്തിൽ തന്നെ ഊഞ്ഞാൽപാട്ടു്, അമ്മാനപ്പാട്ടു്, വഞ്ചിപ്പാട്ടു്, ആട്ടക്കഥ എന്നിങ്ങനെയുള്ള രീതിയിൽ പല ചെറിയഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ശ്രീമൂലം തിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു്, കേശവപിള്ളയുടെ ശൂരപത്മാസുരവധം ആട്ടക്കഥയെയും, തിരുമനസ്സിനെക്കുറിച്ചുണ്ടാക്കിയ സരസപദ്യങ്ങളെയും അഭിനന്ദിച്ചു ഒരു കവണി കല്പിച്ചു നൽകിയിട്ടുണ്ടു്. അനന്തരം കേശവപിള്ള കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂളിലെ മുൻഷിയായി. ഇദ്ദേഹത്തിന്റെ അനിതരസാധാരണമായ ഭാഷാജ്ഞാനത്തെയും കവനവൈദഗ്ദ്ധ്യത്തെയും മനസ്സിലാക്കി പിന്നീടു കൊട്ടാരം റയിട്ടരായി നിയോഗിച്ചു. സമസ്യാപൂരണത്തിനുള്ള ഇദ്ദേഹത്തിന്റെ നിപുണത പ്രശസ്തമാണു്. സന്ദൎഭശുദ്ധി, വാക്യസംഘടന, പദക്രമീകരണം ഇവയിൽ കേ. സീയ്ക്കുള്ള സ്ഥാനം അദ്വിതീയമാണു്. "ആസന്നമരണചിന്താശതകം" എന്ന അദ്ദേഹത്തിന്റെ ഉൽകൃഷ്ട കൃതി ഭാഷാപോഷിണി സഭയിൽ പ്രഥമ സമ്മാനാൎഹമായി ഭവിച്ചു. പദ്യം, ഗദ്യം, കിളിപ്പാട്ടു്, കഥകളി മുതലായ ഇനങ്ങളിൽ അൻപത്തഞ്ചോളം കൃതികൾ രചിച്ചിട്ടുണ്ടു്. മരിക്കുന്ന ഘട്ടംവരെ (൧൦൮൮-ൽ) ഇദ്ദേഹം കൊട്ടാരം അദ്ധ്യാപകവൃത്തിതന്നെ പ്രശസ്തമായി നിറവേററി വന്നിരുന്നു. കേസിയുടെ തൎജ്ജമയ്ക്കുള്ള രസികത ഒന്നുവേറെ

തന്നെ. പ്രധാനകൃതികൾ കേശവീയം മഹാകാവ്യം, വിക്രമോവ്വശീയം നാടകം, ശ്രീകൃഷ്ണവിജയം ആട്ടക്കഥ, ഭാഷാനാരായണീയംകാവ്യം, സുഭാഷിതരത്നാകരം, സാഹിത്യവിലാസം മുതലായവയാകുന്നു.

൨൨. <u>കണ്ടത്തിൽ വറ്ഗ്ഗീസുമാപ്പിള.</u> മലയാളഭാഷയെ പോഷിപ്പിക്കുന്ന വിഷയത്തിൽ ക്രിസ്ത്യാനികളിൽ വളരെ ചുരുക്കം പേർ മാത്രമേ യത്നിച്ചിട്ടുള്ളൂ. അവരിൽ പ്രഥമഗണനീയൻ വറ്ഗ്ഗീസുമാപ്പിളയായിരുന്നുവെന്നു് നിസ്സംശയം അഭിപ്രായപ്പെടാം. ഭാഷാപോഷിണിമാസികയുടെയും, മലയാളമനോരമ പത്രത്തിന്റെയും ജനകനായ മാപ്പിള അവർകൾ ക്രിസ്ത്യാനികളെ എന്നല്ല, കേരളീയരെ മുഴുവൻ പാരായണപ്രസക്തരാക്കിത്തീക്കുന്നതിനു ചെയ്തിട്ടുള്ള അശ്രാന്തപരിശ്രമം ഏതൊരു ഭാഷാഭിമാനിയെയും സന്തോഷിപ്പിക്കുന്നതാണു്. ഒരു പൊതുക്കാൎയ്യപ്രസക്തനെന്ന നിലയിൽ ഇദ്ദേഹം വളരെ ശോഭിച്ചിരുന്നു. മാത്രമല്ല, സാഹിത്യനായകന്മാരെക്കൊണ്ടു ഉൽകൃഷ്ടഗ്രന്ഥങ്ങൾ എഴുതിക്കുന്നതിനു് ശരിയായി ഉദ്യമിക്കുകയും ചെയ്തിട്ടുണ്ടു്. സരസവും ലളിതവുമായ ഭാഷയിൽ ഗദ്യപദ്യങ്ങൾ നിമ്മിക്കുന്നതിനു മി. വറ്ഗ്ഗീസു മാപ്പിളയ്ക്കു് അസാധാരണമായ സാമൎത്ഥ്യമുണ്ടായിരുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇദ്ദേഹത്തിന്റെ കവിതാരചനയെ അഭിനന്ദിച്ചു് വീരശൃംഖലയും, രത്നമോതിരവും കല്പിച്ചു നൽകിയിട്ടുണ്ടു്. സാഹിത്യലോകത്തെ ആനന്ദതുന്ദിലനാക്കിയ ഭാഷാമമ്മജ്ഞനായ കണ്ടത്തിൽ മി. വറ്ഗ്ഗീസ് മാപ്പിള ൪൦-ാമത്തെ വയസ്സിൽ പരലോകം പ്രാപിച്ചു. വിക്ടോറിയാചരിത്രസംഗ്രഹം, ദപ്പവിച്ഛേദനം ആട്ടക്കഥ, എബ്രായിക്കുട്ടി നാടകം, സച്ചരിതശതകം, ഗാനമാല, ഇഷ്ടസോ

ദരീവിലാപം മുതലായവ ഈ ഭാഷാകുശലന്റെ പ്രധാന കൃതികളാണു്.

൨൩. റാവു ബഹദൂർ ഒ. ചന്തുമേനോൻ, എഫ്. എം. യു. സുപ്രസിദ്ധആഖ്യായികാകർത്താവായ ചന്തുമേനോനെപ്പററി കേട്ടിട്ടില്ലാത്തവർ കേരളത്തിൽ ആരും തന്നെ ഉണ്ടായിരിക്കുകയില്ല. മലയാളത്തിലുള്ള നോവൽ പ്രസ്ഥാനത്തിന്റെ ജനയിതാവു് ഇദ്ദേഹമാണെന്നു വേണം പറയാൻ. പദ്യസാഹിത്യത്തിൽ വലിയ കോയിത്തമ്പുരാനുണ്ടായിരുന്ന സ്ഥാനത്തിൽ മികച്ച ഒരു നില ഗദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളം ചന്തുമേനോനുണ്ടു്. ഇദ്ദേഹത്തിന്റെ "ഇന്ദുലേഖ" എന്ന വിശിഷ്ടകൃതി വായിച്ചിട്ടുള്ളവർക്കു് അദ്ദേഹത്തിന്റെ സരളമധുരമായ ഗദ്യരീതിയെയും, പാത്രസൃഷ്ടിവൈചിത്ര്യത്തെയും, തത്വചിന്താവൈഭവത്തെയും, മനോധർമ്മപ്രാചുര്യത്തെയും പററി വേണ്ടുവോളം മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല. പാത്രവർണ്ണനകളിൽ ഇത്രത്തോളം തന്മയത്വം പ്രദർശിപ്പിക്കുന്ന ഗ്രന്ഥകാരന്മാർ ചുരുക്കമത്രേ. ഇദ്ദേഹത്തിന്റെ ഗദ്യകാവ്യാമൃതത്തെ ധാരാളമായി ആസ്വാദിക്കുന്നതിനു് മലയാളികൾക്കു് ഭാഗ്യമുണ്ടായില്ല. ശാരദയെന്ന വിശിഷ്ടകാവ്യം പൂർത്തിയാക്കുന്നതിനു് മുമ്പു് യശഃസൗരഭ്യം സാഹിത്യനഭോമണ്ഡലത്തിൽ വിതരണം ചെയ്തുകൊണ്ടു് അദ്ദേഹം കടന്നുപോകയാണുണ്ടായതു്.

൨൪. കുണ്ടൂർ നാരായണമേനോൻ ബി. എ. പ്രഖ്യാതനായ ഈ ഭാഷാകവി പച്ചമലയാളത്തിൽ കവിതയെഴുതാൻ വളരെ സമർത്ഥനായിരുന്നു. ദ്വിതീയാക്ഷരപ്രാസത്തിലുള്ള പ്രതിപത്തിമൂലം ചിലപ്പോൾ അർത്ഥസ്വാരസ്യത്തിൽ ശകലം ഭംഗം നേരിടാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ കൃതികൾ എല്ലാംതന്നെ കേരളീയരുടെ

പ്രേമപാത്രങ്ങളാണു്. സ്വദേശം തൃശ്ശൂരാണെന്നു പറയപ്പെടുന്നു. ദ്വിതീയാക്ഷരപ്രാസം, യമകപ്രാസംമുതലായതു് വെറും പച്ചമലയാളത്തിൽ മേനവനെപ്പോലെ ഇത്ര സമൃദ്ധിയായി ഉപയോഗിക്കുന്നതിനു് ഇതരകവികൾക്കു സുസാധമല്ല. മഹാകവി കാളിദാസന്റെ രഘുവംശത്തെ സുന്ദരമായി തർജ്ജമ ചെയ്ത മേനവൻ ശ്ലാഘാർഹനാണു്. ഇദ്ദേഹത്തിന്റെ "കോമപ്പൻ" ഭാഷായോഷയുടെ ഓമനപ്പുത്രനാണെന്നു പറയുന്നതു് തികച്ചും ശരിയാണു്. ഇതര കൃതികളായ കുമാരസംഭവം, മാളവികാഗ്നിമിത്രം, കണ്ണൻ, പാക്കനാർ മുതലായവ ഭാഷാസാഹിത്യത്തിൽ ഗണ്യമായ സ്ഥാനത്തെ അർഹിക്കുന്നു.

## ൩൩. സാഹിത്യകുശലൻ സി. വി. രാമൻപിള്ള.

ഭാഷാസാഹിത്യ ലോകത്തെ നോവൽ സഞ്ചയങ്ങൾകൊണ്ടു പരിപോഷിപ്പിച്ച വിശാലമാനസനായ സി.വി. യെ അതിശയിക്കുന്ന ആഖ്യായികാകാരന്മാർ ഉണ്ടായിട്ടില്ലെന്നുള്ളതു സുവിദിതമത്രേ. ഇദ്ദേഹം ഹൈക്കോർട്ടിൽ ഒരു ഗുമസ്തനായിരിക്കുമ്പോൾ തന്നെ സാഹിത്യപരിശ്രമത്തിൽ ഏർപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. സീ വി. യുടെ മനോധർമ്മവിലാസത്തിനു വഴിപ്പെടാത്തമനുഷ്യപ്രകൃതി ദുർല്ലഭമത്രേ. അനന്യസാധാരണമായ മേധാശക്തിയുള്ള ഇദ്ദേഹത്തിനു ഐതിഹ്യങ്ങളും, പ്രാചീനകഥകളും നല്ലപോലെ പരിചയമുണ്ടായിരുന്നു. മനുഷ്യപ്രകൃതിയെയും, രാജ്യഭരണസമ്പ്രദായത്തെയും കൂലങ്കഷമായി ചർച്ചചെയ്തു് കഥാരൂപത്തിൽ വൈചിത്ര്യത്തോടെ പ്രകടിപ്പിക്കുന്നതിനു ഗ്രന്ഥകാരനുള്ള പടുത അന്യാദൃശംതന്നെ. വാക്യങ്ങൾക്കു ചില സ്ഥാനങ്ങളിൽ വക്രതയും ലാളിത്യാഭാവവും കാണാമെങ്കിലും താൻ ഉപയോഗിച്ചിട്ടുള്ള ശൈലികൾക്കു് അവാച്യമായപ്രാഗല്ഭ്യമുള്ളതായിക്കാണാം.

ഹത്തിൻെറ മിക്ക കൃതികളും സർ വാൾട്ടർസ്കാട്ടിൻെറ ആഖ്യായികകളെ അനുകരിച്ചു എഴുതിയിട്ടുള്ളവയാണ്. സീ. വി. യുടെ പലകൃതികളും പ്രഥമപാരായണത്തിൽ പലക്കും സുഗ്രഹങ്ങളാകുന്നില്ലെന്നു് ഒരാക്ഷേപമുണ്ടു്. എന്നാൽ, ഈ ഗദ്യകാവ്യങ്ങൾ ആയാസപ്പെട്ടെങ്കിലും അഭ്യസിച്ചാൽ ഉണ്ടാകുന്ന ഫലം ശ്രമത്തേക്കാൾ നൂറു മടങ്ങു ലാഭമെന്നു് പറയുന്നതു പരമാത്ഥമാണ്. "കേരളഭട്ടഭാണൻ" എന്നു് പ്രസിദ്ധി സമ്പാദിച്ച സീ. വിയുടെ കൃതികൾ എത്ര പ്രാവശ്യം പാരായണം ചെയ്താലും വീണ്ടും വീണ്ടും നവ്യമായിത്തന്നെ തോന്നുന്നതാണ്. ഈ ഗദ്യകവിമൂർദ്ധന്യൻെറ ഗദ്യപ്രബന്ധങ്ങളുടെ അന്തർഭാഗത്തെ പരിച്ഛേദിച്ചറിഞ്ഞ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു "സാഹിത്യകുശലൻ" എന്ന ബിരുദം കല്പിച്ചു നൽകുകയുണ്ടായി. സീ. വി. രാമൻപിള്ള ഗവർമ്മേണ്ടു് അച്ചുകൂടത്തിൽ ഭാരമേറിയ സൂപ്രണ്ടു ജോലിയിൽ ഇരുന്ന ഘട്ടത്തിൽ ഇത്രത്തോളം മഹത്തായ സാഹിത്യയത്നം ചെയ്തതു് ഓത്താൽ അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെയും, കർമ്മകുശലതയെയും നിതരാം അഭിനന്ദിക്കുക തന്നെ വേണം. മലയാളത്തിൽ ചരിത്രനോവൽ ഇദംപ്രഥമമായി എഴുതിയതു് സി. വി. തന്നെയാണ്. മാത്താണ്ഡവമ്മാ, ധമ്മരാജാ, രാമരാജബഹദ്ദൂർ, പ്രേമാമൃതം എന്നീ ആഖ്യായികകൾ കൂടാതെ പല പ്രഹസനങ്ങളും ചെറുകഥകളും, ഈ ഗദ്യകാരൻ രചിച്ചിട്ടുണ്ടു്.

(൨൩) <u>മഹാകവി. എൻ. കുമാരനാശാൻ.</u> ഖണ്ഡകാവ്യങ്ങൾ എഴുതി മഹാകവികളാകുന്നവർ അപൂർവ്വമാണ്. കുമാരനാശാനോ, യഥാത്ഥത്തിൽ ഒരു കവിയായതിനാൽ അദ്ദേഹത്തിൻെറ ഖണ്ഡകാവ്യങ്ങൾ മഹാകാവ്യങ്ങളുടെ ഗുണഗണങ്ങളെയും അതിക്രമിച്ചു

വിജയപതാക നാട്ടിയിരുന്നു. ഇംഗ്ലണ്ടിലെ യുവരാജാവിന്റെ ഇൻഡ്യാസന്ദർശനഘട്ടത്തിൽ ഈ കവിയെ ക്ഷണിച്ച് സമ്മാനങ്ങൾ നൽകുകയുണ്ടായി. ആശാന്റെ കവിതകൾ നിരർഗ്ഗളമായി ഒഴുകിക്കൊണ്ടാണിരിക്കുന്നതു്. അർത്ഥപുഷ്ടി സർവ്വത്ര തെളിഞ്ഞുകാണാം. അലങ്കാരങ്ങൾക്കു ഒരു പുതുമയും രമ്യതയുമുണ്ടു്. അലങ്കാരങ്ങൾ തന്നെ സന്ദർഭശുദ്ധികൊണ്ടു പരിലസിക്കയാണു്. ആശയങ്ങളെല്ലാം കവിയുടെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചിട്ടുള്ളവയാണു്. കവിക്കു് സ്തോഭജനകമായി കവിതയെഴുതാൻ നല്ല പാടവമുണ്ടു്. രീതി ആംഗലവാണിയോടു അനുരഞ്ജിച്ചിരിക്കുന്നു. നാടോടി പദങ്ങളൊഴിച്ചും, ദ്വിതീയാക്ഷരപ്രാസത്തെ സംയോജിപ്പിച്ചും കവനം ചെയ്യാൻ ആശാൻ ബഹുവിദഗ്ദ്ധനാണു്. സാക്ഷാൽ പ്രേമം ആദ്ധ്യാത്മികചിന്തയ്ക്കു വഴികാട്ടുന്നു എന്നു ആശാന്റെ കവിതകൾ പല സ്ഥലത്തും വെളിപ്പെടുത്തുന്നു. ഈ മഹാകവിയുടെ കൃതികൾ അത്യന്തം പ്രശസ്തങ്ങളാണു്. തികഞ്ഞ കവിത്വവും, പാണ്ഡിത്യവുമുള്ള ആശാൻ തന്റെ കവിതകൾ മുഖേന സമുദായമൈത്രിക്കു സധൈര്യം യത്നിച്ചിട്ടുണ്ടു്. പക്ഷേ, ഘോരമൃത്യു കവിയുടെ അഭിലാഷപരമ്പരകളെ ആസകലം അപഹരിച്ചുകൊണ്ടു് "പല്ലന" എന്ന സ്ഥലത്തുവെച്ചു് റെഡീമർ ബോട്ടപകടത്തിൽ കുടുക്കിക്കൊണ്ടു പോകുകയാണു ചെയ്തതു്. ഈ കവിയുടെ പ്രധാന കൃതികൾ നളിനി, ലീല, ശ്രീബുദ്ധചരിതം കിളിപ്പാട്ടു്, പ്രരോദനം, ചിന്താവിഷ്ടയായ സീത, കുയിൽ, ദുരവസ്ഥ, പുഷ്പവാടി, രണ്ടു ഖണ്ഡകൃതികൾ, ചണ്ഡാലഭിക്ഷുകി, കരുണ, ബാലരാമായണം, വനമാല, മണിമാല മുതലായവയാണു്. കൂടാതെ, രാജയോഗസമ്പൂർണ്ണം, മനശ്ശക്തി, മൈത്രേയി, എന്നിങ്ങനെയുള്ള ചില ഗദ്യപുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്.

(൨൧) മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. ഈ കവി മീനച്ചിൽ താലൂക്കിൽ പാല അങ്ങാടിക്കു സമീപമുള്ള കട്ടക്കയം എന്ന ഒരു പ്രാചീനകുടുംബത്തിലെ അംഗമാണ്. പുരാതനാംഗങ്ങളും വിദ്വാന്മാരായിരുന്നുവെന്നു തെളിവുകളുണ്ടു്. നമ്മുടെ കവി ജനിച്ചതു് ൧൦൩൩-ൽ ഫെബ്രുവരി മാസത്തിലാണ്. ബാല്യത്തിൽ തന്നെ സംസ്കൃതകാവ്യങ്ങൾ അഭ്യസിച്ചുവെന്നും ക്രമേണ കവിതയെഴുതുവാൻ ഗണ്യമായ പ്രാപ്തി ഉണ്ടായി എന്നും പ്രസ്താവിച്ചുകാണുന്നു. പ്രസിദ്ധകവികളായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കേ. സി. കേശവപിള്ള മുതലായവർ ഇദ്ദേഹത്തിൻെറ സ്നേഹിതന്മാരായിരുന്നു. സാഹിത്യസാമ്രാട്ടായ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ, കവിസമാജത്തിൽവെച്ചു് കട്ടക്കയത്തിനു ഒരു അനുമോദനപത്രം കല്പിച്ചു കൊടുക്കുകയും, "നിങ്ങളുടെ കവിതയ്ക്കു സവിശേഷമായ ഒരു ആസ്വാദ്യതാഗുണമുണ്ടു്" എന്നുള്ള തൻെറ അഭിപ്രായത്തെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. കവിയുടെ പ്രാസനിഷ്ഠയും, അർത്ഥാലങ്കാരവും, ഔചിത്യബോധവും സ്തുത്യർഹമാണ്. പ്രധാനകൃതികൾ ശ്രീയേശുവിജയം മഹാകാവ്യം, സാറാവിവാഹം, ആസന്നമരണചിന്താശതകം, വനിതാമണി, ഓലിവേർവിജയം ആട്ടക്കഥ, മാർത്തോമ്മാചരിത്രം മണിപ്രവാളം മുതലായവയാണ്.

(൨൨) കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി. ഇദ്ദേഹം പ്രാചീനവും, ഉൽകൃഷ്ടവുമായ ഒരു കുടുംബത്തിൽ കൊല്ലം ൧൦൩൦-ാമാണ്ടു് മീനമാസത്തിൽ ഭൂജാതനായി. സ്വഭവനമായ കോട്ടയത്തു് കൊട്ടാരത്തിൽ വംശപരമ്പരയായി നല്ല കലാവൈദഗ്ദ്ധ്യമുള്ള പലരും ജീവിച്ചിരുന്നിട്ടുണ്ടു്. കവിയുടെ യഥാർത്ഥപേരു് വാസുദേവനെ

ന്നായിരുന്നുവെന്നും, "തങ്കം" എന്നുള്ള ഓമനപ്പേരു "തങ്കശങ്കു," എന്നിങ്ങനെ ക്രമേണ മാറി കാലാന്തരത്തിൽ ജാതിനാമത്തോടു സംഘടിപ്പിച്ച് ശങ്കുണ്ണി എന്നു വിളിക്കാൻ സംഗതിയായിട്ടുള്ളതാണെന്നും പറയുന്നു. കവിക്ക് ബാല്യദശയിൽ വിദ്യാഭ്യാസത്തിൽ പ്രസക്തിയില്ലായിരുന്നു. ൧൬ വയസ്സിനു ശേഷമാണ് പഠിത്തത്തിൽ അന്യാദൃശമായ പാടവം പ്രദശിപ്പിച്ചതു്. പ്രാചീന സമ്പ്രദായത്തിലുള്ള വിവിധ കലകളും സാമാന്യേന അഭ്യസിച്ചതോടുകൂടി പ്രധാന കാവ്യങ്ങളിൽ അതിയായ ഔത്സുക്യം ജനിച്ചുവന്നു. ഉൽകൃഷ്ടകാവ്യങ്ങൾ പാരായണം ചെയ്തുവന്നതോടുകൂടി ചെറിയ ഗ്രന്ഥങ്ങൾ നിമ്മിക്കാനും ആരംഭിച്ചു. ൧൦൬൧-ൽ "ഭാഷാപോഷിണി" സഭയിൽ നിന്നും കവിതാപരീക്ഷയിൽ സമ്മാനം വാങ്ങിയിട്ടുണ്ട്. അതോടുകൂടി ഭാഷാസാമ്രാജ്യസ്ഥാപകനും, ചക്രവത്തിയുമായ തിരുമനസ്സിലെ പ്രീതി സമ്പാദിക്കുകയും, ഗ്രന്ഥരചനയിൽ കൂടുതൽ പ്രതിപത്തി പ്രദശിപ്പിക്കുകയും ചെയ്തു. മണിപ്രവാളം, ഭാഷാനാടകം, ആട്ടക്കഥ, കല്പിതകഥ, പുരാണകഥ, കിളിപ്പാട്ടു്, തുള്ളൽപാട്ടു്, വഞ്ചിപ്പാട്ടു്, ഗദ്യപ്രബന്ധം എന്നീ ശാഖകളിൽ അൻപതിൽപരം ഗ്രന്ഥങ്ങൾ ഇദ്ദേഹം നിമ്മിച്ചിട്ടുണ്ട്. കവിതാവിഷയത്തിൽ സാമാന്യത്തിലധികമായ പ്രസിദ്ധിയും ബഹുമാനവും കവിക്ക് സിദ്ധിച്ചിട്ടുണ്ടെങ്കിലും, കുടുംബജീവിതത്തിൽ അപരിമിതമായ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഉയന്ന സ്ഥാനങ്ങളിൽ നിന്നും ഇത്രത്തോളം കീത്തിമുദ്രകളും, സമ്മാനങ്ങളും വാങ്ങിയിട്ടുള്ള മലയാളകവികൾ ദുർല്ലഭമത്രേ. ൧൦൮൪-ൽ എറണാകുളത്തുവെച്ചു നടത്തിയ മഹാസഭയിൽ നിന്നും കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു് "കവിതിലകൻ" എന്ന സ്ഥാനം നൽകി. ഭാഷയിലും, സംസ്കൃതത്തിലും നിഷ്പ്ര

യാസം കവിതകൾ നിൎമ്മിക്കുന്നതിനു കവിക്കുള്ള സാമൎത്ഥ്യം അന്യാദൃശമാണ്. ശബ്ദത്തിലും അൎത്ഥത്തിലും അലങ്കാരങ്ങളും ധാരാളം കാണും. വക്രോക്തിയിലും, ഫലിതപ്രയോഗങ്ങളിലും കവി ബഹുസമൎത്ഥനാണ്. സാഹിത്യത്തിൽ ഉള്ള എല്ലാ ശാഖകളിലും ഇദ്ദേഹം ധാരാളം സഞ്ചരിച്ചിട്ടുണ്ട്. പ്രധാന കൃതികൾ സുഭദ്രാഹരണം, കേശവദാസചരിത്രം, ആസന്നമരണചിന്താശതകം, മാലതീമാധവം, വിക്രമോൎവ്വശീയം, വിനായകമാഹാത്മ്യം, ഓണപ്പാന നൈഷധം, വിശ്വാമിത്രചരിത്രം, അൎജ്ജുനൻ, ഐതിഹ്യമാലകൾ മുതലായവകളാണ്. കൂടാതെ, പത്രങ്ങളിലും മാസികകളിലും അനേകം ലേഖനങ്ങളും, ഒററ ശ്ലോകങ്ങളും ഇദ്ദേഹം എഴുതിയിട്ടുണ്ട്.

## (൨൯) മഹാകവി വള്ളത്തോൾ നാരായണമേനോൻ.

"കേരളവാല്മീകി" എന്നും, "മലയാളടാഗോർ" എന്നും പ്രസിദ്ധിസമ്പാദിച്ച മഹാകവി വള്ളത്തോൾ യഥാൎത്ഥത്തിൽ ഒരു വാസനാകവിയാണ്. കേരളസാഹിത്യസാമ്രാജ്യത്തിലെ വ്യവസായാഭ്യുദയത്തിനുവേണ്ടി "മംഗളോദയം കമ്പനി" സ്ഥാപിച്ചതു് ഇദ്ദേഹമായിരുന്നു. ഉന്നതവും, ഉത്തമവുമായ ആശയങ്ങളെ രസാത്മകമായ രീതിയിൽ പ്രതിപാദിക്കുന്നതിനു വള്ളത്തോളിനുള്ള സ്വതസ്സിദ്ധമായ വൈഭവം സ്തുത്യൎഹമാണ്. ഹൃദയസ്പൃക്കമായ ആശയസമ്പത്തിനെ പ്രതിഫലിപ്പിക്കാൻ ലഘുസാദ്ധ്യമായിട്ടുള്ള ദ്രാവിഡവൃത്തങ്ങളെ മഹാകവി ഇപ്പോൾ വളരെ സ്നേഹിക്കുന്നതായികാണുന്നു. അദ്ദേഹത്തിൻെറ പ്രതിപാദനരീതിയും, ആശയസൌഷ്ഠവവും അന്യാദൃശമാണ്. ശ്രുതിമാധുരിമ ഇദ്ദേഹത്തിൻെറ കൃതികൾക്കുള്ള പ്രത്യേകഗുണമായിരിക്കുന്നു. ചേതസ്സമാകൎഷകങ്ങളായ ഉല്ലേഖങ്ങൾ വള്ളത്തോൾ കൃതികളിൽ സുലഭമാണ്. വിചാര

വൎണ്ണനയ്ക്കു പൂൎണ്ണതയും, ശക്തിയും, സ്പഷ്ടതയും കാണ്മാനുണ്ടു്. അനാവശ്യമായ വൎണ്ണനയോ കഥാവിസ്തരസമ്പ്രദായമൊ സാധാരണ കാണ്മാനില്ല. കവിതകളിൽ രാമണീയകവും, രസവും, സൎവ്വത്ര പ്രശോഭിക്കുന്നുമുണ്ടു്. ഹൃദയാവൎജ്ജകമായ രചന മണിപ്രവാളശുദ്ധി മുതലായവ ഇദ്ദേഹത്തിന്റെ കൃതികളിൽ മിന്നിത്തിളങ്ങുന്ന വിശേഷഗുണങ്ങളാണു്. ശബ്ദാൎത്ഥസൌകുമാൎയ്യവും, ക്രമീകരണപാടവവും അഭിനന്ദനാൎഹമായിരിക്കുന്നു. വള്ളത്തോളിന്റെ നവ്യമായ വൎണ്ണനാരീതിയ്ക്കും ഇതിവൃത്തസംഘടനയ്ക്കും അത്ഭുതാവഹമായവിജയം സിദ്ധിച്ചിട്ടുണ്ടു്. നൈസൎഗ്ഗികമായ വചോവിലാസം തന്റെ കീൎത്തിക്കു സ്ഥിരപതാക നാട്ടുന്നു. സുപ്രതിഷ്ഠിതനായിരിക്കുന്ന ഈ മഹാകവിക്കു കൊച്ചിവലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് "കവിതിലകൻ" എന്നസ്ഥാനം കല്പിച്ചു് നൽകിയിട്ടുണ്ടു്. ബംഗാളിഭാഷയിൽ ഡാക്ടർ രവീന്ദ്രനാഥടാഗോറിനുള്ള സ്ഥാനം വള്ളത്തോളിനു മലയാളഭാഷയെ സംബന്ധിച്ചിടത്തോളം സിദ്ധിച്ചിരിക്കുന്നുവെന്നുള്ളതു് അതിശയോക്തിയല്ല. ഇദ്ദേഹത്തിന്റെ സഹപ്രവൎത്തകന്മാരും, ശിഷ്യന്മാരുമായ വള്ളത്തോൾ ഗോപാലമേനോനും, നാലപ്പാട്ടു നാരായണമേനോനും നല്ല വാസനാകവികളാണു്. സാഹിത്യദേവി അവരിലും ശരിയായി കളിയാടിവരുന്നു. പഞ്ചതന്ത്രം മണിപ്രവാളം എഴുതുന്ന വിഷയത്തിൽ വള്ളത്തോളിനു ഇവരും സഹായികളായിരുന്നിട്ടുണ്ടു്. നമ്മുടെ മഹാകവി സ്ഥിരപരിശ്രമം കൊണ്ടു് ഔന്നത്യത്തെ പ്രാപിച്ച ഒരു മഹാനാണു്. തൎജ്ജമകളിലും, വൈദ്യവിഷയങ്ങളിലും പലപ്പോഴും ശ്രദ്ധപതിക്കാറുണ്ടു്. കവിയുടെ ആരോഗ്യകല്പദ്രുമം, ഗൎഭരക്ഷാക്രമം, വാല്മീകിരാമായണം തുടങ്ങിയുള്ളവ അതിനു തെളിവുകളാണല്ലോ. കാവ്യനഭസ്സിൽ ഉയൎന്നു ശോഭിക്കുന്ന ഒരു ജ്യോതിസ്സായ വള്ള

ത്തോറം ഇനിയും ധാരാളം അമൂല്യകാവ്യരത്നങ്ങൾ നമു ക്ക തരുമെന്നാശിക്കാം.

പ്രധാനകൃതികഠം:—ചിത്രയോഗം മഹാകാവ്യം, ശിഷ്യനും മകനും, അനിരുദ്ധൻ, വിലാസലതിക, സാഹിത്യമഞ്ജരികഠം, ഗണപതി, ബധിരവിലാപം, ഊരുഭംഗം, ഭദ്രാവതാരം മുതലായവയാണ്. കൂടാതെ, പല പുരാണങ്ങളും വിശിഷ്ടമായ രീതിയിൽ വിവൎത്തനം ചെയ്തിട്ടുണ്ട്.

(൩൨.) റാവുസാഹിബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ (എം. എ. ബി. എൽ. എം. ആർ. ഏ. എസ്സ്.) 9.593

കവിസാൎവ്വഭൗമനായ ബ്രഹ്മശ്രീ ഉള്ളൂർ: എസ്സ്. പരമേശ്വരയ്യർ അവർകളുടെ കവിതാമൃതത്തെ ആസ്വദിക്കാത്ത മലയാളികഠം ചുരുങ്ങുമെന്നു തോന്നുന്നു. ഭാഷാസാഹിത്യത്തെപ്പററി കുറച്ചെങ്കിലും അഭിമാനമോ, അഭിരുചിയൊ ഉള്ളവർ ഉള്ളൂരിനെ സ്മരിക്കാതിരിക്കുന്നതല്ല. ഭാഷാസാമ്രാട്ടിൻെറ പ്രധാന സേനാനായകനെന്നും ചെറുപ്പത്തിൽ തന്നെ കീൎത്തി സമ്പാദിച്ച ഈ മഹാകവി തൻെറ ഓജസ്സും, കല്പനാശക്തിയും പാണ്ഡിത്യവും കൊണ്ട് സാഹിത്യദേവിയെ ആനന്ദിപ്പിച്ചുപോരുന്നു. പ്രകൃതിയെ സരസമായും, രമ്യമായും, ഉല്ലേഖനം ചെയ്യുന്നതിനു കവിക്കുള്ള വൈദഗ്ദ്ധ്യം അസാധാരണമാണ്. വശ്യവചസ്സും, ഭാവനാസമ്പന്നനുമായ ഉള്ളൂർ തൻെറ അനന്യസാധാരണമായ വിശാലഹൃദയത്തെ കവിതകഠം മുഖേന പ്രദൎശിപ്പിച്ചിരിക്കുന്നു. ഇദ്ദേഹത്തിൻെറ കവിതകളിൽ കാണുന്ന പദങ്ങളുടെ അന്യോന്യസംഘടനരൂപമായ ശയ്യാഗുണം ഇതര കവികളിൽ ഇത്രമനോഹരമായി വിളങ്ങിക്കാണാറില്ല. സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, മലയാളം മുതലായ ഭാഷകളിൽ ഉള്ളൂരിനുള്ള അസൂയാജനകമായ പാണ്ഡിത്യം കവിതകളിൽ തെളിഞ്ഞു കാ

ണാനുണ്ടു്. ആശയങ്ങളും, പദങ്ങളും പരസ്പരമൈത്രിയോടുകൂടി നിർദ്ദിഷ്ടപാതയിൽ സ്വൈരമായി ചരിച്ചുകാണുന്നതു് ആരേയും വിസ്മയിപ്പിക്കും. അത്ഥചമൽക്കാരം, ശ്ലേഷഭംഗി മുതലായവ കവിയുടെ കല്പനാശക്തിക്കു ക്ഷയം കൂടാതെ വിലസുന്നുമുണ്ടു്. ഒരു യഥാൎത്ഥചരിത്രകാരൻ, രാജ്യതന്ത്രജ്ഞൻ എന്നീ നിലകളിലും ഉള്ളൂർ ശോഭിച്ചു കാണുന്നു. കഥാരചനയിലുള്ള നൈപുണ്യം ഇതരകവികളെ ലജ്ജിപ്പിക്കുന്നുവെന്നുതന്നെ പറയാം. സംസ്കൃതപദങ്ങളെ അവസരോചിതം ഇത്രത്തോളം സുലഭമായി ഉപയോഗിക്കുന്നതിനു് മററാക്കും സാദ്ധ്യമല്ല. ആശയത്തിൻെറ പ്രൗഢിയും, കാഠിന്യവും ചിലരെ തെല്ലൊന്നു കഷ്ടണിപ്പിക്കുന്നുണ്ടു്. എങ്കിലും, ഒരു സഹൃദയനു് അതിൽ അന്തർലീനമായിരിക്കുന്ന സൗഷ്ഠവം ആസ്വാദിക്കുന്നതിനു യാതൊരു പ്രയാസവും ഉണ്ടാകുന്നില്ല. ഈ കവിശ്രേഷ്ഠൻെറ കവിതകൾ സൂക്ഷിച്ചുപഠിച്ചാൽ അവാച്യമായ കൌതുകം ജനിക്കുകയും, ഇരട്ടിഫലം സിദ്ധമാകുകയും ചെയ്യുന്നതാണു്. ശ്ലേഷാന്തപ്രാസാദിശബ്ദാലങ്കാരങ്ങളും, ഉപമാദ്യത്ഥാലംകൃതിയും കവിതകളിൽ ദുർല്ലഭമല്ല. ഉള്ളൂർകൃതികളിൽ ശബ്ദശുദ്ധിയും അത്ഥപുഷ്ടിയും, ഘടനാവൈശിഷ്ട്യവും ഒന്നിച്ചു് ആസ്വാദിക്കാം. ഈ മഹാകവിയുടെ ഖണ്ഡകാവ്യങ്ങൾ വായിക്കുമ്പോൾ സഹൃദയന്മാക്കു് ഒരു സ്തോഭം വ്യാപരിച്ചു തുടങ്ങുന്നു. പ്രധാനകൃതികൾ ഉമാകേരളം മഹാകാവ്യം, പിങ്ഗള, കർണ്ണഭൂഷണം, കിരണാവലി, തരംഗിണി, താരഹാരം മുതലായവയാണു്. ഉള്ളൂരിനു ബ്രിട്ടീഷുഗവമ്മെൻറിൽ നിന്നു റാവുസാഹിബ് സ്ഥാനവും, തിരുവിതാംകൂറിൽ നിന്നു, മഹാകവി സ്ഥാനവും കിട്ടിയിട്ടുണ്ടു്.

ഇനിയും, സാഹിത്യലോകത്തിൽ ഉയന്നു ശോഭിക്കുന്ന മഹാശയന്മാർ ഇദാനീന്തന കാലത്തു് പലരും ഉണ്ടു്.

അവരുടെ കൂട്ടത്തിൽ പണ്ഡിതപ്രകാണ്ഡനും, നിരൂപണ വിശാരദനും ആയ പി. കെ. നാരായണപിള്ള അവർകളെയും, ഭാഷാചരിത്രപാരംഗതനും, പണ്ഡിതനുമായ ആർ. നാരായണപ്പണിക്കർ അവർകളെയും മററും ഉൾപ്പെടുത്താവുന്നതാണ്. അതോടുകൂടി പണ്ഡിതവര്യന്മാരും, സാഹിത്യകുശലന്മാരും, സഹൃദയന്മാരുമായ മെസ്സേഴ്സ് ഏ. ഗോപാലമേനോൻ, പി. അനന്തൻപിള്ള, ഈ. വി. കൃഷ്ണപിള്ള, വി. കൃഷ്ണൻതമ്പി, ആററൂർ കൃഷ്ണപിഷാരടി, മുതലായവരെയും വിസ്മരിക്കാവുന്നതല്ല.

—— o ——

## അദ്ധ്യായം ൮

# സംസ്കൃതസാഹിത്യ ചരിത്ര സംഗ്രഹം

മലയാളഭാഷയെ അതിൻെറ ശോച്യാവസ്ഥയിൽ നിന്നും ഉദ്ധരിച്ചതും സംസ്കരിച്ചതും സംരക്ഷിച്ചതും സംസ്കൃതസാഹിത്യമാണല്ലോ. അതുകൊണ്ടു് ആ ഉത്തമ സാഹിത്യത്തെയും, അതിൻെറ ജനയിതാക്കളും പരിപോഷകന്മാരുമായ കവിപുംഗവന്മാരെയും പററി ഇവിടെ ചുരുക്കത്തിൽ പ്രതിപാദിക്കാം.

ഭാഷയിൽ സ്ഥിരവും സുദൃഢവുമായ ജ്ഞാനം സിദ്ധിക്കണമെങ്കിൽ സംസ്കൃതസാഹിത്യം കൂടി വശമാക്കണം. ഭാഷാവിദഗ്ദ്ധന്മാർ സംസ്കൃതസാഹിത്യദേവിയുമായി പ്രണയബാന്ധവമുള്ളവരാണ്. സംസ്കൃതഭാഷയെ മലയാളവിദ്യാർത്ഥിലോകത്തിനു തീരെ തിരസ്കരിക്കാൻ

സാധിക്കുന്നതല്ല. സംസ്കൃതത്തിൽ നിന്നും വിവൎത്തനം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ ധാരാളമുണ്ടു്. മലയാളത്തിൽ ഇന്നു നടപ്പിലിരിക്കുന്ന ശബ്ദങ്ങളിൽ അധികവും സംസ്കൃതമാണു്. സംസ്കൃതസാഹിത്യസമ്പ്രദായങ്ങളും നിയമങ്ങളും പണ്ടേതന്നെ മലയാളം അനുകരിച്ചുപോരുന്നുമുണ്ടു്. ഈ സ്ഥിതിക്കു സംസ്കൃതസാഹിത്യത്തെപ്പററി നാം അവശ്യം ചിലതു ധരിച്ചിരിക്കേണ്ടതുണ്ടു്.

സംസ്കൃതം മൃതഭാഷയാണെന്നൊരു ചൊല്ലുണ്ടു്. അതിൻെറ പ്രാമാണ്യവും, വൈശിഷ്ട്യവും, ഗ്രന്ഥബഹുലതയും, ആശയവൈപുല്യവും പരിശോധിച്ചാൽ ഭൂലോകത്തിലുള്ള സാഹിത്യത്തിൽ അത്യുച്ചമായ ഒരു നില സംസ്കൃതത്തിനു നൽകാവുന്നതാണു്. അതിൽ നിന്നും ഇതരഭാഷകളിലേക്കു ദൈനംദിനം വിവൎത്തനം ചെയ്യപ്പെടുന്ന ഗ്രന്ഥസഞ്ചയങ്ങളും ധാരാളമാണു്. ഇൻഡ്യയിലുള്ള മിക്ക ദേശീയഭാഷകളിലും, പല പാശ്ചാത്യഭാഷകളിലും സംസ്കൃതഗ്രന്ഥങ്ങൾ ധാരാളമായി പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. സംസ്കൃതസാഹിത്യത്തിൻെറ അടിസ്ഥാനക്കല്ലിട്ടിട്ടു് ഏകദേശം ൪൦൦൦ സംവത്സരം കഴിഞ്ഞിരിക്കുന്നു. പ്രസ്തുത സാഹിത്യചരിത്രത്തെ അഭ്യസനസൌകൎയ്യം പുരസ്കരിച്ചു "വൈദികസാഹിത്യകാലം" "സംസ്കൃതസാഹിത്യകാലം" എന്നിങ്ങനെ രണ്ടു വിധത്തിൽ പണ്ഡിതന്മാർ വിഭജിച്ചിരിക്കുന്നു. സംസ്കൃതസാഹിത്യത്തിൻെറ ആരംഭദശയെന്നു പറയുന്നതു ചില ഹിന്ദുമതഗ്രന്ഥങ്ങളുടെ ആവിർഭാവകാലത്തെയാണു്. മതഗ്രന്ഥങ്ങളുടെ ഉത്ഭവഘട്ടത്തെ ശരിയായി നിൎണ്ണയിക്കാൻ തരമില്ലാത്തതുകൊണ്ടു പ്രാരംഭദശ മുതൽ ബി. സി. ൨൦൦-ാംവൎഷം

വരെയുള്ള കാലഘട്ടത്തെ വൈദികസാഹിത്യദശയായും, ബി. സി. ൨൦൦ മുതൽ എ. ഡി. ൧൦൦൦-ാമാണ്ടു വരെയുള്ള കാലത്തെ സംസ്കൃതസാഹിത്യദശയായും വിവക്ഷിച്ചിരിക്കുന്നു. വൈദികഗ്രന്ഥങ്ങൾ "ശ്രുതി, സ്മൃതി" എന്നിങ്ങനെ രണ്ടു വിധമുണ്ട്.

(൧) ശ്രുതി * ദൈവത്തിൽനിന്നും ശ്രവണം മൂലം ലഭിച്ചിട്ടുള്ള മന്ത്രങ്ങൾ. സംസ്കൃതത്തിൽ വളരെ പ്രാചീനങ്ങളായിട്ടുള്ള വേദങ്ങളെയാണ് ശ്രുതി എന്നു പറയുന്നതു്. അതിനെ ഋക്, യജുസ്, സാമം, അഥർവ്വണം എന്നു് നാലായി വിഭജിച്ചിട്ടുണ്ടു്.

9356

ഋഗ്വേദം ഏററവും പുരാതനമായിട്ടുള്ളതും, സംസ്കൃതസാഹിത്യത്തിൻെറ ഭൂമികയുമാണ്. അതിനെ ആധുനികരീതിയിൽ ക്രോഡീകരിച്ചതു് ബി.സി. ൧൫൦൦-ന് ശേഷമാണെന്നു് വിദ്വാന്മാർ പറയുന്നു. ഇതിൽ പത്തു മണ്ഡലങ്ങളും, സൂക്തം എന്നു വിളിക്കുന്ന ൧൦൧൭ കീർത്തനങ്ങളും ഉണ്ടു്. ഋഗ്വേദം അപൗരുഷേയമാണെന്നും, ഋഷികൾ അതിലെ മന്ത്രങ്ങളുടെ ദ്രഷ്ടാക്കളാണെന്നും വിശ്വസിച്ചുപോരുന്നു.

യജുർവ്വേദം. ഋഗ്വേദത്തിൽ നിന്നും എടുത്തുചേർത്ത മന്ത്രങ്ങളും, വേറെ ഏതാനും ഗദ്യഭാഗങ്ങളും യാഗാദികർമ്മങ്ങൾക്ക് ഉപയോഗിക്കേണ്ടവിധം ക്രമീകരിച്ചു ചേർത്തിട്ടുള്ളതാണ് 'യജുർവ്വേദം'. ശുക്ലയജുർവ്വേദം, കൃഷ്ണയജുർവ്വേദം എന്നു് ഇതിനു രണ്ടു രൂപങ്ങളുണ്ടു്.

സാമവേദം. ഇതു് സോമയാഗത്തെ സംബന്ധിച്ചുള്ള ഋഗ്വേദസൂക്തങ്ങളെ ഇരുപതു ഖണ്ഡങ്ങളിലായി ക്രട്ടി

* പുസ്തകരൂപത്തിൽ വരുന്നതിനു മുമ്പു പരമ്പരയാ കേട്ടു പഠിച്ചു പോന്നതുകൊണ്ടായിരിക്കണം ഈ പേരു സിദ്ധിച്ചതു്.

ച്ചേർത്തിട്ടുള്ളതാണു്. മിക്കവാറും ഗദ്യരീതിയിലാണു് രചിച്ചിട്ടുള്ളതു്.

അഥർവ്വണവേദം. ക്ഷുദ്രപ്രയോഗത്തിനും മററും ആസ്പദമായ മന്ത്രങ്ങൾ അടങ്ങിയതു്. ഈ വേദം ആര്യന്മാരുടെ സാമൂഹ്യസംസ്കാരത്തിനു വേണ്ട തെളിവു നൽകുന്നു.

വേദത്തോടു് അനുബന്ധിച്ചു ബ്രാഹ്മണങ്ങൾ, ഉപനിഷത്തുകൾ എന്നു തുടങ്ങി അതിവിപുലമായ ഒരു സാഹിത്യമുണ്ടു്.

ബ്രാഹ്മണങ്ങൾ. ദൈവാരാധനക്രമങ്ങളെ സൂചിപ്പിക്കുന്ന വേദവ്യാഖ്യാനങ്ങൾ. ഗദ്യപദ്യസമ്മിശ്രമാണു്. ഐതരേയബ്രാഹ്മണം, ശതപഥബ്രാഹ്മണം തുടങ്ങിയുള്ളവ ഈ ഇനത്തിൽ പ്രാമാണ്യമുള്ള ഗ്രന്ഥങ്ങളാണു്.

ഉപനിഷത്തുകൾ. വേദങ്ങളുടെ തത്വസിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്ന കൃതികൾ. ൧൦൮ ഉപനിഷത്തുകളെക്കുറിച്ചു പറയുന്നുണ്ടെങ്കിലും, ഛാന്ദോഗ്യം, തൈത്തരീയം തുടങ്ങിയുള്ള ദശോപനിഷത്തുകൾ മാത്രമേ പ്രചാരത്തിലുള്ളു. ഇവ ഹിന്ദുതത്വശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളാണു്. തത്വചിന്താപരമായി നോക്കുമ്പോൾ ഇവയ്ക്കു തുല്യമായ സ്ഥാനം ലോകത്തിൽ വേറൊരു ചിന്താപദ്ധതിയ്ക്കും സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ല.

ഷഡ്ദർശനങ്ങൾ * ഇവയിൽ നിന്നും ഉൽഭവിച്ചിട്ടുള്ളവയാണു്. ഹൈന്ദവമതഗ്രന്ഥങ്ങളിൽ വിശ്വവിശ്രു

* കപിലന്റെ സാംഖ്യം, പതഞ്ജലിയുടെ യോഗം, ഗൌതമന്റെ ന്യായം, കണാദന്റെ വൈശേഷികം, ജൈമിനിയുടെ പൂർവ്വമീമാംസ, ബാദരായണന്റെ ഉത്തരമീമാംസ ഇവയാണു ഷഡ്ദർശനങ്ങൾ.

തമായ ഭഗവൽഗീതയും ഈ കാലഘട്ടത്തോടു സമീപിച്ച് ഉൽഭവിച്ചതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതു് ഷഡ്ദർശനങ്ങളിൽ നിന്നും ഭക്തിസംവർദ്ധകമായും, ആദ്ധ്യാത്മികമായും ഉള്ള ഭാഗങ്ങളെ സംഗ്രഹിച്ചു ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിലുള്ള സംഭാഷണരൂപത്തിൽ എഴുതിയിട്ടുള്ളതാണ്. ഇതുപോലെ പ്രചാരവും മാഹാത്മ്യവുമുള്ള ഗ്രന്ഥം സംസ്കൃതത്തിൽ വേറെയില്ല.

(൨) സ്മൃതി: * ദിവ്യാത്മാവേശത്താൽ ഋഷികൾ നിർമ്മിച്ചിട്ടുള്ള പ്രമാണഗ്രന്ഥങ്ങൾ. അദ്ധ്യയനസൌകര്യത്തിനായി ഇവയെ വേദാംഗങ്ങൾ, ധർമ്മശാസ്ത്രങ്ങൾ, ഭക്തിശാസ്ത്രങ്ങൾ, കാവ്യങ്ങൾ, രൂപകങ്ങൾ ഇങ്ങനെ അഞ്ചായി ഭാഗിക്കാം.

വേദാംഗങ്ങൾ ആറാണ്. അവയുടെ പേരുകൾ താഴെക്കുറിക്കുന്ന ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു:—

"ശിക്ഷാകല്പോവ്യാകരണം നിരുക്തം ഛന്ദസാം ചയഃ"
ജ്യോതിഷാമയനം ചൈവ വേദാംഗാനി ഷഡേവ തു".

ശിക്ഷ ഉച്ചാരണത്തെപ്പററിയുള്ള നിയമവും, കല്പം പൂജാദിക്രമങ്ങളെപ്പററിയുള്ള വിധികളും പ്രതിപാദിക്കുന്നു. വ്യാകരണം ഭാഷാനിയമങ്ങളെയും, നിരുക്തം ശബ്ദാഗമവിധികളെയും, ഛന്ദശ്ശാസ്ത്രം വൃത്തങ്ങളെപ്പററിയും, ജ്യോതിഷം ഗ്രഹങ്ങളെപ്പററിയും പ്രതിപാദിക്കുന്നു. ഈ ആറു വേദാംഗങ്ങളെ ശാസ്ത്രമെന്നപേരിൽ വ്യവഹരിച്ചുപോരുന്നു.

ശ്രുതിയും, സ്മൃതികളും വർദ്ധിച്ചതോടുകൂടി അവയെല്ലാം ലഘുവായി ഹൃദിസ്ഥമാക്കുന്നതിനു വിദ്വാന്മാർ അവയെ സൂത്രരൂപത്തിൽ സംഗ്രഹിച്ചു. അതുതന്നെ

---

* പരമ്പരയാ സ്മരിച്ചു പോരുന്നതു് എന്ന അർത്ഥത്തിലായിരിക്കണം 'സ്മൃതി' എന്ന പേരു ഇവയ്ക്കു സിദ്ധിച്ചതു്.

മൂന്നു വിധത്തിലുണ്ട്. മതപരമായിട്ടുള്ളതിന്നെ ശ്രൗതസൂത്രമെന്നും, ഗൃഹസംബന്ധമായിട്ടുള്ളതിനെ ഗൃഹ്യസൂത്രമെന്നും, സമുദായത്തേയും നീതിയേയും പററിയുള്ളവയെ ധർമ്മസൂത്രമെന്നും വിളിച്ചുവരുന്നു.

സംസ്കൃതത്തിൽ വ്യാകരണം പലതുണ്ടെങ്കിലും പാണിനിയുടെ അഷ്ടാദ്ധ്യായിക്കുള്ള പ്രാധാന്യം ഇതരഗ്രന്ഥങ്ങൾക്കില്ല. പതഞ്ജലി പാണിനിസൂത്രങ്ങൾക്ക മഹാഭാഷ്യം എന്നൊരു വ്യാഖ്യാനഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. കാത്യായനന്റെ വത്തിക പാണിനിയുടെ വ്യാഖ്യാനരൂപത്തിൽ പതഞ്ജലിക്കുമുമ്പ് ഉണ്ടായിട്ടുള്ളതാണ്. കൂടാതെ, ഭട്ടോജിദീക്ഷിതരുടെ സിദ്ധാന്തകൗമുദിയും, വരദരാജന്റെ ലഘുകൌമുദിയും വിദ്യാത്ഥിലോകത്തിന്ന പ്രയോജനമുള്ള ഗ്രന്ഥങ്ങളാണ്. അലങ്കാരശാസ്ത്രവും ഇവിടെ പ്രസ്താവാർഹമാണ്. സാഹിത്യശാസ്ത്രത്തെപ്പററി ഇദംപ്രഥമമായും പൂണ്ണമായും ഒരു ഗ്രന്ഥത്തെ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അതു് ദണ്ഡിയുടെ കാവ്യാദശ്മാണ്. വാമനൻ, മമ്മടൻ, തുടങ്ങിയുള്ളവർ വിവിധഗ്രന്ഥങ്ങൾ ഈ വിഷയത്തിൽപിന്നീട് രചിച്ചിട്ടുണ്ടെങ്കിലും, ജയദേവന്റെ ചന്ദ്രാലോകവും, അപ്പയ്യദീക്ഷിതരുടെ കുവലയാനന്ദവും വിദ്യാത്ഥികൾക്ക പററിയതാണ്.

<u>നിരുക്തം</u> വേദങ്ങളിലെ പദങ്ങളുടെ ഉത്പത്തിയേയും, അത്ഥത്തേയും കുറിച്ച് വ്യവഹരിക്കുന്ന ശാസ്ത്രമാണ്. യാസ്കന്റെ നിരുക്തം ഭാഷാലോകം സവ്വപ്രധാനമായി അംഗീകരിക്കുന്നു. നിരുക്തത്തെ ആസ്പദമാക്കിയാണ് കോശനിമ്മാണം ആരംഭിച്ചിട്ടുള്ളതു്. അമരസിംഹന്റെ "നാമലിംഗാനുശാസനം" എന്ന കോശം അതിപ്രസിദ്ധമാണ്.

ഛന്ദസ്സ്. വൃത്തനിയമങ്ങളെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രമാണിതു്. വൃത്തശാസ്ത്രത്തെപ്പററി സംസ്കൃതത്തിൽ വൃത്തദപ്പണം, വൃത്തകൌമുദി, വാണീഭൂഷണം, പിംഗലഛന്ദശ്ശാസ്ത്രം, വൃത്തരത്നാകരം, ഛന്ദോമഞ്ജരി, മുതലായ അനേകം ഗ്രന്ഥങ്ങളുണ്ടു്.

ജ്യോതിഷം. യാഗാദികമ്മങ്ങൾ നിവ്വഹിക്കുന്നതിനുള്ള സുമുഹൂത്തങ്ങളെ നിണ്ണയിക്കുന്ന ഒരുമാതിരി ഗണിതശാസ്ത്രം. ജ്യോതിഷത്തിനു അനന്തരകാലങ്ങളിൽ ഇൻഡ്യയിൽ അത്യന്തമായ പ്രചാരം സിദ്ധിച്ചു. ഇതിൽ ഗ്രഹശാസ്ത്രമെന്നും ഫലഭാഗമെന്നും രണ്ടു മുഖ്യവിഭാഗങ്ങളുണ്ടു്.

(൨) ധമ്മശാസ്ത്രങ്ങൾ.

ധമ്മശാസ്ത്രം. ജാത്യാചാരങ്ങളേയും, കാലദേശാചാരങ്ങളേയും വ്യക്തമായി ക്രമീകരിക്കുകയാണു ചെയ്യുന്നതു്. ധമ്മശാസ്ത്രങ്ങളിൽ പ്രധാനമായി മനുസ്മൃതിയും, യാജ്ഞവൽക്യധമ്മവും അറിഞ്ഞിരിക്കേണ്ടവയാണ്. മനുസ്മൃതി ആധുനികരീതിയിൽ രൂപവൽക്കരിച്ചതു് ബി. സി. അഞ്ചാംശതാബ്ദത്തിൻെറ അന്തിമഘട്ടത്തിലാണെന്നും, യാജ്ഞവൽക്യസ്മൃതി ഉണ്ടായതു് ക്രിസ്തുവഷാരംഭത്തോടുകൂടിയാണെന്നും വിദ്വാന്മാർ സിദ്ധാന്തിക്കുന്നു.

(൩) ഭക്തിശാസ്ത്രം:—

ഇതിൽ ഇതിഹാസവും, പതിനെട്ടു പുരാണങ്ങളും, അതിൻെറഓരോ ഉപപുരാണങ്ങളും തന്ത്രങ്ങളും അടങ്ങിയിരിക്കുന്നു.

(൪) കാവ്യങ്ങൾ

സംസ്കൃതസാഹിത്യത്തിൽ കാവ്യങ്ങൾ ധാരാളമുണ്ടു്. മഹാഭാരതവും, രാമായണവും ആവിർഭവിച്ചതിനുശേഷം പല വഷങ്ങൾ സാഹിത്യസാമ്രാജ്യം അഭിവൃദ്ധിയിൽ

വരുന്നതിനു യാതൊരു പരിഷ്ക്കാരവും ചെയ്തിട്ടില്ല. ഒരു കാവ്യത്തിന്റെ ഗുണങ്ങൾ മിക്കവാറും തികഞ്ഞിട്ടുള്ള പൌരാണികകാവ്യമായ വാല്മീകിരാമായണത്തെ വീണ്ടും വീണ്ടും വായിച്ച് വായിച്ച് മുഷിഞ്ഞിരിക്കുന്ന ഘട്ടത്തിലത്രേ ലോകമഹാകവികളിൽ സർവ്വപ്രകാരേണയും ആദരണീയനായിത്തീർന്നിട്ടുള്ള കാളിദാസൻ തന്റെ കവിതകളുമായി രംഗപ്രവേശം ചെയ്തതു്. ലോകോത്തരചമൽക്കാരകാരിയായ രസപരിപുഷ്ടികൊണ്ടു് കാളിദാസൻ ജനതതിയെ ഉന്മത്തചിത്തരാക്കിത്തീർക്കുന്നതിനുമുമ്പ് അശ്വഘോഷൻ 'ബുദ്ധചരിതം'കൊണ്ടു്സഹൃദയലോകത്തെ കുറച്ചൊന്നു് രസിപ്പിച്ചു. കാളിദാസമഹാകവി രഘുവംശം, കുമാരസംഭവം എന്നീ ഉൽകൃഷ്ടകാവ്യങ്ങൾ നിർമ്മിച്ചു സഹൃദയലോകത്തിനു കാഴ്ചവച്ചു. രഘുവംശം സൂര്യകുലചരിത്രത്തേയും, കുമാരസംഭവം കാർത്തികേയന്റെ ജനനത്തേയും, താരകാസുരന്റെ വധത്തേയും വർണ്ണിക്കുന്നു. അദ്ദേഹത്തിന്റെ ഇതരകൃതികളായ മേഘസന്ദേശവും, ഋതുസംഹാരവും സംസ്കൃതസാഹിത്യത്തെ നിതരാം അലങ്കരിക്കുന്നുണ്ടു്. കുബേരന്റെ ഒരു ഭൃത്യനായ യക്ഷൻ തന്റെ പ്രിയതമയെ പിരിഞ്ഞു രാമഗിരിയിൽ താമസിക്കുമ്പോൾ അളകാപുരിയിൽ വസിക്കുന്ന പത്നിക്ക് മേഘം മുഖാന്തരം ഒരു സന്ദേശം അയയ്ക്കുന്നതായിട്ടാണു് 'മേഘസന്ദേശ'ത്തിലെ കഥ സംഘടിപ്പിച്ചിരിക്കുന്നതു്. ഋതുസംഹാരത്തിൽ ആറു ഋതുക്കളേയുംവർണ്ണിച്ചിരിക്കുന്നു. കവിയുടെ ഔചിത്യവും, പൂർണ്ണമായ കവിതാപവും ഇതിൽ സർവ്വത്ര വിലസുന്നുമുണ്ടു്. വേറെയും പല ഖണ്ഡകാവ്യങ്ങൾ കാളിദാസന്റെ മനോധർമ്മത്തിൽക്കൂടി കയറിയിറങ്ങി സംസ്കൃതസാഹിത്യത്തെ അലംകരിക്കുന്നുണ്ടു്. രസപൂർണ്ണമായ പല ഖണ്ഡകാവ്യങ്ങളും മററു ചില കവിശ്രേഷ്ഠന്മാരിൽ നിന്നും സംസ്കൃത ഭാഷയ്ക്കു ലഭിച്ചിട്ടുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല. ഇവയിൽ

ബിൽഹണൻെറ ചൗരപഞ്ചാശികവും, അമരുകശതകവും, ഭർത്തൃഹരിയുടെ ശൃംഗാരശതകവും ഔന്നത്യത്തെ പ്രാപിച്ചിട്ടുണ്ട്. ശ്രീകുമാരദാസരുടെ 'ജാനകീഹരണം' കാവ്യരസികന്മാരെ ഹഠാദാകർഷിക്കുന്ന ഒരു മഹാകാവ്യമാണ്. ശ്ലേഷഭംഗിയും, അർത്ഥചമൽക്കാരവും, വർണ്ണനാചാതുര്യവും ഏകീഭവിച്ചിരിക്കുന്ന 'ഹരവിജയം' ഭാഷയെ ദിവ്യശക്തി സമ്പന്നയാക്കുന്നുണ്ട്. ഭാരവിയുടെ 'കിരാതാർജ്ജുനീയവും' ശ്രീഹർഷൻെറ 'നൈഷധവും' മാഘൻെറ 'ശിശുപാലവധവും' സംസ്കൃത സാഹിത്യത്തിൽ മനോഹരങ്ങളായ കാവ്യകുസുമങ്ങളത്രേ. കിരാതാർജ്ജുനീയത്തിൽ കിരാതവേഷധാരിയായ ശിവനും അർജ്ജുനനും തമ്മിലുള്ള യുദ്ധത്തെ കവി പ്രാഗല്ഭ്യത്തോടെ വർണ്ണിച്ചിരിക്കുന്നു. കവിയുടെ ഭാഷാസാമർത്ഥ്യം മുഴുവൻ ഈ കൃതിയിൽ പ്രകടിപ്പിച്ചിരിക്കുന്നുവോയെന്ന് ചിലപ്പോൾ തോന്നാതിരിക്കയില്ല. ചില ഭാഗങ്ങളിൽ ഭാഷ സീമാതീതമായ കാഠിന്യത്തെ അവലംബിച്ചിരിക്കുന്നു. ഇവരെല്ലാം കൃത്രിമഭംഗിയിൽ കൂടുതൽ ദൃഷ്ടി പതിപ്പിച്ചിട്ടുള്ളതിനാൽ സാക്ഷാലുള്ള കവിത്വം പല സ്ഥാനങ്ങളിലും നഷ്ടപ്രായമായിത്തീർന്നിട്ടില്ലയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഹേമചന്ദ്രൻെറ "കുമാരപാലചരിതം" സംസ്കൃതസാഹിത്യത്തിൻെറ പാദുകയും, കവിരാജൻെറ "രാഘവപാണ്ഡവീയം" ഭാഷയുടെ മകുടവുമാണെന്നു ഒരു വിദ്വാൻ അഭിപ്രായപ്പെടുന്നു. രാഘവപാണ്ഡവീയം ഓരോ പാദവും രണ്ടർത്ഥത്തിൽ സംഘടിപ്പിച്ച്‌രചിച്ചിട്ടുള്ള ഒരു അപൂർവ്വകൃതിയാകുന്നു. ഒരു അർത്ഥത്തിൽ രാമായണംകഥയും പിന്നൊരു അർത്ഥത്തിൽ മഹാഭാരതം കഥയും വിശദീകരിച്ചിട്ടുണ്ട്. ചന്ദ്രചൂഡൻെറ പതിനാലു സർഗ്ഗങ്ങളുള്ള കാർത്തവീര്യവിജയവും, ജയദേവൻെറ ഗീതഗോവിന്ദവും, സാഹിത്യപഥസഞ്ചാരിയുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നവയാണ്. ഇനിയും

സംസ്കൃതസാഹിത്യത്തെ അലങ്കരിക്കുന്നതും, രസപൂൎണ്ണവുമായ കാവ്യങ്ങൾ അനേകമുണ്ട്. നളമഹാരാജാവിന്റെ കഥയെ വിസ്തരിക്കുന്ന കൃഷ്ണാനന്ദകൃതമായ സഹൃദയാനന്ദവും, വാസുദേവന്റെ യുധിഷ്ഠിരവിജയം കാവ്യവും, വീരനന്ദിയുടെ ചന്ദ്രപ്രഭാചരിതവും, വെങ്കടേശ്വരന്റെ രാമചന്ദ്രോദയവും, ഗോവിന്ദമഖിയുടെ ഹരിവംശസാരചരിതവും സവിശേഷശ്രദ്ധയെ അൎഹിക്കുന്നു.

മഹാകാവ്യങ്ങളും, ഖണ്ഡകാവ്യങ്ങളും കൂടാതെ അനേകം സ്തവങ്ങളും, ലഘുപദ്യങ്ങളും, ശതകങ്ങളും സംസ്കൃതഭാഷയിലുണ്ട്. ഘടകൎപ്പരന്റെ നീതിസാരം, മൂകന്റെ പഞ്ചശതി, ശങ്കരാചാൎയ്യരുടെ ശിവാനന്ദലഹരി, ഭൎത്തൃഹരിയുടെ നീതിശതകം തുടങ്ങിയുള്ള മൂന്നു ശതകങ്ങൾ, രാമചന്ദ്രന്റെ രസികരഞ്ജനം മുതലായവ ഉൽക്കൎഷത്തെ പ്രാപിച്ചിട്ടുള്ളവയാണ്. ഗദ്യപദ്യസമ്മിശ്രമായ ചില ചമ്പൂകാവ്യങ്ങളുംസംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധങ്ങളായിട്ടുണ്ട്. ഭോജരാജാവിന്റെ രാമായണചമ്പു കഴിഞ്ഞാൽ നളചമ്പൂവും, ഭാഗവതചമ്പൂവും പ്രസിദ്ധങ്ങളാണ്. മുൻപറഞ്ഞ കാവ്യങ്ങളുടെ ഉത്ഭവകാലത്തിൽ ദണ്ഡിയുടെ ദശകുമാരചരിതം, ബാണന്റെ ഹൎഷചരിതം, സുബന്ധുവിന്റെ വാസവദത്തം, കൽഹണന്റെ രാജതരംഗിണി മുതലായ ഗദ്യകൃതികളും, ഭാഷയെ പരിപോഷിപ്പിച്ചിട്ടുണ്ട്. യഥാൎത്ഥകവിതാവും, വാസനാവൈഭവവും, അലങ്കാരപുഷ്ടിയും ഇവയിലെല്ലാം മികച്ചുനില്ക്കുന്നുണ്ട്. കൃത്രിമഭംഗികളിലുള്ള ഭ്രമവും, സന്ദൎഭശുദ്ധിയില്ലായ്മയും, വക്രഗതിയും ചിലപ്പോൾ ഇവയുടെ മാഹാത്മ്യത്തെ ബാധിക്കാതെയുമില്ല. സംസ്കൃതസാഹിത്യയോഷയുടെ കണ്ഠാഭരണമായി ഇനിയും അനവധി കഥാഗ്രന്ഥങ്ങളും ശാസ്ത്രഗ്രന്ഥങ്ങളും നിൎമ്മിക്കപ്പെട്ടിട്ടുണ്ട്. സോമദേവന്റെ കഥാസരിൽസാഗരം, ശ്രീവര

ൻെറ കഥാകൌതുകം, പഞ്ചതന്ത്രം, ശുകസപ്തതി തുടങ്ങിയുള്ള കഥാഗ്രന്ഥങ്ങൾ, വൈദ്യം അലങ്കാരം തുടങ്ങിയുള്ള വിഷയങ്ങളെപ്പററിയുള്ള ഗ്രന്ഥങ്ങൾ പരസഹസ്രം വ്യാഖ്യാനങ്ങൾ ഇവയെല്ലാം വിപുലമായ സംസ്കൃതസാഹിത്യത്തിൽ ഗണ്യമായ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.

## രൂപകങ്ങൾ

സംസ്കൃതത്തിൽ നാട്യശാസ്ത്രപ്രകാരം പത്തു രൂപകങ്ങളും, പതിനെട്ട് ഉപരൂപകങ്ങളും ഉണ്ട്. ഇതരദേശീയ ഭാഷകളെ അപേക്ഷിച്ച് സംസ്കൃതത്തിൽ നാടകകൃതികൾ വളരെ കൂടുതലാണ്. സംഗീതത്തിൻെറയും നൃത്തത്തിൻെറയും സംഗമം കൊണ്ടാണല്ലോ നാടകങ്ങൾ ഉത്ഭവിച്ചിട്ടുള്ളതു്. നാടകനിമ്മാണത്തിൽ ചില നിശ്ചിതനിയമങ്ങളുണ്ട്. സംസ്കൃതനാടകങ്ങൾ രൂപത്തിൽ ഗദ്യപദ്യസമ്മിശ്രങ്ങളായിരിക്കുന്നു. നാടകങ്ങൾക്കു സംസ്കൃതത്തിൽ അത്യുത്കൃഷ്ടമായ ഒരുസ്ഥാനമുണ്ട്. "നാടകാന്തം കവിത്വം"എന്നാണു സംസ്കൃതാലങ്കാരികന്മാരുടെ സാധാരണമതം എന്നുള്ളതിൽ നിന്നു് ഈ തത്വം വെളിവാകും.

ഇതിഹാസങ്ങളിൽനിന്നും പുരാണങ്ങളിൽനിന്നുംകഥകൾ തിരഞ്ഞെടുത്ത്സാമുദായികസ്ഥിതിഗതികളെ അനുരഞ്ജിപ്പിച്ച് മനോധമ്മമാകുന്ന ചാണക്കല്ലിൽ ഉരസി എടുത്തു വെച്ചിട്ടുള്ള നാടകഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിൽ ദുർല്ലഭമല്ല. കാവ്യങ്ങളെന്നപോലെ നാടകങ്ങളും പരിശോധിക്കുമ്പോൾ കാളിദാസമഹാകവി പ്രഥമസ്ഥാനത്തിൽ ആരോഹണം ചെയ്യുന്നതു കാണാം. അദ്ദേഹത്തിൻെറ 'ശാകുന്തളം' 'വിക്രമോവ്ശീയം' 'മാളവികാഗ്നിമിത്രം' എന്നീ നാടകത്രയങ്ങൾ പ്രഥമകോടിയിൽ പരിലസിക്കുന്നു. ഭവഭൂതിയുടെ 'ഉത്തരരാമചരിതവും' 'മാലതീ

മാധവവും' രാജശേഖരന്റെ 'ബാലരാമായണവും' മേൽപ്പറഞ്ഞവയോടു തുലനം ചെയ്യാൻ യോഗ്യമായവ തന്നെയാണു്. വിശാഖദത്തന്റെ 'മുദ്രാരക്ഷസം', ശൂദ്രക രാജാവിന്റെ 'മൃച്ഛകടികം', ഭാസന്റെ 'സ്വപ്നവാസവദത്തം' 'കിരണാവലി', ഭട്ടനാരായണന്റെ 'വേണീസംഹാരം', രാമഭദ്രന്റെ 'ജാനകീപരിണയം' ഹർഷദേവന്റെ 'രത്നാവലി', കൃഷ്ണമിശ്രന്റെ 'പ്രബോധചന്ദ്രോദയം' മുതലായവയും പ്രസിദ്ധങ്ങളാണു്.

സംസ്കൃതസാഹിത്യവിജ്ഞാനഭണ്ഡാഗാരത്തെ നിറയ്ക്കുന്നതിനു് യോഗ്യതയുള്ള പഞ്ചതന്ത്രവും, ഹിതോപദേശവും ലോകമെങ്ങും പുകഴാന്നവയാണു്. ഈ ഗ്രന്ഥങ്ങൾ വിവിധഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ടു്. ഇദാനീന്തനകാലങ്ങളിൽ സംസ്കൃതഭാഷയിൽ പല നല്ല ഗ്രന്ഥങ്ങളും ആവിർഭവിച്ചിട്ടുണ്ടു്. അവ പ്രാചീനഗ്രന്ഥങ്ങളുടെ രൂപാന്തരങ്ങളെന്നല്ലാതെ വിശേഷവിധിയായി അവയെപ്പററി ഒന്നും പ്രസ്താവിക്കാനില്ല.

---

## അദ്ധ്യായം ൯

# സംസ്കൃതകവികൾ

സംസ്കൃതകവികളെപ്പററി എന്തെങ്കിലുംഅറിയാൻ ആഗ്രഹിക്കുന്നവർപൌരസ്ത്യകവികുലകൂടസ്ഥനായകാളിദാസനെ സന്ദർശിച്ചതിനു ശേഷമല്ലാതെ മുമ്പോട്ടുപോകുന്നതല്ല. പ്രകൃതിചിത്രീകരണത്തിലും, വർണ്ണനയിലും രസപ്രസ്ഥാനത്തിലും അദ്വിതീയനാണു്. ഇദ്ദേഹത്തിന്റെ ജീവിതഘ

ട്ടത്തെപ്പററി നിശ്ചിതമായ യാതൊരറിവും നമുക്ക ലഭിച്ചിട്ടില്ല. ക്രിസ്താബ്ദം നാലാംശതകത്തിലാണെന്നുള്ള വാദം മിക്കവാറും ശരിയാണെന്നു് പലരുംസമ്മതിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ നാടകകവികുലോത്തമന്മാരിൽ പ്രഥമഗണനീയൻ ഇദ്ദേഹംതന്നെ. ഇദ്ദേഹം വിക്രമാദിത്യരാജാവിൻെറ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നുവെന്നുള്ളതിനു് ലക്ഷ്യങ്ങളുണ്ടു്. "ഭാരവി" ഈ മഹാകവിയുടെ സമകാലികനായിരുന്നുവെന്നു ചില പണ്ഡിതന്മാർ സിദ്ധാന്തിക്കുന്നു. കവിയുടെ സ്വദേശം ഗ്രന്ഥവൎണ്ണനയിൽനിന്നും "ഉജ്ജയിനി" ആയിരിക്കുമെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. കാളിദാസൻെറ പരിപക്വഹൃദയത്തിൽനിന്നും നിർഗളിച്ചിട്ടുള്ള ആശയവിശേഷങ്ങൾ "മഹാകവികൾ ലോകാവസാനംവരെ ജീവിക്കുന്നു" എന്നമഹദ്വചനത്തെ അൎത്ഥവത്താക്കുന്നു. രസപുഷ്ടി, സുലളിതമായ പദവിന്യാസം, മാധുൎയ്യം, കാന്തി, സൗകുമാൎയ്യം മുതലായ കാവ്യഗുണങ്ങളാൽ കവിതാമൎമ്മജ്ഞനായ കാളിദാസൻ ഇതരകവികളെ അതിശയിക്കുന്നു. "ഉപമാ കാളിദാസസ്യ" എന്ന ചൊല്ലു പ്രസിദ്ധമാണു്. കാളിദാസനെപ്പോലെ സുലഭമായി വൈദർഭീരീതിയിൽ ഗ്രന്ഥനിൎമ്മാണം ചെയ്തിട്ടുള്ളവർ സംസ്കൃതസാഹിത്യസാമ്രാജ്യത്തിൽഇല്ല തന്നെ. ഈ മഹാകവിയുടെ കൃതികളിലെ കഥാഘടനയിൽ ഔചിത്യഭംഗമോ, അസ്വാരസ്യമോ കാണാനില്ല. ആശയങ്ങൾ നിറഞ്ഞു കവിയുകയും ചെയ്യുന്നു. കൃത്രിമങ്ങളോ, അസ്പഷ്ടങ്ങളോ ആയ ആശയങ്ങൾ അദ്ദേഹത്തിൻെറ കവിതയിൽ കാണ്മാനില്ല. സന്ദേശകാവ്യനിൎമ്മാണത്തിൻെറ മാൎഗ്ഗദൎശകനും ഇദ്ദേഹം തന്നെയാണു്. മനസ്സിൻെറ വിവിധചേഷ്ടകളെയും, പ്രകൃതി വൈപരീത്യങ്ങളെയും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഗാഢസംബന്ധത്തെയും പററി മഹാകവിക്കു സൂക്ഷ്മജ്ഞാനമുണ്ടായി

രുന്നുവെന്നു് തോന്നുന്നു. ഒരു ഉത്തമ നാടകകർത്താവിന് ആവശ്യമുള്ള സകല ഗുണങ്ങളും അദ്ദേഹത്തിന് പൂർണ്ണമായി സിദ്ധിച്ചിരുന്നു. ഈ കവിരാജന്റെ നിസർഗ്ഗകോമളമായ മനോധർമ്മത്തിൽ നിന്നും ഉദ്ഗമിച്ചിട്ടുള്ള മഹാകാവ്യത്രയങ്ങളും, സുപ്രസിദ്ധമായ ഖണ്ഡകാവ്യദ്വയങ്ങളും സാഹിത്യലോകത്തിന്റെ സുസ്ഥിരമായ ബഹുമാനത്തിന് പാത്രീഭവിച്ചിട്ടുണ്ടു്.

കാളിദാസമഹാകവിയുടെ ശാകുന്തളം ഗീഥേ എന്ന ജർമ്മൻ പണ്ഡിതന്റെ നിസ്സീമമായ പ്രശംസയെ സമ്പാദിച്ചിട്ടുണ്ടു്. അഭിജ്ഞാന ശാകുന്തളം, ഭാഷാകുമാരസംഭവം, രഘുവംശം എന്നീ മഹാകാവ്യങ്ങളും, മേഘദൂത്, ഋതുസംഹാരം, നളോദയം മുതലായ ഖണ്ഡകാവ്യങ്ങളും ശൃംഗാരതിലകം, രാക്ഷസകാവ്യം മുതലായവയും കാളിദാസന്റെ കൃതികളാണെന്നു് ഗണിച്ചുപോരുന്നു.

(൨) ദണ്ഡി. ശാസ്ത്രജ്ഞൻ, കവി എന്നീ നിലകളിൽ വിശ്രുതനായിത്തീർന്ന ദണ്ഡിയുടെ ജീവിതകാലത്തെപ്പററിയുള്ള വാദം ഇന്നും അവസാനിച്ചിട്ടില്ല. കാളിദാസനും, ദണ്ഡിയും സമകാലീനന്മാരായിരുന്നുവെന്നും, കവിതാവിഷയത്തിൽ അവർ പരസ്പരം മത്സരിച്ചുപോന്നുവെന്നും ഒരു പ്രസ്താവമുണ്ടു്. അതു് ചില ഐതിഹ്യങ്ങളെ മാത്രം ആസ്പദമാക്കിയുള്ളതാകയാൽ വിശ്വാസയോഗ്യമോ എന്നറിഞ്ഞുകൂടാ. ക്രിസ്ത്വാബ്ദം ഏഴാംശതവർഷത്തിന്റെ അന്തിമഘട്ടത്തിലോ ൮-ന്റെ ആരംഭത്തിലോ ജീവിച്ചിരുന്നുവെന്നുള്ള അനുമാനത്തിന് ഇപ്പോൾ കുറെ ബലമുള്ളതുപോലെ തോന്നുന്നു. ദണ്ഡി എന്നുള്ളതു ഒരു സ്ഥാനപ്പേരാണു്. ഇദ്ദേഹത്തിന്റെ കാവ്യങ്ങളിൽ സാരള്യാദിഗുണങ്ങൾ തിങ്ങിക്കാണുന്നു. പ്രധാനകൃതികൾ കാവ്യാദർശവും, ദശകുമാരചരിതവുമാണു്. സാഹി

തൃശാസ്ത്രത്തെപ്പററിയുള്ള പൂർണ്ണവിവരങ്ങളടങ്ങിയ ഒരു പുരാതനകൃതിയാണ് കാവ്യാദശം.

(൩) ഭവഭൂതി. ഏഴാം ശതവഷത്തിന്റെ ഉത്തരാദ്ധത്തിലോ എട്ടാംശതകത്തിന്റെ പ്രാരംഭദശയിലോ ജീവിച്ചിരുന്ന ഒരു നല്ല കവിയാണ് ഭവഭൂതി. ഇദ്ദേഹം പ്രകൃതി വർണ്ണനയിൽ സമത്ഥനായിരുന്നു. പ്രകൃതിയെ സവിശേഷം സ്നേഹിച്ചിരുന്ന ഈ കവിയുടെ കവിതാശൈലികളിൽ, പ്രകൃതിയുമായുള്ള ഏകാന്തവാസത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഗുണങ്ങൾ മിന്നിത്തിളങ്ങിക്കാണുന്നു. ഭവഭൂതിയുടെ കരുണരസവർണ്ണന ഏതുകഠിനഹൃദയങ്ങളെയും, ചലിപ്പിക്കുന്നതാണ്. പവ്വതങ്ങളെയും, നദികളെയും, പാറക്കൂട്ടങ്ങളെയും, വനാന്തരങ്ങളെയും പ്രൌഢമനോഹരമായി തന്റെ കൃതികളിൽ വർണ്ണിച്ചിരിക്കുന്നു. "ഭവഭൂതിയുടെ ആശയങ്ങൾക്കു നല്ല വികാരോത്തേജകതയുണ്ട്" എന്നു് വിൽസൻ പറയുന്നു. മനോവികാരങ്ങളെ യഥോചിതം സൂചിപ്പിക്കുന്ന വിഷയത്തിൽ കവി സൂക്ഷ്മദൃഷ്ടിപതിപ്പിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ കവിതയ്ക്കുള്ള പ്രധാനഗുണങ്ങൾ ഹൃദയദ്രവീകരണശക്തിയും, പ്രൌഢിയുമാണ്. ഹാസ്യരസം തന്റെ നാടകങ്ങളിൽ പ്രയോഗിച്ചിട്ടുള്ളതു ദുല്ലഭമത്രേ. ഫലിതരസത്തിനും കവി സ്ഥലം അനുവദിച്ചിട്ടില്ല. നാടകരചനയിൽ ഭവഭൂതിയെ മിക്കവാറും കാളിദാസനോടു തുലനം ചെയ്യാം. മഹാവീരചരിതം, മാലതീമാധവം, ഉത്തരരാമചരിതം എന്നീ നാടകത്രയങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഉത്തരരാമചരിതത്തെ ചാത്തുക്കുട്ടി മന്നാടിയർ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

(൪) ശ്രീഹഷൻ. പന്ത്രണ്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു മഹാകവിയായ ഹഷൻ മംഖന്റെ സഹജീവിയായിരുന്നു. ഹഷന്റെ കീത്തിപ്പെട്ട നൈഷധമഹാ

കാവ്യത്തെ അനുകരിച്ച് മാഘൻ ശ്രീകണ്ഠചരിതം മഹാകാവ്യം രചിച്ചിരിക്കുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടുന്നതിൽ അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. ശബ്ദത്തിനു പ്രാധാന്യം നൽകുന്ന വിഷയത്തിൽ ഹർഷമഹാകവി അതിചതുരനായിരുന്നു. ഇദ്ദേഹം മുദ്രാരാക്ഷസം നാടകത്തിന്റെ കർത്താവായ വിശാഖദത്തന്റെ സമകാലികനായിരുന്നതായി ചിലർ പ്രസ്താവിക്കുന്നുമുണ്ട്. ഹർഷകവിയുടെ ഇതരകൃതികളുടെ കൂട്ടത്തിൽ ശിവഭക്തിസിദ്ധി, അണ്ണവർണ്ണന, സഹനാങ്കചരിതം മുതലായവ പ്രാമുഖ്യമുള്ളവയാണ്.

(൭) അമരസിംഹൻ. വിക്രമാദിത്യമഹാരാജാവിന്റെ സഭയിലെ നവരത്നങ്ങളിൽ ഒരാളായി പറയപ്പെട്ടിരുന്ന അമരസിംഹൻ ഒരു ജൈനമതക്കാരനായിരുന്നു. അമരസിംഹന്റെ 'നാമലിംഗാനുശാസനം' 'അമരകോശം' എന്ന അപരനാമധേയത്തിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒരു നിഘണ്ടുവാണ്.

(൮) ഭാരവി. ഇദ്ദേഹവും കാളിദാസമഹാകവിയുടെ സഹജീവിയാണെന്ന് പറഞ്ഞുവരുന്നു. ഈ കവിക്ക് സംസ്കൃതഭാഷ സർവ്വസ്വാധീനമാണ്. ചില അവസരങ്ങളിൽ ഭാംഷാജ്ഞാനം മുഴുവൻ പ്രകടിപ്പിക്കാൻ ശ്രമിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കാണാം. കിരാതാർജ്ജുനീയം ഈ കവിയുടെ കൃതിയാണ്. വർണ്ണനാപാടവവും, ഹൃദയവികാരപ്രകടനനിപുണതയും, കാണ്മാനില്ലെങ്കിലും, സ്വഭാവവർണ്ണനയിൽ കവി ബഹുസമർത്ഥനാണ്. ഭാഷാരീതി പ്രൌഢവും, ഉജ്ജ്വലത്തുമായിരിക്കുന്നു. പ്രകൃതിയുടെ പരാമാർത്ഥ്യവും, സന്മാർഗ്ഗചിന്തയുടെ ഔൽകൃഷ്ട്യവും പ്രകാശിച്ചു കാണുന്നു. ഉത്തമസ്ത്രീകളെയാണ് കഥാപാത്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്. കഥാപാത്രങ്ങളിൽ

ആത്മജ്ഞാനവും, ആത്മഗൗരവവും ആത്മസംയമനവും ശരിയായി പ്രകാശിക്കുന്നു. സ്വാതന്ത്ര്യബുദ്ധി, കർത്തവ്യ ബോധം, സ്വാഭിമാനം ആദിയായവ കവിതയിൽ എവിടെയും സ്ഫുരിക്കുന്നുണ്ടു്. ഭാരവിക്കു് "ഛത്രഭാരവി" എന്ന സ്ഥാനപ്പേർ ലഭിച്ചിട്ടുണ്ടു്.

(൦) പാണിനി. ശബ്ദജ്യോതിസ്സിനെ ഉപാസിച്ചു മഹർഷിപദം സമ്പാദിച്ചു ലോകത്തെ അനുഗ്രഹിച്ച പാണിനിയുടെ ചരിതം അന്ധകാരനിബിഡമായിട്ടാണിരിക്കുന്നതു്. പാശ്ചാത്യപണ്ഡിതശ്രേഷ്ഠനായ മാക്സ് മുള്ളർ മുതലായവരുടെ തീവ്രയത്നങ്ങളാൽ ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ടു്. അതും സർവ്വാദരണീയമായിത്തീർന്നിട്ടില്ല. പാണിനിയുടെ മാതാവു ദാക്ഷിയാണെന്നും, പിതാവു പാണിനൻ എന്ന ഋഷിയാണെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. ദീർഘചിന്തയുടെ ഫലമായി അദ്ദേഹത്തിന്റെ സ്വദേശം "സാലാതുരം" ആണെന്നും അഭിജ്ഞന്മാർ സമർത്ഥിച്ചിരിക്കുന്നു. പാണിനി നന്ദരാജാവിന്റെ സഹജീവിയായിരുന്നുവെന്നാണു കല്പതരുവിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. ബി. സി. ൪-ാം ശതവർഷത്തോടു സമീപിച്ച കാലഘട്ടത്തിൽ ഇദ്ദേഹം ജീവിച്ചിരുന്നുവെന്നുള്ള ഊഹത്തിനു പ്രാബല്യം സിദ്ധിച്ചിട്ടുണ്ടു്. ബി. സി. ഏഴാംശതവർഷത്തിലാണു ജീവിച്ചിരുന്നതെന്നു ചിലർ സിദ്ധാന്തിക്കുന്നു. പാണിനിയുടെ 'അഷ്ടാദ്ധ്യായി' വളരെ ശ്രുതിപ്പെട്ടതാണു്. കൂടാതെ "ധാതുപാഠം" എന്ന ഒരു ധാതുകോശവും, അദ്ദേഹം വ്യാകരണസംബന്ധമായി രചിച്ചിട്ടുണ്ടു്. ജാംബവതീപരിണയം എന്ന കാവ്യവും, പാണിനിയുടെ കൃതിയാണെന്നു ചിലർ പറയുന്നു.

(വ്വ) രത്നാകരൻ. നല്ല പ്രതിഭാവിലാസമുള്ള ഒരു കവിയാണിദ്ദേഹം. ക്രിസ്ത്വാബ്ദം ൮൫൦ മുതൽ കാ

ഷ്മീർ രാജ്യം ഭരിച്ചിരുന്ന അവന്തിവമ്മരാജാവിൻെറ സദസ്സിലുള്ള ഒരു അനർഘരത്നമായിരുന്നുവെന്നു് 'രാജതരംഗിണി'യിൽ കാണുന്നു. ഈ കവിവര്യൻ ഒൻപതാം നൂററാണ്ടിൽ ജീവിച്ചിരുന്നുവെന്നു അനുമാനിക്കാം. ൫൦ സർഗ്ഗങ്ങളുള്ള ഇദ്ദേഹത്തിൻെറ "ഹരവിജയം" കാവ്യം ദൈർഘ്യംകൊണ്ടു പരമോന്നതസ്ഥാനത്തെ അർഹിക്കുന്നു. പരിമിതമല്ലാത്ത വർണ്ണനാവൈദഗ്ദ്ധ്യവും, നവ്യകല്പനാശക്തിയും ഈ കവിക്കുണ്ടു്. കവിതകൾ, ശ്ലേഷഭംഗിയാലും, അത്ഥപുഷ്ടിയാലും ഉയന്നു ശോഭിക്കുന്നു. "വിദ്യാധിപതി", "വാഗീശ്വരൻ" എന്നീ ബിരുദങ്ങൾ ഇദ്ദേഹത്തിന്നു് ലഭിച്ചിട്ടുണ്ടു്.

(൯) മാഘൻ. ഇദ്ദേഹം ഇൻഡ്യയിലെ സുപ്രസിദ്ധനായ ഒരു മഹാകവിയാണു്. ഈ കവിയുടെ പ്രധാനകൃതി "ശിശുപാലവധം" എന്ന മഹാകാവ്യമത്രേ. "ഘണ്ടാമാഘൻ" എന്ന അപരനാമധേയത്തിൽ സുപ്രസിദ്ധനായ ഈ കവി എട്ടാം ശതവഷത്തിൻെറ ഉത്തരാദ്ധത്തിൽ ജീവിച്ചിരുന്നതായി തെളിവുകൾ ഉണ്ടു്. മാഘൻെറ ഉൽപ്രേക്ഷണകൌശലം അനന്യസാധാരണമാണു്. ഭാരവിയുടെ കിരാതാജ്ജുനീയത്തെ അതിശയിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ശിശുപാലവധം നിമ്മിച്ചുവെന്നു് ചിലർ പ്രസ്താവിക്കുന്നു.

(൧൦) ബിൽഹണൻ. പതിനൊന്നാം നൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ ജീവിച്ചിരുന്ന ഒരു ഉത്തമകവിയാണിദ്ദേഹം. സ്വദേശം കാശ്മീരമാണു്. "വിക്രമാങ്കദേവചരിതം" ഈ കവിയുടെ പ്രധാന കൃതിയാണു്. ഹൃദയദ്രാവക സമ്പ്രദായത്തിലും ചമൽക്കാരസമൃദ്ധിയിലും ബിൽഹണൻ മികച്ചു നില്ക്കുന്നു. ഒരു രാജാവിൻെറ പുത്രിയെ ഈ കവി സ്നേഹിക്കുക നിമിത്തം ഇദ്ദേഹത്തെ വധിക്കാൻ വിധിക്കുകയും ഒടുവിൽ യഥാത്ഥമായ അനുരാഗസ്മരണ

യെ ദ്ദ്യോതിപ്പിക്കുന്ന ഈ കവിയുടെ ഒരു കാവ്യം രാജാവു വായിക്കുന്നതിനു ഇടവരികയാൽ, സ്വപുത്രിയെ ഇദ്ദേഹത്തിനു വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തതായി ഒരു ഐതിഹ്യമുണ്ടു്. ഏതദ്വിഷയകമായി ഈ മഹാകവി നിമ്മിച്ച 'ചൌരപഞ്ചാശിക' എന്ന കാവ്യം സഹൃദയലോകത്തെ സുതരാം ആകഷിക്കുന്നുണ്ടു്. 'കണ്ണസുന്ദരി' എന്ന നാടകഗ്രന്ഥം അദ്ദേഹത്തിന്റെ ഇതരകൃതികളിൽ പ്രാമുഖ്യം വഹിക്കുന്നു.

(൧൧) ഭട്ടബാണൻ. ഇദ്ദേഹം ഹഷദേവന്റെ സമകാലീനനായിരുന്നു. ഹഷൻ ക്രി. വ. ഏഴാംശതകത്തിൽ ജീവിച്ചിരുന്നുവെന്നു നിശ്ചയമാണല്ലോ. 'ഹഷചരിതം,' 'കാദംബരി' എന്നീ കൃതികൾ സംസ്കൃതത്തിൽ അതിപ്രസിദ്ധങ്ങളാണു്. ഹഷചരിതത്തിൽ തുരംഗത്തെ ഹൃദയോത്തേജകമായി വണ്ണിച്ചിരിക്കുന്നതുകൊണ്ടു് 'തുരംഗബാണൻ' എന്ന ബിരുദം ഈ കവിക്കു ലഭിക്കുന്നതിനിടയായി. ഇത്ര ഗംഭീരവും പ്രൗഢവുമായി ഗദ്യമെഴുതിയിട്ടുള്ളവർ വേറെ ഇല്ലതന്നെ.

(൧൨) മേണ്ടൻ. കാളിദാസമഹാകവിയെ അനുകരിച്ചു കാവ്യരചന ചെയ്തിട്ടുള്ള മേണ്ടൻ "ഹയഗ്രീവവധം" എന്ന മഹാകാവ്യം മുഖേന സാഹിത്യലോകത്തിൽ പ്രശസ്തനായിത്തീന്നു. ഇദ്ദേഹം 'മാതൃഗുപ്തൻ' എന്ന രാജാവിന്റെ സദസ്സിനു് ഒരു അലങ്കാരമായിരുന്നു. ജന്മഭൂമി കാശ്മീരമാണു്. ഇതരഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതായി രേഖകളില്ല.

(൧൩) ജയദേവൻ. ക്രിസ്ത്വാബ്ദം പതിനൊന്നാം ശതവഷത്തിന്റെ അവസാനദശയിൽജീവിച്ചിരുന്ന ഈ കവി "ഗീതഗോവിന്ദം" എന്നൊരുകാവ്യം രചിച്ചിട്ടുണ്ടു്. സ്വദേശം ബങ്കാളാണു്. ഇദ്ദേഹത്തിന്റെ പ്രസന്നരാഘവം, ചന്ദ്രാലോകം മുതലായ കൃതികൾ പ്രചുരപ്ര

ചാരമായിട്ടുണ്ട്. ഗീതഗോവിന്ദത്തെപ്പോലെ ഒരു കൃതി ഇതരസാഹിത്യങ്ങളിലും ഇല്ലെന്നുവേണം പറയാൻ. സംഗീതവും സാഹിത്യവും ഇത്ര ഇണക്കിച്ചേർക്കുന്നതിന്ന് വേറെ ആർക്കും സാധിച്ചിട്ടില്ല.

(൰൪) ചന്ദ്രചൂഡൻ. നല്ല വാസനാവൈഭവമുള്ള കവിയാണ്. ഗുണപൌഷ്കല്യം കൊണ്ട് ഈ കവിയുടെ "കാർത്തവീര്യവിജയ"ത്തെ സഹൃദയലോകം കൊണ്ടാടിവരുന്നു. പതിനഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഈ കവി പ്രസിദ്ധി സമ്പാദിച്ചിരുന്നു.

(൰൫) ഹേമചന്ദ്രൻ. വിദ്വച്ഛിരോമണിയായ ഈ മഹാനുഭാവൻ ക്രിസ്ത്വാബ്ദം പന്ത്രണ്ടാം ശതവർഷത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്നു. ബാല്യം മുതൽക്കേ ജൈനമതപ്രാസംഗികനായി സന്യാസജീവിതം അവലംബിച്ചു ചുററിസ്സഞ്ചരിച്ചു. വ്യാകരണസംബന്ധമായും അസാധാരണമായ വ്യുൽപ്പത്തിയുണ്ടായിരുന്നു. "കുമാരപാലചരിതം" ഇദ്ദേഹത്തിന്റെ മുഖ്യഗ്രന്ഥമാണ്. കൂടാതെ, 'ദേശനാമമാല', 'അനേകാർത്ഥമാല,' 'അലങ്കാരചൂഡാമണി' 'അഭിധാനചിന്താമണി' മുതലായ കോശഗ്രന്ഥങ്ങളും ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.

(൰൬) പത്മഗുപ്തൻ. "പരിമളകാളിദാസൻ" എന്ന അപരനാമധേയത്തിൽ വിശ്രുതനായിത്തീർന്ന ഈ കവി ശ്രീവാക്പതി രാജദേവന്റെ ആശ്രിതനായിരുന്നു. ജീവിതഘട്ടത്തെപ്പററി ഖണ്ഡിതമായ യാതൊരഭിപ്രായവും പറഞ്ഞിട്ടില്ല. "നവസാഹസാങ്കചരിതം മഹാകാവ്യം" സ്പൃഹണീയമായ അലങ്കാരത്താലും ആശയസൌഷ്ഠവത്താലും രചനാവൈചിത്ര്യത്താലും പ്രശസ്തിയെ പ്രാപിച്ചിട്ടുണ്ട്.

(൰൭) കവിരാജൻ:—ഇതു് അദ്ദേഹത്തിന്റെ സാക്ഷാൽ പേരല്ല. തന്റെ അപാരമായ പാണ്ഡിത്യത്താൽ

"കവിരാജൻ" എന്ന പേരു് സിദ്ധിച്ചതായിരിക്കാം. പത്താംശതാബ്ദത്തിൽ ജീവിച്ചിരുന്നിട്ടുള്ള കവികുലോത്തമന്മാരിൽ മററാക്കും ഇത്രത്തോളം പാണ്ഡിത്യം ലഭിച്ചിരുന്നതായി വിചാരിക്കാൻ ന്യായമില്ല. ഈ മഹാകവിയുടെ "രാഘവപാണ്ഡവീയം" അത്ഭുതകരമായ ഒരു കാവ്യമാണു്. ഓരോ ശ്ലോകവും രണ്ടർത്ഥത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. ഒരു അർത്ഥം വ്യാഖ്യാനിച്ചാൽ മഹാഭാരതം കഥയും, മറേറ അർത്ഥം എടുക്കുമ്പോൾ രാമായണം കഥയും ലഭിക്കുന്നതാണു്.

(൧൮) <u>ക്ഷേമേന്ദ്രൻ.</u> കാശ്മീരരാജ്യത്തു പ്രാചീനകാലത്തു നിരവധി കവികൾ ഉണ്ടായിട്ടുണ്ടു്. ക്ഷേമേന്ദ്രൻ പതിനൊന്നാംനൂററാണ്ടിൽ ജീവിച്ചിരുന്നു. അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ള ഒരു നല്ലകവിയാണു് അദ്ദേഹം. കാശ്മീരത്തിലുള്ള ഒരു ചെറുഗ്രാമമത്രേ ഇദ്ദേഹത്തിൻെറ ജന്മഭൂമി. മാനുഷധർമ്മങ്ങളെ വിശദീകരിക്കുന്നവയും, ആദ്ധ്യാത്മികചിന്തകളെ ഉൽഭൂതമാക്കുന്നവയുമായ ഭാരതമഞ്ജരി, സമയമാതൃക, ചതുർവർഗ്ഗസംഗ്രഹം, രാമായണമഞ്ജരി, ബൃഹൽകഥാമഞ്ജരി, മുതലായ ഗ്രന്ഥങ്ങൾ ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ദശാവതാരചരിതം തൻെറ ഭാവനാശക്തിയുടെ പ്രതിബിംബമെന്നപോലെ ദൃശ്യമാകുന്നു. ചിത്രഭാരതം നാടകം, മുക്താവലി, ചാരുചര്യ്യ, സുവൃത്തതിലകം മുതലായ ഖണ്ഡകൃതികളും ക്ഷേമേന്ദ്രൻെറ കൃതികളായിട്ടുണ്ടു്.

(൧൯) <u>ശ്രീകുമാരദാസർ.</u> ശയ്യാഗുണത്തോടും, ആശയപുഷ്ടിയോടും കവിതയെഴുതാൻ ഈ കവിക്കു് അനല്പമായ വാസനയുണ്ടായിരുന്നു. ഇദ്ദേഹം കാളിദാസൻെറ സമകാലീനനായിരുന്നെന്നു സിംഹളദേശക്കാരായ ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. കുമാരദാസൻ ബുദ്ധമതാവലംബിയാണെന്നു ചിലർ സിദ്ധാന്തിക്കുന്നുണ്ടെങ്കി

ലും, സ്വകൃതികൊണ്ടു് ആ സംഗതി തെളിയുന്നില്ല. കുമാരദാസർ ലങ്കയിലെ ഒരു രാജാവായിരുന്നുവെന്നു് ഒരു പക്ഷമുണ്ടു്. ഇദ്ദേഹത്തിൻെറ പ്രധാനകൃതിയായ "ജാനകീഹരണം" ആകർഷണീയമായ ഒരു മഹാകാവ്യമാണു്.

(൨൦) അശ്വഘോഷൻ. ഈ കവി ഒരു ബ്രാഹ്മണകുടുംബജാതനാണു്. എങ്കിലും, പിൽക്കാലത്തു് ബുദ്ധമതം സ്വീകരിച്ചു. അതിനുശേഷമാണു് കാശ്മീരത്തിൽ സ്ഥിരവാസം ഉറപ്പിച്ചതു്. ജീവിതഘട്ടത്തെപ്പററി ക്ലിപ്തമായ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ഈ കവിയുടെ "ബുദ്ധചരിതം" പ്രാചീനവും, ഉൽകൃഷ്ടവുമായ ഒരു കാവ്യമാണു്. അലങ്കാരരേഖാശാസ്ത്രം എന്നൊരു ശാസ്ത്രഗ്രന്ഥം കൂടെ ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്.

(൨൧) രാജശേഖരൻ. ഇദ്ദേഹം ഉത്തമനായ ഒരു കവിയായിരുന്നു. ഈ കവി പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെങ്കിലും, അവയിൽ പലതും വിസ്മൃതകോടിയിൽ ലയിച്ചിരിക്കയാണു്. നാലുനാടകഗ്രന്ഥങ്ങൾ മാത്രം ഇപ്പോൾ പ്രചാരത്തിലിരിക്കുന്നു. രാജശേഖരൻെറ ബാലരാമായണമെന്ന നാടകം സംസ്കൃതഭാഷയിലുള്ള നാടകഗ്രന്ഥങ്ങളെ അപേക്ഷിച്ചു് ഏററവും വലുതാണു്. രാമായണകഥ മുഴുവൻ ഇതിൽ സംഗ്രഹിച്ചിരിക്കുന്നു. കർപ്പൂരമഞ്ജരി, വിദ്ധശാലഭഞ്ജിക എന്ന നാടകങ്ങൾ സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധങ്ങളാണു്. ഒൻപതാം ശതവർഷത്തിൻെറ ഉത്തരാർദ്ധത്തിനു ശേഷമാണു് ഈ കവി ജീവിച്ചിരുന്നതെന്നു പറയപ്പെടുന്നു. ഈ കവിശ്രേഷ്ഠൻെറ 'ബാലഭാരതം' പൂർണ്ണമാകാത്ത നാടകഗ്രന്ഥമായിട്ടാണു് കാണുന്നതു്.

(൨൨) ഭാസൻ. ഒരു പ്രാചീനമഹാകവിയായ ഭാസൻ ഇരുപതിൽ പരം നാടകഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളതായി പ്രസ്താവിച്ചുകാണുന്നു. എന്നാൽ, അവയിൽ മിക്ക

വയും ഇപ്പോൾ പ്രചാരത്തിലോ, അറിവിലോ ഇല്ല. കിരണാവലി, സ്വപ്നവാസവദത്തം, ഉദാത്തരാഘവം എന്നീ നാടകകൃതികൾ പ്രധാനങ്ങളാണു്. തിരുവനന്തപുരം സംസ്കൃതഗ്രന്ഥാവലിയിൽ ഗണപതിശാസ്ത്രികൾ വാസവദത്തം തുടങ്ങിയ പതിമൂന്നു നാടകങ്ങൾ ഭാസകൃതികളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(൨൩) ഭട്ടി. ഈ കവി സംസ്കൃതഭാഷയിൽ അനിതരസാധാരണമായ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ദേഹമത്രേ. ക്രിസ്ത്വാബ്ദം ഏഴാം ശതകത്തിൽ ജീവിച്ചിരുന്നു. ഇദ്ദേഹം പാണ്ഡിത്യംകൊണ്ടു കാവ്യം രചിച്ചുവെന്നല്ലാതെ സാക്ഷാൽ ഒരു വാസനാകവിയായിരുന്നില്ല. ഭട്ടികാവ്യത്തിനു് മല്ലിനാഥൻ, ജയമംഗളൻ മുതലായ വിദ്വാന്മാർ വ്യാഖ്യാനമെഴുതിയിട്ടുണ്ടു്. രാമായണകഥയെ അടിസ്ഥാനമാക്കി എഴുതിയിട്ടുള്ള 'രാവണവധം' അഥവാ "ഭട്ടികാവ്യം'' പാണിനിസൂത്രങ്ങളെ ഉദാഹരിക്കുവാൻ അത്യന്തം പ്രയോജനപ്പെടുന്നുണ്ടു്.

(൨൪) ഭർത്തൃഹരി. ഭർത്തൃഹരിയുടെ ജീവിതകാലത്തെപ്പററി വിശ്വാസയോഗ്യമായ തെളിവുകളൊന്നും നമുക്കു ലഭിച്ചിട്ടില്ല. പതഞ്ജലിയുടെ ഒരു ശിഷ്യനോടാണു ഭർത്തൃഹരി വ്യാകരണമഹാഭാഷ്യം പഠിച്ചതെന്നു പറഞ്ഞുവരുന്നുണ്ടു്. ഈ കവി ഒന്നാംതരം ഭാഷാഭിജ്ഞനും, വ്യാകരണപണ്ഡിതനും ആയിരുന്നുവെന്നുള്ളതിനു സന്ദേഹമില്ല. മഹാഭാഷ്യത്തിൽ പ്രതിപാദിച്ചിട്ടുള്ള സിദ്ധാന്തങ്ങളെ ക്രമീകരിച്ചുള്ള "വാക്യപദീയം" എന്ന വ്യാകരണദർശനം ഭർത്തൃഹരി നിർമ്മിച്ചു. അദ്ദേഹത്തിൻെറ നീതിശതകം, ശൃംഗാരശതകം, വൈരാഗ്യശതകം, ഇവ മൂന്നും അതിപ്രസിദ്ധങ്ങളാണു്,

(൨൭) പതഞ്ജലി. പതഞ്ജലിയെ അസാധാരണ പണ്ഡിതനും താൎക്കികനുമായിട്ടാണ് സംസ്കൃതസാഹിത്യലോകത്തിൽ നാം കാണുന്നതു്. ഇദ്ദേഹം ബി. സി. ൨൦൦-ന് മുമ്പു ജീവിച്ചിരുന്നിട്ടുള്ളതായി വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. പ്രസിദ്ധവൈയാകരണനായ കാത്ത്യായനന്റെ വാൎത്തികങ്ങളെ ആക്ഷേപിച്ചും, പാണിനീസൂത്രങ്ങളെ ബലപ്പെടുത്തിയും ഇദ്ദേഹം മഹാഭാഷ്യം എന്ന ഒരു വ്യാഖ്യാനഗ്രന്ഥം രചിച്ചിട്ടുണ്ടു്. പതഞ്ജലി സൎവ്വശാസ്ത്രവിശാരദനായിരുന്ന ഒരു മഹൎഷിയായിരുന്നു. അദ്ദേഹത്തെ ശേഷന്റെ അവതാരമായി കൊണ്ടാടിവരുന്നു.

(൨൮) അപ്പയ്യദീക്ഷിതർ. ജന്മഭൂമി കാഞ്ചിപുരത്തിനു സമീപമുള്ള അടയപ്പലമാണ്. സാക്ഷാൽ പേരു ഗണേശനെന്നായിരുന്നെങ്കിലും, ബാല്യത്തിലെ ഓമനപ്പേരിലാണ് പിൽക്കാലത്തിൽ പ്രസിദ്ധനായിത്തീൎന്നതു്. ഇദ്ദേഹത്തിന്റെ പിതാവു് രംഗരാജദീക്ഷിതരാണെന്നു പ്രസ്താവിച്ചു കാണുന്നു. അപ്പയ്യദീക്ഷിതരുടെ ജ്ഞാനാചാൎയ്യൻ നൃസിംഹാശ്രമസ്വാമിയാണ്. ദീക്ഷിതർ ക്രിസ്താബ്ദം ൧൬-ാംശതകത്തിന്റെ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്നു. വിദ്വാനും കവിയും താൎക്കികനുമായിരുന്ന ദീക്ഷിതർ വിദ്യാൎത്ഥിലോകത്തിനു അത്യന്തം പ്രയോജനകരമായ "കുവലയാനന്ദം" എന്ന അലങ്കാരഗ്രന്ഥത്തിന്റെ കൎത്താവാണ്. അദ്ദേഹം ആകപ്പാടെ നൂററിനാലു ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്.

(൨൯) വരരുചി. വിക്രമാദിത്യസഭയിലെ ഒരു പ്രധാന അംഗമായി വരരുചിയെപ്പററി പ്രസ്താവമുണ്ടു്. ഗണിത ശാസ്ത്രത്തെപ്പററി പല ഗ്രന്ഥങ്ങളും നിൎമ്മിച്ചിട്ടുണ്ടു്. ബി. സി. രണ്ടാം ശതവൎഷത്തിൽ ഇദ്ദേഹം ജീവിച്ചിരുന്നതായി അനുമാനിച്ചിരിക്കുന്നു.

(൨൭) <u>കൃഷ്ണാനന്ദകവി.</u> ഈ കവി ഏകദേശം ൧൦-ാംശതവർഷത്തിൽ ജീവിച്ചിരുന്നതായി ഊഹിക്കപ്പെട്ടിരിക്കുന്നു. അതു ശരിയല്ലെന്നും, ശ്രീഹർഷനു ശേഷമാണു കൃഷ്ണാനന്ദൻ ജനിച്ചതെന്നും ഒരു കൂട്ടർ വാദിക്കുന്നു. ഇദ്ദേഹം നൈഷധത്തിന്റെ ഒരു വ്യാഖ്യാതാവാണു്. "വൈദർഭോക്തി വിഭ്രമജന്മഭൂമി" എന്നു് ചില പണ്ഡിതന്മാർ ഈ കവിക്കു ഒരു വിശേഷണം നൽകിയിട്ടുണ്ടു്. ഇദ്ദേഹം നളചരിതം കഥയെ സഹൃദയാനന്ദം എന്ന പേരിൽ ഒരു കാവ്യമായി എഴുതിയിട്ടുണ്ടു്.

(൨൮) <u>വേദാന്തദേശികൻ.</u> ഈ കവിയെ 'സർവ്വതന്ത്രസ്വതന്ത്രൻ' എന്നാണു് വിളിച്ചുവരുന്നതു്. ഇദ്ദേഹം ൧൨൬൮-ൽ ജനിക്കുകയും ൧൦൦-ൽ പരം വർഷം ജീവിച്ചിരിക്കുകയും ചെയ്തു. വിവിധവിഷയങ്ങളെ ആസ്പദമാക്കി ൧൦൦-ൽ അധികം ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ടു്. മേഘസന്ദേശത്തെ അനുകരിച്ചുള്ള "ഹംസസന്ദേശവും" രഘുവീരഗദ്യവും, സങ്കല്പസൂര്യോദയം നാടകവും, പാദുകസഹസ്രവും, യാദവാഭ്യുദയവും ഇദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനപ്പെട്ടവയാണു്.

—o—

## അദ്ധ്യായം ൧൦

# ചില വിദേശീയ സാഹിത്യകാരന്മാർ

ഈ ഗൌരവമായ വിഷയത്തെപ്പററിയുള്ള ചിന്തയിൽ നമ്മുടെ ശ്രദ്ധയെ ഒന്നാമതാകർഷിക്കുന്നതു് ഭാരതകവികുലോത്തമനായ ഡാക്ടർ രവീന്ദ്രനാഥടാഗോറാണു്,

ഇദ്ദേഹം കൽക്കട്ടാ പട്ടണത്തിലുള്ള ഒരു ഉന്നതകുടുംബത്തിൽ ൧൮൬൧-ൽ ദേവേന്ദ്രനാഥടാഗോറിൻെറ കനിഷ്ഠപുത്രനായി ജനിച്ചു. ബാല്യത്തിൽ "രവിബാബു" എന്ന ഓമനപ്പേരിൽ അറിയപ്പെട്ടുന്ന നമ്മുടെ കവി സാധാരണ രീതിയിലുള്ള വിദ്യാഭ്യാസംകൊണ്ടു തൃപ്തിപ്പെട്ടിരുന്നില്ല. തൻെറ മാതാവു് ചെറുപ്പത്തിൽ തന്നെ വിയോഗമടഞ്ഞതിനാൽ അദ്ദേഹം പ്രകൃതിയെ മാതൃതുല്യം സ്നേഹിച്ചു് അതിലെ വസ്തുക്കളെ നിരീക്ഷണം ചെയ്യുന്നതിൽ ജാഗരൂകനായിരുന്നു. "രവിബാബു" ബങ്കാളി ഭാഷയിലുള്ള ബാലപാഠം പഠിച്ചുകൊണ്ടിരുന്നപ്പോൾ അതിലുള്ള പടങ്ങളെ നോക്കി ശ്രുതിമധുരമായ ഗാനങ്ങൾ രചിക്കുമായിരുന്നു. അദ്ദേഹത്തിൻെറ ജന്മസിദ്ധമായ കവിതാവാസന ഇതു മുതല്ക്കാണു് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതു്. സന്ധ്യാഗീതങ്ങൾ, പ്രഭാതഗീതങ്ങൾ മുതലായ ഇനങ്ങളിൽ നിരവധി പദ്യങ്ങൾ പത്തു വയസ്സിനു മുമ്പു തന്നെ ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ൧൪-ാമത്തെ വയസ്സിൽ "വാല്മീകിമാഹാത്മ്യം" എന്നൊരു സംഗീതഗ്രന്ഥം ഉണ്ടാക്കി. ഈ ഘട്ടത്തിൽ തന്നെ പല ഉത്തമലേഖനങ്ങൾ മാസികകൾക്കും മററും അയച്ചുകൊണ്ടിരുന്നു. ഇദ്ദേഹത്തിൻെറ രണ്ടു സഹോദരന്മാരിൽ ഒരാൾ ഒരു വലിയ തത്വജ്ഞാനിയായ ദ്വിജേന്ദ്രനാഥടാഗോറാണു്. മറേറ സഹോദരൻ ഇൻഡ്യയിലെ ഇദംപ്രഥമമായ ഐ. സി. എസ്സ്. ബിരുദധാരിയുമായിരുന്നു. മാത്രമല്ല, "ഭാരതി" എന്ന ഉൽകൃഷ്ടമാസികയുടെ പ്രസാധിക ഇദ്ദേഹത്തിൻെറ ഏക സഹോദരിയുമായിരുന്നു. ടാഗോർ പതിനേഴാമത്തെ വയസ്സിൽ ഉന്നതവിദ്യാഭ്യാസത്തിനായും നിയമപരിശീലനത്തിനായും ഇംഗ്ലണ്ടിലേയ്ക്കു പോയി. പക്ഷേ, അഭ്യാസം പൂർത്തിയാകുന്നതിനു മുമ്പു് തിരിച്ചു വരികയാണു് ചെയ്തതു്. പിന്നീടു് ടാഗോറിൻെറ സർവ്വസ്വാധീനശക്തി

കളും സാഹിത്യകലയിലേയ്ക്കു പാഞ്ഞുപോയി. ഗാന ങ്ങൾ, നാടകങ്ങൾ, പദ്യങ്ങൾ, കഥകൾ മുതലായവയാൽ ക്രമേണ സാഹിത്യലോകത്തെ അനുഗ്രഹിച്ചുകൊണ്ടിരുന്ന കവി, ൨൩-ാമത്തെ വയസ്സിൽ വിവാഹപാശത്താൽ ബന്ധിതനായി. എങ്കിലും, ടാഗോറിന്റെ വിജ്ഞാനരത്നാകരങ്ങളായ ലേഖനങ്ങൾ സാഹിത്യലോകത്തെ ബലാൽ ആകർഷിച്ചുകൊണ്ടേയിരുന്നു. ഈ മഹാകവിയുടെ ൪൧-ാമത്തെ വയസ്സ് വിഷമമേറിയ ഒരു പരിവർത്തനഘട്ടമായിരുന്നു. ആ സന്ദർഭത്തിലാണ് തന്റെ പ്രാണവല്ലഭയും രണ്ടു് ഓമൽസ്സന്താനങ്ങളും അകാലനിര്യാണം പ്രാപിച്ചതു്. അതു മുതൽ കവിയുടെ ആശയങ്ങൾ ആദ്ധ്യാത്മിക വേഷം പൂണ്ടു. വിശ്വവിശ്രുതമായ "ഗീതാഞ്ജലി" എഴുതാനാരംഭിച്ചതും ഈ ഘട്ടത്തിലായിരുന്നു. ബങ്കാളി ഭാഷയിൽ എഴുതപ്പെട്ട ഈ ഉത്തമഗ്രന്ഥത്തെ താമസിയാതെ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തുകയും ക്രമേണ മററനേകം ഭാഷകളിൽ വിവർത്തനം ചെയ്യുകയും ചെയ്തു. ൧൯൧൩-ൽ ഇദ്ദേഹത്തിനു "നോബൽ പ്രൈസ്സ്" ലഭിച്ചു. ഇൻഡ്യാക്കാൎക്കു നോബൽ സമ്മാനം ലഭിച്ചിട്ടുള്ളതു് ഇദംപ്രഥമമായിട്ടാണു്. ടാഗോർ യഥാർത്ഥവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ പുരസ്കരിച്ചു് "ശാന്തിനികേതനം" എന്ന ഒരു ഉൽകൃഷ്ടവിദ്യാലയം സ്ഥാപിച്ചിട്ടുണ്ടു്. പ്രസംഗയാത്രകളിൽ ലഭിക്കുന്ന ധനമെല്ലാം ഇതിന്റെ അഭ്യുന്നതിക്കാണു് വിനിയോഗിച്ചു പോരുന്നതു്. നോബൽ പ്രൈസ്സ് വകയിൽ കിട്ടിയ ൮൦൦൦ പവനും ഈ സ്ഥാപനത്തിന്റെ നന്മയ്ക്കു വേണ്ടിയാണു് ഉപയോഗിച്ചിട്ടുള്ളതു്. പ്രൌഢമനോഹരമായ അനവധി ഗ്രന്ഥങ്ങൾ ഈ മഹാത്മാവു് തുടർച്ചയായി രചിച്ചുവന്നു. ഇദ്ദേഹത്തിന്റെ സാഹിത്യവൈദഗ്ദ്ധ്യത്തെ അഭിനന്ദിച്ചു് ഇൻഡ്യാവൈസ്രായി (Poet Laureate)

"കവിസാർവ്വഭൗമൻ" എന്ന ബഹുമതി സന്തോഷപുരസ്സരം നൽകുകയുണ്ടായി. മാത്രമല്ല, കൽക്കട്ടാ സർവ്വകലാശാലയിൽ നിന്നും (Doctor of Literature) "സാഹിത്യമഹാപണ്ഡിതർ" അഥവാ "ഡാക്ടർ" എന്ന സ്ഥാനവും സിദ്ധിച്ചു. അതിനെത്തുടന്ന "സർ" എന്ന ഉൽകൃഷ്ടബിരുദവും ഇദ്ദേഹത്തിനു സംസിദ്ധമായിട്ടുണ്ട്.

ഇംഗ്ലീഷിലേയ്ക്കു ഭാഷാന്തരം ചെയ്തിട്ടുള്ള ടാഗോറിന്റെ പ്രൌഢകൃതികൾ മററനേകം ഭാഷകളിലേയ്ക്ക് ക്രമേണ സംക്രമിച്ചു. ഈ സാഹിത്യചക്രവൎത്തിയുടെ വിശ്രുതകൃതികൾ ഗീതാഞ്ജലി, ബാലചന്ദ്രൻ, തോട്ടക്കാരൻ, ചന്ദ്രക്കല മുതലായവയാണ്. ഇദ്ദേഹം അവനധി വിശിഷ്ടകഥകളും, നോവലുകളും രചിച്ചിട്ടുണ്ട്. ഇവ ഗുണം കൊണ്ടു നോക്കിയാൽ ലോകോത്തരങ്ങളാണെന്നു കാണാം. ഈ കവി പൌരസ്ത്യദേശങ്ങളെന്നല്ല പാശ്ചാത്യരാജ്യങ്ങൾ മുഴവനും പൎയ്യടനം ചെയ്തു ലോകഭാവങ്ങളെ നിഷ്കൃഷ്ടിച്ചു പഠിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലും അമേരിക്കയിലും വച്ച് ഈ മഹാകവി ചെയ്തിട്ടുള്ള പ്രസംഗപരമ്പരകൾ "സാധന" എന്ന പേരിൽ ഗ്രന്ഥരൂപമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടാഗോറിന്റെ കവിതകളിൽ പ്രത്യക്ഷീഭവിക്കുന്ന നവ്യത, ആശയപുഷ്ടി, മാധുൎയ്യം, മനുഷ്യഹൃദയജ്ഞാനം, രീതിവൈചിത്ര്യം, വികാരതീക്ഷ്ണത, രചനാസൗഷ്ഠവം മുതലായ ഗുണങ്ങൾ ഇതരമഹാകവികൾക്ക് അസൂയാവഹമാണ്. കലാനൈപുണ്യം, സ്വദേശാഭിമാനം, സമഭാവന, ദൈവഭക്തി, നിസ്സ്വാൎത്ഥത, വിശാലഹൃദയത്വം, ജീവിതരഹസ്യവിജ്ഞാനം, സാധുജനപ്രീതി, നിരീക്ഷണകുശലത മുതലായ പല ഗുണങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ തെളിഞ്ഞുകാണുന്നു. മഹാനുഭാവനായ ഈ കവികുലോത്തമൻ ഇനിയും നിരവധി ഗ്രന്ഥതല്ലജങ്ങൾകൊണ്ടു ലോകത്തെ അനുഗ്രഹിക്കുമാറു അദ്ദേഹത്തിന് ആയുരാരോഗ്യങ്ങളുണ്ടാകട്ടെ!

(൨) <u>ബങ്കിമചന്ദ്രചാററർജി.</u> ഇനി ഇൻഡ്യയിലെ നോവൽകത്താക്കളിൽ പ്രഥമഗണനീയനായ ബങ്കിമചന്ദ്രചാററർജിയെപ്പററി ചിന്തിക്കാം. ചാററർജി ൧൮൩൮-ൽ ബങ്കാളിലുള്ള ഒരു ഉന്നതവൈദികകുടുംബത്തിൽ ഭൂജാതനായി. ബാല്യം മുതൽ വിദ്യാഭ്യാസവിഷയത്തിൽ അതിചതുരത പ്രദശിപ്പിച്ചുപോന്നു. ക്രമേണ ഇദ്ദേഹം കൽക്കട്ടാ സവ്വകലാശാലയിൽ നിന്നും ബി. എ. പരീക്ഷ ജയിച്ചു് ഗവമ്മേണ്ടു ജോലിയിൽ പ്രവേശിച്ചു. ഈ സാഹിത്യകാരൻ ഡിപ്യൂട്ടികളക്ടർ തുടങ്ങി ചുമതലയേററിയ പല ഉയൎന്ന ഉദ്യോഗപദങ്ങളെ അലങ്കരിച്ചശേഷം ൧൮൯൧-ൽ ആണു് പെൻഷൻവാങ്ങി ജോലിയിൽനിന്നും പിരിഞ്ഞതു്. "നവ്യകഥാചാൎയ്യ ബങ്കിമചന്ദ്രശതോപാദ്ധ്യായർ" എന്നപേരിൽ ഇദ്ദേഹം ലോകപ്രസിദ്ധനായിത്തീൎന്നിട്ടുണ്ടു്. ചരിത്രപ്രഥിതങ്ങളായ സംഭവശകലങ്ങളെ ആസ്പദമാക്കി ആഖ്യായികകൾ നിമ്മിക്കുന്ന വിഷയത്തിൽ ബങ്കിമചന്ദ്രൻ സ്കാട്ടിനെക്കൂടെ അതിശയിക്കുന്നു വെന്നുവേണം പറയാൻ. സങ്കല്പശക്തി, വൎണ്ണനാപാടവം, സൂക്ഷ്മഗ്രഹണവൈഭവം മുതലായ ഗുണങ്ങൾ ഇദ്ദേഹത്തിൽ നിസ്തുലമായി വിളങ്ങുന്നു. ഇൻഡ്യൻഫീൽഡ് പത്രത്തിലാണു് "രാജമോഹനന്റെഭായ്യ" എന്ന പ്രഥമകൃതി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയതു്. അതിനെത്തുടൎന്നു് കപാലകുണ്ഡല, ദുൎഗ്ഗേശനന്ദിനി, രാധാറാണി തുടങ്ങിയ ഉൽകൃഷ്ടാഖ്യായികകൾ പ്രസിദ്ധപ്പെടുത്തി. മനുഷ്യരുടെ സ്വഭാവഗതികളെ ശരിയായി നിൎവ്വണ്ണനം ചെയ്യാൻ വാസനാവൈഭവമുള്ള ഈ ഗ്രന്ഥകൎത്താവു് സ്വതന്ത്രകഥകളെന്ന പുതിയപ്രസ്ഥാനംമൂലവും ബങ്കാളസാഹിത്യത്തെ പോഷിപ്പിച്ചുകൊണ്ടിരുന്നു. ബങ്കിമചന്ദ്രന്റെ നോവലുകൾ ബങ്കാളിഭാഷയെ മാത്രമല്ല, ഇതരഭാഷകളെ

യും അഭിവൃദ്ധിപ്പെടുത്തീട്ടുണ്ട്. അദ്ദേഹത്തിൻെറ ദേശഭക്തിദ്യോതകമായ "ആനന്ദമഠം" എന്ന നോവൽ ഇംഗ്ലിഷ്, ജൎമ്മൻ, മറാട്ടി, ഫ്രഞ്ച്, തമിഴ്, സംസ്കൃതം, കൎണ്ണാടകം മുതലായ വിവിധഭാഷകളിൽ തൎജ്ജമചെയ്യിട്ടുണ്ട്. മൃണാളിനി, നവാബനന്ദിനി, ചന്ദ്രശേഖരൻ, വിഷവൃക്ഷം, കൃഷ്ണകാന്തൻെറ മരണപത്രിക മുതലായ ഇതരകൃതികളും അവയുടെ ഗുണപൌഷ്കല്യങ്ങളാൽ മററു ഭാഷകളിലേയ്ക്കു വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇദ്ദേഹത്തിൻെറ നേതൃത്വത്തിൽ ൧൮൭൨-ൽ ആരംഭിച്ച ഒരു വിശിഷ്ടമാസിക വഴിയായിട്ടാണ് രാജനി, ചന്ദ്രശേഖരൻ, കൃഷ്ണകാന്തൻെറ മരണപത്രിക മുതലായ ആഖ്യായികകൾ ക്രമശഃ പ്രസിദ്ധീകരിച്ചതു്. ഫലിതം എഴുതി ഫലിപ്പിക്കുന്നതിനുള്ള ഇദ്ദേഹത്തിൻെറ വൈദഗ്ദ്ധ്യം അവാച്യമാണ്. ബങ്കിമചന്ദ്രൻെറ ഇതരകൃതികളിൽ പ്രധാനപ്പെട്ടവ "ലോകരഹസ്യം" എന്ന സാമുദായികകഥയും, ധൎമ്മതത്വം, കൃഷ്ണചരിത്രം എന്നീ മതഗ്രന്ഥങ്ങളും, ഹിരണ്മയി, രാജസിംഹൻ, സീതാറാം, ദേവീചൌധറാണി, പരിമള മുതലായ നോവലുകളുമാണ്. വിദ്വാനും സാഹിത്യശിരോമണിയുമായ ചാററർജി ഭഗവൽഗീതയുടെ വ്യാഖ്യാനം എഴുതിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ഇഹലോകവാസം അവസാനിപ്പിച്ചു.

൧. <u>മഹാകവി ഷേക്സ്പീയർ.</u> ആംഗലേയ സാഹിത്യത്തിൻെറ അത്യുച്ചദശയായ എലിസബെത്തു രാജ്ഞിയുടെ കാലത്താണ് ഷേക്സ്പീയർ സാഹിത്യപരിശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നതു്. ഇദ്ദേഹം ജോൺഷേക്സ്പീയറിൻെറ തൃതീയപുത്രനായി ൧൫൬൪-ൽ സ്റ്റ്രാറഡ്ഫോർഡ് എന്ന സ്ഥലത്തു ജനിച്ചു. ബാല്യത്തിൽ ദാരിദ്ര്യനിമഗ്നനായി കാലയാപനം ചെയ്തുകൊണ്ടിരുന്ന കവി

പ്രായമായതോടുകൂടി മിതവ്യയശീലനായിത്തീൎന്നു. പതിനെട്ടാമത്തെ വയസ്സിൽ ഒരു കൃഷകൻെറ പുത്രിയായ ആനിഹാത്തേവയെ വിവാഹം കഴിച്ചു. വിവാഹഘട്ടത്തിൽ ഭാൎയ്യയ്ക്കു് ൨൬ വയസ്സു് പ്രായമുണ്ടായിരുന്നു. യൌവ്വനദശയിൽ ലണ്ടനിൽ പോയി നാടകപരിശീലനം ചെയ്തുവന്നു. ദൈവഗത്യാ നമ്മുടെ കവി എളുപ്പത്തിൽ "ഒരു ഉത്തമനടൻ" എന്ന പ്രസിദ്ധി സമ്പാദിച്ചു. കേവലം നിർദ്ധനനും അപ്രസിദ്ധനുമായിരുന്ന ഷേക്സ്പീയർ നാടകത്തിൽ സമൎത്ഥനും വിശ്രുതനുമായിത്തീൎന്നപ്പോൾ പണവും ധാരാളം കിട്ടിത്തുടങ്ങി. കീൎത്തിസമ്പാദനവിഷയത്തിൽ ഇദ്ദേഹം വളരെ വൈമുഖ്യം പ്രദൎശിപ്പിച്ചുകൊണ്ടാണിരുന്നതു്. ബെൻജോൺസൻ, ബേക്കൻ, സിഡ്നി, റാലി മുതലായ മഹാന്മാർ ഇദ്ദേഹത്തിൻെറ സമകാലികന്മാരായിരുന്നു. ഈ മഹാകവി മുപ്പത്തിയേഴ നാടകങ്ങൾ എഴുതിയിട്ടുണ്ടു്. അവയിൽ മിക്കവയും പല ഭാഷകളിലേക്കും വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. കഥാപാത്രങ്ങളെ യഥേഷ്ടം നിൎമ്മിച്ചു് കഥാഘടന ചെയ്യുന്ന വിഷയത്തിൽ ഗ്രന്ഥകാരൻ കാണിച്ചിട്ടുള്ള പാടവം അന്യാദൃശമായിരിക്കുന്നു. ഷേക്സ്പീയർ അറിയാതെ തന്നെ അനശ്വരകീൎത്തിമാനായി "ഭവിച്ചുവെന്നു" പോപ്പു പറയുന്നു. നമ്മുടെ കവി നീതിജ്ഞനും തത്വജ്ഞാനിയുമായിരുന്നുവെന്നുള്ളതിനു തെളിവുകൾ സ്വന്തം കവിതകളിൽ സൎവ്വത്ര പ്രകാശിക്കുന്നുണ്ടു്. "ആപത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചുവെന്നു് യാതൊരുത്തരും ഒരു സമയത്തും വിചാരിച്ചുകൂടാ" "നല്ല ഭൃത്യൻ ലഭിക്കണമെങ്കിൽ നല്ല യജമാനനായിരിക്കുക" എന്നിങ്ങനെയുള്ള ഭാഗങ്ങൾ കവിതകളിൽ സുലഭമാണു്. സ്വഭാവാദൎശങ്ങളായ നാട്യകാവ്യങ്ങൾ രചിച്ചു് കവി ലോകചൂഡാമണിയെന്നുള്ള അനശ്വരയശസ്സിനെ സമാർജ്ജിച്ച ഈ മഹാകവി ൧൬൧൬

ഏപ്രിൽ മാസം ൨൩-ാംതീയതി കാലഗതി പ്രാപിച്ചു. സ്റ്റ്റാററ്ഫോർഡിലെ പള്ളിയിൽ ഇദ്ദേഹത്തിൻെറ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ടു്.

(൨) ജോൺ റസ്കിൻ. ജോൺറസ്കിൻ ൧൮൧൯ൻ ഫെബ്രുവരിമാസം എട്ടാംതീയതി ഒരു വണിക്ശ്രേഷ്ഠ ൻെറ ഏകസന്താനമായി ലണ്ടൻനഗരത്തിൽ ജനിച്ചു. ബാലനായ റസ്കിൻെറ സ്വഭാവസംസ്കരണവിഷയത്തിൽ മാതാപിതാക്കൾ ഗാഢമായി ശ്രദ്ധപതിപ്പിക്കുകയും മകനെ ഭാവിയിൽ ഒരു ബിഷോപ്പായി കാണാൻ അവർ ആശിക്കുകയും ചെയ്തിരുന്നു. ബൈബിൾ ശരിയായി അഭ്യസിപ്പിക്കുന്നതിന് മാതാപിതാക്കൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അതിനുശേഷം ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിക്കുന്നതിനു റസ്കിൻ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ ചേർന്നു. അവിടെ ഒരു പ്രത്യേക വിഷയത്തിൽ ജ്ഞാനം സമ്പാദിക്കുന്നതിനുദ്യമിക്കാതെ എല്ലാ വിഷയങ്ങളേയും കുലങ്കഷമായി പരിശോധിച്ച് വിപുലമായ ജ്ഞാനം സമ്പാദിക്കാൻ യത്നിച്ചു. റസ്കിൻ പ്രകൃതിവൈചിത്ര്യത്തെ കണ്ടു തല കുലുക്കി രസിക്കുകയും, അതിൻെറ അന്തർഭാഗത്തു കടന്നു ചിന്തിക്കുകയും പതിവായിരുന്നു. പ്രകൃതിയുടെ നൈസർഗ്ഗികസൌകുമാര്യം ഗ്രന്ഥങ്ങളിൽ ചിത്രീകരിക്കുന്നതിന് അദ്ദേഹത്തിന് യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. റസ്കിൻ ഒരു ഒന്നാന്തരം സഹൃദയനും മതാസക്തനും ദൈവഭക്തനുമായിരുന്നു. പദ്യനിർമ്മാണത്തിൽ ഈ കവിക്കു ചില സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും അതിൽ അദ്ദേഹത്തിൻെറ കീർത്തി വിപുലമായില്ല. പ്രൌഢമായ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്ന ഒരു ഗംഭീരസാഹിത്യകാരനായിട്ടാണു് ഇദ്ദേഹത്തെ ലോകം ആരാധിക്കുന്നതു്. സമസ്തസൃഷ്ടിസ്നേഹവും, സന്മാർഗ്ഗചിന്തയും,

കലാരസികതയും ഇദ്ദേഹത്തിൻെറ കൃതികളിൽ തെളിഞ്ഞുകാണുന്നു. റസ്കിൻ വലിയ ഗ്രന്ഥങ്ങൾ രചിക്കുന്നതിലാണു് കൌതുകം പ്രദർശിപ്പിച്ചതു്. പല ഗ്രന്ഥകാരന്മാരെയും സ്തുതിച്ചു് ഇദ്ദേഹം അനവധി പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ആംഗ്ലേയ ചരിത്രകലാവിദഗ്ദ്ധനായ ടെണ്ണറിനെ റസ്കിൻ ചിത്രണം ചെയ്തതു് പലരേയും സന്തോഷിപ്പിച്ചു. ജീവിതത്തിലുള്ള പ്രകാശമേറിയ വശങ്ങൾ കാണാൻ മാത്രമേ ഇദ്ദേഹം ആഗ്രഹിക്കുമായിരുന്നുള്ളു. ജോലിത്തിരക്കുകൊണ്ടു് യൌവ്വനദശയിൽത്തന്നെ രോഗബാധിതനായിത്തീരുകയാൽ ദേശസഞ്ചാരത്തിനുദ്യമിച്ചു. ഫ്രാൻസ്, ഇററലി മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു ലണ്ടനിൽ മടങ്ങിയെത്തിയപ്പോൾ "ആധുനിക ചിത്രകാരന്മാർ" (Modern Painters) എന്ന ഉൽകൃഷ്ടഗ്രന്ഥം നിർമ്മിച്ചു. ഈ ഗ്രന്ഥത്തിൻെറ ആവിർഭാവമാണു് റസ്കിൻെറ കീർത്തിയെ ലോകമെങ്ങും വ്യാപരിപ്പിച്ചതു്. കലാവിമർശകൻ, വ്യയസായപര്യവേക്ഷകൻ എന്നീ നിലകളിൽ തൻെറ ഗ്രന്ഥസഞ്ചയങ്ങളാലും ലേഖനപരമ്പരകളാലും ഇദ്ദേഹം പ്രസിദ്ധി സമ്പാദിച്ചു. ഒരു തത്വജ്ഞാനിയും പ്രാസംഗികനുമായിരുന്ന റസ്കിൻ "ഓക്സ്ഫോർഡിൽ" കലാവിദ്യകളുടെ പ്രൊഫസറായുമിരുന്നിട്ടുണ്ടു്. വിദ്യാഭ്യാസസംബന്ധമായി "ഷെഫീൽഡിൽ" അദ്ദേഹത്താൽ സ്ഥാപിതമായ ഒരു കാഴ്ചബംഗ്ലാവു് തൻെറ സ്മാരകമായി ഇപ്പോഴും നിലനിൽക്കുന്നു. മാത്രമല്ല, റസ്കിൻെറ ഗ്രന്ഥസഞ്ചയങ്ങളും, ശൈലികളും ആംഗല ഭാഷാഭിജ്ഞന്മാരുടെ ബഹുമാനാദരവിനെ സമാർജ്ജിച്ചുകൊണ്ടു് സാഹിത്യവിജയസ്തംഭമായി എന്നെന്നേക്കും നില്ക്കും. വൃദ്ധാമത്തെ വയസ്സിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

## (൩) ആൽഫ്രെഡ് ടെനിസൺ.

വിശ്വവിശ്രുതനായ ഈ മഹാകവി ൧൮൦൯-ൽ ഇംഗ്ലണ്ടിൽ ലിങ്കൺഷയറിലുള്ള "സോമഴ്സ് ബിററക്ഷൂറി"എന്ന ഗ്രാമത്തിൽ ജനിച്ചു. ജോർജ്ജ് ക്ലേററൻ ടെനിസൺ എന്ന പുരോഹിതൻെറ സന്താനമായ ടെനിസൺ പിതാവിൻെറ നേതൃത്വത്തിലാണ് ബാല്യവിദ്യാഭ്യാസം നടത്തിയതു്. പുസ്തകപാരായണത്തിൽ ചെറുപ്പം മുതൽ ഔൽസുക്യം പ്രദർശിപ്പിച്ചുപോന്ന ടെനിസന്റ അഞ്ചാമത്തെ വയസ്സിൽ ചെറിയ കവിതകൾ നിർമ്മിക്കാൻ സാധിച്ചുവെന്നാണ് ജീവിത ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുള്ളതു്. ൧൮-ാമത്തെ വയസ്സിൽ കെയിംബ്രിഡ്ജ് സർവ്വകലാശാലയിൽ ചേർന്നു് ഉന്നതവിദ്യാഭ്യാസത്തിനാരംഭിച്ചു. പ്രസ്തുത പാഠശാലയിൽ വച്ചാണ് "ആർതർഹാല്ലം" എന്ന മഹാൻ ടെനിസൻെറ ആപ്തമിത്രമായിത്തീന്നതു്. സർവ്വകലാശാലാഭ്യസനഘട്ടത്തിൽത്തന്നെ പല ഖണ്ഡകാവ്യങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഈ സന്ദർഭത്തിൽ ടെനിസൻെറ കവനവൈദഗ്ദ്ധ്യത്തെ അഭിനന്ദിച്ചു വിദ്യാലയാദ്ധ്യക്ഷൻ ഒരു സ്വർണ്ണമുദ്ര സമ്മാനിച്ചു. ചേതസ്സമാകർഷമായ കവിതകൾ കൊണ്ടു വായനക്കാരെ ആനന്ദിപ്പിച്ചുവന്ന ടെനിസൺ സർവ്വകലാശാലാഭ്യസനത്തിനുശേഷം പ്രഥമമായി എഴുതിയ ആർതർ ഹാല്ലത്തിൻെറ അകാലനിര്യാണത്തെപ്പററിയുള്ള സ്മാരകകാവ്യം സഹൃദയലോകത്തെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്തു. അതോടുകൂടി സാഹിത്യദേവിയെ ഹൃദയപൂർവ്വം ആരാധിച്ചും തുടങ്ങി. മാത്രമല്ല, ലോകപ്രസിദ്ധിയും ധനമാനാദികളും അദ്ദേഹത്തിനു ലഭിച്ചുവരികയും ചെയ്തു. വിശ്രുതനായ ഡാർവിൻ, ഗ്ലാഡ്സ്റ്റൻ, ലാർഡ് വെല്ലിംഗ്ടൻ മുതലായവർ ഈ കവിയുടെ സമകാലീനന്മാ

രായിരുന്നു. "വാട്ടർലൂ" യുദ്ധത്തിൽ പ്രശസ്തമായി വിജയം നേടിയ ധീരനായ വെല്ലിംഗ്ടൻെറ നിയ്യാണത്തെപ്പററി ശോകസമ്പൂൎണ്ണമായ ഒരുകവിത ഇദ്ദേഹം എഴുതി സാഹിത്യലോകത്തിൻെറ കരളിനെ കുളിൎപ്പിച്ചു. പ്രകൃത്യാ നിൎദ്ധനനായിരുന്ന ഇദ്ദേഹത്തിനു ധനസമ്പാദനത്തിനുള്ള മാൎഗ്ഗം തുറന്നുകിട്ടുകയും പത്തുവൎഷത്തിനു മുമ്പു് നിശ്ചയിച്ചുറച്ച ഒരു യുവതിയുമായുള്ള വിവാഹബന്ധത്തിൽ ഏൎപ്പെടുകയും ചെയ്തു. അറുപതു വയസ്സുവരെ ഈ കവിപുംഗവൻ തൻെറ കാവ്യമാലകളാൽ സാഹിത്യദേവിയുടെ കണ്ഠത്തെ ധാരാളമായി അലങ്കരിച്ചു കൊണ്ടിരുന്നു. അതിനുശേഷമാണു് ഉത്തമ പ്രഹസനങ്ങൾ നിൎമ്മിച്ചു് ലോകത്തെ വിസ്മയിപ്പിച്ചതു്. ഈ മഹാകവി ചരിത്രപ്രധാനമായ സംഭവങ്ങളാണു് പ്രഹസനവിഷയങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളതു്. എൺപത്തിമൂന്നാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. ഇദ്ദേഹത്തിനു "ലാർഡ്" എന്ന സ്ഥാനവും ലഭിച്ചിട്ടുണ്ടു്. മാന്യത അനുസരിച്ചു് "വെസ്റ്റ് മിനിസ്റ്റർ ആബിയിൽ" ടെനിസൻെറ ശരീരത്തെ സംസ്കരിച്ചു.

ടെനിസൻെറ 'ഇൻമെമ്മോറിയം' (സ്മാരകകാവ്യം) എം. രാജരാജവൎമ്മതമ്പുരാൻ മലയാളത്തിലേക്കു വിവൎത്തനം ചെയ്തിട്ടുണ്ടു്.

(൪) <u>തോമസ്സ് കാർലൈൽ.</u> വിക്ടോറിയാമഹാരാജ്ഞിയുടെ ഭരണകാലത്തു് ശോഭിച്ചിരുന്ന ഗ്രന്ഥകാരന്മാരുടെ കൂട്ടത്തിൽ ഒരു നല്ല സ്ഥാനം ഇദ്ദേഹത്തിനുണ്ടു്. കാർലൈൽ മഹാനായ ഒരു ഗദ്യകാരനായിരുന്നു. ഇദ്ദേഹം ൧൭൯൫-ൽ ഇംഗ്ലണ്ടിനും സ്കോട്ട്ലണ്ടിനും മദ്ധ്യേയുള്ള എക്ലിഫിക്കാൻ എന്ന ഗ്രാമത്തിൽ ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം സ്വദേശത്തു വച്ചു

തന്നെ നിർവ്വഹിച്ചു. എഡിൻബറോ സർവ്വകലാശാലയിൽ ചേൎന്നു പഠിച്ചതു് പതിന്നാലാമത്തെ വയസ്സിലായിരുന്നു. വിദ്യാഭ്യാസം പൂൎത്തിയാകുന്നതിനു മുമ്പുതന്നെ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. അക്കാലത്തു ഒരു ഡാക്ടരുടെ ഏകപുത്രിയായ ജെയിനുമായി പരിചയപ്പെട്ടു് വിവാഹബന്ധത്തിൽ ഏൎപ്പെടുന്നതിനു സംഗതിയായി. വിവാഹത്തിനുശേഷം സ്ത്രീധനമായി ലഭിച്ച 'ക്രേയിഗൻപുട്ടക്ക്' എന്ന മലയിൽ പോയി കാർലൈൽ താമസിച്ചു. അവിടെ വച്ചാണു് ആദ്യമായി ഗ്രന്ഥരചനയിൽ പ്രവേശിച്ചതു്.

ആ സ്ഥലത്തുള്ള നിരന്തര ജോലിയുടെ ഫലമായി സമ്പാദിച്ച ൨൦൦ പവനും കൊണ്ടു കാർലൈൽ ലണ്ടൻ പട്ടണത്തിന്റെ സമീപത്തു് താമസമുറപ്പിച്ചു. ഈ പുതിയ വാസസ്ഥലത്തു വച്ചാണു് ഗ്രന്ഥമെഴുത്തിൽ വിജയം പ്രാപിച്ചു തുടങ്ങിയതു്. ക്രമേണ കാർലൈൽ അന്നത്തെ ഗ്രന്ഥകാരന്മാരുടെ കൂട്ടത്തിൽ ഒരു ഗണ്യമായ സ്ഥാനം സമ്പാദിച്ചു. ഇദ്ദേഹത്തിന്റെ മിക്ക കൃതികളും ഗദ്യമാണു്. പല മഹാന്മാരുടെയും ജീവചരിത്രങ്ങൾ അദ്ദേഹം ആകൎഷണീയമായ വിധത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. തന്റെ പുസ്തകങ്ങളിൽ ഉത്തമജീവിതം നയിക്കുന്നതിനു അത്യന്താപേക്ഷിതമായ തത്വങ്ങളെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഗ്രന്ഥങ്ങൾ വഴി ഗൗരവവും, സാരഗൎഭവുമായ സദുപദേശങ്ങൾ നൽകുന്നതിനു ഇദ്ദേഹം ചെയ്തിട്ടുള്ള ശ്രമം അനിതരസാധാരണമായിട്ടുള്ളതത്രേ. ഗ്രന്ഥകാരൻ ഒരു നല്ല തത്വജ്ഞാനിയും വാഗ്മിയും ആയിരുന്നു. "പല പ്രാവശ്യം ആലോചിച്ചതിന്റെ ശേഷമേ ഒരു വിചാരം പ്രകാശിപ്പിക്കാവൂ" "അവരവരുടെ കൎത്തവ്യകൎമ്മങ്ങളെ പൂൎണ്ണശക്തി ഉപയോഗിച്ചു് നിൎവ്വഹിക്കാൻ ഉദ്യമിക്കണം" എന്നിങ്ങനെയുള്ള ഉപദേശ

ങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ അനവധിയുണ്ടു്. കാർലൈലിന്റെ പാണ്ഡിത്യത്തെ മനസ്സിലാക്കിയ പണ്ഡിതന്മാർ അദ്ദേഹത്തെ ലണ്ടനിൽ ഒരു പ്രാസംഗികനാക്കുകയും, വാർദ്ധക്യദശയിൽ എഡിൻബറോ സർവ്വകലാശാലയിലെ അദ്ധ്യക്ഷനാക്കുകയും ചെയ്തു. "ഫ്രാൻസിലെ ജനക്ഷോഭത്തിന്റെ ചരിത്രം" ഇദ്ദേഹത്തിന്റെ പ്രധാനകൃതികളിലൊന്നാണ്. ഈ ഗ്രന്ഥകാരൻ ൮൫-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

ഇദ്ദേഹത്തിന്റെ 'ഹീറോസ് ആൻഡ് ഹീറോവർഷിപ്പ്' എന്ന ഗ്രന്ഥം 'വീരന്മാരും വീരാരാധനയും' എന്ന പേരിൽ മി. ഈ. വി. കൃഷ്ണപിള്ള മലയാളത്തിലാക്കിയിട്ടുണ്ടു്.

(൫) <u>ജോൺ മിൽട്ടൺ</u>. ഇദ്ദേഹം ഇംഗ്ലണ്ടിലെ ഒരു സുപ്രസിദ്ധ മഹാകവിയാകുന്നു. ൧൬൦൮-ൽ ജനിച്ച ഈ കവി പിതാവിനോടൊന്നിച്ചു് ബാല്യദശ കഴിച്ചുകൂട്ടി. ൧൬൩൦-ൽ എം.എ. പരീക്ഷ ജയിച്ചു. അനന്തരം ഗ്രീക്കു്, ഇററാലിയൻ എന്നീ ഭാഷകളിൽ നൈപുണ്യം സമ്പാദിച്ചു തുടങ്ങി. അതോടു കൂടിയാണു് തുടർച്ചയായി കവിതകൾ എഴുതാനാരംഭിച്ചതു്. ൧൬൩൭-ൽ മാതാവു മരിച്ചു. പിന്നീടു കുറച്ചുകാലം ദേശസഞ്ചാരത്തിൽ കഴിച്ചുകൂട്ടി. ൧൬൪൧-ൽ മേറിപ്പൈർ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. ദാമ്പത്യജീവിതം ശുഭകരമായിരുന്നില്ല. മൂന്നു വിവാഹം ചെയ്തുവെങ്കിലും ഭാര്യമാർ അടിക്കടി മരിച്ചുപോകുകയാണുണ്ടായതു്. ഇക്കാലത്തു് മിൽററന്റെ കവിതകൾ അഗാധവും പ്രൗഢഗംഭീരവുമായിച്ചമഞ്ഞു. പൊതുവേ പരിശോധിച്ചാൽ ഇദ്ദേഹത്തിന്റെ കവിതകളിൽ പല ഭാഗങ്ങളും അർത്ഥകാഠിന്യമുള്ളതായിക്കാണാം. കൃതികളിൽ ശബ്ദാർത്ഥാലങ്കാരങ്ങൾ സർവ്വത്ര കാണ്മാനുണ്ടു്. അവയുടെ ആസ്വാദ്യതയും രസവും അന്യത്ര ദുർല്ലഭം തന്നെ.

മിൽററൺ ഒരു നല്ല ഗദ്യകാരനുമായിരുന്നു. തൻെറ ൪൩-ാമത്തെ വയസ്സിൽ രണ്ടു കണ്ണുകൾക്കും കാഴ്ചയില്ലാതെ ആയി. അതിനു ശേഷം, തോന്നുന്ന കവിതകൾ ഉടനുടൻ പറഞ്ഞുകൊടുത്തു് പുത്രിമാരെക്കൊണ്ടു എഴുതിച്ചുപോന്നു. ക്രോംവെലിൻെറ ഭരണദശയിൽ ഇദ്ദേഹത്തിനു സെക്രട്ടറി സ്ഥാനം ലഭിച്ചു. 'ലാ ആലിഗ്രോ,' 'ഇൽപെൻസെറോസോ' എന്നീ കവിതകളിൽ മിൽററൻെറ ഭാഷാചാതുര്യം വിളങ്ങിക്കാണുന്നു. ൫൫-ാമത്തെ വയസ്സിൽ 'പറുദീസാനഷ്ടം, 'തിരിച്ചുകിട്ടിയ പറുദീസാ,' ശിംശോനും ഫെലസ്ത്യരും' എന്നീ കൃതികൾ രചിച്ചു. എന്നാൽ മിൽററൻെറ വിശ്വവിശ്രുതമായ "പറുദീസാനഷ്ടം മഹാകാവ്യം" ജനസമ്മതമായിത്തീൎന്നതു് "അഡിസൺ" അതിനെപ്പററി പ്രശംസാർഹമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണെന്നു് പറയപ്പെടുന്നു. ബൈബിളിൽ അഗാധമായ വിശ്വാസമുള്ളവനും, ക്രിസ്തുഭക്തനുമായ ഈ മഹാകവി ൧൬൭൪-ൽ സമാധാനത്തോടുകൂടി ഇഹലോകവാസം വെടിഞ്ഞു.

ഇദ്ദേഹത്തിൻെറ 'പാരഡൈസ്‌ലോസ്റ്റ്' എന്ന കൃതി 'പറുദീസാനഷ്ടം' എന്ന പേരിൽ മലയാളത്തിൽ വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്.

(൩) ബേക്കൻ. ൧൭-ാംശതവർഷത്തിൻെറ പ്രാരംഭദശയിൽ ജീവിച്ചിരുന്നു. ഇംഗ്ലീഷ് തത്വജ്ഞാനികളിൽ അഗ്രേസരൻ ഇദ്ദേഹമത്രേ. അൎത്ഥഗർഭങ്ങളായ തത്വങ്ങൾ ഇദ്ദേഹത്തിൻെറ കൃതികളെ സവിശേഷം അലങ്കരിക്കുന്നു. അവ സദാചാരസമ്പൂൎണ്ണമായിരിക്കുന്നതിനാൽ ഈ മഹാൻെറ കീൎത്തിയെ വിപുലമാക്കുന്നതിനു സഹായിച്ചിട്ടുണ്ടു്.

ഇദ്ദേഹം രചിച്ചിട്ടുള്ള ഉപന്യാസങ്ങൾ 'ബേക്ക

ൻെറ പ്രസംഗങ്ങൾ' എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ ഉപന്യാസകൃതികൾ ലോകജ്ഞാനപൂൎണ്ണമായിരിക്കുന്നു എന്നുള്ളതാണ് അവയുടെ മേന്മയ്ക്കു കാരണം.

(൭) വേർഡ്സ്‌വർത്ത്. ഈ മഹാകവിയുടെ ജീവിതകാലം ൧൮-ാം നൂററാണ്ടിൻെറ അന്ത്യം മുതൽ ൧൯-ാം നൂററാണ്ടിൻെറ മദ്ധ്യഘട്ടംവരെയാണ്. വേർഡ്സ്‌വർത്ത് ആർദ്രചിത്തനും, സൽസ്വഭാവിയും ആയിരുന്നു. പരുപരുത്ത കുപ്പായവും ഗ്രാമീണച്ചെരുപ്പും ധരിച്ചുകൊണ്ടു് അദ്ദേഹം മൂടൽമഞ്ഞിൽക്കൂടി കടന്നുവരുമ്പോൾ ഒരു പിശാചാണെന്നു തോന്നിപ്പോകുമെന്ന് പറഞ്ഞിരിക്കുന്നു. ഒന്നാംതരം പ്രകൃതിവൎണ്ണനാപടുവായ ഈ കവി പ്രകൃതിയുമായുള്ള തൻെറ അസാധാരണമായ പ്രണയത്തെയും, പ്രതിപത്തിയെയും കവിതകളിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കവിതയ്ക്കു് പിൽക്കാലത്തിൽ വിലയും ബഹുമാനവും ലഭിക്കുമെന്ന് അദ്ദേഹം വിശ്വാസപൂർവ്വം പ്രതീക്ഷിച്ചിരുന്നു. പ്രകൃതിയുടെ അന്തർഭാഗത്തു കടന്ന് നിരീക്ഷണം ചെയ്ത ഈ കവി പ്രകൃതിയുള്ള കാലത്തോളം സാഹിത്യലോകത്തിൽ ശോഭിക്കുകതന്നെ ചെയ്യും.

ഇദ്ദേഹത്തിൻെറ 'ഇമ്മോർട്ടാലിററി ഓഡ്,' തുടങ്ങിയുള്ള കവിതകൾക്കു മലയാളവിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടു്.

ഭാരതീയകവികളുടെ മനോഗതി ഇദ്ദേഹത്തിൻെറ ചില കവിതകളിൽ തെളിഞ്ഞുകാണുന്നതു ഉപനിഷത്തുകളുടെയും മററും വിവൎത്തനരൂപങ്ങളിലുള്ള യൂറോപ്പിലെ പ്രചാരം നിമിത്തമായിരിക്കണമെന്നു ചിലൎക്കഭിപ്രായമുണ്ടു്,

(൮) ലോങ്ഫെല്ലോ. ഇദ്ദേഹം പത്തൊൻപതാം ശതവർഷത്തിൽ ജീവിച്ചിരുന്ന ഒരു സുപ്രസിദ്ധ കവിയാണു്. സ്വദേശം അമേരിക്കയായിരുന്നു. ലോങ്ഫെല്ലൊ കവിതകൾ മൂലം ലോകത്തിനു നൽകിയിട്ടുള്ള അമൂല്യതത്വങ്ങളാൽ സ്ഥിരമായി ലോകമെങ്ങും പൂജനീയനായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സാരോപദേശങ്ങളിൽ രണ്ടെണ്ണം ഇവിടെ ഉദ്ധരിക്കാം.

"മരണമെന്നൊന്നില്ല; ഉണ്ടെന്നു തോന്നുന്നതു് ഒരു പ്രസ്ഥാനം മാത്രമാണു്."

"മഹൽപദത്തെ സമ്പാദിക്കാൻ വേണ്ടി നിങ്ങളുടെ സഹോദരങ്ങളിൽ പലരും ഉറങ്ങുന്ന സമയം അക്ഷീണമായി ഉത്സാഹിക്കുകയും നിരന്തരമായി പരിശ്രമിക്കയും ചെയ്യു.''

(൯) ഷില്ലർ. ഇദ്ദേഹം ജർമ്മനിയിലെ വിഖ്യാതനായ ഒരു മഹാ കവിയാണു്. അനേകം ഉത്തമ നാടകഗ്രന്ഥങ്ങൾ ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ഗീഥേയുടെ സഹചാരിയും ആയിരുന്നുവെന്നു് പ്രസ്താവിച്ചു കാണുന്നു. ൧൮-ാം നൂററാണ്ടിന്റെ ഏകദേശം മദ്ധ്യകാലം മുതൽ ൧൯-ന്റെ ആദ്യഭാഗം വരെ ജീവിച്ചിരുന്നു. ഷേക്സ്പീയരുടെ പ്രധാനകൃതികളെല്ലാം ജർമ്മൻ ഭാഷയിലേക്കു വളരെ വിശേഷമായ രീതിയിൽ ഈ മഹാകവി തർജ്ജമ ചെയ്തിട്ടുണ്ടു്.

(൧൦) എമേഴ്സൻ. ഇദ്ദേഹം ൧൯-ാം നൂററാണ്ടിൽ അമേരിക്കയിൽ ഒരു പ്രധാനകവിയും ഗ്രന്ഥകാരനുമായി ശോഭിച്ചിരുന്നു. കാർലൈലിന്റെ സുഹൃത്തു് ആയിരുന്നു. കവിതകൾ കൊണ്ടു മാത്രമല്ല, ഉൽകൃഷ്ടങ്ങളായ പ്രബന്ധങ്ങൾ രചിച്ചും ഈ കവി ഭാഷായോഷയെ പോഷിപ്പിച്ചിട്ടുണ്ടു്. പ്രബന്ധകർത്താവു് എന്ന നിലയിലും ഇദ്ദേഹം ഇന്നും വിഖ്യാതനാണു്. പ്രത്യുത ഒരു നല്ല തത്വദർശിയായും ഈ കവിയെ ലോകം ആദരിച്ചുപോ

രുന്നുണ്ട്. അദ്ദേഹത്തിൻെറ ചില തത്വങ്ങളെ ഇവിടെ ഉദ്ധരിക്കാം.

"മഹാന്മാർ നമ്മുടെ കണ്ണുകളിൽ നിന്നും അഹങ്കാരതിമിരത്തെ മാററുന്നതിനുള്ള മഷിക്കൂട്ടുകളാകുന്നു."

"സുഹൃൽലാഭത്തിനുള്ള ഏകമാർഗ്ഗം നല്ല സുഹൃത്തായിരിക്കുന്നതു തന്നെയാണ്." "ലോകർ നിസ്സാരമെന്നെണ്ണുന്ന സംഗതികളിലെല്ലാം വലിയവലിയകാര്യങ്ങൾ അടങ്ങിയിട്ടുണ്ട്."

(ഫ) ഡോക്ടർജോൺസൻ. ഇദ്ദേഹം വാസനാവൈഭവവും, പാണ്ഡിത്യവും പരിശ്രമവും ഒരുപോലെ തികഞ്ഞ ഒരു പ്രസിദ്ധ ഗ്രന്ഥകാരനാണ്. ജോൺസൻെറ പുസ്തകപാരായണത്തെപ്പററി "പുസ്തകം വായിക്കുമ്പോൾ അതിൻെറ കുടലുക്രുടികീറിക്കൊണ്ടുപോകും," എന്നു സാധാരണ പറയാറുണ്ടായിരുന്നു. പുസ്തകം ധാരാളമായി വായിക്കുമെന്നുമാത്രമല്ല, അതു് ഉടനുടൻ ഗ്രഹിക്കുന്നതിൽ അതിതല്പരനുമായിരുന്നു. തന്നിമിത്തം അദ്ദേഹത്തിനു അതിവേഗം ഗ്രന്ഥങ്ങൾ എഴുതാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. "മനുഷ്യാശയങ്ങളുടെ വ്യർത്ഥത'' എന്ന പദ്യകൃതി ഒററദിവസംകൊണ്ടു എഴുതിയതായിരുന്നു. ഒരാഴ്ചവട്ടത്തിലെ സായാഹ്ന്യാസമയങ്ങൾ ഉപയോഗിച്ചു മാതാവിൻെറ ശവസംസ്കാരക്രിയ പ്രമാണിച്ചുള്ള ചെലവിനു വേണ്ടി എഴുതിയതാണ് "റാസലസ്'' എന്ന ഗ്രന്ഥം. ജോൺസനെ സാധാരണ അറിയുന്നതു് ഇംഗ്ലീഷ് ഭാഷയിലെ ആദ്യത്തെ കോശകാരൻ എന്ന നിലയിലാണ്. അദ്ദേഹത്തെ സംഭാഷണത്തിൽ വെല്ലാൻ ഒരുത്തനും സാധിച്ചിട്ടില്ലെന്നുള്ളതു് സ്മരണീയമാണ്. സാധുവായാലും അസാധുവായാലും അദ്ദേഹത്തിൻെറ വാദങ്ങൾ എപ്പോഴും പ്രതിയോഗിയുടെ 'കണ്ഠേകുഠാര'മായിത്തീരുക സാധാരണമാ

ണ്. അദ്ദേഹത്തിൻെറ ഉടനുത്തരങ്ങൾ ബോസ്‌വെൽ എഴുതിയ വിശ്രുതമായ അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ സംഭരിച്ചിട്ടുണ്ട്. ജോൺസനെപ്പോലെ ജീവിതകാലത്തിൽ പ്രാബല്യം സിദ്ധിച്ചിട്ടുള്ള ഗ്രന്ഥകാരന്മാർ വേറെ ഉണ്ടായിട്ടില്ല. അദ്ദേഹത്തിൻെറ "റാസലസ്" എന്ന വിശിഷ്ടകൃതിക്കു മലയാളത്തിൽ ഒന്നിലധികം വിവൎത്തനങ്ങൾ ഉണ്ടായിട്ടുണ്ട്.

(൧൨) ഓലിവർ ഗോൾഡ്സ്മിത്ത്. ഇദ്ദേഹം വളരെ ദരിദ്രനായ ഒരു കവിയായിരുന്നു. ഗോൾഡ്സ്മിത്ത് കുഴലൂതി ലഭിച്ച പ്രതിഫലം കൊണ്ടു നിത്യവൃത്തി കഴിക്കുകയും തെരുവുകളിൽ രാത്രി കഴിക്കുകയും ചെയ്തു. കുറച്ചു കാലം നാടകത്തിൽ വേഷം കെട്ടിയും, അതിനു ആളുകളെ ചേൎത്തു കൊടുത്തും കാലയാപനം ചെയ്തു. രാജസേവ, ഉദ്യോഗം മുതലായവ തൻെറ ബദ്ധശത്രുക്കളാണ്. അലഞ്ഞു നടക്കുമ്പോൾ നല്ല നല്ല കവിതകൾ രചിക്കുക പതിവായിരുന്നു. ഇദ്ദേഹത്തിൻെറ "ട്രാവലർ" എന്ന ഗ്രന്ഥം ദേശീയ നടപടികളെ വ്യക്തീകരിക്കുന്നതാണ്. ഡോക്ടർ ജോൺസൺ ഇദ്ദേഹത്തിൻെറ സമകാലികനായിരുന്നു. ഗോൽഡ്സ്മിത്തിൻെറ പ്രധാനകൃതി 'വിക്കാർ ആഫ് വേക്ഫീൽഡ്' ആണ്. ഡോക്ടർ ജാൺസൻെറ ശുപാർശ ഉണ്ടായിരുന്നിട്ടും ഈ പുസ്തകം വിററിട്ട് ൬൦ പവൻ മാത്രമേ കിട്ടിയുള്ളു. ഗോൾഡ്സ്മിത്തു ഒരു കവിയും നോവൽ കൎത്താവും ആയിരുന്നതുപോലെ വിശിഷ്ടനായ ഒരു ഉപന്യാസകാരനും കൂടി ആയിരുന്നു. 'സിററിസൻ ആഫ് ദി വേൾഡ്' (വിശ്വപൗരൻ) എന്ന അദ്ദേഹത്തിൻെറ ഉപന്യാസ സമുച്ചയം ഇംഗ്ലീഷിൽ അതിപ്രസിദ്ധമാണ്. അദ്ദേഹത്തെക്കാൾ മഹാമനസ്കനും ലോകസമ്മതനുമായ ഒരു ഗ്രന്ഥകാരൻ ഇല്ല തന്നെ.

'വിക്കാർ ആഫ് വേക് ഫീൽഡ്" എന്ന ഗ്രന്ഥത്തിൻെറ ഒന്നിലധികം വിവൎത്തനങ്ങൾ മലയാളത്തിലുണ്ട്. പി. എൻ. കൃഷ്ണപിള്ളയുടെ 'സത്യകീൎത്തി ചരിതം' ഇതിൽ ഒന്നാണ്.

(൧൩) ഡാൻെറി. ഒരു ഇററാലിയൻ മഹാകവി. ൧൩-ാം നൂററാണ്ടിൻെറ അന്ത്യത്തിലും ൧൪-ൻെറ ആരംഭഘട്ടത്തിലും ജീവിച്ചിരുന്നു. 'ഡിവൈൻ കോമെഡി' "ദിവ്യനാടകം" എന്ന പ്രസിദ്ധ ഗ്രന്ഥത്തിൻെറ നിൎമ്മാതാവ് ഇദ്ദേഹമാണ്. ചെറുപ്പത്തിൽ ഒരു മരുന്നു കച്ചവടക്കാരനായിട്ട് ജീവിച്ച ഡാൻെറി ഇററാലിയൻ ഭാഷയെ തൻെറ ഗ്രന്ഥസഞ്ചയങ്ങൾ കൊണ്ടു യഥോചിതം പരിഷ്ക്കരിച്ചു.

(൧൪) മാക്സ്മുള്ളർ. സുപ്രസിദ്ധ പണ്ഡിതവൎയ്യനായ മാക്സ്മുള്ളർ ൧൮൨൩-ൽജൎമ്മനിയിലെ "ദസെ" ഗ്രാമത്തിൽ ജനിച്ചു. പിതാവായ വില്യം മുള്ളറും ഒരു ഗായക കവിയായിരുന്നു. മാക്സ്മുള്ളർ ൧൮൪൧-ൽ കലാശാലാ ബിരുദങ്ങൾ സമ്പാദിച്ചു. ഗ്രീക്ക്, ലാററിൻ എന്നീ ഭാഷകളിൽ മാക്സ്മുള്ളർ വിശേഷവിധിയായി ജ്ഞാനം സമ്പാദിച്ചിരുന്നു. അതോടുകൂടി സംസ്കൃതവും ശരിയായി അഭ്യസിച്ചു. ൧൮൪൪-ൽ സംസ്കൃതഭാഷയിലുള്ള ഹിതോപദേശം ജൎമ്മൻ ഭാഷയിലേയ്ക്കു വിവൎത്തനം ചെയ്തു. ൧൮൪൫-ലാണ് പാരീസിൽ വച്ച് ഋഗ്വേദം തർജ്ജിമ ചെയ്തതു്. ഇംഗ്ലണ്ടിൽ വച്ച് ഋഗ്വേദം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി നാലുവാല്യമായി പ്രസിദ്ധീകരിച്ചു. ൧൮൫൦-ൽ ഓക്സ്ഫോർഡ് സൎവ്വകലാശാലക്കാർ നവീന ഭാഷാപ്രാസംഗികനായി നിയമിച്ചു. അദ്ദേഹത്തിൻെറ അഗാധമായ പാണ്ഡിത്യത്തെ അഭിനന്ദിച്ചു കേംബ്രിഡ്ജ് സൎവ്വകലാശാലക്കാർ "എൽ. എൽ. ഡി" സ്ഥാനം നൽകി. മേഘദൂത്, സം

സ്കൃതഭാഷാചരിത്രം, ഭാഷാശാസ്ത്രം, മതശാസ്ത്രം, ജീവിചരിത്രങ്ങൾ എന്നിങ്ങനെ അനവധി ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഈ ഭാഷാപണ്ഡിതൻ ൭൭-ാമത്തെ വയസ്സിൽ പരലോകം പ്രാപിച്ചു. മാക്സ്മുള്ളർ സംസ്കൃതഭാഷയെ പാശ്ചാത്യരുടെ ഇടയിൽ പ്രചരിപ്പിക്കാനും ഇന്ത്യയെപ്പററി അവർക്കു് അളവററ ബഹുമാനം ഉണ്ടാക്കാനും വേണ്ടി ജീവിച്ച ഒരു മഹാനായിരുന്നു. ആ വിധത്തിൽ ഇന്ത്യാക്കാരെല്ലാം അദ്ദേഹത്തോട്ടു് അത്യന്തം കടപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തിൻെറ ഒരു വിപുലമായ ജീവചരിത്രം എൻ. കുഞ്ഞുരാമൻ പിള്ള അവർകൾ എം. ഏ. ബി. എൽ. മലയാളത്തിൽ എഴുതിയിട്ടുണ്ടു.

(൧൭) ഹോമർ. ഇദ്ദേഹം ഒരു വരിഷ്ഠയവനകവിയായിരുന്നു. ബി. സി. ൻ-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു. ആദികവികളിൽ മുഖ്യസ്ഥാനം ഹോമറിനുണ്ടു്. ഹോമറെ ഗ്രീക്കുഭാഷയിലെ വാല്മീകിമഹർഷിയായി ഗണിക്കാം. അദ്ദേഹത്തിൻെറ 'ഇലിയഡ്' 'ഒഡീസി' എന്ന കൃതികൾ യൂറോപ്യൻ സാഹിത്യത്തെ വിശേഷിച്ചും, ലോകസാഹിത്യത്തെ സാമാന്യമായും സ്പർശിച്ചിട്ടുണ്ടു്. ഹോമരുടെ ജീവചരിത്രസംഗ്രഹം വിദ്വാൻ സി. ഐ. ഗോപാലപിള്ള അവർകൾ എം. ഏ. എഴുതിയിട്ടുണ്ടു്.

(൧൮) അരിസ്റ്റോട്ടൽ. യവനവിമർശകാഗ്രഗണ്യൻ. ഇദ്ദേഹത്തിൻെറ വിമർശന നിപുണത ആധുനികവിമർശകന്മാരുടെ ചിന്താസരണിയേയും ഗാഢമായി ആകർഷിക്കുന്നുണ്ടു്. അരിസ്റ്റോട്ടൽ ഇങ്ങനെ പറയുന്നു, "എല്ലാ കാവ്യങ്ങളിലും രണ്ടു ജീവിതാംശങ്ങളുമുണ്ടു്. ഒന്നു്, എല്ലാ മനുഷ്യരുടേയും മനസ്സിൽ സുഷുപ്ത്യവസ്ഥയിൽ സ്ഥിതിചെയ്യുന്ന ആശയത്തിൻെറ പ്രതിരൂപകമായ സർവ്വസാമാ

SHRI KRISHNA VILASOM GRANDHASALA
TRIVANDRUM

നൃത്വപ്പൂണ്ണവും, മറെറാന്ന് കവിയുടെ കല്പനാശക്തിയാൽ വണ്ണിതമാകുന്ന വിശേഷത്തോടുകൂടിയ സ്വഭാവവുമാണ്." ഇദ്ദേഹത്തിൻെറ പേരു മലയാളികൾക്ക് ഇന്നു വളരെ പരിചിതമായിത്തീന്നിട്ടുണ്ട്. ഇദ്ദേഹത്തിൻെറ സാഹിത്യസിദ്ധാന്തങ്ങളെ ഇംഗ്ലീഷുകാരും ആ വഴിക്ക് നാമും പരക്കെ അറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. സാഹിത്യനിരൂപണത്തെപ്പററിയുള്ള പരാമശ്ശത്തിൽ അരിസ്റ്റോട്ടിലിൻെറ പേരു സ്മരിക്കുക ഇന്നു സാധാരണമായിത്തീന്നിട്ടുണ്ട്.

(൧൭) ജോർജ്ജ് എലിയാട്ട്. ഈ മഹതി നോവൽ എഴുത്തിൽ കീത്തി സമ്പാദിച്ചവരാണ്. സാക്ഷാൽ പേരു് "മേരി എവൻസ്" എന്നായിരുന്നു. പക്ഷേ, പുസ്തകങ്ങളിൽ വെച്ചിട്ടുള്ള പേരു് കാലാന്തരത്തിൽ പ്രസിദ്ധമായിത്തീന്നു. ൧൮൧൯-നും ൧൮൮൦-നും മദ്ധ്യേയുള്ള കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. ഇവരുടെ നോവലുകൾ വായനക്കാരുടെ മനസ്സിനേയും, ഹൃദയത്തേയും ഗാഢാകർഷിക്കുന്നവയാണ്. വിലയേറിയ തത്വങ്ങളും സമുദായപരിഷ്കാരോപകരണങ്ങളും മനോഹരമായി അവയിൽ സംഘടിപ്പിച്ചിട്ടുണ്ട്. മനുഷ്യജീവിതക്രമങ്ങളെ വ്യക്തീകരിക്കുകയും സ്വഭാവഗതിയെ പരാമർശിക്കുകയും ചെയ്യുന്ന ഉൽകൃഷ്ടാശയങ്ങൾ ധാരാളമായി ഈ മഹിളയുടെ ഗ്രന്ഥങ്ങളിൽ കാൺമാൻ കഴിയും.

ഈ മഹതി എഴുതിയിട്ടുള്ള "സൈലസ് മാർണർ" എന്ന പ്രസിദ്ധഗ്രന്ഥത്തിൻെറ അനുകരണമാണ് സീ. ആർ. കൃഷ്ണപിള്ള അവർകളുടെ "കളഞ്ഞുകിട്ടിയതങ്കം" എന്ന നോവൽ.

(൧൮) സർ വാൾട്ടർ സ്കാട്ട്. ഇദ്ദേഹം ഉത്തമനായ ഒരു ഗ്രന്ഥകാരനായിരുന്നു. നിയമപഠനത്തെ ത്യജിച്ചാണ് ഗ്രന്ഥരചനയിൽ ഏപ്പെട്ടത്. അദ്ദേഹം കൌ

ണ്ടിയിലെ ഷെറിഫും, സെഷ്യൻ കോടതിയിലെ ഒരു ക്ലാൎക്കും, ഒരു പ്രസിദ്ധീകരണശാലയിലെ പങ്കുകാരനും ആയിരുന്നതായി പ്രസ്താവിച്ചുകാണുന്നു. ഭാരമേറിയ ഇതരകൃത്യങ്ങളുടെ സമ്മൎദ്ദത്തിൽ ഇത്ര ദ്രുതഗതിയിൽ ഗ്രന്ഥങ്ങൾ രചിക്കുന്നതിനു വേറെ ഒരുത്തൎക്കും സാധിക്കുമായിരുന്നില്ല. പുസ്തകങ്ങൾ നിൎമ്മിക്കുന്നതിനു യാതൊരു വൈഷമ്യവും അദ്ദേഹത്തിനുണ്ടായിട്ടുമില്ല. അതു് ഒരു വിനോദമെന്നപോലെ നിൎവഹിക്കുകയാണു പതിവു്. നല്ല ജനസമ്മതം ലഭിച്ചിരുന്ന ഘട്ടത്തിൽ ആണ്ടുതോറും പന്ത്രണ്ടു നോവൽ വീതം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. സ്വന്തം കൈപ്പടയിലാണു് അധികവും എഴുതിയിട്ടുള്ളതു്. തനിക്കു് എഴുതാൻ സാധിക്കുന്നതിലുപരി ദ്രുതഗതിയിൽ വാചകങ്ങൾ തോന്നുമായിരുന്നു. പ്രസിദ്ധമായ "ബ്രൈഡ്‌ ആഫ്‌ ലാമ്മൎമൂർ" എന്ന ഗ്രന്ഥം കഠിനമായ രോഗപീഡയാൽ വലഞ്ഞ ഘട്ടത്തിൽ പറഞ്ഞുകൊടുത്തു് എഴുതിച്ചതാണു്. വേദനകൊണ്ടു താനറിയാതെ ഏതെങ്കിലും ദീനസ്വരം പുറപ്പെടുന്ന ഘട്ടത്തിലല്ലാതെ തന്റെ വാചകങ്ങൾക്കു് തടസ്സം ഉണ്ടായിട്ടില്ല. ഒരിക്കൽ വിഷമമായ ദീനസ്വരം കേട്ടു് എഴുത്തുകാരൻ അദ്ദേഹത്തോടു നിറുത്തണമെന്നാവശ്യപ്പെട്ടു. തദവസരത്തിൽ അദ്ദേഹം "വേണ്ടടോ, കതകുകൾ മാത്രം അടച്ചുകൊള്ളുക. എന്റെ ജോലികൾ നിറുത്തുന്നതിനു കല്ലറയിലേയ്ക്കു കൊണ്ടുപോകുമ്പോൾ മാത്രമേ സാധിക്കയുള്ളു" എന്നു മറുപടി പറഞ്ഞു. നെപ്പോളിയന്റെ ജീവചരിത്രം എഴുതിയ ഘട്ടത്തിൽ സ്കാട്ടു് കടത്തിൽ ഇരിക്കയായിരുന്നു. അതോടുകൂടി "വുഡ്‌സ്റ്റാക്ക്" എന്ന നോവലും എഴുതി തന്റെ കടം തീൎക്കാൻ ശ്രമിച്ചു. ജീവചരിത്രം എഴുതുമ്പോൾ അതിലുള്ള വിരസത നീക്കുന്നതിനു ഓരോ നോ

വൽക്രുടി അതോടൊന്നിച്ച് എഴുതുക പതിവായിരുന്നു. മഹാനായ സ്ക്കാട്ട് ൩൦-ൽപരം നോവലുകളും ൨൦-ൽപ്പരം കാവ്യങ്ങളും, മുപ്പതോളം ചരിത്രങ്ങളും (ജീവചരിത്രവും ഉൾപ്പെടെ) എഴുതിയിട്ടുണ്ട്. മാത്രമല്ല, "കപാർട്ടർളി റിവ്യൂ" മുതലായ നല്ല മാസികകളിൽ അനവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ഇദ്ദേഹത്തിന് അനേകം സ്നേഹിതന്മാരുണ്ടായിരുന്നു. അവരുമായി സദാ എഴുത്തുകുത്തുകൾ നടത്തുന്നതിൽ സ്ക്കാട്ട് ബഹുതാല്പര്യം പ്രദർശിപ്പിച്ചുപോന്നു. "എപ്പോഴും ജോലി ചെയ്ക" എന്നതു് ഇദ്ദേഹത്തിൻെറ ഒരു പ്രമാണമാണ്. എങ്കിലും, "തൻെറ അഭിവാഞ്ഛയെ തൃപ്തിപ്പെടുത്തിയതായ യാതൊരു ഗ്രന്ഥങ്ങളും താൻ എഴുതിയിട്ടില്ലെന്നു" വാൾട്ടർ തന്നെ പറയുന്നു.

സ്ക്കോട്ടിൻെറ പല നോവലുകളും മലയാളത്തിൽ വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ചരിത്രാഖ്യായികകളുടെ ഉപജ്ഞാതാവെന്ന നിലയിലാണ് അദ്ദേഹത്തിൻെറ പ്രശസ്തി നിലനിൽക്കുന്നതു്. സ്ക്കോട്ടിനെ അനുസരിച്ചാണ് സി. വി. ചരിത്രാഖ്യായികകൾ നിൎമ്മിച്ചിട്ടുള്ളതു്. ആ വിധത്തിൽ സ്ക്കോട്ടു നമ്മുടെ ഭാഷയെ പരോക്ഷമായി സഹായിച്ചിട്ടുണ്ടെന്നു കരുതാം.

(൧൯) ഹെർബെർട്ട്. ജൎമ്മനിയിൽ വിദ്യാഭ്യാസത്തിൻെറ പ്രചാരത്തിനു വേണ്ടി തീവ്രയത്നം ചെയ്തിട്ടുള്ള ഈ മഹാൻ ൧൭൭൬-ൽ ജൎമ്മനിയിലെ 'ഓൾഡൻബർഗ്ഗ്' പട്ടണത്തിൽ ജനിച്ചു. പ്രാഥമികവിദ്യാഭ്യാസാനന്തരം ജിനാ സൎവ്വകലാശാലയിൽ നാലുവൎഷം ഉന്നതവിദ്യാഭ്യാസം ചെയ്തു. പിന്നീട് നാലു സംവത്സരക്കാലം ഒരു ഗവൎണ്ണരുടെ മക്കളെ പഠിപ്പിക്കുന്ന കൃത്യത്തിൽ വ്യാപൃതനായിരുന്നു. ൧൮൦൨—വരെയുള്ള കാലഘട്ടത്തിൽ വിജ്ഞാനസമ്പാദനത്തിനായി ദേശസഞ്ചാരം നടത്തി. ഇ

ക്കാലത്തു വിദ്യാഭ്യാസത്തെ സംബന്ധിച്ചു് സരസവും സാരവത്തുമായ ഏതാനും പ്രസംഗങ്ങൾ നടത്തിയ ഫലമായി "ഡോക്ടർ" എന്ന സ്ഥാനം ലഭിച്ചു. കോണിഷ്ബർഗ്ഗ്, ഗാട്ടിൻജൻ മുതലായ സ്ഥലങ്ങളിൽ പ്രൊഫസർ ജോലിയും നോക്കിയിട്ടുണ്ടു്. ൧൮൦൬—ൽ "വിദ്യാഭ്യാസത്തിൻെറ ഉദ്ദേശവും ശാസ്ത്രീയജ്ഞാനവും" എന്ന കൃതി എഴുതുകയും അതിനെ ൧൮൩൫—ൽ "വിദ്യാഭ്യാസശാസ്ത്രസംഗ്രഹം" എന്ന പേരിൽ പരിഷ്കരിച്ചു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തതോടുകൂടി ഇദ്ദേഹത്തിൻെറ പേരു സുപ്രസിദ്ധമായിത്തീൎന്നു. മാനസിക ശാസ്ത്രജ്ഞൻ, തത്വശാസ്ത്രനിൎമ്മിതാവു് എന്നീ നിലകളിൽ ഡോക്ടർ ഹെർബെർട്ടിന്നു ഉന്നതമായ ഒരു സ്ഥാനമാണുള്ളതു്. വിദ്യാഭ്യാസത്തിൽ ശാസ്ത്രീയമായ നിയമങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള പ്രാഥമിക വഴികാട്ടി ഇദ്ദേഹമാണു്. ശിക്ഷാക്രമപാഠശാലയുടെ സ്രഷ്ടാവായ ഈ മഹാൻ തൻെറ നിയമങ്ങളെ വിശദീകരിക്കുന്ന ൧൮൦൦-ൽ പരം ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ അഭിമതമനുസരിച്ചുള്ള ബോധനക്രമത്തെയാണു് നവീന സമ്പ്രദായമെന്ന പേരിൽ ഇന്നു് ലോകം ആദരിച്ചു പോരുന്നതു്.

(൨൦) <u>ഗീഥേ.</u> വന്ദ്യനും സുപ്രസിദ്ധനുമായ ഈ മഹാകവി ക്രിസ്ത്വാബ്ദം ൧൭൪൯-ൽ ജൎമ്മനിയിലെ "ഫ്രാങ്ക്ഫർട്ട്" എന്നപട്ടണത്തിൽ ജനിച്ചു. ഷേക്സ്പീയർ ഇംഗ്ലീഷുസാഹിത്യത്തിൽ എങ്ങനെയോ അതുപോലെ ഗീഥേ ജൎമ്മൻ സാഹിത്യത്തിൽ അഗ്രപൂജയ്ക്കു് അവകാശിയാണു്. പിതാവു് കവിതകളിലും, ഇതര കലകളിലും വാസനയുള്ള ആളായിരുന്നു. ഗീഥേ ബാല്യദശയിൽ യാതൊരു സ്കൂളിലും അഭ്യസനം നടത്തിയിട്ടില്ല. എന്നാൽ സൂക്ഷ്മദൃക്കും, ജ്ഞാനിയുമായ പിതാവു് പുത്രനെ ലിപികൾ അഭ്യസിപ്പിക്കുകയും, വിവിധ വിഷയങ്ങൾ പ്രതിപാദിക്കുന്ന ഗ്ര

ന്ഥങ്ങൾ ധാരാളമായി വാങ്ങിക്കൊടുത്തു വായിപ്പിക്കുക
യും ചെയ്തുവന്നു. പിൽക്കാലത്തു് നിയമ പരിശീലന
ത്തിനും സർവകലാശാലാഭ്യസനത്തിനും ഗീഥേ ശ്രമിച്ചു.
പക്ഷേ, അതിൽ വേണ്ടുവോളം ശോഭിച്ചില്ല. ബാല്യദശ
യിൽ ഉരുവിട്ടുകൊണ്ടിരുന്ന ഫ്രെഞ്ച് കവിതകളും, പി
ന്നീടു വശമാക്കിയ ഷേക്സ്പീയറിന്റെ കവിതകളും ഗീ
ഥേയെ ശക്തിയായി ആകർഷിച്ചുകൊണ്ടിരുന്നു. നിയമബി
രുദം ലഭിച്ച ഘട്ടത്തിൽത്തന്നെ അദ്ദേഹം ചില കൃതികൾ
രചിച്ചുവെങ്കിലും അതെല്ലാം കേവലം ശുഷ്കപ്രായമായി
ട്ടേ ഗീഥേയ്ക്കു് തോന്നിയിരുന്നുള്ളു. എന്നാൽ "വെർതർ"
എന്ന കൃതി പ്രസിദ്ധപ്പെടുത്തിയതു മുതൽ ഗീഥേയുടെ
ഖ്യാതി ജർമ്മനിയിലെങ്ങും വ്യാപിച്ചു. ഈ കൃതിയെ ചി
ലർ അതികഠിനമായി ആക്ഷേപിക്കുകയും, ഒരു കൂട്ടർ അ
സാമാന്യമായി പ്രശംസിക്കുകയും ചെയ്തു. ഈ ഗ്രന്ഥം
വിവിധനിരൂപണങ്ങളോടുകൂടി ലോകമെങ്ങും ക്രമേണ
സഞ്ചരിച്ചു. മഹാകവി ഷില്ലറും ഗീഥേയും ആപ്തമിത്രങ്ങ
ളായിവർത്തിച്ചുപോന്നു. രണ്ടു സാഹിത്യകാരന്മാർ തമ്മിൽ
ഇത്രത്തോളം സ്നേഹബന്ധത്തിൽകഴിച്ചുകൂട്ടുക സാധാരണ
മല്ല. ജർമ്മനിയിൽ ഇദ്ദേഹം ഒരു പ്രധാനമന്ത്രിയായി ജോ
ലിനോക്കിയിട്ടുണ്ടു്. അതുകൊണ്ടു് ഗ്രന്ഥരചനയിൽ അ
പ്പോൾ ധാരാളം സമയം ലഭിച്ചിരുന്നില്ല. ഗീഥേ തന്റെ
ആശയങ്ങൾ നഷ്ടമാക്കാതെ ഉടനുടൻ കടലാസ്സിൽ പക
ർത്തുമായിരുന്നു. ഒരിക്കൽ ഒരു രാജാവു് അദ്ദേഹത്തെ സ
ന്ദർശിച്ച ഘട്ടത്തിൽ രസകരമായ ഒരു സംഭാഷണമദ്ധ്യേ,
രാജസന്നിധിയിൽ നിന്നും എഴുന്നേററുപോയി തന്റെ
മനസ്സിൽ കൂടെ കടന്നുപോയ ചില ആശയങ്ങൾ പക
ർത്തിക്കൊണ്ടിരുന്നതായി പറയപ്പെടുന്നു. വിശ്വവിശ്രുത
മായ "ഫാസ്റ്റ്" എന്ന നാടകമാണു് ഇദ്ദേഹത്തിന്റെ
മുഖ്യകൃതി. നെപ്പോളിയൻചക്രവർത്തി ഗീഥേയെ വളരെ

ബഹുമാനിച്ചിരുന്നു. ജർമ്മനിയുമായുള്ള യുദ്ധത്തിൽ ഗീഥേയുടെ ഭവനത്തേയോ, സ്വത്തിനേയോ നശിപ്പിച്ചില്ലെന്നു മാത്രമല്ല നെപ്പോളിയൻ ഗീഥേയുമായി സ്നേഹപുരസ്സരം കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ടു്. തദവസരത്തിൽ "വെർതർ" എന്ന കൃതി അദ്ദേഹം ഏഴു പ്രാവശ്യം വായിച്ചിട്ടുണ്ടെന്നു് മഹാകവിയോടു പറയുകയുണ്ടായി. ഗീഥേ അവസാന ദശയിൽ സ്വന്തം ജീവചരിത്രം എഴുതി. അതിൽ സാഹിത്യം, ശാസ്ത്രം, ചരിത്രം ഇവ സംബന്ധിച്ചുള്ള തൻെറ മനോഗതിയെ സുവ്യക്തം രേഖപ്പെടുത്തിയിട്ടുണ്ടു്. "ജോലി ഇനിയും ബാക്കിയുണ്ടല്ലോ" എന്നു പറഞ്ഞുകൊണ്ടു് മെത്തയിൽനിന്നും എഴുന്നേററു കസേരയിൽ ഇരുന്ന കവി നാലഞ്ചുനിമിഷം കഴിഞ്ഞപ്പോൾ ജന്നൽ തുറക്കാൻ ആവശ്യപ്പെടുകയും "വെളിച്ചം കുറച്ചുകൂടെ വെളിച്ചം" എന്നു ശബ്ദിച്ചുകൊണ്ടു് ദേഹം വെടികയും ചെയ്തു.

(൨൧) <u>ഹെൻറിഫെസ്റ്റ്ലോസി.</u> മഹാമനസ്കനും, സ്വാർത്ഥപരിത്യാഗിയുമായ ഇദ്ദേഹം ൧൭൪൬-ൽ സ്വിസ്റ്റ്സർലണ്ടിലുള്ള "സൂർച്ച്" പട്ടണത്തിൽ ജനിച്ചു. നിരന്തരമായ പുസ്തകപാരായണത്താലും, ലോകവിചിന്തനത്താലും അക്കാലത്തെ വിദ്യാഭ്യാസത്തിൽ മുഴച്ചു നിന്നിരുന്ന വൈകല്യങ്ങൾ മനസ്സിലാക്കി. ആതുരസംരക്ഷണത്തിൽ അതിതൽപ്പരനായ ഇദ്ദേഹം ചില കുട്ടികളെ ശേഖരിച്ചു അവരുടെ ഇടയിൽ അദ്ദേഹത്തിൻെറ നവീന വിദ്യാഭ്യാസസമ്പ്രദായങ്ങളെ മെല്ലെ കടത്തുന്നതിനു ശ്രമിച്ചു. ഫെസ്റ്റ്ലോസി പ്രകൃതിയെയും,മനുഷ്യരുടെ സ്വഭാവഗതിയെയും വിവേചിച്ചറിഞ്ഞു സമുചിതമായ വിദ്യാഭ്യാസപദ്ധതി രൂപീകരിച്ചു് തൻെറ ചെറുകഥകൾ മുഖേന അവയെ പ്രസിദ്ധപ്പെടുത്തി. പ്രസിദ്ധകൃതികൾ "ലി ഈ

വിനിംഗ്ഔവേഴ്സ് ആഫ് ഏ ഹെർമിററ്," "ലിയോ നോർഡും ജട്ട്റൂഡും," "ക്രിസ്റ്റോഫറും എലിസയും" മുതലായവയാണ്. കരനേത്രപരിശീലനങ്ങൾ, മാനസികശക്തിയുടെ ക്രമപ്രവൃദ്ധമായ വളർച്ച, വിദ്യാഭ്യാസത്തിൻെറ പരിവത്തനം, മാനുഷചിന്താഗതിയുടെ അവസ്ഥാന്തരം തുടങ്ങിയുള്ള വിഷയങ്ങളെപ്പററി ജനസാമാന്യം ചിന്തിക്കാൻ ആരംഭിച്ചതു് ഈ മഹാൻെറ യത്നങ്ങൾക്ക ശേഷമാണ്. ഒരു പ്രധാന ആതുരശാലയുടെ അദ്ധ്യക്ഷനായി ജോലി ചെയ്ത ഇദ്ദേഹത്തിൻെറ വിദ്യാഭ്യാസസമ്പ്രദായത്തെ കണ്ടു മനസ്സിലാക്കുന്നതിനു വിദേശങ്ങളിൽനിന്നും അനേകം മഹാന്മാർ വന്നുകൊണ്ടിരുന്നു. ഒടുവിലായി "സ്കപ റൻഗസപാൻ'' എന്ന പ്രഖ്യാതഗ്രന്ഥം ലോകസമക്ഷം സമപ്പിച്ചുകൊണ്ട് ൧൮൨൭-ൽ ഈ മഹാപുരുഷൻ പരലോകപ്രാപ്തനായി.

(൨൨) <u>സോക്രട്ടീസ്</u>. പ്രസിദ്ധ തത്വജ്ഞാനിയും വാഗ്മിയും ആയ ഈ മഹാൻ ബി. സി. ൪൬൯-ൽ ഗ്രീസിലുള്ള ആതൻസ് പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹത്തിൻെറ പിതാവ് ഒരു ശില്പിയും, മാതാവ് ഒരു സൂതികമ്മിണിയുമായിരുന്നു. ബാല്യകാലജീവിതത്തെപ്പററി യാതൊരറിവുമില്ല. കൊത്തുപണിയും അദ്ധ്യാപകവൃത്തിയും യൌവ്വനകാലത്തു നിവ്ഹിച്ചിട്ടുള്ളതായി ലക്ഷ്യങ്ങളുണ്ട്. ഭാൎയ്യയായ 'സാൻറിപ്പി' കഠിനചിത്തയായിരുന്നു. ഒരുദിവസം ഭാൎയ്യയുടെ ശകാരം സഹിക്കാൻ വഹിയാതെ വെളിയിലിറങ്ങിയിരുന്ന് ഗുരുതരങ്ങളായ വിഷയങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ മുകൾത്തട്ടിൽനിന്നുകൊണ്ടു ഒരു പാത്രത്തിൽ മലിനജലം എടുത്തു അദ്ദേഹത്തിൻെറ മേൽ ഒഴിച്ചു. സോക്രട്ടീസ് അല്പനേരത്തെ മൌനത്തിനു ശേഷം "ഇടിമുഴങ്ങിയപ്പോൾ തന്നെ മഴ പെയ്യുന്നുവെന്ന് ഞാൻ വിചാരിച്ചു" എന്നു ശാന്ത

സ്വരത്തിൽ പറഞ്ഞതേയുള്ളു. അദ്ദേഹത്തിന്റെ ബുദ്ധിവൈശിഷ്ട്യം ലോകം ക്രമേണ മനസ്സിലാക്കി. സോക്രട്ടീസ് അന്നുവരെ ആരും കാണാതിരുന്ന തത്വങ്ങളെ ജനതാമദ്ധ്യത്തിൽ സമർപ്പിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ സന്മാർഗ്ഗതത്വങ്ങളും, ആദ്ധ്യാത്മികചിന്തകളും, തത്വബോധനങ്ങളും പിൽക്കാലത്തിൽ പല ഗ്രന്ഥകാരന്മാരുടെയും തൂലികവഴി ജനസമുദായത്തിൽ പ്രചരിച്ചു. യുവാക്കന്മാരെ ദുഷിപ്പിക്കുന്നു എന്ന കുററം ചുമത്തി അദ്ദേഹത്തെ രാജ്യമേധാവികൾ കാരാഗൃഹത്തിൽ അടച്ചു. മുപ്പതു ദിവസത്തെ കാരാഗൃഹവാസഘട്ടത്തിൽ സ്നേഹിതനായ ക്രൈട്ടോയോടും മററും ചെയ്ത സംഭാഷണം വിലയേറിയവയായി ഇന്നും ലോകം പരിഗണിക്കുന്നു. ഈ മഹാൻ തന്റെ ൭൦-ാമത്തെ വയസ്സിൽ അധികാരികളുടെ നിബന്ധനയനുസരിച്ചു വിഷം കുടിച്ചു മരിച്ചു. സോക്രട്ടീസ് ലോകചിന്താഗതിയെ സാരമായി പരിഷ്കരിച്ചിട്ടുണ്ട്.

———0———

## അദ്ധ്യായം ൧൧

# അലങ്കാരശാസ്ത്രസംഗ്രഹം

**ക**വിതയും അലങ്കാരവും തമ്മിൽ പിരിക്കുകയോ, രണ്ടും ഒന്നാണെന്നു സ്ഥാപിക്കയൊ ചെയ്യുക ശക്യമല്ല. എങ്കിലും അവ രണ്ടും ഒന്നല്ല, രണ്ടുതന്നെയാണു്. മാനുഷഹൃദയങ്ങളെ ആനന്ദിപ്പിക്കുന്ന ഒരു വികാരം ഏതുകൃതി വായിക്കുമ്പോൾ സംജാതമാകുന്നുവോ അതു കാവ്യമാണെന്നും, കാവ്യപാരായണത്തിൽ നിന്നും ഉത്ഭൂതമാകുന്ന രസത്തെ ആസ്വദിക്കുന്നതിനുബുദ്ധിയുള്ളവർ

സഹൃദയന്മാരെന്നും സാധാരണ പറഞ്ഞുവരാറുണ്ടു്. സഹൃദയന്മാരെ സന്തോഷിപ്പിക്കുന്നതിനുള്ള കവിതാധൎമ്മമാണു് ചമല്ക്കാരമായിത്തീരുന്നതു്. ചമല്ക്കാരത്തിനു ഹേതുഭൂതമായ വാക്യത്തിന്റെ ശബ്ദാൎത്ഥഭംഗിയെ അലങ്കാരമായി വ്യവഹരിക്കുന്നു. "അലങ്കരോതീത്യലങ്കാരഃ" എന്ന അഭിജ്ഞവചനത്താൽ അലങ്കരിക്കുന്നതു് ഏതൊന്നോ അതു് അലങ്കാരമാണെന്നു സമൎത്ഥിച്ചിരിക്കുന്നു. കവിതയെ സൗന്ദൎയ്യവതിയായ ഒരു വനിതയോടുപമിക്കുന്നപക്ഷം, ആ യോഷയ്ക്കു സൗന്ദൎയ്യപോഷകമായി അലങ്കരിക്കുന്ന ഉചിതങ്ങളായ കനകാഭരണങ്ങളാണു് അലങ്കാരങ്ങൾ എന്നു് ഒരു മഹാൻ അഭിപ്രായപ്പെടുന്നു. അലങ്കാരങ്ങളെ സാമാന്യലക്ഷണം അനുസരിച്ചു് ശബ്ദാലങ്കാരം, അൎത്ഥാലങ്കാരം എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുണ്ടു്. അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം എന്നിവ അലങ്കാരസാമഗ്രികളാണു്. ഇവയെ അൎത്ഥാലങ്കാരത്തിന്റെ ഒരു വിഭജനമായും കരുതാറുണ്ടു്. എങ്ങനെയായാലും ഇവ ഓരോന്നും ഓരോ അലങ്കരങ്ങളുടെ ബീജങ്ങളായിത്തന്നെയിരിക്കും. വാസ്തവസംഗതികളെ മോടിയും, ധാടിയും ചേൎത്തു് ആകൎഷിപ്പിക്കുന്നതിനും, ഉള്ളതിനെ ഇല്ലെന്നു വരുത്തി മനുഷ്യരെ ഭ്രമിപ്പിക്കുന്നതിനും അതിശയോക്തിയെയും, ഒരു വസ്തുവിനെപ്പററി വൎണ്ണിക്കുമ്പോൾ അതിനു സമത്വം കല്പിച്ചു മററൊന്നിനെ മനോധൎമ്മപ്രചുരിമയോടുകൂടി കാണിച്ചു് നമ്മെ ആകൎഷിക്കുന്നതിനു സാമ്യോക്തിയെയും, വസ്തുക്കളുടെ ഗുണദോഷങ്ങളെ ഉള്ളവണ്ണം ദൃശ്യമാക്കി നമ്മെ വാസ്തവചിന്തയിൽ ലയിപ്പിക്കുന്നതിനുവേണ്ടി വാസ്തവോക്തിയെയും, ഒരേപദത്തിൽ നിന്നും രണ്ടൎത്ഥം വെളിവാക്കി നമ്മുടെ ചിന്താഗതികളെ രണ്ടു ഭാഗത്തേയ്ക്കും നയിക്കുന്ന

തിനു വേണ്ടി ശ്ലേഷോക്തിയെയും മഹാന്മാർ തങ്ങളുടെ കാവ്യദ്വാരാ അവതരിപ്പിക്കാറുണ്ടു്. എന്നാൽ, അതിശയോക്തിയുടെ സ്പർശലേശം കൂടാത്ത കവിതകൾ കാണാൻ പ്രയാസം തന്നെ.

ശബ്ദാലങ്കാരത്തെ അനുപ്രാസം, യമകം, പുനരുക്തവദാഭാസം, ചിത്രം എന്നിങ്ങനെ നാലായി വിഭജിച്ചിരിക്കുന്നു. ശ്ലേഷവും വക്രോക്തിയും ശബ്ദാലങ്കാരങ്ങളായി വ്യവഹരിക്കുന്നവരുമുണ്ടു്.

സംസൃഷ്ടി, അംഗാംഗിഭാവസങ്കരം, സമപ്രാധാന്യസങ്കരം, സന്ദേഹസങ്കരം, ഏകവാചാനുപ്രവേശസങ്കരം എന്നിവയെ അലങ്കാരപഞ്ചകങ്ങളായി ഗണിച്ചിരിക്കുന്നു. രസവാൻ, പ്രേയം, ഊർജ്ജസ്വി, സമാഹിതം, ഭാവോദയം, ഭാവസന്ധി, ഭാവശബലത, പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുപലബ്ധി, സംഭവം, ഐതിഹ്യം എന്നിവയെ അലങ്കാരപഞ്ചദശകങ്ങളെന്നു പറയുന്നു.

അലങ്കാരശാസ്ത്രഗ്രന്ഥങ്ങൾ പ്രധാനമായി പത്താണുള്ളതു്. (൧) വിശ്വനാഥകവിരാജന്റെ സാഹിത്യദർപ്പണം (൨) ദണ്ഡിയുടെ കാവ്യാദർശം (൩) മമ്മടന്റെ കാവ്യപ്രകാശം (൪) ധനഞ്ജയന്റെ രൂപകം. (൫) വാമനന്റെ കാവ്യാലങ്കാരസൂത്രവൃത്തി (൬) ഭോജദേവന്റെ സരസ്വതീകണ്ഠാഭരണം (൭) ഭാമഹന്റെ അലങ്കാരസർവ്വസ്വം (൮) കവികർണ്ണപൂരകന്റെ അലങ്കാരകൌസ്തുഭം (൯) അപ്പയ്യദീക്ഷിതരുടെ കുവലയാനന്ദം (൧൦) ജയദേവന്റെ ചന്ദ്രാലോകം ഇവയാണു്. കുവലയാനന്ദം അനുസരിച്ചു് അലങ്കാരത്തെ നൂറായിട്ടാണു് തരം തിരിച്ചിട്ടുള്ളതു്.

അർത്ഥാലങ്കാരത്തിൽ നാലു വിഭാഗമുള്ളതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൽ സാമ്യോക്തി സർവ്വപ്രധാ

നമാകയാൽ ഒന്നാമതായി അതിനെക്കുറിച്ചു ചിന്തിക്കാം. സാമ്യോക്തിയെ (൧) ഉപമ (൨) അനന്വയം (൩) ഉപമേയോപമ (൪) പ്രതീപം (൫) രൂപകം (൬) അപഹ്നുതി (൭) ഉൽപ്രേക്ഷ (൮) സ്മൃതിമാൻ (൯) ഭ്രാന്തിമാൻ (൧൦) സസന്ദേഹം (൧൧) വ്യതിരേകം (൧൨) പ്രതിവസ്തൂപമ (൧൩) ദൃഷ്ടാന്തം (൧൪) നിദൎശന (൧൫) ദീപകം (൧൬) അപ്രസ്തുതപ്രശംസ എന്നിങ്ങനെ പതിനാറായി സാഹിത്യപണ്ഡിതന്മാർ വിഭജിച്ചിട്ടുണ്ടു്. എങ്കിലും, വാസ്തവത്തിൽ ഇവയെല്ലാംതന്നെ ഉപമയുടെ വകഭേദങ്ങളേ ആകുന്നുള്ളു.

ഉദാഹരണമായി:—

മുഖം പത്മസദൃശമാകുന്നു= ഉപമാലങ്കാരം
മുഖമോ അതോ പത്മമോ=സസന്ദേഹം
പത്മംകണ്ടിട്ടു് മുഖത്തിന്റെ ഓർമ്മയുണ്ടാകുന്നു. } =സ്മൃതിമാൻ
വണ്ടുകൾ താമരയെന്നുഭ്രമിച്ചു മുഖത്തെ വട്ടം ചുററുന്നു. } ഭ്രാന്തിമാൻ
മുഖമല്ല, ഇതുപത്മമാണു്=അപഹ്നുതി
മുഖമെന്നുള്ള വ്യാജത്തിൽ താമര പ്രത്യക്ഷമായിരിക്കുന്നു } കൈതവാപഹ്നുതി.

ഇങ്ങനെ വാക്യം അല്പാല്പം മാറിമാറിവരുമ്പോൾ ഉപമാലങ്കാരം മാററി രസാസ്വാദകന്മാർ ഇതരസംജ്ഞകൾ നൽകിവരുന്നുണ്ടു്.

ഇനി നമുക്കു് സാമ്യോക്തിയിൽ അടങ്ങിയിട്ടുള്ള പ്രധാനപ്പെട്ട അലങ്കാരങ്ങളുടെ ലക്ഷണങ്ങളെ പരിശോധിക്കാം.

(൧) <u>ഉപമ.</u> ഒരു വസ്തുവിനെ മറെറാന്നിനോടു് ചമത്കാരജനകമായ വിധത്തിൽ സാദൃശ്യപ്പെടുത്തുകയാ

ണു് ഉപമാലങ്കാരത്തിൻെറ ലക്ഷണം. ഇതിനെപ്പററി ആഗ്നേയപുരാണം വിവൎത്തകൻ ഇങ്ങനെ പറയുന്നു.

"ഉപമാനോപമേയങ്ങൾ—
ക്കസമത്വം ഭവിക്കിലും
വിവക്ഷിതം ധൎമ്മസാമ്യം
ചൊന്നാലുപമയായ് വരും."

അതായതു് അന്യോന്യം ഭിന്നങ്ങളായ ഉപമാനോപമേയങ്ങൾക്കു് രണ്ടിലും ചേരുന്ന ധൎമ്മങ്ങളെക്കൊണ്ടു് തുല്യത പറഞ്ഞാൽ ഉപമയാകും.

ഉപമേയം, ഉപമാനം, സാധാരണ ധൎമ്മം, ഉപമാവാചകം എന്നിങ്ങനെ നാലംശങ്ങൾ ചേൎന്നാൽ മാത്രമേ ഒരുപൂൎണ്ണമായ ഉപമയാകയുള്ളു. യാതൊരു വസ്തുവിനെ മറെറാന്നിനോടു ഉപമിക്കുന്നുവോ അതു് ഉപമേയമെന്നും, ഉപമേയത്തെ യാതൊന്നിനോടു തുലനം ചെയ്യുന്നുവോ അതിനു് ഉപമാനമെന്നും ഇവയ്ക്കു മദ്ധ്യേ സമത്വം പരിപാലിച്ചു നിൽക്കുന്ന ധൎമ്മത്തെ സാധാരണധൎമ്മമെന്നും താരതമ്യത്തെ സൂചിപ്പിക്കുന്ന പദത്തെ ഉപമാവാചകമെന്നും പണ്ഡിതന്മാർ സംജ്ഞ നൽകിയിരിക്കുന്നു. ഉദാ:—"കൊച്ചുകുട്ടിയുടെ മുഖം വിളക്കുപോലെ പ്രകാശിക്കുന്നു." ഇതിൽ "മുഖം" ഉപമേയമായും, "വിളക്കു" ഉപമാനമായും, "പ്രകാശിക്കുക" സാധാരണ ധൎമ്മമായും, "പോലെ" ഉപമാവാചകമായും മനസ്സിലാക്കേണ്ടതാണു്. താഴെ പറയുന്ന പദ്യങ്ങളിൽ ഉപമാലങ്കാരമുണ്ടെന്നു് കാണുക.

(൧) "ഈ വിധത്തിലമരുന്നൊരു നമ്മോ-
ടാവലാധിയൊരു പുത്രനു വേണ്ടി
ചാതകപ്പുരിഷ കാറൊടു വൃഷ്ടി-
ക്കെന്നപോലെ, പറയുന്നു സുരന്മാർ."

(കുമാരസംഭവം)

(൨) "ആദിത്യപുത്രൻ മനു മന്നവന്മാ-
ക്കാദിതപമോട്ടം ബുധമാന്യമട്ടിൽ
ഭേദംപെടാക്കേരംവിയിൽ വാണിരുന്നു
വേദത്തിനൊക്കെ പ്രണവം കണക്കേ."
(രഘുവംശം)

എല്ലാ ഉപമകളിലും മുൻപ്രസ്താവിച്ച നാലംശങ്ങളും കണ്ടുവെന്നു് വരികയില്ല. ഏതെങ്കിലും ഭാഗങ്ങൾക്ക ലോപം സംഭവിച്ചാൽ ലുപ്തോപമ എന്നാണു് വിളിച്ചുവരുന്നതു്.

ഉദാ:—

"അലയുന്നതിനാലേവം-
ഫലമെന്തെൻെറ ഭൃംഗമേ,
ഹാ; ലഭിക്കാ നിനക്കെങ്ങും-
മാലതിക്കൊത്ത രമ്യയെ."

ഇതിനെ സൂക്ഷ്മമായി പരിശോധിക്കാം. "മാലതി" എന്നതു് ഉപമേയം. "ഒത്ത"എന്നതു് വാചകം, രമ്യതപം സാധാരണധർമ്മം. ഇതിൽ ഉപമാനം പറഞ്ഞിട്ടേയില്ല. തന്നിമിത്തം ഇതിനെ "ഉപമാനലുപ്ത"മെന്നു പറഞ്ഞുവരുന്നു. ഇതുപോലെ ഏതൊരംശം കവിതയിൽ കാണുന്നില്ലയോ, ആ നാമങ്ങളോടുകൂടി "ലുപ്ത" ചേർത്തു് ഉച്ചരിക്കേണ്ടതാണു്. കൂടാതെ, ഒരു ഉപമേയത്തെ അനവധി ഉപമാനങ്ങളോടു് ആവർത്തിച്ചാവർത്തിച്ചു് ഉപയോഗിക്കുന്നതിനു <u>മാലോപമ.</u>

"രണ്ടുധർമ്മികളെത്തമ്മിൽ
തുല്യമായുപമിക്കുകിൽ
പരസ്പരോപമയതാ-
മെന്നുചൊല്ലുന്നു സൂരികൾ."

അതായതു്, രണ്ടു ധർമ്മികളെ ഉപമേയവും ഉപമാ

നവുമാക്കി അങ്ങോട്ടുമിങ്ങോട്ടും ഉപമിച്ചാൽ അതിനു പരസ്പരോപമ" എന്നു് വിളിച്ചുപോരുന്നു.

(൨) അനന്വയം. ഒരു വസ്തുവിനു തുല്യമായി മറ്റൊന്നില്ലെന്നു കണ്ടിട്ടു് ആ വസ്തുവിനെ അതിനോടുതന്നെ ഉപമിക്കുന്നതു് അനന്വയം.

ഉദാ:—സൂര്യനെപ്പോലെ ചൂടു് സൂര്യനു മാത്രമേയുള്ളൂ. മറ്റൊന്നു്:—

"പൊൽത്താരപ്പൊൽതാർ താൻ,
തിങ്കളത്തിങ്കൾതാൻ;
ഇത്തയ്യൽക്കൊപ്പമിങ്ങിത്തയ്യൽതാൻ."

(൩) ഉപമേയോപമ.

ഉപമേയോപമാനത്തെ അന്യോന്യം ഉപമിച്ചു് തുല്യപ്രാധാന്യം കല്പിക്കുന്നതിനു ഉപമേയോപമ.

ഉദാ:—കുഞ്ഞുലക്ഷ്മിയുടെ സ്നേഹത്തോടുപമിക്കാൻ അവളുടെ മനസ്സലിവു മാത്രമേയുള്ളൂ.

(൪) പ്രതീപം. ഉപമാനത്തെ ഉപമേയമാക്കി ഉപമിക്കുന്നതും, അതിനെ വ്യർത്ഥമാണെന്നു കാണിക്കുന്നതും പ്രതീപാലങ്കാരം തന്നെ.

ഉദാ:—

"കേട്ടോ വക്ഷോജമേ! നീയൊന്നധികമാ-
യൊട്ടുംവിവിവേകമില്ലാതെയിപ്പോൾ
എന്തിനുപൊങ്ങുന്നു നിന്നോടുതുല്യമായ്-
ച്ചെന്തെങ്ങിളന്നീരുണ്ടോർമ്മവേണം."

വാസ്തവത്തിൽ ഈ മൂന്നലങ്കാരങ്ങൾക്കും ഉപമയോടു് അടുത്ത സംബന്ധമുണ്ടു്. അതുകൊണ്ടു ചില അലങ്കാരശാസ്ത്രജ്ഞന്മാർ ഇവയെ വെവ്വേറെ വ്യവഹരിക്കാറില്ല.

(൭) രൂപകം

ഉപമാനോപമേയങ്ങൾക്കു ഭേദം കല്പിക്കാതെ ഉപമാനധർമ്മത്തെ എടുത്തു ഉപമേയത്തിൽ വയ്ക്കുമ്പോൾ രൂപകാലങ്കാരം ഉണ്ടാകുന്നു.

"ഗുണസാമ്യംനിരീക്ഷിച്ചി-ട്ടുപമേയത്തിനഞ്ജസാ
ഉപമാനേനതാദാത്മ്യം-ചൊന്നാൽരൂപകമാമതു്."

അതായതു് ഉപമേയത്തിനു ഗുണസാമ്യം കല്പിച്ചു് ഉപമാനത്തോടു തദാത്മ്യത്തെ ആരോപണം ചെയ്യുന്നതു് രൂപകം. വാസ്തവത്തിൽ ഇതും തിരോഭൂതഭേദമായ ഉപമ തന്നെയാണു്.

ഉദാ:—ശ്രീചിത്ര തിരുനാൾ രാമവർമ്മമഹാരാജാവാകുന്ന കല്പവൃക്ഷം വിജയിക്കുന്നു.

വേറൊന്നു്:—

"കാന്തിക്കയത്തിൽചുഴിക്കുഴിയെന്നാരും
ചിന്തിക്കുംനാഭിയാംപൊൽത്തടത്തിൽ
പോർമുലപ്പൂങ്കുലച്ചാർത്തേന്തും കോമള
രോമവല്ലിയൊന്നുല്ലസിപ്പൂ."

ചിലപ്പോൾ കവികൾ പാദപൂരണത്തിനു വേണ്ടി ചമല്ക്കാര രഹിതമായി, "മനക്കുരുന്നു്" "പാദാരവിന്ദം" എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിക്കാറുണ്ടു്. ഇപ്രകാരമുള്ള രൂപകത്തിനു ആഭാസരൂപകമെന്നു പറയുന്നു.

(൮) അപഹ്നുതി.

"ഒരർത്ഥത്തെമറച്ചുംകൊ-
ണ്ടന്യാർത്ഥത്തിൻെറ സൂചനാ
അപഹ്നുതിയലങ്കാര—
മെന്നുചൊൽവൂമനീഷികൾ."

വർണ്ണ്യവസ്തുവിനെ അർത്ഥംകൊണ്ടോ ശബ്ദംകൊണ്ടോ മറച്ചു്മറ്റൊന്നാണെന്നു് സൂചിപ്പിക്കുന്നതിനു് അപഹ്നുതി.

ഉദാ:—

"ആരാജമൌലിചെറുവള്ളികൾകൊണ്ടുകേശ—
ഭാരംമുറുക്കിടന്നുടുവില്ലുകലച്ചുകാട്ടിൽ
ക്രൂരാടവീമൃഗശമത്തിനിതെന്നുതോന്നു-
മാറായ് ചരിച്ചുമുനിഗോഭരണച്ഛലത്താൽ."

അപഹ്നുതിയെ യുക്തിയോടുകൂടി പറഞ്ഞാൽ ഛേതാപഹ്നുതിയായിത്തീരുന്നു.

നക്ഷത്രങ്ങളെ നോക്കി "ഹാ ഇക്കാണുന്നതു് വൈദ്യുതദീപങ്ങൾ തന്നെ."

(൭) ഉൽപ്രേക്ഷ.

"ചേതനാചേതനങ്ങൾക്ക—
ങ്ങൊരുമട്ടുള്ളവൃത്തിയെ
അന്യമട്ടിൽ നിരീക്ഷിച്ചാ—
ലതിന്നുൽപ്രേക്ഷയെന്നുപേർ."

വർണ്ണ്യത്തിൽ അവർണ്ണ്യത്തിന്റെ ധർമ്മത്തോടു ചേർച്ചകാണുകകൊണ്ടു് അവയ്ക്കു ഏകത്വം കല്പിച്ചു് ബലമായി ശങ്കിക്കുന്നതു ഉൽപ്രേക്ഷ.

ഉദാഹരണങ്ങൾ:—

"മുഹൂർത്തനേരത്തിനകംവൃഷോത്തമൻ
കരുത്തെഴുംശൈലപുരത്തിലെത്തിനാൻ,
ഹരന്റെ മുന്നോട്ടുപതിച്ച നോട്ടമാം
കനത്തപൊൻഞാണിവനേവലിച്ചിതോ,?" (കു.സ.)

ഇതിൽ ശ്രീപരമേശ്വരന്റെ മുമ്പോട്ടുള്ള നോട്ടമാകുന്ന ഞാണു് വൃഷഭത്തെ അതിവേഗത്തിൽ ഹിമവാന്റെ രാജധാനിയിലേയ്ക്കു നയിച്ചുവോ? എന്നു കവി ഉൽപ്രേക്ഷിക്കുന്നു.

ഇതു നോക്കുക:—

“തരപ്പെടാതത്തരുണൻ പൊരുപ്പ-
ററതാ, മുഴങ്ങീമണിയൊച്ച മേന്മേൽ
അവങ്കലെത്തും ശമനെൻെറ പോത്തിൻ
കണ്ഠസ്ഥഘണ്ടാരവമെന്നപോലെ”. (സം—മ. V)

മണിയൊച്ച വണ്ടി വരുന്നതിനെ അറിയിക്കുന്നു. അതു് കാലൻെറ വാഹനമായ പോത്തിൻെറ കഴുത്തിലുള്ള മണിനാദമാണെന്നു് കവി ഉൽപ്രേക്ഷിക്കുന്നു.

എന്നാൽ, ഉൽപ്രേക്ഷ വാചകശബ്ദമൊന്നുമില്ലാതെ ഉൽപ്രേക്ഷിക്കുന്നതിനു ഗമ്യോൽപ്രേക്ഷ എന്നുപറയുന്നു.

ഉദാ:—

“ഓതാവല്ലുട വസ്ത്രമേസ്ഫുടതരം
നിന്നാർദ്രഭാവം: മഹാ—
ശീതാകമ്പിതമാകുമെൻെറയുടലിൽ
പ്പററിപ്പിടിച്ചിങ്ങുനീ
വീതാഹ്ലാദന രൂപമാക്കിയിതിനെ—
ച്ചൂളിപ്പതായ്ക്കണ്ടിതാ-
ശേ്വതാഭാപ്രസരം ചിരിപ്പിതുവര-
മ്പത്തുള്ളലർത്തുമ്പകൾ.”

(സം. മ. V)

(വ്വ) **സ്മൃതിമാൻ**:—രണ്ടുസാമ്യവസ്തുക്കളിൽ ഒന്നിനെ കണ്ടിട്ടു് മറെറാന്നിനെ സ്മരിക്കുന്നതു് സ്മൃതിമാൻ.

ഉദാ:—

“ഓമനച്ചെന്തൊണ്ടിച്ചെഞ്ചൊടിക്കുള്ളിലായ്
തൂമുത്തുദന്തങ്ങൾ മിന്നിടുമ്പോൾ
ഉല്ലസൽചെന്തളിക്കുള്ളിൽക്കൂടിക്കാണും
മുല്ലപ്പൂമൊട്ടുകളോർമ്മിപ്പൂ ഞാൻ.”

(൯) ഭ്രാന്തിമാൻ. ഒന്നിനെക്കണ്ടു് മററൊന്നാണെന്നു് ഭ്രമിക്കുന്നതു് ഭ്രാന്തിമാൻ.

ഉദാ:—

"ഇക്കോമളാസ്യത്തിൽ ഗന്ധവാഹൻ തുക്കെ
വെയ്ക്കുന്നു പങ്കജഭ്രാന്തിയാലെ."

(൧൦) സസന്ദേഹം. അതോ? ഇതോ? എന്നു് സന്ദേഹിക്കുന്നതിനു സസന്ദേഹം.

ഉദാ:—

"മുഗ്ദ്ധാവലിത്രയമോ യിതുലാവണ്യ-
ദുഗ്ദ്ധാംബുധിതൻ തരംഗങ്ങളോ."

ഇവ വാസ്തവത്തിൽ ഉപമയുടെ ഓരോ വകഭേദങ്ങൾ മാത്രമാണു്.

(൧൧) വ്യതിരേകം. ഉപമാനോപമേയങ്ങൾക്കു ഒരു സംഗതിയിൽമാത്രം അഭേദം കല്പിച്ചാൽ വ്യതിരേകമായിത്തീരുന്നു.

ഉദാ:—

"പത്തുദിക്കുമിയലുന്ന മഹത്വം
പത്മനാഭനു ബലിക്ഷപണത്തിൽ,
പണ്ടൊരിക്കലുളവായി നിനക്കൊ
പിന്നെയായതൊരു സിദ്ധഗുണം താൻ. (കു. സം)

വേറൊന്നു്,

"ഭോജ്യങ്ങളായിവിധമംഗള മുള്ളൊരീനി-
ന്നൂർജ്ജസ്വലാംഗമതിനാൽക്കളെയായ്കെടോ നീ
പൂജ്യത്വമാന്ന സുരനാഥപുരിക്കു വൃദ്ധ-
രാജ്യത്തിനും മഹിതൊട്ടുന്നതു തന്നെ ഭേദം".

(രഘുവംശം)

(൧൨) പ്രതിവസ്തൂപമ. ഉപമാനോപമേയ വാക്യ

ങ്ങളിൽ ഉള്ള സാധാരണ ധൎമ്മത്തെ പ്രത്യേകം പ്രത്യേകം ആവൎത്തിച്ചാൽ പ്രതിവസ്തൂപമ.

ഉദാ:—

ശ്രീചിത്രനൃപനുള്ളപ്പോൾ
ശ്രീദാനപരനെന്തിന്?
കാൎയ്യമെന്തിഹ ദീപത്താൽ
കതിരോൻ കാന്തി ചിന്തവേ?

(൧൭) <u>ദൃഷ്ടാന്തം</u>. ഉപമാനവാക്യത്തിലും, ഉപമേയവാക്യത്തിലും സാധാരണധൎമ്മത്തെ ബിംബപ്രതിബിംബരൂപങ്ങളാക്കിപ്പറഞ്ഞാൽ ദൃഷ്ടാന്തമായിത്തീരുന്നു.

ഉദാ:—

"പോരുംനൃപാലക തവ ശ്രമമെന്റെ നേൎക്കു
പാരുഷ്യമോടു ശരമെയ്കിലുമില്ല കാൎയ്യം
വേരും പറിച്ചു തരുവീഴ്ത്തിടുമാറു കാററിൽ
ചേരുന്നൊരുക്കമലയോടു നടക്കയില്ല". (രഘുവംശം)

ഉപമാനോപമേയ വാക്യങ്ങളിലെ സാധാരണ ധൎമ്മമായ "നടക്കയില്ല, കാൎയ്യമില്ല" എന്നിവയെ ബിംബ പ്രതിബിംബങ്ങളായി നിൎദ്ദേശിച്ചിരിക്കകയാൽ ദൃഷ്ടാന്തം.

(൧൮) <u>നിദൎശന</u>. രണ്ടു വിശിഷ്ട വസ്തുക്കൾക്കു തമ്മിൽ ബിംബപ്രതിബിംബഭാവേന ഏകരൂപത കല്പിക്കുന്നതിനു നിദൎശന.

ഉദാ:—

ഓൎത്തിടാത്ത മഹിതാതിഥിരത്ന-
പ്രാപ്തിയാവിതു നിനയ്ക്കുകിലിപ്പോൾ
പുഷ്പമെന്നിയെ മൃതിന്ന ഫലം താൻ
മാരിതാൻ കൊടിയ കാൎമ്മുകിലെന്യേ." (കു. സം.)

അതായതു് അതൎക്കിതോപനതമായ അതിഥിരത്ന

ങ്ങളുടെ ആഗമനവും, പൂവില്ലാതെയുണ്ടാകുന്ന ഫലവും, കാററില്ലാതെയുണ്ടായ മഴയും, ഒന്നാണെന്നു് ഉപമാനോപമേയ വാക്യങ്ങൾക്കു ഐക്യാരോപം ചെയ്തിരിക്കുന്നതിനാൽ നിദർശന.

(൧൪) ദീപകം. ഏകധർമ്മത്തിൽ അനേകം വസ്തുക്കൾക്കു അന്വയം കല്പിക്കുന്നതു് ദീപകം.

ഉദാ:—നക്ഷത്രങ്ങൾക്കു ചന്ദ്രനും, സ്ത്രീക്കു് ഭർത്താവും, ഭൂമിക്കു രാജാവും അലങ്കാരമാകുന്നു.

വേറൊന്നു്;

“സാഗരോർമ്മിവരെയും തടവെന്ന്യേ
നീണ്ടു നീണ്ടു തെളിവാൻ കുതിക്കും
നിൻെറ നൽപ്പുഴകളും; പുകഴും കേൾ
പുണ്യമേററമുലകിന്നരുളുന്നു.”

(൧൫) അപ്രസ്തുതപ്രശംസ. പ്രസ്തുത വൃത്താന്തത്തിനു പ്രസിദ്ധി സിദ്ധിക്കത്തക്ക വിധത്തിൽ ചില സാമ്യങ്ങളെ ആസ്പദമാക്കി അതേ വൃത്താന്തത്തെ വർണ്ണിക്കുന്നതു് അപ്രസ്തുതപ്രശംസ.

ഉദാ: —

“പൊയ്യോൾക്കിനിത്തിരിയെ നാണമൊഴിച്ചുകാട്ടി-
നേക്കിന്നു നീ ഗുരുവോടുള്ളൊരു ശിഷ്യഭക്തി
കാക്കേണ്ടതായ മുതൽ കാപ്പതിനായുധത്താ-
ലൊക്കായ്കിലായുധമെടുത്തവനില്ലിളപ്പം.”

(രഘു. വംശം)

കാക്കേണ്ടതായ.......പ്പം” എന്ന സാമാന്യമായ അപ്രസ്തുതം കൊണ്ടു് ദിലീപനു കുറച്ചിൽ ഇല്ലെന്നു് പ്രസ്താവിക്കുന്നതിനാൽ അപ്രസ്തുത പ്രശംസ.

സാദൃശ്യോക്ത്യാലങ്കാരത്തെപ്പററി സംഗ്രഹമായി പറഞ്ഞുവല്ലോ. ഇതിനുപരി അതിശയോക്തിയെപ്പററി ചിന്തിക്കാം.

"ലോകസീമയെ ലംഘിച്ച
വസ്തുധർമ്മത്തെയോതുകിൽ
അതിന്നുപേരതിശയം—"

എന്നാണു സിദ്ധാന്തം. അതായതു; ലോകസീമയെ അതിലംഘിച്ച വസ്തുധർമ്മങ്ങളെ അടക്കിവെച്ചിട്ടുള്ളതേതോ അതാണതിശയം.

അലങ്കാരശാസ്ത്രം അനുസരിച്ചു ഈ ഇനത്തിലും ഒട്ടേറെ വിഭജനങ്ങൾ കല്പിച്ചിട്ടുണ്ട്. എന്നാൽ, സർവ്വപ്രധാനമായിട്ടുള്ളവ മാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളൂ.

(൧) വിശേഷോക്തി.

വിശേഷദർശനത്തിന്നായ്-
ഗ്ഗുണജാതിക്രിയാദിയിൽ
വൈകല്യം കണ്ടു വർണ്ണിച്ചാൽ
വിശേഷോക്തിയതായിടും.''

അതായത്ു് ഒരു വസ്തുവിൻെറ വിശേഷം കാണിക്കുന്നതിന്നു് ഗുണം, ജാതി, ക്രിയ മുതലായവയിൽ വൈകല്യം വർണ്ണിക്കുന്ന പക്ഷം അതു് വിശേഷോക്തിയായിത്തീരുന്നു.

ഉദാ:—

"ശുദ്ധദ്വിജസമീപത്തിൽ-നിത്യം ചേർന്നു വസിക്കിലും
അധരേ രാഗസംബന്ധമൊഴിയുന്നില്ലൊരിക്കലും." (സു. ര)

(൨) ഉല്ലേഖം:—വിവിധ ഗുണങ്ങളോടുകൂടിയ ഒരു വസ്തുവിനെ പല സുന്ദരവസ്തുക്കളുമായി രൂപണം ചെയ്യുക.

ഉദാ:—

"കാമുകന്മാൎക്കുനൽ മുത്തണിച്ചെപ്പുകൾ
കാമന്നു മാംഗല്യപ്പൊൻകുടങ്ങൾ

ശൃംഗാരലക്ഷ്മിക്കു കേളീപത്മങ്ങളീ-
ത്തുംഗസ്തനങ്ങൾ മനോഹരങ്ങൾ.''

(൩) <u>വിഭാവന.</u>

കാൎയ്യംകാരണമെന്യേതാൻ
വരുന്നതുവിഭാവന

ഉദാ:—

(൧) "മന്ദനു കാശുകിട്ടീടിൽ
മദ്യപിക്കാതെ മത്തനാം" (ഭാ: ഭ്ര)

(൨) ലാക്ഷാരസം തേക്കാതേയും പാദം ചുവന്നിരിക്കുന്നു.

(൪) <u>സംഭാവന.</u> ഒരു സംഗതി സാധിക്കുന്ന പക്ഷം വേറൊരു സംഗതി സാധിക്കുമെന്നു് ഊഹിക്കുന്നതിനാണു് സംഭാവന എന്നു പറയുന്നതു്.

ഉദാ:—

"പുത്തൻപനിനീർപൂന്തൊത്തിൻനിഴലൊരു
മുഗ്ദ്ധസ്ഫടികത്തിലൊത്തുചേന്നാൽ
മങ്കമാർ മാലികയാമിവൾ തന്നിളം-
പൂങ്കവിളിന്നുപമാനമുണ്ടാം''

(൫) <u>മീലിതം.</u> രണ്ടുവസ്തുക്കളുടെ ഗുണസാമ്യം കൊണ്ടു് ഒന്നുമറഞ്ഞുപോകുന്നതു് മീലിതം.

ഉദാ:—

"മഞ്ജുള ശിഞ്ജിതമൊന്നാൽത്താനത്തങ്ക
മഞ്ജീരച്ചാൎത്തലെന്നൂഹിക്കാവൂ"

നമുക്കിനി വാസ്തവോക്തിയെപ്പററി ചിന്തിക്കാം.

(൧) <u>സ്വഭാവോക്തി.</u> വസ്തുക്കളുടെ സൂക്ഷ്മസ്വഭാവത്തെ സഹൃദയാഹ്ലാദജനകമായി വൎണ്ണിക്കുന്നതിനാണു് സ്വഭാവോക്തി എന്നു പറയുന്നതു്.

ഉദാ:—

"അല്ലല്ല! നീരാട്ടുകഴിഞ്ഞുതോൽത്തി-
യാശാംഗനത്തയ്യുലഴിച്ചുലയ്ക്കേ,
കോടക്കരിങ്കാർ കുഴലിങ്കൽ നിന്നു്
ചെററിററുവീഴും ചെറുനീർ കണംനീ". (മഴത്തുള്ളി)

(൨) സഹോക്തി. സാമ്യങ്ങളായ രണ്ടു വസ്തുക്കളെ സഹഭാവത്തോടുകൂടി പറയുന്നതിനു് സഹോക്തി എന്നു പേർ. ആഗ്നേയപുരാണത്തിൽ അതിൻെറ ലക്ഷണത്തെപ്പററി ഇപ്രകാരം പറയുന്നു.

"തുല്യധർമ്മികളെച്ചാരു-
സഹഭാവത്തോടോതുകിൽ
സഹോക്തിയെന്നാണതിനു
പേരോതുന്നതു സത്തമർ".

ഉദാ:—

"ദിക്കൊക്കയും ഗതിവശാൽ ശുചിയാക്കിയന്തി-
യോക്ഷമ്പോഴേയ്ക്കു നിലയത്തിനു യാത്രയായി
നൽക്കോമളത്തളിരൊളിത്തുടുവർണ്ണമാന്നോ-
രക്കൻെറ ശോഭയുമൃഷിപ്രവരൻെറ പയ്യും"
(രഘുവംശം)

(൩) അർത്ഥാന്തരന്യാസം.

"അർത്ഥാന്തരന്യാസമാകു-
മാൎത്ഥാന്തരസമൎത്ഥനം
ആയതുൽക്കടസാദൃശ്യം
നിമിത്തം സംഭവിപ്പതേ"

അതായതു് ഉൽക്കടമായ സാദൃശ്യത്താൽ ഒരൎത്ഥത്തെ മറെറാരൎത്ഥം കൊണ്ടു സമർത്ഥിക്കുന്നതു് അൎത്ഥാന്തരന്യാസം.

ഉദാ:—

"ആ രാജവീരൻ പ്രജകൾക്കു നന്മ-
യ്ക്കാരാൽപിരിച്ചാനവരോടുകപ്പം
ഒരായിരം കൂട്ടതലായ്ക്കൊടുപ്പാൻ
നീരാസ്ഥയാസൂര്യനെടുപ്പിതല്ലോ."

വേറൊന്നു്;

ശുദ്ധവേളിയിൽ വളൎന്നു ശിവന്ന-
സ്സാധ്വിയാളെയഥകണ്ടതുനേരം;
ധൎമ്മപത്നിയുടെ സന്നിധിയല്ലോ
കൎമ്മസാധനവിധിക്കിഹമൂലം'' (കുമാരസംഭവം)

(൪) ഉദാത്തം.

പ്രാചീനമഹാത്മാക്കളുടെ ചാരിത്രികബന്ധത്താൽ വൎണ്ണ്യവസ്തുവിനു പ്രാധാന്യം കല്പിച്ചാൽ ഉദാത്താലങ്കാരമായിത്തീരുന്നു.

ഉദാ:—

"സല്ലീനമായ്ത്തുളയിലാകെ നിറഞ്ഞകാററാ-
ലുല്ലീഢമാം മുളയൊലിശ്രുതിചേൎന്നുറക്കെ
വല്ലീഗൃഹത്തിൽ വനദേവതമാർകൾപാട്ടു-
ചൊല്ലീടുമാനിജയശസ്സുമവൻ ശ്രവിച്ചു''. (ര: വം)

(൫) ആക്ഷേപം

"വിശേഷമോതാനിഷ്ടത്തെ
പ്രതിഷേധിപ്പതാകിലോ
അതിന്നാക്ഷേപമെന്നുള്ള
പേരോതുന്നു മനീഷികൾ.''

അതായതു് ഇഷ്ടമായ ഒരു അൎത്ഥത്തെ പറഞ്ഞിട്ടോ പറയാൻ ഭാവിച്ചിട്ടോ വിശേഷദ്യോതനാൎത്ഥമായി അതിനെ നിഷേധിക്കുന്നതാണു് ആക്ഷേപാലങ്കാരം.

ഉദാ: —

"അഹോ! മഹാപാപമരച്ചുപോയി ഞാൻ
മഹാജനംമാപ്പുതരട്ടെതൽക്ഷണം
മഹീസുരന്മാർക്കപവാദമോതിയാൽ
സഹിക്കുമോ സാഹസവാക്കതീശ്വരൻ." (മ. വി)

(൩) സമാധി

"അന്യധർമ്മത്തെ മറ്റൊന്നിൽ
ലോകസീമാനുരോധിയായ്
സമ്യഗാഹിതമായെന്നാ-
ലതിൻപേരു സമാധിയാം."

ഒരു വസ്തുവിൻെറ ധർമ്മം ലോകരീത്യനുസാരേണ വേറൊന്നിൽ ഘടിപ്പിക്കുന്നതു സമാധി.

(൧) അർത്ഥാപത്തി:—ഒരു വസ്തുവിനെ യുക്തികൊണ്ട് യാതൊന്നും പറയാൻ ഇല്ലെന്നു സമർത്ഥിക്കുന്ന അലങ്കാരമാണ് അർത്ഥാപത്തി.

ഉദാ: —

(൧) "ആ വിസ്മയിച്ചനൃപനൊടവർ ചൊല്ലിനിന്നാ-
പ്പൂവിങ്ങുകാണുമതിനിതെന്നുടെമായസാധ്യോ
ആവില്ലമൃത്യുവിനുമെന്നിൽ മുനിപ്രഭാവാൻ-
കൈവെയ്ക്കുവാനിതര ജന്തുവിനെന്തുപിന്നെ"

(ര. വം.)

(൨) "ഏറുമേതൊരുനരൻെറമനം നീ
ധന്യധന്യനവനാണിഹമന്നിൽ
നിൻെറനെഞ്ചിനകമേകനണഞ്ഞാ-
ലായവൻെറകഥയെന്തു കഥിപ്പൂ" (കു. സം.)

(൪) കാവ്യലിംഗം:—ഹേതുവിനെ ചമൽക്കാരകാരകമായി ഒരു വാക്യത്തിൻെറയോ, പദത്തിൻെറയോ അർത്ഥത്തോടു തുലനംചെയ്തു കാണിക്കുന്നതു് കാവ്യലിംഗം.

ഉദാ:—

(൧) "ദേവനപ്പൊഴുതുനൽതിരുമുത്തിൻ-
കുററമററകളിർകാന്തികുലത്താൽ
മൌലിയമ്പിളിനിലാവുകൊഴക്കെ-
പ്പുഞ്ചിരിപ്പുതുമചിന്തിയുരച്ചാൻ."

(കു. സം.).

(൨) "ഗാത്രാഭനല്ല നവയൗവ്വനമെങ്ങുമേക-
ച്ഛത്രാധിപത്യമിവയൊക്കയുമുണ്ടതിങ്കൽ
ഗോത്രാണമൊന്നിതതി തുച്ഛമതിന്നിതൊക്കേ-
ഗ്ഗോത്രാപതേ;കളകിലങ്ങൊരു വിഡ്ഢിതന്നെ.

(ര. വം.)

(൯) സമാലങ്കാരം.

കാൎയ്യകാരണ സഹിതം അനുരൂപങ്ങളായ രണ്ടു വസ്തുക്കൾ തമ്മിൽ ചേരുന്നതു് സമാലങ്കാരം.

ഉദാ:—

"വില്ലേന്തിയാലുമകമേ കനിവുള്ളതായി-
ക്കില്ലേശിടാത്തകരംചേന്നതദീയഗാത്രം
ചൊല്ലേറിടുന്നപിടമാനുകരംനോക്കിനേത്രം
തെല്ലേറെനീണ്ടതിനുതക്കഫലത്തെനേടി" (ര. വം)

(൧൦) പരിവൃത്തി

തുല്യവസ്തുക്കളേയൊ, ന്യൂനാന്യൂനങ്ങളേയൊ പരസ്പരം കൈമാററം ചെയ്യുന്നതു പരിവൃത്തി.

ഉദാ:—

"ഇപ്പൃത്ഥ്വിനെപ്പകരമെന്നുടൽതന്നുടൻമേ-
ടിപ്പാനെനിക്കിയലുമിക്കൊതിവേണ്ടതല്ലോ
തപൽപ്പാരണയ്ക്കു തടവില്ലിതിനാൽമുനിക്കു
കെൽപ്പാന്നതൽക്രിയകളും ശരിയായ്നടത്താം

വാസ്തവോക്തിയിൽ ഇനിയും പല വിഭാഗങ്ങൾ ഉണ്ടു്. അവ തല്ക്കാലം വിട്ടിട്ടു് ശ്ലേഷോക്ത്യാലങ്കാര

ത്തെപ്പററി ആലോചിക്കാം. ഇതിനെ ശ്ലേഷം, സമാസം, വക്രം ഇങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു.

(൧) ശ്ലേഷം.

രണ്ടു കായ്കളൊരേ ഞെട്ടി-
ലുണ്ടാകും പോലെ ഭാഷയിൽ
ഒരേ ശബ്ദത്തിൽ രണ്ടത്ഥ-
മുരച്ചാൽ ശ്ലേഷമായിടും.

ഉദാ!—

ഓജസ്വിയാം ഖഗകുലേശ്വരനിപ്രകാരം
രാജപ്രസിദ്ധസമയത്തെ നയിപ്പതിന്നായ്
വ്യാജം വെടിഞ്ഞു വനവാസമണഞ്ഞ നേരം
രാജീവജാലമൊരുപോൽ വിഷമിച്ചൊതുങ്ങി.

(രാമചന്ദ്രവിലാസം.)

ഇവിടെ ശ്രീരാമൻെറ വനയാത്രയേയും സൂയ്യാസ്തമയത്തേയും ഒരുമിച്ചു വണ്ണിച്ചിരിക്കുന്നു. ഖഗകുലേശ്വരൻ= സൂയ്യൻ. ദേവകൾക്കു നാഥനായ രാമചന്ദ്രനെന്നും; രാജപ്രസിദ്ധസമയം=രാജാവിൻെറ (ചന്ദ്രൻെറ പ്രസിദ്ധമായ സമയം രാത്രി; ദശരഥമഹാരാജാവിൻെറ പ്രസിദ്ധമായ സമയം സത്യം) എന്നും; വനവാസം=വെള്ളത്തിലെ വാസം-സൂയ്യൻ വെള്ളത്തിൽ മുങ്ങിയപ്പോൾ-കാട്ടിലെ വാസം രാമചന്ദ്രനംഗികരിച്ചപ്പോഴെന്നും; രാജീവജാലം= രാജീവങ്ങളുടെ കൂട്ടം. രാത്രിയിൽ ജീവിക്കുന്നവരുടെ (രാക്ഷസന്മാരുടെ) സമൂഹം എന്നും രണ്ടത്ഥം.

ഇതു പ്രകൃതശ്ലേഷം. രണ്ടത്ഥവും പ്രകൃതത്തിൽ യോജിക്കുന്നു. ഇനിപ്രകൃതാപ്രകൃതശ്ലേഷമെന്നു് ഒരുവക കൂടിയുണ്ടു്. അതിൽ ഒരത്ഥം പ്രകൃതവും മറെറാന്നു് അപ്രകൃതവുമായിരിക്കും.

(൨) <u>സമാസോക്തി.</u>

"വിശേഷണത്തിൻ സാമ്യത്താൽ
വർണ്ണ്യപ്രസ്തുതധർമ്മിയിൽ
അവർണ്ണ്യവൃത്താന്താരോപം
സമാസോക്തിയതായിടും."

ഒരു പ്രകൃതവസ്തുവിനെ വർണ്ണിക്കുമ്പോൾ അതിനു സമത്ഥിക്കുന്ന വിശേഷണങ്ങളെ ഒരു അപ്രകൃതവസ്തുവിനുകൂടി യോജ്യമായി വിവക്ഷിച്ചിട്ട് വിശേഷണസാമ്യംകൊണ്ടു രണ്ടു വസ്തുക്കളെയും വ്യത്ഥമാക്കാതെ അത്ഥത്തെ സംക്ഷേപിച്ചു പറയുന്നതിനു സമാസോക്തി.

ഉദാ:—

സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ
താമരേ തരളവായുവേററു നീ
ആമയം തടവിടായ്ക തൻ കര-
സ്തോമമെത്തു തിരിയുന്ന ദിക്കിലും. (നളിനി)

ഇവിടെ താമരയോടാണു പറയുന്നതെങ്കിലും വിശേഷണ ശക്തികൊണ്ടു നളിനിയുടെ സ്വന്തം കഥയും സ്ഫുരിക്കുന്നു.

(൩) <u>വക്രോക്തി.</u> ശ്ലേഷംമൂലം അന്യമായ ഒരു അത്ഥത്തെ ഉണ്ടാക്കി വളച്ചുകെട്ടി ഉത്തരം പറയുന്നതിനെയാണ് വക്രോക്തി എന്നു പറയുന്നത്.

ഉദാ:—

പിച്ചക്കാരൻ ഗമിച്ചാനെവിടെ?
ബലിമുഖം തന്നിൽ എങ്ങിനു നൃത്തം?
മെച്ചത്തോടച്ചിമാർവീടതിൽ എവിടെ മൃഗം?
പന്നിപാഞ്ഞെങ്ങു പോയോ?
എന്തേ കണ്ടില്ല മൂരിക്കിഴടിനെ?
ഇടയൻ ചൊല്ലുമക്കാര്യമെല്ലാം.

സൌന്ദൎയ്യത്തെക്ക്മേവം രമയുമുമയു-
മായുള്ളതേകട്ടെ മോദം. (ഭാ. ഭൂ.)

ശബ്ദാലങ്കാരത്തെക്കുറിച്ചാണ് ഇതിനുപരി പ്രസ്താവിക്കണമെന്നു വിചാരിക്കുന്നതു്. ഇതിനു നാലു വിഭാഗങ്ങൾ ഉള്ളതായി മുമ്പു വിവരിച്ചു കഴിഞ്ഞല്ലൊ. അതിൽ ഓരോന്നിനും ഉപപിരിവുകളും ഇല്ലാതില്ല, ഒന്നാമത്തു് അനുപ്രാസത്തെപ്പററി ചിന്തിക്കാം.

ഒരു പദത്തിലോ വാക്യത്തിലോ വ്യഞ്ജനവൎണ്ണങ്ങൾ അടുത്തടുത്തു് ആവൎത്തിക്കുന്നതിനാണ് അനുപ്രാസമെന്നു പറയുന്നതു്.

"സ്യാദ്യാവൃത്തിരനുപ്രാസോവൎണ്ണാനാം
പദവാക്യയോഃ"-എന്നാണു പ്രമാണം.

പദത്തിലോ വാക്യത്തിലോ ഒരേ വൎണ്ണത്തെ ആവൎത്തിക്കുന്ന വിധത്തിലാണ് അനുപ്രാസം വരുന്നതു് നോക്കുക:—

(൧) ചഞ്ചൽച്ചില്ലീലതയ്ക്കും പെരിയ മണമെഴും
പൂമുടിക്കും തൊഴുന്നേൻ;
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതു പൊഴിയുമ-
പ്പുഞ്ചിരിക്കും തൊഴുന്നേൻ;
അഞ്ചമ്പൻ ചേൎന്ന യൂനാം മനസിഗളന-
മുലയ്ക്കും മുലയ്ക്കും തൊഴുന്നേൻ
നെഞ്ചിൽ കിഞ്ചിൽ കിടക്കും നെടിയ കുടി-
ലതയ്ക്കൊന്നു വേറെ തൊഴുന്നേൻ.
(ചേലപ്പറമ്പൻ)

൨) "കുന്നിച്ചീടും കുളിർമതിരുചാ സുന്ദരേ മന്ദിരേ നാ-
മൊന്നിച്ചിന്ദീവരദളഗളഗ്രാഹിനേത്രേ! സുഖേന
ചെന്നിട്ടോരോ കളികളിലെഴും കൌതുകത്തോടു വാണോ-
രന്നിക്കഷ്ടസ്ഥിതി വരുവതായോൎത്തിരുന്നോ തരിമ്പും."
(മയൂരസന്ദേശം)

അനുപ്രാസത്തെ, ഏകാക്ഷരവൃത്തി, അനേകാക്ഷര വൃത്തി എന്നിങ്ങനെ ചിലരും, വൃത്യനുപ്രാസം, ഛേകാനുപ്രാസം, ലാടാനുപ്രാസം എന്നിങ്ങനെ മററു ചിലരും വിഭാഗിച്ചിട്ടുണ്ടു്.

ഒരു വ്യഞ്ജനത്തേയോ, കൂട്ടക്ഷരത്തേയോ ഒന്നോ ഒന്നിലധികമോ പ്രാവശ്യം ആവൎത്തിക്കുമ്പോൾ വൃത്യനുപ്രാസമായിത്തീരുന്നു.

ഉദാ:—

"കൈരളിത്തയ്യലാളിൻ
നൃത്താദ്യൽ കങ്കണാളീകലിത കളകളം
കാട്ടിലും കേട്ടിടുന്നു." (മംഗളമഞ്ജരി)

വൃത്യനുപ്രാസത്തിൻെറ ഉപശാഖകളായി ദ്വിതീയാക്ഷരപ്രാസം, ആദിപ്രാസം, അന്ത്യപ്രാസം മുതലായവയെ പരിഗണിച്ചു പോരുന്നു. ദ്വിതീയാക്ഷരപ്രാസത്തെ * കേരളപ്രാസമെന്നു പറയുന്നതു കേരളീയൎക്കു അതിനോടുള്ള പ്രതിപത്തികൊണ്ടാണു്.

ദ്വിതീയാക്ഷരപ്രാസം.

(൧) "പലതുമിഹ ചികിത്സ ചെയ്തുനോക്കി
പ്ഫലമതിനില്ലിവനേറിടുന്നു രോഗം
നലമൊട്ടടനെനിക്കു നിൻ കടാക്ഷാ-
ഞ്ചലപരമൗഷധമേകിടേണമമ്മേ." (ബധിരവിലാപം)

(൨) ഊണിൽ കുറഞ്ഞു രുചി, നിദ്ര ചുരുങ്ങി പൂന്തേൻ
വാണിക്കു കാണ്മൊരു കിനാവു കടുപ്പമായി;
ക്ഷീണിച്ചു മേനി, മിഴിമങ്ങി, മുഖം വിളൎത്തു;
കാണിക്കുമില്ല സുഖമങ്ങനെ പോയി കാലം."
(മാലതി)

* കേരളവൎമ്മ വലിയ കോയിൽത്തമ്പുരാൻ അതിനു് ഐകരൂപ്യം വരുത്തി പ്രയോഗിച്ചതു നിമിത്തവും—Ed.

ആദിപ്രാസം.

ഒരേ വൎണ്ണം കൊണ്ടു് അടുത്തടുത്തുള്ള പദങ്ങളെ അൎത്ഥസംസ്പുടതയോടുകൂടി ആരംഭിക്കുന്നതിനു് ആദിപ്രാസമെന്നു പറയുന്നു.

ഉദാ:—

"വാനിൽ വായു വരുന്നതേററ വടിവിൽ-
ശക്രോപലച്ഛായമാ-
വാനോർവൎഗ്ഗവഴിക്കു് വാഴ്"ച സുഖവും
പൂണ്ടിങ്ങുപോരുന്നു ഞാൻ."

അന്ത്യപ്രാസം.

(൧) "ദാനത്തിനായ്യെൎത്ഥമുതൽ ശേഖരിച്ചും
താനുററസത്യത്തിന്നു ചൊൽ കുറച്ചും
പേർ നേടുവാനായ് ജയമാഗ്രഹിച്ചും
സ്ഥാനേപ്രജയ്ക്കായ് ഗൃഹിയായ് ഭവിച്ചും."

(൨) "ദയയൊരു ലവലേശംപോലുമില്ലാത്ത ദേശം
പരമിഹ പരദേശം പാൎക്കിലത്യന്തമോശം
പറകിൽ നഹി കലാശം പാൎക്കിലിങ്ങേകദേശം
സുമുഖി നരകദേശം തന്നെയാണപ്രദേശം."

ഛേകാനുപ്രാസം. കൂട്ടക്ഷരങ്ങളെ ഈരണ്ടു വീതം ആവൎത്തിച്ചുപയോഗിക്കുമ്പോൾ ഛേകാനുപ്രാസമായിത്തീരുന്നു.

ഉദാ:—

"ഒന്നല്ല പത്തല്ല ചില്ലിലതാഞ്ചല-
മൊന്നനങ്ങുന്നതും കാത്തുനിൽപ്പോർ
കുംഭസഞ്ചാരണിക്കെന്തിതിലപ്പുറം
കുംഭിനി നാഥരും കുംഭ ദാസർ." (മ. മ)

ഇതിൽ, "ല്ല" "ന്ന" "ഭ" എന്നീ അക്ഷരങ്ങളെ സൂക്ഷിക്കുക.

<u>ലാടാനുപ്രാസം.</u> സ്വരൂപവ്യത്യാസം കൂടാതെ അർത്ഥം മാത്രം രൂപാന്തരപ്പെടത്തക്ക വിധത്തിലുള്ള ആവർത്തനത്തിന്നു് ലാടാനുപ്രാസമെന്നു പേർ.

ഉദാ:—

"പത്ഥ്യമില്ലെങ്കിൽരോഗിക്കു
ഫലമെന്തൗഷധത്തിനാൽ!
പത്ഥ്യമുണ്ടെങ്കിൽ രോഗിക്കു്
ഫലമുണ്ടൌഷധത്തിനാൽ?"

താഴെപ്പറയുന്ന പദ്യങ്ങളുടെ പ്രാസഭംഗി പരിശോധിക്കുക.]

(൧) "കളന്നിനാദം കളകണ്ഠചഞ്ചൂ
നാഗസ്വരാളീഗളിതം മനോജ്ഞം
ഓളങ്ങൾ തൻ താഡനമായ ഭേരീ-
മേളങ്ങളോടങ്ങു മുഴങ്ങിയപ്പോൾ." (കേരവിയം)

(൨) "തളിരൊളിതിരളും മെയ്പൊന്നുഴിഞ്ഞാലിലാട്ട-
ക്കളിയിലിളകിടുമ്പോൾ തൻ മുഖാംബുജം വിടർത്തി
നളിനഭവവധൂടീവീണ നാണിച്ചിട്ടും മാ-
റളികചകളിവണ്ണം പാടിനാർ പഞ്ചമത്തിൽ(ഉ കോ)

(൩) "ഹാ, നേന്ത്രപ്പഴമേ ഗുളേനമിളനാൽ
കൈയ്പേറുമുപ്പേരിയേ
ഹാ, ചക്കപ്രഥമന്നടപ്രഥമനേ
മാങ്ങാപ്പുളിശ്ശേരിയേ
ഹാ, പാൽപ്പായസമേ പരിപ്പുകറിയേ-
പാൽക്കഞ്ഞിപഞ്ചാരയേ
ഹാ ഹാ, പപ്പടമേ നമോസ്തുഭവതാം
ലോകാന്തരം യാമി ഞാൻ.

(മഹാകവി തോലൻ)

# യമകം

ഭിന്നാർത്ഥങ്ങളെക്കുറിക്കുന്ന പദങ്ങളുടെ ആവൃത്തിക്കു് യമകം എന്നു പറയുന്നു. ആവർത്തിക്കുന്നതു് ക്രമം തെററാതെയും അക്ഷരങ്ങൾ രണ്ടിൽ കുറയാതെയും വേണ്ടതാണു്.

ഉദാ:—

"ഇത ഇത വാതു വരുന്തു,
വെററില തിന്നാഞ്ഞെനിക്കു വാ തുവരുന്നു."

# ചിത്രം

"ചിത്രം സദസ്സിൽ കുതുകം
വായ്പിക്കും വാക്യബന്ധമാം."

അതായതു് സദസ്സിൽ ചൊല്ലുന്ന സമയത്തു് ശ്രോതാക്കൾക്കു് ജിജ്ഞാസ ജനിപ്പിക്കുമാറുള്ള വാക്യബന്ധത്തെ പദാർത്ഥങ്ങളുടെ ഛായയിൽ പദ്യങ്ങളായി ചമയ്ക്കുന്നതിനു ചിത്രമെന്നു പറയുന്നു. ചിത്രത്തിൽ പല വിഭജനം ചെയ്യുകാണുന്നുണ്ടെങ്കിലും,

"ഗോമൂത്രികാർദ്ധഭ്രമണം,
സവ്തോഭദ്ര മംബുജം,
ചക്രം, ചക്രാബ്ജകം, ദണ്ഡം,
മുരജം താനുമിങ്ങനെ"

എട്ടു ബന്ധങ്ങളാണു് സവ്പ്രധാനമായി ഗണിക്കേണ്ടതു്. അതിൽ രഥബന്ധത്തിൻെറ മാതൃക ഇവിടെ കാണിച്ചിരിക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ര | പ്ര | | | |
| | | സ്സാ | നൈ | ക | കാ | | |
| | യു | ജ്ഞാ | ധാൽ | സ | മാ | ശി | |
| ആ | ത്മ | ബോ | ധി | നി | മാ | സി | കാ |
| | ആ | ത്വ | ബോ | ന | ശ്വാ | കാ | |
| | | ത | ത്യ | ൽകു | സം | | |
| | | | സ | ക. | | | |

"ആയുസ്സാരപ്രകാശികാ
ആത്മജ്ഞാനൈകമാസികാ
തത്വബോധാൽ സമാശ്വാസം
സത്യബോധിനി നൽകുക." (ആ. ബോ)

ഇപ്പോൾ അലങ്കാരശാസ്ത്രത്തിലുള്ള സാരവത്തായ സംഗതികളെ സാമാന്യരൂപത്തിൽ നാം ചിന്തിച്ചു കഴിഞ്ഞു.

മിക്കവാറും സർവ്വാദരണീയമായിട്ടുള്ള സംഗതികളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അർത്ഥാലങ്കാരങ്ങൾ എഴുപത്തിയാറു ഇനത്തിലുണ്ടെന്നു ചിലർ കണക്കാക്കിയിരിക്കുന്നു. മന്ദാരമന്ദചമ്പുവിൽ അലങ്കാരങ്ങളെ നൂററിപ്പതിനേഴുതരത്തിൽ ലക്ഷണസമേതം നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. വേറെ ചിലരുടെ അഭിപ്രായത്തിൽ ഉപമ, രൂപകം, ഉൽപ്രേക്ഷ, സമാസോക്തി, അപഹ്നുതി, സമാഹിതം, സ്വഭാവം, വിരോധം, സാരം, ദീപകം, സ

ഹോക്തി, അന്യദേശത്വം, വിശേഷോക്തി, വിഭാവന ഇങ്ങനെ പതിന്നാലു വിധമേയുള്ളൂ. അതിനുള്ള പ്രമാണം ഇവിടെ ഉദ്ധരിക്കാം.

ഉപമാരൂപകോൽപ്രേക്ഷാ
സമാസോക്തിരപഹ്നുതിഃ
സമാഹിതം സ്വഭാവശ്ചഃ
വിരോധഃസാര ദീപകൌഃ
സഹോക്തിരന്യദേശത്വം
വിശേഷോക്തിവിഭാവന.
ഏവം സ്യുരത്ഥാലങ്കാരാ
ശ്ചതുർദ്ദശ ന ചാപരേ''

— .൦. —

## അദ്ധ്യായം ൧൮.

# വൃത്തങ്ങളെപ്പററി

പൌരാണികകാലം മുതല്ക്കേ ഛന്ദസ്സിനു സൎവ്വപ്രധാനമായ ഒരു നില ഉണ്ടായിരുന്നു. വൃത്തശാസ്ത്രത്തിൽ പിങ്ഗളാചാൎയ്യൻെറ ഛന്ദശ്ശാസ്ത്രം പ്രാചീനവും പ്രാധാന്യമുള്ളതുമാണ്. ഈ ശാസ്ത്രം വേദകാലം മുതൽ പ്രചാരമുള്ളതായി പ്രസ്താവിച്ചുകാണുന്നു. ഋഗ്വേദത്തിൽ പ്രധാനമായി ൧൫ വൃത്തങ്ങൾ കാണ്മാനുണ്ട്. ലൌകികം വൈദികം എന്നിങ്ങനെ ഛന്ദസ്സ് രണ്ടുവിധത്തിലാണ്. ലൌകികവൃത്തത്തിൻെറ ആദികൎത്താവു വാല്മീകി മഹൎഷിയാണെന്നു ഗണിച്ചുവരുന്നു. ഗണസ്വാമിയുടെ ഛന്ദോവിചിതിയും, വൃത്തശാസ്ത്രത്തെ സംബന്ധിച്ചുള്ള ഒരു പുരാതനകൃതിയാണ്. ലൌകി

ഛന്ദസ്സിൽ, വണ്ണവൃത്തം എന്നും മാത്രാവൃത്തം എന്നും രണ്ടു തരമുണ്ടു്. വാക്യത്തിൽ, പദ്യം, ഗദ്യം, എന്നീ ഭേദമുള്ളതിൽ പദ്യം മാത്രമാണു് വൃത്തനിബന്ധനയിൽ ബന്ധിച്ചിരിക്കുന്നതു്. ഒരു പദ്യം അല്ലെങ്കിൽ ശ്ലോകം നാലു പാദങ്ങളിൽ ചേക്കപ്പെട്ടതാണു്. അതിൽ ആദ്യത്തെ രണ്ടുപാദത്തിനു പൂവ്വാദ്ധമെന്നും, പിന്നീടുള്ളവയ്ക്കു ഉത്തരാർദ്ധമെന്നും സംജ്ഞകൾ നൽകപ്പെട്ടിരിക്കുന്നു. രണ്ടും മൂന്നും പാദങ്ങൾ തമ്മിൽ യാതൊരു ബാന്ധവവും പാടില്ല. ഒന്നും മൂന്നും പാദങ്ങൾക്കു വിഷമമെന്നും, രണ്ടും നാലും പാദങ്ങൾക്കു സമമെന്നും നാമം കല്പിച്ചിരിക്കുന്നു. നാലു പാദങ്ങളുംതുല്യമായിരുന്നാൽ സമവൃത്തമെന്നും, അദ്ധങ്ങൾ രണ്ടും സമമായാൽ അദ്ധസമവൃത്തമെന്നും പാദങ്ങൾ നാലുവിധമായാൽ വിഷമവൃത്തമെന്നും വിളിച്ചുപോരുന്നു. ഒരു പാദത്തിൽ എത്ര അക്ഷരം വേണമെന്നുള്ള സിദ്ധാന്തത്തിനാണു് ഛന്ദസ്സു് എന്നു പറയുന്നതു്. ശ്ലോകത്തിൻെറ ഒരു പദത്തിൽ ഒന്നു മുതൽ ഇരുപത്തിആറുവരെ അക്ഷരങ്ങൾ ആകാവുന്നതാണു്. പക്ഷേ, ശ്രവണദുസ്സഹമായ ഛന്ദസ്സുകളിൽ സാധാരണയായി കവിതകൾ രചിക്കുക പതിവില്ല. ഒരു പദ്യപാദത്തിൽ ൨൬-ൽ കൂടുതൽ അക്ഷരം വന്നാൽ അതിനു ദണ്ഡകം എന്നാണു പറയുന്നതു്. ഒരു ശ്ലോകത്തിൽ ൩-ഉം ഇങ്ങനെ പാദങ്ങളോടുകൂടിയവയെ ഗാഥകളെന്നു വിളിക്കുന്നു. സാഹിത്യഗ്രന്ഥങ്ങൾ പരിശോധിച്ചാൽ എട്ടക്ഷരങ്ങളിൽ കുറഞ്ഞും ൨൧ അക്ഷരങ്ങളിൽ കവിഞ്ഞും ഉള്ള വൃത്തത്തിൽ കവിതകൾ സാധാരണ കാണുകയില്ല.

വൃത്തശാസ്ത്രത്തിൽ ൻ, ൽ, ൺ ർ തുടങ്ങിയുള്ള ചില്ലുകളെയും, സ്വരം കൂടാതെനില്ക്കുന്ന വ്യഞ്ജനങ്ങളെയും അക്ഷരങ്ങളായി ഗണിക്കുന്നില്ല.

ഉദാ:—

"ഗ്രാമത്തിലുള്ള തരുണൻ നവമഞ്ജുളത്തിൽ
പൂമെത്തിടുന്ന കുലയൊന്നുകരത്തിലാക്കി
ആമട്ടിൽ വന്നനിലകണ്ട കൃശാംഗി തന്റെ
ശ്രീമന്മുഖം മുഹുരഹോ മലിനീഭവിച്ചു."

ഇതിൽ അടയാളം കാണിച്ചിരിക്കുന്നവയെ അക്ഷരങ്ങളായി ഗണിക്കുന്നില്ല. വൃത്തത്തെ പരിഗണിക്കുന്നതിന് മാത്ര, ഗണം എന്നിങ്ങനെ രണ്ടു നിയമം വൃത്തശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രാസംഖ്യ നിശ്ചയിക്കുന്നതിനു അക്ഷരങ്ങളെ ഗുരുവായും, ലഘുവായും തരം തിരിച്ചിരിക്കുന്നു. സാമാന്യമായി ചിന്തിക്കുമ്പോൾ ഹ്രസ്വാക്ഷരങ്ങൾ ലഘുക്കളും, ദീർഘാക്ഷരങ്ങൾ ഗുരുക്കളുമാണ്. ഗുരുവിനു രണ്ടുമാത്രയും, ലഘുവിനു ഒരു മാത്രയുമാണ് നിശ്ചയിച്ചിട്ടുള്ളതു്.

ഗുരുലഘുക്കളെ യഥാക്രമം —, ∪ എന്നീ അടയാളങ്ങളാൽ വേർതിരിച്ചിരിക്കുന്നു. എന്നാൽ, ഹ്രസ്വാക്ഷരത്തിന്റെ പിമ്പിൽ അനുസ്വാരമോ, കൂട്ടക്ഷരമോ വിസർഗ്ഗമോ ചില്ലുകളോ വന്നാൽ ആ ഹ്രസ്വം ഗുരുവായിത്തീരുന്നു.

ഉദാ:—

വിമല=എല്ലാം ഹ്രസ്വമാകയാൽ ലഘുക്കൾ.

ദുഃഖം=ഹ്രസ്വമെങ്കിലും വിസർഗ്ഗാനുസ്വാരങ്ങൾ പരമാകയാൽ എല്ലാം ഗുരുക്കൾ.

ചില്ലക്ഷരങ്ങൾ കൂട്ടക്ഷരങ്ങളുടെ പിമ്പിൽ ചില സ്ഥാനങ്ങളിൽ ഉറപ്പിച്ചും, ചിലപ്പോൾ ലഘുവായും ഉച്ചരിക്കേണ്ടതായി വരും. ഉറപ്പിച്ച് ഉച്ചരിക്കേണ്ടിവരുമ്പോൾ മാത്രമേ അതിന്റെ പിമ്പിലുള്ള ഹ്രസ്വം ഗുരുവാകയുള്ളു.

ഉദാ:—

കടൽത്തിരം=ൽ-ന് മുമ്പുള്ളതു് ഉറപ്പിച്ചു ഉച്ചരിക്കേണ്ടതിനാൽ "ട" ഗുരു.

കടൽവഴി ="ൽ" ലഘു.

എന്നാൽ, ഒരു പദത്തിന്റെ അന്ത്യാക്ഷരത്തെ ഗുരുവായോ, ലഘുവായോ ചിലപ്പോൾ ഇഷ്ടംപോലെ നിശ്ചയിക്കാവുന്നതാണു്. പക്ഷേ, സമപാദങ്ങളിൽ മാത്രമേ ഈ നിബന്ധന സാധുവാകയുള്ളു.

പദ്യങ്ങളുടെ വൃത്തഭേദം നിശ്ചയിക്കുന്നതിനു ശാസ്ത്രജ്ഞന്മാർ മൂന്നു് അക്ഷരം വീതമുള്ള എട്ടു ഗണങ്ങൾ നിർമ്മിച്ചിട്ടുണ്ടു്.

൧. മഗണം = എല്ലാം ഗുരുക്കൾ = — — —
൨. നഗണം = എല്ലാം ലഘുക്കൾ = ◡ ◡ ◡
൩. ഭഗണം = ആദിഗുരു = — ◡ ◡
൪. യഗണം = ആദിലഘു = ◡ — —
൫. ജഗണം = മദ്ധ്യഗുരു = ◡   ◡
൬. രഗണം = മദ്ധ്യലഘു = — ◡ —
൭. സഗണം = അന്ത്യഗുരു = ◡ ◡ —
൮. തഗണം = അന്ത്യലഘു = — — ◡

പദ്യത്തിൽ ഗണങ്ങളെ അടയാളപ്പെടുത്തുന്നതിനു ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

മഗണം ഭഗണം നഗണം തഗണം തഗണം ഗ ഗ
— — — — ◡ ◡ ◡ ◡ ◡ — — ◡ — — ◡ — —
"സന്ദേഹം / വേണ്ടപ / രന്തപ / കാരത്തി / നാകാത്ത / തെങ്കിൽ
— — — — ◡ ◡ ◡ ◡ ◡ — — ◡ — — ◡ — —
കിന്ദേഹം / കൊണ്ടൊരു / ഫലമി / ഹപ്രാണി / നാംക്ഷോണി / തന്നിൽ

പദ്യങ്ങളിലെ പാദങ്ങൾക്കു് അവിടവിടെ ഒടിവു വേണമെന്നുള്ള നിബന്ധനയ്ക്കാണു് യതി എന്നു പറയു

ന്നതു്. യതി വരുന്ന സ്ഥാനത്തു് പദങ്ങളും അററുവ രാതിരുന്നാൽ യതിഭംഗം എന്ന ദോഷം സംഭവിക്കുന്നു.

ഉദാ:—

"പൂമണി/മേടത്ത/ളത്തില/ച്ചയ്യൊരു
കോമള/കണ്ഠിയാം/വേശക/മാരിയാൾ
രാമായ/ണം മുദാ/വായിച്ചി/ട്ടം വിധൌ
വ്യോമാന്ത/രേ നിന്നു നിശ്ചലം/ഭാസ്കരൻ."

(കൊച്ചുസീത)

ഈ പദ്യത്തിൽ മൂന്നക്ഷരത്തിനാണു് യതി നിശ്ച യിച്ചിട്ടുള്ളതു്. യതി വരുന്ന സ്ഥലത്തു പദം അററുവ രാതതു സൂക്ഷിക്കുക.

കവികളുടെ അഭ്യാസങ്ങളും, പോരാട്ടങ്ങളും പദ്യനി ർമ്മാണങ്ങളിലാണു് സാധാരണ കണ്ടുവരാറുള്ളതു്. വൃത്ത മാകുന്ന ഞാണിൽകയറി കവികൾ പ്രയോഗിക്കുന്ന അഭ്യാ സങ്ങൾ ചില്ലറയല്ല. യമകം, അനുപ്രാസം മുതലായവ കയറിയിറങ്ങിയതുകൊണ്ടു മാത്രം സംതൃപ്തരാകാതെ പ ത്മബന്ധം, ചക്രബന്ധം, ഗോമൂത്രികാബന്ധം തുടങ്ങിയ ബന്ധങ്ങളിൽ വൃത്തമാഗ്ഗേണ നൃത്തം ചെയ്യുന്നുണ്ടു്. മാത്രമല്ല,

നനുനാനാനനന്നേനം
ന്നൂനം നിന്നെന്നു നന്നിന
ന്നുന്നിനൻ നനുനന്നെന്നൊ-
ന്നുന്നിനാനനന്നൂനനേ.

(രാമചന്ദ്രവിലാസം)

ത്തേരിതോരാതരം തീരെത്തുരത്തോതരുതുത്തരം
തരാംതീരാത്താത്തുരതതരത്തേത്താന്തിരുത്തതു്.

(രാമചന്ദ്രവിലാസം)

എന്നിങ്ങനെ ഒരക്ഷരശ്ലോകങ്ങളിലും, രണ്ടക്ഷര ശ്ലോകങ്ങളിലും ചിലർ കളിക്കാറുണ്ടു്.

"ദേവഃപതിർവിദുഷി നൈഷധ രാജഗത്യാ
നിർണ്ണീയതേ ന കിമുതവ്രിയതേ ഭവത്യാ
നായം നളഃ ഖലു തവാതി മഹാനലാഭോ
യദ്യേന മുത്സസവരഃ കതരഃ പരസ്തേ."

എന്നിങ്ങനെ സരസ്വതീദേവിമുഖേന ഇന്ദ്രാദിദേവകൾക്കും, നളനും വിരസത തോന്നിക്കാത്തവിധത്തിൽ അഞ്ചർത്ഥത്തോട്ടുകൂടി പറയിച്ചിരിക്കുന്ന ശ്രീഹർഷൻ 'പഞ്ചനളീകം' എന്നൊരു സർഗ്ഗം നിർമ്മിച്ചിരിക്കുന്നതും മേൽപറഞ്ഞ സംഗതിക്കു ഉത്തമോദാഹരണമാണു്. ആധുനിക കവികൾ തങ്ങളുടെ കാവ്യങ്ങളിൽ മുഖ്യമായി അംഗീകരിച്ചുപോരുന്ന വൃത്തങ്ങളേയും, പ്രധാനപ്പെട്ട ഭാഷാവൃത്തങ്ങളേയും സമഗ്രമായി ചിന്തിച്ചവസാനിപ്പിക്കാം.

൧. അനുഷ്ടുപ്പ്. അക്ഷരങ്ങൾ എട്ടുവേണം. ശ്ലോകത്തിലെ എല്ലാപാദങ്ങളിലെ എല്ലാ അക്ഷരങ്ങളുടെയും ഗുരുലഘുത്വം തുല്യമായിരിക്കണമെന്നില്ല. ആദ്യന്താക്ഷരങ്ങൾ ഗുരുവോ ലഘുവോ ആകാം. ശ്രവണഭംഗിയാണു് മുഖ്യമായിവേണ്ടതു്. അതിന്റെ നിയമം ഇപ്രകാരമാണു്.

"ചാലേയഞ്ചാറിവശ്ലോകേ-ബാലേ ലഘുഗുരുക്കളാം
നാലുപാദത്തിലും, രണ്ടിൽ-നാലിൽതാനേഴതും-
[ലഘു"

ഉദാ:—

(൧) "നിരന്തദുഃഖ സങ്കേതം
നരകംതീർത്തു തമ്പുരാൻ
ദുരഹമ്മതിപൂണ്ടോരെ—
ത്തരസാതള്ളിനാനതിൽ." (യേ. വി.)

(൨) "ഇച്ചൊന്നതൊക്കെച്ചെയ്തിട്ടും
ദ്രോഹിക്കുന്നു മഹാസുരൻ

ഇണക്കം ദുഷ്ടരിൽപററാ
പിണക്കംതാൻ ഫലപ്പെട്ടം.'' (കു. സം.)

൨. ഇന്ദ്രവജ്ര. ഇതിന്ന ഒരു പാദത്തിൽ ൧൧ അക്ഷരവും, അതിൽ രണ്ടു "ത" ഗണവും ഒരു "ജ" ഗണവും രണ്ടു ഗുരുവും അടങ്ങിയിരിക്കണം. ൫-ന്ന എന്നീ സ്ഥലങ്ങളിൽ യതി വേണം.

ഉദാ:—

(൧) "ആപത്തൊഴിക്കും സകലേശ്വരൻതൻ
ശ്രീപത്മസേവിക്കുമിവൾക്കുപാരിൽ
പാപത്തിനാലുള്ള കളങ്കമേശാൻ
സ്വാപത്തിലുംസംഗതി വന്നതില്ല."
(യേ. വി.)

(൨) "വന്നങ്ങുവിശ്വാസമൊടും വിഹംഗ-
വൃന്ദംതടത്തിങ്കലെനീർകുടിപ്പാൻ
കന്യാമുനിസ്ത്രീകരംനനച്ചൊഴിഞ്ഞു,
നിന്നാമരത്തെകൾ വിളങ്ങിയേടം."
(രഘുവംശം)

൩. ഉപേന്ദ്രവജ്ര. ഇതിന്ന് അക്ഷരസംഖ്യയും, യതിയും ഇന്ദ്രവജ്രവൃത്തംപോലെ തന്നെയാണ്. ഒരു പാദത്തിൽ ഒരു ജ ഗണം ഒരു ത ഗണം വീണ്ടും ഒരു ജ ഗണം പിന്നീട്ട് രണ്ടുഗുരുക്കൾ ഇത്രയും അടങ്ങിയിരിക്കണം.

"ചുവന്നചന്ദ്രക്കലപോൽവളഞ്ഞു,
വിളങ്ങി പൂമൊട്ടുടനെപിലാശിൽ
വനാന്തലക്ഷ്മിക്കുനഖക്ഷതങ്ങൾ
വസന്തയോഗത്തിലുദിച്ചപോലെ."
(കു. സം.)

കവികൾ ചിലപ്പോൾ ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും പരസ്പരം കലർത്തി ഉപയോഗിക്കാറുണ്ട്. അതിന്ന

'ഉപജാതി' എന്നു പറയുന്നു. വസന്താദിവൎണ്ണനത്തിനും നായികാരൂപവൎണ്ണനത്തിനും ഈ വൃത്തമാണു് അഭിജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുള്ളതു്.

൪. സ്വാഗതം. "സ്വാഗതാ രനഭഗൈർ ഗുരുണാ ച" എന്നാണു് പ്രമാണം. അതായതു്; രഗണം ഒന്നു്, നഗണം ഒന്നു്, ഭഗണം ഒന്നു്, രണ്ടുഗുരുക്കൾ. ഇതിനും പാദത്തിൽ പതിനൊന്നക്ഷരങ്ങളാണു് വേണ്ടതു്. മൂന്നിലും എട്ടിലും യതി.

ഉദാ:—"രാജകല്പന മറുത്തുകിടാവേ
വ്യംഗ്യമായവർ വളൎത്തിടുമെങ്കിൽ
ആജനങ്ങളുടെ വംശവിനാശം
രാജദാസരൊരുമിച്ചു വരുത്തും."

൫. സ്രഗ്വിണീ. ഇതിൽ പന്ത്രണ്ടക്ഷരങ്ങളും ൬-ൽ യതിയും നാലു് രഗണങ്ങളും അടങ്ങിയിരിക്കുന്നു.

അച്യുതം കേശവം രാമനാരായണം
കൃഷ്ണദാമോദരം വാസുദേവം ഭജേ.

൬. വസന്തതിലകം. ഈ വൃത്തത്തിനു് സിംഹോന്നതാ, സിംഹോദ്ധതാ മുതലായ പേരുകളുമുണ്ടു്. ഓരോ പാദങ്ങളിലും ൧൪ അക്ഷരങ്ങൾ. എട്ടിലും ആറിലും യതി. "ഉക്താവസന്തതിലകം തഭജാജഗൌഗഃ" എന്നാണു് പ്രമാണം. അതായതു്; ഒരു തഗണം, ഒരു ഭഗണം, രണ്ടു് ജഗണം രണ്ടു ഗുരുക്കൾ ഇവ അടങ്ങിയിരിക്കണം.

ഉദാ:—

ഹാ! ജന്യസീമ്നി പലയോധഗണത്തെയൊററ-
യ്ക്കോജസ്സുകൊണ്ടു വിമൎദ്ദിച്ചയുവാവുതന്നെ
വ്യാജപ്പയററിൽ വിജയിച്ചരുളുന്നദൈത്യ-
രാജന്നെഴും സചിവപുംഗവ മംഗളം തേ.

(ബ. അനിരുദ്ധൻ.)

൭. മാലിനി. ഈ വൃത്തം സാധാരണയായി സർഗ്ഗാവസാനത്തിലാണ് ഉപയോഗിച്ചുകാണുന്നത്. ൧൫ അക്ഷരങ്ങളും എട്ടിലും ഏഴിലും യതിയും ഉണ്ടായിരിക്കണം. "നനമയയുഗമെട്ടിൽ തട്ടണം മാലിനിക്ക്" എന്നാണ് പ്രമാണം. അതായതു്; ഓരോ പാദങ്ങളിലും ന, ന, മ, യ, യ എന്നീ ഗണങ്ങൾ അടങ്ങിയിരിക്കണം.

ഉദാ:—

"പുരുഷമണിവിളക്കാം മോശതൻ ചൊല്ലു കേട്ടും
വിരുതെഴമഹറോനെ പ്രീതിപൂണ്ടാദരിച്ചും
നിരുപമസുകൃതാംഭോരാശിയാമീശ്വരൻ തൻ
കരുണ പരമിരന്നും വാണുപിമ്പാജനൗഘം."

൮. പൃത്ഥ്വി. പാദത്തിൽ പതിനേഴക്ഷരവും, എട്ടിലും ഒൻപതിലും യതിയും ഉണ്ടായിരിക്കണം. ജ, സ, ജ, സ, യ എന്നീ ഗണങ്ങളും, ഒരു ലഘുവും പിന്നീടൊരു ഗുരുവും അടങ്ങിയിരിക്കണം.

ഉദാ:—

"ഭ്രമിക്കനിവെഴുന്ന നിൻ കണവനിങ്ങു വന്നീടവേ
ശ്രമക്കുറവിനൊന്നുമേ യുപചരിച്ചതില്ലെങ്കിലും!
അമായമധുവൂന്നിട്ടും മൊഴികൾ പോലുമോതാതെ നീ-
യിമച്ചു മിഴിയെന്നിയേ സഖിമിഴിച്ചിട്ടന്നെന്തെടോ?"

൯. ശിഖരിണി. ഇതിനു് പതിനേഴക്ഷരങ്ങളും ആറിലും, പതിനൊന്നിലും യതിയും വേണം. "രസൈരുദ്രൈശ്ഛിന്നായമനസഭലാഗഃ ശിഖരിണി" എന്നാണ് പ്രമാണം. അതായതു് യ, മ, ന, സ, ഭ എന്നീ ഗണങ്ങളും ഒരു ലഘുവും ഒരു ഗുരുവും ഈ വൃത്തത്തിൽ അടങ്ങിയിരിക്കുന്നു.

൰. "മന്ദാക്രാന്താ. മന്ദാക്രാന്താമഭനതതഗം നാലുമാറേഴുമായ്ഗം" എന്നാണ് പ്രമാണം. അതായതു്;

മ, ഭ, ന, ത, ത എന്നീ ഗണങ്ങളും, രണ്ടു ഗുരുക്കളും അനുബന്ധിച്ചിരിക്കയും നാല്, ആറ്, ഏഴ് എന്നീ സ്ഥാനങ്ങളിൽ യതി ഉണ്ടായിരിക്കുകയും വേണം. ഇതിനും പതിനേഴ് അക്ഷരങ്ങളാണു കണക്കാക്കപ്പെട്ടിട്ടുള്ളതു്. മേഘസന്ദേശം, മയൂരസന്ദേശം മുതലായ സന്ദേശകാവ്യങ്ങളിൽ ഈ വൃത്തം ഉപയോഗിച്ചിരിക്കുന്നു.

ഉദാ:—

“ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ കമപി നിഹനിച്ചീടിനേൻ നീഡജത്തെ
മാലാന്നാരാൽ മരുവുമിണയെക്കണ്ടു നീതാം ചനേത്തും
കാലാഗാരം സപദി കൃപയാ കാതരോ ചൊല്ലിയില്ലേ.”

(മയൂരസന്ദേശം)

൧൧. <u>ശാർദ്ദൂലവിക്രീഡിതം.</u> “സൂര്യാശ്വൈർയ്യദി മഃസജൌസതതഗാഃശാർദ്ദൂലവിക്രീഡിതം” അതായതു്; ഒരു പാദത്തിൽ മ, സ, ജ, സ, ത, ത എന്നീ ഗണങ്ങളും ഒരു ഗുരുവും അടങ്ങിയിരിക്കണം. ഇതിനു പന്ത്രണ്ടിലും, ആറിലുമാണ് യതി. പാദത്തിൽ പത്തൊൻപതു അക്ഷരങ്ങൾ വീതം വേണം.

ഉദാ:—

(൧) “നിൻനേത്രത്തിനു തുല്യമാം കുവലയം വെള്ളത്തിനുള്ളത്തിലായ്
നിന്നാസ്യപ്രഭതേടുമമ്പിളിയൊളിക്കപ്പെട്ടു കാർകൊണ്ടഹോ
അന്നത്തന്വികൾ നിന്നൊടൊത്ത നടയുള്ളോരങ്ങു മണ്ടീടിനാർ
നിന്നൌപമ്യവുമിന്നു കാണ്മതു പൊറുക്കുന്നില്ലഹോ ദുർവ്വിധി.”

(൨) “ബ്രഹ്മാവർത്തവഴിക്കു ചെന്നഥ കുരുക്ഷേത്രത്തിലെത്തുന്ന നീ
പണ്ടുള്ളോർക്കുള്ളമായടിക്കിവിടമെന്നോർക്കാതിരുന്നീടുമോ?
തണ്ടാരിൻതല തോഴരിങ്ങു മഴയാലെന്നോണമപ്പ് ഫൽഗുനൻ
മുന്നം മന്നവർ തൻ മുഖം കണകളാൽ കണ്ടിച്ചു വർഷിച്ചിഹ.”

(മേഘദൂതു്.)

൧൨. <u>സ്രഗ്ദ്ധരാ.</u> പവനവേഗം തുടങ്ങിയുള്ളവ വർണ്ണിക്കുന്നതിനു ഈ വൃത്തമാണു ഉപയോഗിച്ചു കാണുന്നതു്.

"ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും." അതായതു്, മ, ര, ഭ, ന എന്നീ ഗണങ്ങളും മൂന്നു "യ" ഗണങ്ങളും ഏഴേഴായി മൂന്നു യതിയും ചേൎന്നാൽ ഈ വൃത്തം പൂൎത്തിയാകുന്നു.

"ക്രൂരമ്പാൽ മാർപ്പിളന്നും, കൊടിയൊരുകുരിശിൽ
ത്തൂക്കിയും, തോലുരിഞ്ഞും
ക്രൂരൻസിംഹത്തിന്നൂണായരുളിയു,മസിയാൽ
കണ്ടുനാളംമുറിച്ചും
തീരത്തിൽ താഴ്ത്തിയും, മെയ് മുഴവനുമടിയാൽ
ക്കീറിയും തീയിലിട്ടും
പാരം മാൽചേൎത്തുയോധാധമരനവധിയായ്
ക്രിസ്ത്യരേ നിഗ്രഹിച്ചു (യേ. വി.)

ഇനി നമുക്കു പൊതുവേ ഉപയോഗത്തിൽ ഇരിക്കുന്ന ഭാഷാവൃത്തങ്ങളെപ്പററി ആലോചിക്കാം. ഭാഷാവൃത്തങ്ങളെല്ലാം തമിഴിനെ അനുകരിച്ചിട്ടുള്ളവയാണു്. രണ്ടു പാദങ്ങൾ ചേൎന്നിട്ടുള്ള ഈരടിക്കാണു് ഒരു പദ്യമെന്നു വിളിക്കുന്നതു്. മലയാളവൃത്തങ്ങളെ പൊതുവെ ചിന്തിച്ചാൽ എത്ര അടിയാണു് ഒരു ശീലെന്നുള്ള നിയമമോ അനുപ്രായക്രമത്തിനു ക്ലിപ്തിയോ കാണാനില്ല. ചിലതിൽ അക്ഷരനിയമങ്ങളുണ്ടു്. എന്നാൽ, ഗുരുലഘുക്കൾക്കു ക്ലിപ്തമില്ല. എങ്ങനെയായാലും, വിവിധരീതിയിലുള്ള പാട്ടുകൾ ഭാഷാവൃത്തങ്ങളിൽ ഇപ്പോഴും പ്രചാരത്തിലുണ്ടു്. അല്പമായ ഭിന്നതകളോടുകൂടി കാകളി, കളകാഞ്ചി, മണികാഞ്ചി, കേക, മിശ്രകാകളി, ഊനകാകളി, ദ്രുതകാകളി എന്നിങ്ങനെ പല തരത്തിൽ കാണ്മാനുണ്ടു്.

കാകളി. ഇതു് മൂന്നക്ഷരം ചേൎന്നതും, അഞ്ചുമാത്ര കിട്ടുന്നതുമായ നാലു ഗണം വീതം ഓരോ പാദത്തിലും വേണം. ഇതിൽ ലഘുക്കളെ നീട്ടി ഗുരുക്കളാക്കാവുന്നതിനാൽ ശ്രവണസുഖമനുസരിച്ചു് ചിലപ്പോൾ മാറിയെ

ന്നുവരാം. എങ്കിലും, "മഗണം" ഈ വൃത്തത്തിൽ ഉപയോഗിക്കാൻ പാടില്ലെന്നുള്ളതു നിർബന്ധമാണ്.

ഉദാ:—

ഞെട്ടററടിയുന്ന പൂവിൻെറശോഭയും
ചട്ടററ ചാരുവാം ഗന്ധവും പോലെയും
കെട്ടവിളക്കിൻ പ്രഭയെന്ന പോലെയും
കഷ്ടംഗുണങ്ങൾമരിച്ചാൽകഴിഞ്ഞിതേ." (ബു. ച.)

കളകാഞ്ചി:—ആദ്യത്തെ പാദത്തിൽ പതിനാറോ പതിനെട്ടോ അക്ഷരങ്ങൾ ആകാം. എന്നാൽ, രണ്ടാം പദത്തിൽ ൧൨ അക്ഷരങ്ങളെ ആകാവൂ. മാത്ര ൨൦ തന്നെയായിരിക്കണം.

ഉദാ:—

സകലശുക/ കുലവിമല/ തിലകിതക/ ളേബരേ-
സാരസ്യ/ പീയൂഷ/ സാരസ/ർവ്വസ്വമേ."

മണികാഞ്ചി. ഇതും കളകാഞ്ചി പോലെ തന്നെ. എന്നാൽ, രണ്ടു പാദങ്ങളിലും ആദ്യമായി അഞ്ചക്ഷരങ്ങളിലായി അഞ്ചുമാത്രയുള്ള ഓരോ ഗണം ഉപയോഗിക്കണം.

കേക. ഇതു്, കിളിപ്പാട്ടിൻെറ ഒരു വകഭേദമാണ്. ഓരോ പാദങ്ങളിലും ൧൪ അക്ഷരങ്ങളും ൨൦ മാത്രയും വേണം. ൩, ൨, ൨;/ ൩, ൨, ൨ എന്നീ രീതിയിലാണ് ഓരോ പാദത്തേയും ഗണം തിരിക്കേണ്ടതു്. ഈ വൃത്തത്തിൽ പലപ്പോഴും മാത്ര ഇരുപതിനും ഇരുപത്തെട്ടിനും മദ്ധ്യേ കാണാറുണ്ടു്. മൂന്നുഗണം കഴിയുന്ന സ്ഥലത്തു് യതിയും, പാദത്തിൻെറ ആദ്യക്ഷരം (രണ്ടു പാദത്തിലും) ഒരേ ക്രമത്തിൽ ഗുരുവോ ലഘുവൊ ആയിരിക്കയും വേണം.

ഉദാ:—

പശ്ചിമസന്ധ്യക്കുമേൽ യാമമൊന്നരചെന്നു;
വിശ്രമം കൈക്കൊണ്ടിട്ടില്ലനിലൻ മാത്രം പാരിൽ;
ആ മഹാഭ്രതത്തിൻെറ രാക്കളി വിളയാട്ട-
മാരാമദ്രുമങ്ങളിൽ സ്ഫുരിച്ചു കൂടക്കൂടെ."

(സം. മ. vi)

<u>അന്നനട.</u> ഇതും കിളിപ്പാട്ടിൻെറ വേറൊരു രീതിയാണു്. ഓരോ പാദങ്ങളിലും പന്ത്രണ്ടക്ഷരങ്ങൾ വേണം. രണ്ടക്ഷരം വീതമുള്ള ആറ ഗണങ്ങളായി തിരിച്ചു് ഓരോ ഗണങ്ങളിലും ആദ്യക്ഷരം ലഘുവായിരിക്കത്തക്കവണ്ണം ക്രമീകരിക്കണം. മൂന്നു ഗണം ചേരുന്ന സ്ഥാനത്തു യതിവെച്ചു് പാദത്തെ രണ്ടായി മുറിക്കണം. രണ്ടു് അർദ്ധങ്ങളുടേയും ആരംഭ "ഗണം" മുൻലഘുവും, പിൻ ഗുരുവും ആയിരിക്കേണ്ടതാണു്. ഇതു് കണിശമായി അനുഷ്ഠിക്കണം. മററുള്ളതു തെററിയാലും വലിയ കാര്യമായി ഗണിക്കാറില്ല.

ഉദാ:—

"പുറത്തുമുള്ളിലും ജഗത്തിലെങ്ങുമെ
നിറഞ്ഞു ശോഭിക്കും പരമാനന്ദമേ!
അറിഞ്ഞതാരുനിൻ മഹിമയൊക്കയും
അറിഞ്ഞുകൊള്ളുവാനനുഗ്രഹിക്ക നീ
വളരെ ദൂരത്തിലെരിഞ്ഞു കത്തുന്ന
തരണിബിംബവും ഉഡുസമൂഹവും
തെളിഞ്ഞ രാത്രിയിൽ നഭസ്ഥലത്തിങ്കൽ
വിളങ്ങിനില്പതും കലാധിനായകൻ,
ഇവയെല്ലാം പരമ്പൊരുളെ! നിന്നുടെ
മഹിമയാലേത്തു മിളക്കമെന്നിയെ
നിജ കൃത്യങ്ങളെശ്ശരിക്കു നിർവഹി-
ച്ചമരുന്നെന്നതുമറിഞ്ഞിരിപ്പു ഞാൻ.

ഉദധിതൻ തീരമതിക്രമിക്കാതെ
ഭവദീയാജ്ഞയെ സദാ നടത്തുന്നു.
കളനാദങ്ങളാൽ കിളികളെല്ലാമെ
തെളിഞ്ഞുപാടുന്നു തവ സങ്കീർത്തനം
ഭവൽസ്വരൂപത്തിലകം ലയിപ്പിച്ചു
ഭവാമയങ്ങളെ തരണം ചെയ്യുവാൻ,
തരിക മേ വരം കരുണാവാരിധേ!
ചരണതാരിണ പണിയുന്നേൻ നിത്യം.

(മ. മ.)

<u>തുള്ളൽപാട്ട്</u>. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽ പാട്ട് മൂന്നു വിധത്തിലുണ്ട്. ഇവയ്ക്കു് പരസ്പരം അനല്പമായ വൃത്തഭേദം ഇല്ല. ഓട്ടൻ തുള്ളലിൽ മുഖ്യമായതു് തരംഗിണിയാണ്. അതിൽ ഒരു പാദത്തിൽ രണ്ടുമാത്രയുള്ള എട്ടു ഗണം വീതം ഉണ്ടായിരിക്കണം. മദ്ധ്യത്തിൽ യതി വേണം. ശ്രവണസുഖത്തെ ആസ്പദമാക്കി കവികൾ ഇതിനെ ഭിന്നരീതിയിൽ ഉപയോഗിച്ചു കാണുന്നുണ്ടു്. താഴെപ്പറയുന്ന പദ്യഭാഗങ്ങളുടെ വൃത്തഭംഗി പരിശോധിക്കുക.

൧. നാരദമുനിയുടെ വാക്കുകൾ കേട്ടു
നാരായണനും പുനരരുൾ ചെയ്തു.
"പോരതിലവനെ ക്കൊലചെയ്തീടാൻ
പാരിതിലാരും നാരദസുമതേ!
പോരതിനൊന്നു പറഞ്ഞേക്കാമതു
പോരുന്തോറും സംശയമില്ല.
കർമ്മവിഘാതമതാണിന്നവനുടെ
മർമ്മമിതെന്നു ധരിച്ചീടേണം
ആയതു ചെന്നു മുടക്കീടാനൊരു
മായാതരുണിയെ ഞാനുമയക്കാം
ആയവൾ ചെന്നു മുടക്കും കർമ്മമ-
നായാസേന ധരിച്ചാലും നീ"

തോയജനേത്രനിവണ്ണം ചൊല്ലീ-
ട്ടായതമിഴിയാളാകുമൊരുത്തിയെ
മായകൾ കൊണ്ടു ചമച്ചിട്ടവളോ-
ടായിഃട്ടവമുരച്ചഖിലേശൻ. (ല: ക)

൨. ‘വാടാ നിശിചര കീടാ പോരിനു-
വാടാ ഞാനാരോടും നൂനം;
പോടാ മൃഗഹതി തേടാൻ; നമ്മൊടു
കൂടാ നിന്നുടെ ഹുങ്കൃതി മൂഢാ.''

ശീതങ്കൻ. ഓരോ പദത്തിൽ ഏഴക്ഷരങ്ങൾ വേണം. ഒരു ലഘുവും ശേഷമെല്ലാം ഗുരുക്കളുമായിരിക്കണം. ലഘു മൂന്നിനു മേലേയും ആറിനു താഴെയും ഇരുന്നാൽ നന്ന്.

ഉദാ:—

൧. “അക്കാലം ദേവകൻെറ
മകളായ ദേവകിയെ” (വൃ. മ.)

൨. ഇതു് പരിശോധിക്കുക.

“ചന്ദ്രക്കലാധരൻെറ
സാന്ദ്രമാം സേവ ചെയ്‌വാൻ
ചന്ദ്രപ്രതിമൻ വീരൻ
സാന്ദ്രപ്രസാദത്തോടെ
അഞ്ചുള്ള ചങ്ങലക-
ളഞ്ചും വെവ്വേറെയാക്കി,
ആറിൽകടന്നുപിന്നെ-
യേഴുള്ളമാർഗ്ഗത്തൂടെ,
എട്ടുള്ള പെട്ടകങ്ങ-
ളെട്ടും തുറന്നുവെച്ചു,
ഒൻപതാം വാതിലപ്പോൾ
ബന്ധനം ചെയ്തു വീരൻ
പത്തുള്ള ദിക്കിൽ കൂടി
പേർത്തും സഞ്ചാരം ചെയ്തു.''

പറയൻ. ശീതങ്കനിലും, ഓട്ടനിലും ഉള്ള വൃത്തങ്ങളെ ധൃതിയിൽ ചൊല്ലുന്നതിനുള്ള ചില്ലറ മാററങ്ങൾ ചെയ്താൽ പറയൻതുള്ളലായി.

ഉദാ:—

"അന്ധനരവരവചനമിങ്ങനെ കേട്ടു സപദി സുയോധനൻ
അന്ധമതിശഠശകുനി കൎണ്ണസമംകുലൻ സുമഹോധനൻ"

കൃഷ്ണഗാഥാ. ഇതിന്റെ ലക്ഷണത്തെപ്പററി മുമ്പു തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഇതിനും കാകളിയിൽ നിന്നും വലിയ വ്യത്യാസമൊന്നുമില്ല. ശീലാവതിപ്പാട്ടും ഈ രാഗത്തിലാണ് പാടിവരുന്നതു്.

ഉദാ:—

"ഈശ്വരശബ്ദം കുറിക്കുമൊരുണ്മതൻ
ശാശ്വതശക്തി സ്വരൂപമായി
വിശ്വവിലാസത്തിൻ വിസ്മയഹേതുവായ്
നശ്വരഭാവപരോക്ഷമായി
സത്വമാം,യാദിമതത്വപദാൎത്ഥമായ്
സത്വരജസ്തമോ ലക്ഷ്യമായി
ജാതവിഷയതന്മാത്രാവിശേഷമായ്
ഭൂതസമുദായ ഭാവമായി
നന്മയ്ക്കും തിന്മയ്ക്കും ജന്മമൃതികൾക്കും
വന്മയ്യേറുളിമക്കും വ്യാപകമായ്
ജീവനായുള്ളിലൊതുങ്ങി,പ്പുറൽപര-
ദേവനായെങ്ങും വിളങ്ങുവോനായ്
ബുദ്ധിക്കുമാത്മസംശുദ്ധിക്കുമോരോരോ
സിദ്ധിക്കുമെന്നുമഗമ്യമായി
ജ്ഞാനപ്രകാശപ്രഭാവപ്രസാദമ-
മാനന്ദമൊന്നതേ വെൽവൂതാക. (മ. മ.)

മഞ്ജരി വൃത്തവും ഇതുതന്നെയാണെന്നു കാണുക.

"ദാമ്പത്യബന്ധമേ, കല്പകപ്പൂവല്ലി
ക്കൊമ്പത്തു മിന്നുന്ന തൂമലരേ,
നിൻ വിശ്വമോഹന മാഹാത്മ്യം മേൽക്കുമേൽ
സൎവാതിശായി ജയിച്ചീടുന്നു.
സാമ്രാജ്യച്ചെങ്കോൽ ധരിപ്പോരുമെന്നല്ല
പൂന്മാടം പൂകുമഗതികളും

നിൎമ്മാന്യമാം ഗുണമൊപ്പമറിഞ്ഞിട്ടു
തന്മൗലിയിൽ നിന്നെ ലാളിക്കുന്നു.
ത്വന്മേദുരാമോദ ധോരണിയാർന്നുള്ള
തെന്നൽ താനത്രെ ജഗൽപ്രാണനും
നിൻവേഴ്ചയിൽ ദാവദഗ്ധവനങ്ങളും
മാധവചുംബിത നിഷ്കുടങ്ങൾ
നിൻതിരുവാഴ്ച 'സഹാറാ'യിൽ ക്രൂടിയും
പൂന്തേനുറവുകൾ നിൎമ്മിക്കുന്നു.
സീതാരാമാദിപുരാണപുരുഷരും
ഭാവൽക്കമാഹാത്മ്യ വ്യാഖ്യാതാക്കൾ
ആളുന്ന ഭക്തിയോടിന്നു ത്വദീയമാം
കാലാശ്രയിക്കുമിവരെ മോദാൽ
പാലിച്ചുകൊള്ളുവാനായി വണങ്ങുന്നേൻ
മൗലി നിവിഷ്ടകരാഞ്ജലിയായ്.
ദിവ്യമിബന്ധം ജഗൽപൂജിതം ശാന്ത-
മവ്യാഹതാനന്ദ കേന്ദ്രസ്ഥാനം
നവ്യമിഥുനമേ, നിങ്ങളിലെന്നേയ്ക്കും
സുവ്യക്തമായി ഞാനാശംസിപ്പൂ.
അന്യസുഖപ്രദകൎമ്മമത്രേ മൎത്ത്യ-
ജന്മസദുദ്ദേശമെന്ന തത്വം
ശൎമ്മദം നിങ്ങൾ ക്രിയയിൽ വരുത്തുവിൻ
നിൎമ്മത്സരായിവിളങ്ങിടുവിൻ.
കാമിതമേകട്ടെ നമ്മൾക്കു ലോകേശൻ
പ്രേമസ്വരൂപൻ ജഗന്മംഗലൻ. (വി. വ.)

മാകന്ദമഞ്ജരിയും ഇതുപോലെ തന്നെയാണെന്നു സൂക്ഷിക്കുക.

"വേദങ്ങൾപോലും കൃഷീശ്വരി നിന്നുടെ
വേരുററമാഹാത്മ്യം വൎണ്ണിക്കുന്നു;
അല്ലെങ്കിലങ്ങയെ വാഴ്ത്തിസ്തുതിക്കുന്ന
ചൊല്ലു യാതൊന്നതേ ഖേദമാവൂ." (സ. മ. VII)

വഞ്ചിപ്പാട്ട്. ഇതിൻെറ ലക്ഷണം മുമ്പുതന്നെ ഉദ്ധരിച്ചിട്ടുണ്ടു്. ഒന്നാംപാദത്തിൽ രണ്ടക്ഷരം വീതമുള്ള എട്ടു ഗണവും രണ്ടാം പാദത്തിൽ ആറര ഗണവും ഉണ്ടായിരിക്കണമെന്നും നിൎബ്ബന്ധമുണ്ടു്.

## വഞ്ചിപ്പാട്ടിന്റെ മാതൃക കാണുക.

“കാലോചിതപരിഷ്കാരം മാലോകൎക്കു വരുംവിധം
പാലിക്കുന്നിതേതൊരാളീ വഞ്ചിഭൂമിയെ
അനുവേലമേതൊരാളിൻ മുഖചന്ദ്രാലോകത്തിങ്കൽ
കുവലയാനന്ദം നിത്യമുളവാകുന്നു.
ഏതൊരാളാലനുദിനം വഞ്ചിധാത്രിക്കമലമാം
രാജന്വതിയെന്ന നാമം സാൎത്ഥമാക്കുന്നു.
ഏതൊരാളിൻ രാജ്യമെന്നുമീതിബാധയണയാതെ
ഭൂതിചേൎന്നു വിളങ്ങുന്നു ഭൂരിസൌഖ്യമായ്
യശസ്സാകും മാലതിപ്പൂനികരത്താൽ ദിഗംഗനാ
പുരികുഴലാരുനിത്യമലങ്കരിപ്പൂ
കടൽവൎണ്ണൻ കടമിഴിക്കളിയാക്കുമുൽപ്പലപ്പൂ
പ്പൂമാല തിരുമാറിലാരു ചാൎത്തുന്നു
മലർമാതും വാണിതാനും ചരിചൊടുപകവിട്ടു
പുരുമോദമേതൊരാളിൽ കുളിയാടുന്നു
ആമൂലംതിരുനാളായ രാമവൎമ്മമഹീപാലൻ
ദാമോദര കൃപകൊണ്ടു ക്ഷേമവാനായി.
ജലധിയിലിളാദേവി കളിക്കുന്ന നാൾവരെയും
കലിതാമോദമിയ്യൂഴി ഭരിച്ചീടട്ടേ. (വി. വി.)

വൃത്തശാസ്ത്രത്തെപ്പററി സാമാന്യജ്ഞാനം മാത്രം ഗ്രഹിച്ചിരിക്കുന്നതിനു പ്രധാന വൃത്തങ്ങളിൽ ചിലതുമാത്രം ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു.

ശുഭം.

# APPENDIX

## I

## വിപരീതശബ്ദങ്ങൾ

പ്രാചീനം × അർവാചീനം (ആധുനികം)
സുഗ്രഹം×ദുർഗ്രഹം
ഋജുബുദ്ധി×വക്രബുദ്ധി
കൃതജ്ഞൻ×കൃതഘ്നൻ
ആനുകൂല്യം×പ്രാതികൂല്യം
സുകരം×ദുഷ്കരം
ചരങ്ങൾ×അചരങ്ങൾ
സ്വകീയം×പരകീയം (അന്യമായുള്ളതു്.)
ജംഗമം×സ്ഥാവരം
പ്രശാന്തം×പ്രക്ഷുബ്ധം
ഉപരിതലം×അധഃസ്ഥലം
ഉത്തമർണ്ണൻ×അധമർണ്ണൻ (പണം കടം വാങ്ങുന്നവൻ)
സാധകം×ബാധകം
സഭ്യം×അസഭ്യം
വൈധർമ്മ്യം×സാധർമ്മ്യം
വാമം×ദക്ഷിണം
നിഷ്പക്ഷപാതം×സപക്ഷപാതം
നിർജ്ജീവം×സജീവം
പുരാതനം×ഇദാനീന്തനം
പ്രത്യക്ഷൻ×പരോക്ഷൻ
ആരോഹണം×അവരോഹണം
സ്വതന്ത്രൻ×പരതന്ത്രൻ
ഉൻമുഖം×വിമുഖം

ശിഥിലം×ദൃഢം
സ്വാർത്ഥപരന്മാർ×പരാർത്ഥപരന്മാർ
നന്മ×തിന്മ
അനുലോമം×പ്രതിലോമം
ഐഹികം×പാരത്രികം
സുലഭം×ദുർല്ലഭം
നികൃഷ്ടൻ×ഉൽകൃഷ്ടൻ
ലഘുത്വം×ഗുരുത്വം
അമരം×അണിയം
മുത്താഴം×അത്താഴം
അധമം×ഉത്തമം
ഉൽപ്പത്തി×നാശം
ഉപകാരം×അപകാരം
സഖ്യം×വൈരം
ആദി×അനാദി
അന്തം×അനന്തം
അനുഗ്രഹം×നിഗ്രഹം
സംഗ്രഹം×വിവരണം
യുക്തം×അയുക്തം
സുകൃതം×ദുഷ്കൃതം
ഉപരിഭാഗം×അധോഭാഗം
സ്വദേശം×വിദേശം
അന്തർദ്ധാനം×ആവിർഭാവം
ദുർവൃത്തൻ×സദ്വൃത്തൻ
ഉന്നതം×അവനതം
നാഗരികം×ഗ്രാമീണം
പ്രവൃത്തി×നിവൃത്തി
ഉദാരൻ×കൃപണൻ
സുരൻ×അസുരൻ

II

# ആചാരഭാഷ

ഭാഷാജ്ഞാനസമ്പാദനത്തിൽ ഈ സംഗതിക്ക് പ്രാമുഖ്യമായ ഒരു സ്ഥാനമുണ്ടെന്നു വേണം പറയാൻ. രാജകീയസംജ്ഞകളെ മനസ്സിലാക്കേണ്ടതു യാതൊരു ഭാഷാഭിമാനിയുടേയും കത്തവ്യമാണു്. രാജശാസനകളെ എത്ര വിനീതഭാവത്തിൽ നാം അനുസരിക്കുന്നുവോ, അതിലുപരി അവരോടോ, അവരെക്കുറിച്ചോ, ഉള്ള സംഭാഷണത്തിൽ ഉച്ചാരണസമ്പ്രദായം ഏററവും നേമ്മയായും, വിനീതമായും വിനിയോഗിക്കേണ്ടതാണ്. "കല്പിച്ചെങ്കിലെറാനെന്നല്ലാതിപ്പരിഷയ്ക്കങ്ങറിയാടാമോ" എന്ന മുദ്രാവാക്യം മേല്പറഞ്ഞ സംഗതിയെ സുവ്യക്തമാക്കുന്നുണ്ടു്. കുലോന്നതിയെയും, സ്ഥാനമാനങ്ങളെയും ആസ്പദമാക്കി വ്യാകരണവിരുദ്ധമായി 'അൻ' പ്രത്യയം ചേത്തു് തമ്പുരാൻ, അച്ചൻ, യജമാനൻ, അമ്മതമ്പുരാൻ, കൊച്ചമ്മതമ്പുരാൻ എന്നിങ്ങനെ ആശ്രിതഭാവം പ്രകടിപ്പിച്ചും ഉച്ചരിക്കണമെന്നു പാരമ്പര്യമായി ഒരു നിയമമുണ്ടു്. സ്ഥാനമാനമുള്ള ഗൃഹനായികകളെ അമ്മതമ്പുരാൻ, കെട്ടിലമ്മ, തമ്പുരാട്ടി, അന്തർജ്ജനം എന്നീ നാമങ്ങളാൽ ബഹുമാനിച്ചുപോരുന്നതിൻെറ ലക്ഷ്യം അതാണ്. ഉയന്ന സ്ഥാനമാനമുള്ള ഭവനങ്ങൾക്കു് കൊട്ടാരം, അരമന, കോയിക്കൽ, കോവിലകം, ഇല്ലം, മഠം എന്നിങ്ങനെ സ്ഥാനവലിപ്പമനുസരിച്ചു് പേരുകൾ വ്യവസ്ഥാപിതമായിട്ടുണ്ടു്.

തമ്പുരാക്കന്മാരുടെ ഊണിനു് അമൃതേത്തും, വാക്കിനു കല്പനയും, വസ്ത്രത്തിനു പരിവട്ടവും, ഊണിനുള്ള അരിക്കു് വിത്തരിയും ഉപയോഗിക്കേണ്ടതു് സാവ്വത്രികമായ നിയമമായിത്തീന്നിട്ടുണ്ടു്. നേരേമറിച്ചു് ഒരു പ്ര

ജയുടേതാണെങ്കിൽ ഊണിന്നു് കരിക്കാടിയും, വാക്കിന്നു വാമൊഴി (വിടകൊള്ളുക)യും വസ്ത്രത്തിന്നു് അടിത്തോലും, ഊണിന്നുള്ള അരിക്കു കല്ലരിയും ഇങ്ങനെ പരുപരുത്ത രീതിയാണു് അവരുടെ സന്നിധിയിൽ പ്രയോഗിക്കേണ്ടതായിരിക്കുന്നതു്. മേലാവിലുള്ളവരും കീഴിലുള്ളവരും പരസ്പരം സംഭാഷണഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട പദങ്ങളുടെ ഒരു പട്ടിക കൊടുക്കുന്നു.

| സാധാരണപദം | മേലാവിലുള്ളവരെ സംബന്ധിക്കുന്നവ | കീഴിലുള്ളവരെ ബന്ധിക്കുന്നവ |
|---|---|---|
| കുളി | നീരാട്ടു് | ചേർന്നനയുക |
| തേച്ചുകുളി | എണ്ണക്കാപ്പു് | മെഴുക്കുപിരട്ടു് |
| പല്ലുതേയ്ക്കുക | തിരുമുത്തുവിളക്കുക | ഉമിക്കരിഉരയ്ക്കുക |
| ശയനഗൃഹം | പള്ളിയറ | കിടമുറി |
| നിദ്ര | പള്ളിയുറക്കം | നിലംപൊത്തൽ |
| യാത്ര | എഴുന്നെള്ളത്തു് | വിടവഴങ്ങൽ |
| മനസ്സു് | തിരുമനസ്സു് | പഴമനസ്സു് |
| ദാമ്പത്യം | കൂട്ടിരിപ്പു് | മാടംചേരുക |
| പ്രസവിക്കുക | തിരുവയറൊഴിയുക | പെറവുപിറക്കുക |
| രോഗം | ശീലായ്മ (ആലസ്യം) | പട്ടുകാലം |
| മരണം | നാടുനീങ്ങൽ<br>തീപ്പെടുക | കുറ്റംപിഴയ്ക്കുക |
| വിദ്യാഭ്യാസം | പള്ളിവായന | പൂഴിവരപ്പു് |
| ലേഖനം | തിരുവെഴുത്തു് | കൈക്കുറ്റപ്പാട്ടു് |
| ഒപ്പു് | തുല്യംചാത്തു് | കൈപ്പതിവു് |
| കൈവേല | തൃക്കൈവിളയാട്ടം | കൈക്കുറ്റം |
| ശരീരം | തിരുമേനി | പഴമ്പുറം |
| ക്ഷൌരം | അംഗംചാത്തു്<br>ചന്തംചേക്കൽ | മുടിയിറക്കൽ |
| കക്കൂസു് | നീക്കിപ്പുര | മറപ്പുര |
| ആശൌചം | നാട്ടുവാലായ്മ | പുല |

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

V

| | | |
|---|---|---|
| ഗർഭം | തിരുവയറു വാഴുക | ഉദരംവീക്കുക |
| മോതിരം | തിരുവാഴി | വിരൽവട്ടം |
| ഋതുശാന്തി | തൃപ്പുത്തുകല്യാണം | തിരണ്ടുകുളി |
| കല്യാണം | { പള്ളിക്കെട്ട് / തൃത്താലിചാർത്ത് } | മിന്നുകെട്ട് |
| സന്ദർശിക്കുക | മുഖംകാണിക്ക | ...................... |
| കാണുക | തൃക്കൺപാർക്കുക. | ...................... |
| അമ്മ | | പഴംതള്ള |
| അച്ഛൻ | | തന്തപ്പഴവൻ |
| അമ്മാവൻ | | കാരണപ്പഴവൻ |
| പുത്രൻ | | കിടാവ് |
| പുത്രി | | കിടാത്തി |

കൊട്ടാരങ്ങളിൽ പ്രവേശിക്കേണ്ടതു് വേണ്ട ആചാരോപചാരങ്ങളോടുകൂടിയാണു്. പ്രവേശിച്ചു കഴിഞ്ഞാൽ മേൽമുണ്ടു ചുരുട്ടി അരയിൽ കെട്ടി, കൈയും കെട്ടി വായുംപൊത്തി, പഞ്ചപുച്ഛമടക്കി നിശ്ശബ്ദരൂപേണ അകലെ വിനീതമായി തലകുനിച്ചു് ഒതുങ്ങി നിൽക്കേണ്ടതാണു്. സംഭാഷണത്തിൽ അപശബ്ദങ്ങൾ വരാതെ പ്രത്യേകം സൂക്ഷിക്കണം. താഴെ പറയുന്ന സംഭാഷണശകലം ശ്രദ്ധാർഹമാണു്.

“തലനാൾ അന്തിക്കു് അടിയൻ നീരുനനഞ്ഞു് തിരുന്തുറിട്ടു് കരിക്കാടി ആകരിച്ചു് നിലം പൊത്താൻ ഭാവിച്ചപ്പോൾ കൊച്ചുണ്ണിനായർ വിടകൊണ്ടു് അഞ്ചുവെളുപ്പിനു് തമ്പുരാൻ തിരുമുമ്പാകെ എത്തിക്കൊള്ളണമെന്നു കല്പിച്ചിരിക്കുന്നതായി വിടകൊണ്ടതിനാൽ, ഇന്നലെ രാത്രി അടിയൻ ഒരു പോളക്കണ്ണടയ്ക്കാതെ വീണപിരിഞ്ഞു കിടുകിടാവിറച്ചുകൊണ്ടു് ഉഷപ്പിനു തന്നെ അതിധൃതിയായി വിടകൊണ്ടതാണെന്നു് തിരുവുള്ളം അറിയിക്കുന്നു.”

കത്തിടപാട്ടുകളിലും വാചകക്രമം ഏകദേശം ഇതേ രീതിയിൽ തന്നെയാണ്. താഴെപ്പറയുന്ന ഉദാഹരണം നോക്കുക.

"അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുമുമ്പാകെ കരിക്കുളത്തു കുപ്പമാടത്തിൽ ചാത്തു ചിന്നൻ എന്ന അടിമ ഭയഭക്തിബഹുമാനപുരസ്സരം വിനീതനായി കൈക്കുററപ്പാട്ടു ചെയ്തു സമയം കണ്ടു താണു കുമ്പിട്ടറിയിക്കുന്ന സങ്കടം."

## III

## പ്രത്യേകലിംഗഭേദങ്ങൾ

വിദ്വാൻ "വിദുഷി" എന്നതുപോലെ പല പദങ്ങളുടെയും സ്ത്രീലിംഗം മനസ്സിലാക്കേണ്ടതുണ്ടു്. നമ്പ്യാർ×നങ്ങ്യാർ; വാര്യർ×വാരസ്യാർ; പിഷാരോടി×പിഷാരസ്യാർ; ചാക്യാർ×ചെല്ലടമ്മ; നമ്പൂതിരി×അന്തർജ്ജനം; തമ്പി×തങ്കച്ചി; ധീവര×ധീവരസാണി; ഗ്രന്ഥകർത്താ×ഗ്രന്ഥകർത്രി; പതി×പത്നി; തമ്പാൻ×തമ്പാട്ടി; പാണൻ×പാട്ടി; കണിയാൻ×കണിയാട്ടി; ഇടയൻ×ഇടച്ചി; നമ്പോരി×കെട്ടിലമ്മ; ജനകൻ×ജനനി; ഗൃഹസ്ഥൻ×ഗൃഹിണി; താപസൻ×താപസി; മുതലായ പദങ്ങൾ ശ്രദ്ധാർഹമാണു്.

SREE KRISHNA VI... GRANDHASALA
...ECHUM
MALAYINKIL

[illegible]!

[illegible] ഇന്റെ

വാടാ [illegible] ന്റ്!!

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# സാഹിത്യസാരഥി

പ്രസാധകൻ

പി. അനന്തൻപിള്ള എം. ഏ.
പൌരസ്ത്യഭാഷാപര്യവേക്ഷകൻ,
സയൻസ് കാളേജ്—തിരുവനന്തപുരം.

പ്രകാശകന്മാർ
എൽ. എഫ്. ഫെർണ്ണാൻഡസ് & സൺസ്,
സിററിപ്രസ്സ്, തിരുവനന്തപുരം.

1937

കാപ്പി—1000.

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
9356
593
MALAYINKIL

പകർപ്പവകാശം പ്രകാശകന്മാർക്ക്] [വില രൂ. ൧.